
ഉന്മാദികളുടെ പുസ്തകം
WE WANT TO TAKE OUR RELATIONSHIP WITH THE NEIGHBOUR TO A BETTER LEVEL.
CEASEFIRE VIOLATIONS
KILLINGS
MILITANCY
YEARS OF MISTRUST
PAKISTAN
INDIA
NEXT
?
DEAR EKALAVYA, WHEN COUNTLESS MASSACRES ON DALITS TELLING YOU TO FIGHTBACK LIKE A LION WHY DO YOU SACRIFICE YOUR LIFE LIKE A GOAT.
JAI BHIM
before we conclude, I remind you, we must uplift Dalit & Adivasi women too...
PROGRESSIVE WOMEN FORUM
EQUAL RIGHTS FOR WOMEN
LAW OF MANU
MANDIR WAHIN BANAYENGE!
AYODHYA CASE
AYODHYA
they want quota in womens Reservation Bill
its a Dalit issue
Some NGO funded
Some Dalit Politics
दलित महिलाओं पर अत्याचार बंद करो
STOP ATROCITIES ON DALIT WOMEN
STOP ATROCity



## സമർപ്പണം

വംശീയ ഭീകരാക്രമണങ്ങൾ കൊന്നൊടുക്കിയ ന്യൂസിലൻഡിലെ,

ശ്രീലങ്കയിലെ സഹോദരി, സഹോദരന്മാർക്ക്...

ഫാസിസം തച്ചുതകർത്ത ലോകമെമ്പാടുമുള്ള

എഴുത്തുകാർക്ക്...

ശ്വാസം കിട്ടാതെ പിടഞ്ഞു മരിച്ച

പിഞ്ചുകുഞ്ഞുങ്ങൾക്ക്...

അധികാരവർഗ്ഗത്തിന്റെ ചൂഷണത്തിന് ഇരയായി

തീരുന്ന കർഷകർക്ക്...

മഹാരാജാസിലെ അഭിമന്യുവിന്...

ദളിതർക്ക്, മത ന്യൂനപക്ഷങ്ങൾക്ക്...

**സമർപ്പിക്കുന്നു...**

ടി.കെ.എം കോളേജ് ഓഫ് ആർട്സ് & സയൻസ്, കൊല്ലം

അഭിമന്യൂ കലാലയ യൂണിയൻ മാഗസിൻ 2019

# TKM COLLEGE TRUST



T.K SHAHAL HASSAN MUSALIAR
PRESIDENT, TKM COLLEGE TRUST



T K KAMALUDDIN MUSALIAR



T K JALALUDDIN MUSALIA



T K USMAN MUSALIAR



T K ABDUL KARIM MUSALIAR



AKBAR HYDER MUSALIAR



T K JAMALUDDIN MUSALIAR



T K BADARUDDIN MUSALIAR



SADIQ S THAHA



M A MAHABOOB



KHALID MUSALIAR



TARIQ S MUSALIAR



MOHAMED HAROON



AFZAL MUSALIAR



MOHAMMED ANWAR MUSALIAR

TKM
SINCE 1956

FOUNDER OF TKM COLLEGE TRUST

# JANAB A. THANGAL KUNJU MUSALIAR

1897 - 1966






**അഭിമന്യൂ കലാലയ യൂണിയൻ മാഗസിൻ 2019**

**ടി.കെ.എം കോളേജ് ഓഫ് ആർട്സ് & സയൻസ്, കൊല്ലം**


**<u>എഡിറ്റോറിയൽ ബോർഡ്</u>**

**പ്രൊഫ. ഇ. നജീം**

സ്റ്റാഫ് എഡിറ്റർ

**അഹമ്മദ് യു**

സ്റ്റുഡൻറ് എഡിറ്റർ

**അംഗങ്ങൾ**

മുഹമ്മദ് സമീൽ, അനന്തകൃഷ്ണൻ പി, സിദ്ദീഖ് എൻ, അദ്വൈത് പി

സെയ്ദലി സക്കീർ, ഖദീജ എസ് ഷാ, അഫ്സൽ



**അക്ഷര സംവിധാനം : അഹമ്മദ് യു**

**കവർ പേജ് : ആദർശ് രാധാകൃഷ്ണൻ**

**അച്ചടി : സുനിൽ പ്രിന്റേഴ്സ്**

# PRINCIPAL'S NOTE



It gives me immense pleasure to write a few words about our College magazine. It was quite inspiring to watch and witness the potential and literary skills of our students. Trying and testing times during the hectic semester system have elicited our students to put forth their best. I am sure that the Magazine 2018-19 kindles the imagination of our learners. Cradled in the lap of nature on the one hand and archaeological edifice on the other, swaying from serious thinking to playful inventiveness, the students of TKM College of Arts and Science are brimming with a zeal for life, empowering themselves with skills and creativity.

I appreciate every student who shared the joy of participation in co-curricular and extracurricular activities along with their commitment to curriculum, the essence of which reflected in the magazine.

The most remarkable event that occurred during the academic year was the NAAC visit for which all the stake holders of the college played their role in an appreciable manner. I must place on record the enormous contribution and support given by the management, teaching and non teaching member and student community to elevate the name and fame of the College. We must also congratulate each other for getting the 80th rank to our College from among the colleges of the country that participated in the National Institutional Ranking Framework of MHRD for the year 2019. The year 2018-19 was also a memorable year for the successful conduct of Sasthrapadham 2019 and Sasthra Jalakam-the flagship programmes aimed at all round development of the school children which formed part of the outreach and inclusivity initiative of our institution.

In this era of cut throat competition, it is of paramount importance that our students must be equipped with appropriate knowledge, habits, attitudes and values leading to holistic development. As Principal-in-Charge, Senator and alumni of the College it is happy to see that our institution is attempting to inculcate in our students social and moral values, compassion for nature, pride for Indian culture and tradition and awareness for one's rights and duties and make them good human beings and confident leaders. I take this opportunity to express my profound gratitude to the management for the guidance and inspiration provided to me. I also thank the members of IQAC, especially Dr. Sumalekshmi, the Coordinator for her dedication and hard work; Prof. A. Hashimudeen, former Principal and Laison Officer for his guidance and support and all the Heads of Department, teachers, non teaching staff and students for their wonderful support. I wish God Almighty continue to bless our College for further heights in future. With all the efforts and contributions put in by the students, I truly hope that the pages of this magazine that follow will make some interesting reading.

**With this I extend my best wishes to you all in your academic journey towards excellence, knowledge and wisdom.**

**Thanking You**

**Prof. S. Shajitha**

**Principal**

# OUR PRINCIPAL



Dr. SMITHA P G

Principal, 14 August 2019-

# STAFF EDITOR



“ഉന്മാദികളുടെ പുസ്തകം” എന്ന തലക്കെട്ടിനുള്ളിൽ വായിച്ചെടുക്കുന്ന ഓരോ വാക്കിലും വരയിലും നമ്മുടെ ദൃഷ്ടിക്കു നേർക്ക് തൊടുത്ത കാലത്തിന്റെ ചോദ്യമുണ്ട്. ശിരച്ഛേദം ചെയ്യപ്പെട്ടവന്റെയും അന്യവൽകരിക്കപ്പെട്ടവന്റെയും നിലയ്ക്കാത്ത നിലവിളികൾ ചുറ്റുമുയരുന്നു. പ്രാന്തവൽകരിക്കപ്പെട്ട ഇവരുടെ ഹൃദയരേഖകളിൽ, ഭീതിദമായ വർത്തമാനകാലത്തിന്റെ സകലിതാവസ്ഥകൾ നമുക്ക് തൊട്ടറിയാനാകും. ഭാവിയെ കുറിച്ചുള്ള ഉത്കണ്ഠകൾ ഒരു പേടിസ്വപ്നം പോലെ നമ്മെ വേട്ടയാടുന്നതിന്റെ നേരറിവാണ് “ഉന്മാദികളുടെ പുസ്തകം” നമുക്ക് തരുന്നത്.

സാമ്പ്രദായികവത്കരണങ്ങൾ വകഞ്ഞുമാറ്റി വേറിട്ട വിചിന്തനങ്ങളിലേക്ക് വാക്കുകൾ ചേക്കേറുമ്പോൾ, എഴുത്ത് സൂചകങ്ങൾ എന്ന നിലവിട്ട് സൂചിതങ്ങൾ ആയി മാറുന്നു. അരാഷ്ട്രീയമായി പരിണമിക്കുന്ന പ്രാകൃതകാലത്തിന്റെ അപ്രായോഗിക നിലപാടുകളോട് നിങ്ങൾക്കും തിരിഞ്ഞു നിൽക്കാം, ചിന്തിക്കാം, പ്രതികരിക്കാം...

കുലീനമായി വിയോജിക്കാൻ പക്വതയില്ലാത്ത കാലം ഇവരെ ‘ഉന്മാദികൾ’ എന്നു വിളിക്കുന്നു.

സമൂഹം കുറുകെവരച്ച കുറെ നേർരേഖകൾക്കുമീതെ ഉന്മാദികൾ വരച്ചു ചേർത്ത സ്വാതന്ത്ര്യത്തിന്റെ വരികളാണ് നിങ്ങൾ ഈ മാഗസിനിലൂടെ വായിച്ചെടുക്കുന്നത്.

കർമ്മനിരതരായ മാനേജ്മന്റ് പ്രതിനിധികൾ, മാഗസിന്റെ വിജയത്തിനു വേണ്ടി പ്രയത്നിച്ച പ്രിൻസിപ്പാൾ, അദ്ധ്യാപകർ, സേവനതൽപരരായ ഒരു കൂട്ടം വിദ്യാർത്ഥികൾ, ഇതിന്റെ പ്രിന്റിങ് ജോലികൾ കൃത്യമായ സമയത്തിനുള്ളിൽ പൂർത്തിയാക്കിയ ‘കൊല്ലം സുനിൽ പ്രിന്റേഴ്സിലെ’ ജീവനക്കാർ, പരസ്യദാതാക്കൾ തുടങ്ങിയ ഏവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിച്ചുകൊണ്ട് സമഗ്രമായ വിലയിരുത്തലുകൾക്കായി സഹൃദയസമക്ഷം സമർപ്പിക്കുന്നു.

**പ്രൊഫസർ ഇ. നജീം**
സ്റ്റാഫ് എഡിറ്റർ
കോളേജ് മാഗസിൻ 2018-19

കലാലയ മാഗസിൻ ഒരുപാട് ദിനരാത്രങ്ങളുടെ അധ്വാനത്തിന്റെ ബാക്കിപത്രമാണ്. വിദ്യാർത്ഥികളുടെ കുത്തിക്കുറിക്കലുകൾ മാത്രമല്ല മറിച്ച് രാഷ്ട്രീയ ബോധവും സാംസ്കാരിക പരിണാമത്തിന്റെയും സാഹിത്യത്തിലെ നവീനതകളെയും സസൂക്ഷ്മം നിരീക്ഷിക്കുന്ന യുവതയുടെ സ്പന്ദനം കൂടിയാണ്.

കെട്ടിഘോഷിക്കപ്പെടാനോ, വിവാദമുണ്ടാക്കാനോ, ആരോരും വായിക്കാതെ ചത്ത വാക്കുകളുടെ സഞ്ചയം തീർക്കാനോ അല്ല കലാലയ മാഗസിനുകൾ. അത് കാലത്തിന്റെ കണ്ണാടിയാണ്. ആ കണ്ണാടി പ്രതിഫലിപ്പിക്കുന്നത് നമ്മുടെ ഇന്നത്തെ സമൂഹത്തെയാണ്.

ഹേ വായനക്കാരാ,

സൂക്ഷിച്ചു നോക്കൂ. ആ പ്രതിഭലനത്തിൽ നിങ്ങളും ഉണ്ടാകും. നിങ്ങളെ കണ്ടെത്താനാകും എന്ന പ്രതീക്ഷയും.

സ്നേഹപൂർവ്വം

**അഹമ്മദ് യു**

മാഗസിൻ എഡിറ്റർ




അനാദിയിൽ ഭൂമി ഉണ്ടായി. പർവ്വതങ്ങളും കടലും കരയും
അഭിലാഷങ്ങളും നക്ഷത്രങ്ങളെ പോലെ ഭൂമിയിൽ തിളങ്ങി.
ദിനോസറുകൾക്കും പല്ലികൾക്കും ചില
ഓന്തുകൾക്കും മുന്നേ ഭൂമിയിൽ ഒരു മഴമരം ഉണ്ടായിരുന്നു.
മഴമരത്തിൻ ചുവട്ടിൽ, അസംഖ്യം പ്രണയങ്ങളുടെ ജനനത്താൽ
വിശുദ്ധമാക്കപ്പെട്ട, ശപിക്കപ്പെട്ട ആ ചുവട്ടിൽ വാക്കും
വാക്കും കണ്ടുമുട്ടി.

എഡിറ്റോറിയൽ ടീം

# ഉന്മാദികളുടെ പുസ്തകം

*WE, THE PEOPLE OF INDIA, having solemnly resolved to constitute India into a SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC and to secure to all its citizens:*
*JUSTICE, social, economic and political;*
*LIBERTY of thought, expression, belief, faith and worship;*
*EQUALITY of status and of opportunity; and to promote among them all*
*FRATERNITY assuring the dignity of the individual and the unity and integrity of the Nation.*

**ലോ**കത്തിലെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയായ ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ ആലേഖനം ചെയ്തിട്ടുള്ള വരികളാണിവ. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, നീതി, എന്നിവ ഒരോ പൗരനിലും കാത്തുസൂക്ഷിക്കപെടുമെന്ന് നമുക്ക് മുന്നിൽ സാക്ഷ്യപ്പെടുത്തുകയാണ് ഇവിടെ. ലോകജനാധിപത്യചരിത്രത്തിൽ തന്നെ നാഴികക്കല്ലായി മാറിയ ഒരു ദിനമായിരുന്നു 1950 ജനുവരി 26 അതായത് ഇന്ത്യയുടെ പ്രഥമ റിപ്പബ്ലിക്. 130 കോടിയോളം വരുന്ന ഇന്ത്യൻ ജനതക്ക് ആശ്രയവും പ്രതീക്ഷയുമാണ് നമ്മുടെ ഈ ഭരണഘടന.

ഇന്ത്യൻ ജനതയുടെ ജനാധിപത്യ ബോധവും, മതേതര കാഴ്ചപ്പാടുകളും ഊട്ടിയുറപ്പിക്കുന്ന പരിപോഷിപ്പിക്കുന്ന തരത്തിലായിരുന്നു ഡോക്ടർ അംബേദ്കർ ഭരണഘടന നിർമാണത്തിന് നേതൃത്വം നൽകിയത്.

ഒരുകാലത്തു നിലനിന്നിരുന്ന ഫ്യുഡൽ ജന്മിജാതി വ്യവസ്ഥകളെ ഒരു പരിധി വരെ ഉന്മൂലനം ചെയ്യുവാനും സ്വാതന്ത്ര്യാനന്തരം ഇന്ത്യക്ക് കഴിഞ്ഞിരുന്നു. എന്നാൽ കാല ക്രമേണ ഇന്ത്യയിൽ ജാതിരാഷ്ട്രീയത്തിന്റെ വിത്തു പാകി അതിന് വെള്ളവും വളവുമേകി ഇന്ത്യൻ ജനാതിപത്യ



വ്യവസ്ഥയെ തച്ചുതകർക്കുന്നതിലേക്ക് കൊണ്ടെത്തിക്കാൻ വലതുപക്ഷ സർക്കാരുകളുടെ പ്രീണന നയങ്ങൾ വഴിതെളിച്ചു എന്ന് പറയാതിരിക്കാൻ നിർവാഹമില്ല. കഴിഞ്ഞ ഒരു ദശകത്തിനിടയിൽ നമുക്ക് വായിച്ചെടുക്കാനാകുന്ന പ്രത്യക്ഷമായ വസ്തുതയാണിത്. ജനാധിപത്യത്തെ പോലും അത്ഭുതപ്പെടുത്തിയ ഒരു വിജയത്തിലേക്കായിരുന്നു മിസ്റ്റർ നരേന്ദ്രമോദി അമിത്ഷായുടെ നേതൃത്വത്തിൽ തുടർഭരണം നേടിയെടുത്തത്. ഒരുപക്ഷെ ഇന്ത്യ ഇനി ജനാധിപത്യത്തിന്റെ പരീക്ഷണ നാളുകളിലൂടെയാകും കടന്ന് പോവുക. ഒട്ടേറെ വിവാദങ്ങളും അഴിമതിയും ജനാതിപത്യ ധ്വംസനങ്ങളും മത ധ്രുവീകരണവും ദളിത് ആദിവാസികളോടുള്ള ആക്രമണങ്ങളും അരങ്ങേറിയിട്ടും രണ്ടാം തവണയും അവർ തിരഞ്ഞെടുക്കപ്പെടുകയായിരുന്നു. രാജ്യം ഭരിക്കുന്ന പാർട്ടി തങ്ങളുടെ ഫാസിസ്റ്റ് നയങ്ങൾ സാധാരണക്കാരായ ജനങ്ങളിലേക്ക് അടിച്ചേൽപ്പിക്കുമ്പോഴും മതേതര മുഖമെന്ന് അവകാശപ്പെടുന്ന വലതുപക്ഷങ്ങൾക്ക് അതിനെതിരെ പ്രതികരിക്കാനോ വിമർശിക്കുവാനോ ആകാതെ, ക്ഷയിച്ചുപോകുവാനേ കഴിയുന്നുള്ളു എന്നതും ആശങ്കാജനകമാണ്.

ചിന്തിക്കുവാനുള്ള സ്വാതന്ത്ര്യം അഭിപ്രായം പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം, വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം, ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം തുടങ്ങി ഭരണഘടന അനുശാസിക്കുന്ന എല്ലാ അവകാശങ്ങളും സാധ്യമായിട്ടുള്ള ഒരു രാജ്യത്താണ് നരേന്ദ്ര ദബോൽക്കറും, ഗൗരി ലങ്കേഷും, എം. എം കൽബുർഗിയും, ഗോവിന്ദ് പൻസാരയും, മുഹമ്മദ് അഖ്ലാക്കും, രോഹിത് വേമുലയും നജീബും തുടങ്ങിയ അനേകങ്ങൾ കാരാഗ്രഹത്തിനും വെടിയുണ്ടകൾക്കും ഇരയായി മാറിയത്. ഹൈന്ദവതയിൽ വിശ്വസിക്കുന്നവർ മാത്രം ഇന്ത്യ എന്ന ജനാതിപത്യ രാജ്യത്ത് ജീവിച്ചാൽ മതിയെന്ന് വിളംബരം ചെയ്യുന്ന തീവ്രഹിന്ദുത്വ വലതുപക്ഷ സംഘടനകൾ ഭരണകൂടത്തെ പോലും നിയന്ത്രിക്കുന്ന തരത്തിലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു. വ്യത്യസ്തമായി ചിന്തിക്കുന്നവരെയും ഉറച്ചനിലപാടുകൾ പറയുന്നവരെയും രാജ്യദ്രോഹികളായി ചിത്രീകരിച്ച് കള്ളക്കേസുകൾ ചുമത്തി തീവ്രവാദിയെന്ന് മുദ്രകുത്തപ്പെടുകയും ചെയ്യുകയാണ് ഇന്ന്. മനുഷ്യാവകാശം എന്നത് കേവലമൊരു പ്രഹസനമായി മാറിയിരിക്കുന്നു.

വിചാരണക്ക് പോലും വിധേയമാക്കാതെ വിചാരണാ തടുകാരനാക്കി നീതിനിഷേധിക്കപ്പെടുന്ന അബ്ദുൽ നാസർ മഅദനിയെ പോലുള്ള, സഞ്ജീവ് ഭട്ടിനെ പോലുള്ള അനേകങ്ങൾ ഇന്നും ജനാതിപത്യ ഇന്ത്യയുടെ ജയിലറകളിൽ തളച്ചിട്ടിരിക്കുന്നു എന്നത് തീർത്തും മനുഷ്യാവകാശ ലംഘനങ്ങളാണ്. രാജ്യം ഭരിക്കുന്ന പാർട്ടി സമ്പദ് വ്യവസ്ഥയിൽ കൊണ്ട് വന്ന തുഗ്ലക് പരിഷ്കാരങ്ങൾ ഇന്ത്യയെ പിന്നിലാക്കി എന്നത് മാത്രമല്ല, കോടിക്കണക്കിന് വരുന്ന ഇന്ത്യൻ സമൂഹം നേരിട്ട ദുരിതങ്ങൾ ഒരു കറുത്ത അധ്യായമായി അവശേഷിക്കുകയാണ്. റെയിൽവേ, ഇൻഷുറൻസ്, പ്രതിരോധം, പൊതുമേഖലാസ്ഥാപനങ്ങൾ, എന്നിവയിൽ രാജ്യം ഭരിക്കുന്ന സർക്കാർ കൊണ്ടുവന്നിട്ടുള്ള സ്വകാര്യവൽക്കരണം തികച്ചും അപലപനീയമാണ്. ഇന്ത്യൻ ഭരണഘടന ഭരണകർത്താക്കളിൽ നിന്ന് പ്രത്യക്ഷമായും പരോക്ഷമായും വെല്ലുവിളികൾ നേരിടുന്നത് ഇവിടെ യെല്ലാമാണ്. ഗാന്ധിഘാതകരെ ആരാധനാ കഥാപാത്രമായി അവരോധിക്കുന്ന രാഷ്ട്രീയവും അവരെ അക്ഷരംപ്രതി പിന്താങ്ങുന്ന രാജ്യം ഭരിക്കുന്ന പാർട്ടിയും നമ്മൾ കരുതലോടെ തിരിച്ചറിയേണ്ടതുണ്ട്. ഇവിടെയാണ് ഉന്മാദികളുടെ പുസ്തകം ചർച്ചയാകേണ്ടത്. ക്യാമ്പസിന്റെ അതിർവരമ്പുകൾക്ക് അപ്പുറം ജീവിത യാഥാർത്ഥ്യങ്ങളെ നേരിടേണ്ടിവരുമ്പോൾ സമകാലിക സാഹചര്യങ്ങളിൽ നമ്മൾ തീർച്ചയായും അവബോധം ഉള്ളവരായിരിക്കണം. സർഗ്ഗാത്മകമായി ചിന്തിക്കുവാനും അഭിപ്രായങ്ങൾ മുഖ്യധാരയിൽ പ്രതിഫലിപ്പിക്കുവാനും കഴിയുന്ന യുവതലമുറയാണ് രാജ്യത്തിന്റെ സമ്പത്ത്.

ബ്രോയ്ലർ കോഴികൾക്ക് സമാനമായി അടിമത്വവൽകരിക്കപ്പെടാതിരിക്കുവാൻ നമ്മുടെ ചിന്തകൾക്ക് കഴിയണമെങ്കിൽ പലതും നമ്മൾ അറിയേണ്ടതുണ്ട്. അത്തരത്തിലുള്ളൊരു സമഗ്ര അന്വേഷണമാണ് 'ഉന്മാദികളുടെ ഈ പുസ്തകം

■



ശ്മശാന മൂകതയും എല്ലുകൾ കരിയുന്ന ഗന്ധവും
അവശേഷിക്കുന്നു. തൊട്ടപ്പുറമുള്ള തെമ്മാടിക്കുഴിയിൽ
അടക്കപ്പെട്ട വിശുദ്ധാത്മാവ് കല്ലറ പൂട്ടുകൾ ഭേദിച്ച്
ശ്മശാനത്തിനരികിലെത്തി. എല്ലുകൾ രാത്രിയിൽ
പ്രകാശിക്കുന്നു. പുകമറ ഭേദിച്ച് നീറിയ എല്ലുകൾ
മറ്റൊരാത്മാവായി രൂപം പ്രാപിച്ചു. ശ്മശാനവും
തെമ്മാടിക്കുഴിയും കടന്ന അവർ ശൂന്യതയിൽ
കണ്ടുമുട്ടി. അന്യോന്യം ആലിംഗനം ചെയ്തു.
നീ എങ്ങനെ മരിച്ചു?
പ്രണയിച്ചു എന്ന കുറ്റത്തിന്..
എന്ത് !?
അതെ, വ്യവസ്ഥിതികളെ അട്ടിമറിച്ച പ്രണയമായതിനാൽ
തല്ലികൊല്ലുകയായിരുന്നു. പാപിയായി ചിത്രീകരിച്ച്
തെമ്മാടിക്കുഴിയിലാക്കി.
ആട്ടെ, നീ എങ്ങനെ ശ്മശാനത്തിൽ എത്തിപ്പെട്ടു?
എനിക്ക് അഡ്രസ്സില്ലാത്തതിനാൽ
ആത്മഹത്യചെയ്യേണ്ടിവന്നു!







സൈദാലി സക്കീർ

# ആമസോൺ

കാടേ നിൻ അഗാധമാം നീലിമ,
ഗോത്രസഞ്ചയം,
മാമരങ്ങൾ, തണൽ, ക്രൗര്യം നിറഞ്ഞിടും
മൃഗനോട്ടങ്ങളും,
കാട്ടരുവിയാം 'ജലഗിഥാറിൽ' തന്ത്രിമീട്ടും
സ്വരങ്ങളും
[1]പച്ച പേരുമ്പാമ്പ് കാത്തിടും അതിരുകളും
നിലക്കാത്ത കണ്ണീരു പോൽ പൊഴിഞ്ഞിടും
ജലകണികകളും കത്തിത്തീരുവാൻ ഇനി എത്രയുണ്ട് ?
അഗ്നി സ്ഫുലിംഗങ്ങൾ വിഴുങ്ങി
തുപ്പിയ ഉച്ചിഷ്ടം കൊടുക്കൂ [2]ബ്രസീലിലെ പ്രഥമന്.
നിന്റെ അഗ്നിക്ക് അയാളുടെ തമാശയെക്കാൾ പൊള്ളലുണ്ട
ന്നറിയില്ലയാൾക്ക്.
പിടഞ്ഞു വീഴും ശ്വാസം ലഭിക്കാതെ
മരിച്ചിടും തൽക്ഷണം എങ്കിലും
ഗർവ്വ് മാത്രം വേദിയില്ല ഞങ്ങൾ
മാപ്പ് ചോദിക്കില്ല, പ്രായശ്ചിത്തം തീരെയില്ല.
ആമസോൺ, നിന്നെ വിഴുങ്ങിയ അഗ്നി സ്ഫുലിംഗ
ങ്ങൾക്ക് ഞങ്ങളുടെ ഗർവ്വിനെക്കാൾ താപമില്ലല്ലോ?

1. ആമസോൺ നദി
2. ബ്രസിലിയൻ പ്രധാനമന്ത്രിയുടെ അനവസരത്തിലുള്ള ട്വീറ്റുകളും, പ്രകൃതിക്കെതിരായ പ്രവർത്തനങ്ങളും കനത്ത വിമർശനം ഏറ്റുവാങ്ങി.

ദീക്ഷിത്ത് കെ ആർ

# അയാൾ ഒരു മനുഷ്യൻ മാത്രമായിരുന്നു !

പതിനഞ്ചാം നിലയുടെ നിസ്സംഗത, ഉള്ളിലുരുത്തിരിഞ്ഞ വാചകം വടിവില്ലാത്ത കയ്യക്ഷരത്തിൽ കടലാസിലേക്ക് ഛർദിച്ചത് ഇങ്ങനെയായിരുന്നു. ആലോചിച്ചതോ എഴുതാൻ തുനിഞ്ഞതോ ഇതായിരുന്നില്ല എന്നു മനസ്സിലാക്കിയിട്ടും ആദ്യം ഓർമ്മിച്ച വാചകം മാത്രം തലച്ചോറിന് പിടികൊടുക്കുന്നില്ല. അസ്വസ്ഥതയോടെ എഴുത്തു പലക താഴെ വെച്ച് ബാൽക്കണിയിലേക്കു നടന്നു. വിലകുറഞ്ഞ സിഗററ്റിന്റെ ഒരറ്റം കയ്യിലിരുന്നു മാത്രമാണ് പുകയാറ്.
സ്പോഞ്ച് പോലെയുള്ള ശ്വാസകോശത്തിലേക് നേരിട്ട് പുകയേൽപ്പിക്കാതെ പുകമണം ആസ്വദിക്കുക മാത്രമേ ഇന്നോളം ചെയ്തിട്ടുള്ളു. പതിവ് തെറ്റിയില്ല.



ഇതാദ്യമായല്ല, ചിന്തകൾ വിരലുകളെ ചതിക്കുന്നത്. തിരക്കുള്ള നഗരത്തിൽ, നഗരജീവികൾക്കിടയിൽ തിരക്കൊഴിഞ്ഞു ജീവിക്കുന്നത് അയാൾ മാത്രമാണ്. പതിനഞ്ചാം നിലയിൽ കിടപ്പുമുറിയും അടുക്കളയുമുൾപ്പടെ അത്യാവശ്യം എല്ലാ സൗകര്യങ്ങളുമുള്ള ഈ തീപ്പെട്ടിക്കൂടിനുള്ളിൽ തള്ളി നീക്കിയത് പിന്നിലെ പത്തൊൻപത് വർഷങ്ങളാണെന്ന് ഒരു നെടുവീർപ്പോടു കൂടി അയാൾ ഇടയ്ക്കിടെ ഓർമ്മിക്കാറുണ്ട്. കാണുമ്പോൾ എല്ലാവരും മാഷെന്നു വിളിക്കുന്ന ആ മനുഷ്യൻ ഒരു അധ്യാപകനായിരുന്നില്ല. കോളേജ് ലൈബ്രേറിയന്റെ കട്ടിക്കണ്ണടക്കുള്ളിലെ ഗൗരവം ഒട്ടും ഇഷ്ടമില്ലാതിരുന്നത് കൊണ്ട്, മുഖം തരുന്നവർക്ക് മനോഹരമായൊരു പുഞ്ചിരി കൊടുക്കാൻ അയാൾ മടിച്ചിരുന്നില്ല.
സമയം കിട്ടുമ്പോഴൊക്കെ വായനാ മുറിയുടെ നിശബ്ദത ആസ്വദിച്ചും, പൊടിപിടിച്ചു പഴകിയ അക്ഷരങ്ങളുടെ ഗന്ധം നുകർന്നും അയാൾ ഇരുന്നു.
അതൊക്കെ വർഷങ്ങൾക്ക് മുമ്പാണെങ്കിലും വിട്ടൊഴിയാത്ത പുസ്തക ഗന്ധം എഴുത്തിന്റെ വഴിയിലേക്കു അയാളെ ക്ഷണിച്ചു കൊണ്ടിരിക്കുന്നു. തനിക്ക് മാത്രം വായിക്കാനായി അയാൾ എഴുതിക്കൂട്ടിയതൊക്കെ മേശക്കടിയിലെ ചവറ്റു കുട്ടയിലേക്കോ, സെക്യൂരിറ്റിയുടെ ശകാരം വകവെയ്ക്കാതെ ഇന്റർലോക്ക് ചെയ്ത ലോണിലേക്ക് പറന്നിറങ്ങുന്ന കടലാസു റോക്കറ്റായോ ഒക്കെ നിർവൃതി കണ്ടെത്തി. ഒരിടത്തുപോലും ഒരു സസ്പെൻസില്ലാത്ത, എല്ലാവർക്കും പ്രവചിക്കാൻ പറ്റുന്ന ഒരു കഥയാണ് തന്റെ ജീവിതം എന്നാണ് തന്നെ പറ്റി അയാൾ ഉഷയോട് പറഞ്ഞു കൊണ്ടിരുന്നത്. പലതവണ കേട്ടതാണെങ്കിലും പുതുമയോടെ അവരത് കേൾക്കുമായിരുന്നു.

പത്തൊൻപത് വർഷം മുൻപ് മൂന്ന് ദിവസം നീണ്ടുനിന്ന ചുമയ്ക്കൊടുവിൽ പ്രൈവറ്റ് ആശുപത്രിയുടെ തണുപ്പിനുള്ളിൽ ഇത്തിരി ചോരതുപ്പി ഉഷയുറങ്ങിയതും, സർക്കാർ പറഞ്ഞ പ്രായപരിധി പൂർത്തിയാക്കി മുതിർന്ന പൗരൻ എന്ന പേരും തലയിൽ വലുതല്ലാത്ത കഷണ്ടിയും ചെറുതല്ലാത്ത നരയുമായി അയാൾ ജോലിയിൽ നിന്നും പടിയിറങ്ങിയതും തമ്മിൽ പന്ത്രണ്ടു ദിവസത്തെ അകലമേ ഉണ്ടായിരുന്നുള്ളു. ദുഃഖാചരണത്തിനെന്ന പേരിൽ തലകാട്ടി മടങ്ങിയവർക്കിടയിൽ ഭാമയുടെ മുഖമുണ്ടോയെന്ന് അയാൾ നോക്കിയില്ല, ഉബൈദ് വന്നുവെന്ന് ആരോ പറയുന്നതു കേട്ടപ്പോഴും ശ്രദ്ധിക്കണമെന്ന് അയാൾക്ക് തോന്നിയില്ല. ആ പേര് ഭാമയുടെ പേരിനോടെന്ന പോലെ നൊമ്പരം കലർന്ന ദേഷ്യം അയാളിലുണ്ടാക്കുന്നു. വിഷമിക്കുമ്പോഴും, അവൾ സന്തോഷത്തിലാകും എന്ന ഉഷയുടെ വാക്കുകൾ അയാളെ പൂർവ്വസ്ഥിതിയിലാക്കുമായിരുന്നു. ഉബൈദ് എന്ന പേരാകാം ഒരു പക്ഷെ ഉഷ ഇനി ഇല്ല എന്ന് അയാളെ ബോധ്യപ്പെടുത്തിയത്.
പന്ത്രണ്ട് ദിവസങ്ങൾക്ക് ശേഷം, ഒറ്റപ്പെടലിന്റെ നാലുചുമരുകൾക്കുള്ളിലേക്ക് എന്നന്നേക്കുമായി അയാൾ കടന്ന് വന്നപ്പോഴും ആ ശൂന്യത അയാളെ ഒന്ന് ഭയപ്പെടുത്തി. ഉഷയുടെ ആഗ്രഹമായിരുന്നു ആ ഫ്ളാറ്റ്. നഗര പ്രാന്തത്തിൽ തിരക്കിൽനിന്നൊഴിഞ്ഞു നിന്ന വീട് വിട്ട് ഇവിടെ ചേക്കേറിയതിനു പിന്നിൽ സന്ധ്യകളിൽ വീശുന്ന കടൽകാറ്റിനോടുള്ള ഉഷയുടെ ഭ്രമം മാത്രമായിരുന്നു കാരണം.
നാഗരികതയോട് വെറുപ്പോ ഗ്രാമീണതയോട് അമിതാഭിനിവേശമോ ഇല്ലാത്ത അയാൾക്കും മാറ്റമൊരു ബുദ്ധിമുട്ടായിരുന്നില്ല. വല്ലപ്പോഴും ഭാമയെ കണ്ടേക്കുമോ എന്ന ഭയം മാത്രം. അതൊരു ഭയമായിരുന്നോ എന്ന് അയാൾക്ക് ഉറപ്പില്ല !
ഭൂമിക്കും ആകാശത്തിനും ഇടയിലെന്ന



മേശമേൽ തുറന്നിരിക്കുന്ന 'വേരുകൾ' കണ്ടപ്പോൾ അയാൾ പതിവില്ലാതെ ഭാമയെ ഓർത്തു. തനിക്കരികിലെവിടെയോ തന്റെ ഒരേയൊരു വാനയക്കാരി ഉഷ നിൽക്കുന്നതായി അയാൾക്ക് തോന്നി. പുകഞ്ഞു തീർന്ന സിഗററ്റ് ആഷ്ട്രേയിൽ തള്ളി എഴുതിവെച്ച കടലാസിലേക്ക് ഒന്ന് പാളി നോക്കി.

'പതിനഞ്ചാം നിലയുടെ നിസ്സംഗത'

പതിനഞ്ചാം നിലയിൽ നിന്നൊരു റോക്കറ്റായി നിലം പൊത്തിയപ്പോൾ പതിവു പോലെ സൈമൺ വഴക്ക് പറഞ്ഞില്ല, 'ബാലചന്ദ്രൻ മാഷ് വീണേ...'എന്നാർത്ത് കൊണ്ട് ഓടുകയാണുണ്ടായത്.



പോലെ നിലകൊള്ളുന്ന ബാൽക്കണിയിലെ സന്ധ്യാനേരത്തെ നിൽപ്പ് അയാളെ ഒരുപാട് തണുപ്പിച്ചിരുന്നു. ജനിച്ചു വളർന്ന നാടുമായുണ്ടായിരുന്ന കണ്ണികളൊക്കെയറ്റ് പോയിരുന്നുവെങ്കിലും ഓർമ്മ വറ്റാത്ത മണിമലയാറിന്റെ തീരത്ത് അയാൾ പട്ടുകോണകമുടുത്ത് ഓടി നടന്ന അപ്പുണ്ണിയായി. സെക്യൂരിറ്റിയായ സൈമണിന്റെയരികിൽ ഇടിച്ചിറങ്ങിയ ചില റോക്കറ്റുകളിൽ ആ അപ്പുണ്ണിയുണ്ടായിരുന്നു. ആ നിൽപ്പ് ഏറെ നേരം നിന്ന് പോയാൽ തന്റെ ജീവിതം ഉഷയെ ചുറ്റിപ്പറ്റി മാത്രമായിരുന്നു എന്ന് അയാൾ ആലോചിച്ചു പോകും. അപ്പോഴൊക്കെ കുഞ്ഞു ഭാമയെ ആദ്യമായി കണ്ടപ്പോഴും മൂന്നാം റാങ്കോടെ അവൾ ബിരുദം നേടിയപ്പോഴും നാട്ടുനടപ്പിനെക്കാളേറെ സന്തോഷത്തിനും സ്നേഹത്തിനും വിലകൊടുത്ത് അവന്റെ കൈപിടിച്ച് ഭാമ ഇറങ്ങിയപ്പോഴും കണ്ണുകൾ ചുരത്തിയ ഉപ്പുനീര് കവിൾതൊടാൻ തുടങ്ങും. പലതവണ വായിച്ചു വെച്ചതെങ്കിലും മലയാറ്റൂരിന്റെ 'വേരുകൾ' അയാളെ വീണ്ടും വിളിച്ചു കേൾപ്പിച്ച പുസ്തകങ്ങളിലൊന്നായിരുന്നു.

പത്തൊൻപത് വർഷത്തെ ഒറ്റയാൻ നാടകം അവസാനിക്കുമ്പോൾ, അപ്പുണ്ണിയെന്ന് വിളിച്ചിരുന്ന ഉഷയുടെ ബാലുവായിരുന്ന, ഭാമയുടെ ചച്ചയ്ക്ക് സ്വന്തമായുണ്ടായിരുന്നത് ആ കട്ടികണ്ണട മാത്രമായിരുന്നു. മുന്നിലെ ചില്ലുപൊട്ടി വികൃതമായ അവയിലൂടെ അവസാനമായി കണ്ട മുഖം ഭാമയുടേതായിരുന്നോ ? അറിയില്ല!

ഇരുപത്തിയഞ്ചുവർഷത്തെ പിണക്കം പൊതിഞ്ഞു വെച്ച വാത്സല്യം ആ ചിരിയിലുണ്ടായിരുന്നു. ഏഴു ദിവസത്തിനു ശേഷം ആ തീപ്പെട്ടി വീടിന്റെ ബാൽക്കണിയിൽ കടൽ കാറ്റേറ്റ് നിൽക്കാൻ വടക്കു നിന്നു വന്ന ഒരു അധ്യാപകനും ഭാര്യയുമുണ്ടായിരുന്നു.


We cannot
SUCCEED
when half of
us are held
BACK
-Malala
Yousafzai

# മതവും സ്ത്രീയും

ലോകത്തിലെ എല്ലാ മതങ്ങളും മനുഷ്യരെ രണ്ടായി തിരിക്കുന്നു. വിശ്വാസി അവിശ്വാസി എന്നിങ്ങനെ. എന്നാൽ മതങ്ങൾ ഇത് കൂടാതെ പെണ്ണിന്, ആണിനേക്കാൾ താഴ്ന്ന സ്ഥാനമാണ് നൽകുന്നത്. ഈ വിവേചനത്തിൽ മതങ്ങൾക്ക് ഐക്യമുണ്ട്.

ദൈവമേ, ഒരു സ്ത്രീയായും നായയായും എന്നെ ജനിപ്പിക്കരുതേ എന്ന് പറഞ്ഞ യഹൂദ മതവും, സ്ത്രീ പുരുഷന്റെ കൃഷിയിടമാണെന്ന് പറഞ്ഞ ഇസ്‌ലാം മതവും, പുരുഷൻ സ്ത്രീയുടെ ശിരസ്സാണ് എന്ന പറഞ്ഞ ക്രിസ്തു മതവും സ്ത്രീ വിരുദ്ധമായി മാറുന്നത് ഇത് കൊണ്ടാണ്. ദൈവത്തിന്റെ സൃഷ്ടിയെങ്കിലും ഈ ഒരു വിവേചനം അനിവാര്യമായി മതങ്ങൾ കാണുന്നു.

മാർക്സിയൻ ചിന്താഗതിയുടെ അടിസ്ഥാനത്തിൽ ഇതിനു പിറകിലെ സാമ്പത്തിക ശാസ്ത്രം നോക്കിയാൽ കുറച്ച് കൂടെ വ്യക്തമാകും. പലപ്പോഴും പിതാവിന്റെ മരണ ശേഷം സ്വത്ത് ഭാഗം വെക്കുന്നതിൽ പുരുഷന് ലഭിക്കുന്നതിലും കുറവേ സ്ത്രീകൾക്ക് ലഭിക്കാറുള്ളു. പൗരോഹിത്യത്തിലും അധികാരകേന്ദ്രീകരണത്തിലും കാര്യങ്ങൾ വ്യത്യസ്തമല്ല. ഒരു ബിഷപ്പും ഇന്നേവരെ സ്ത്രീ ആയിട്ടില്ല. അധികാരം എടുത്ത് നോക്കാം.

പുരാതന ലോകത്തിൽ എത്രയോ സ്ത്രീകൾ രാജ്യം ഭരിച്ചിരുന്നു. ഇന്ന് നമ്മുടെ ജനാധിപത്യത്തിൽ പോലും കാര്യങ്ങൾ വ്യത്യസ്തമല്ല. പുരുഷന്മാരേക്കാൾ സ്ത്രീകൾ ഉള്ള കേരളത്തിൽ 140 അസംബ്ലി സീറ്റുകളിൽ 8 എണ്ണം മാത്രമാണ് സ്ത്രീകൾ വിജയിച്ചത്. സ്ത്രീകൾ മുന്നോട്ട് വരണമെങ്കിൽ അവർ തന്നെ വിചാരിക്കണം.

കാരണം രാഷ്ട്രം എന്നത് **സ്ത്രീയും പുരുഷനും** ചേർന്നതാണ്.

— ശ്യാം



കണ്ട് മുട്ടൽ പ്രണയമായി.
പ്രണയം ഐക്യപ്പെടലാണല്ലോ,
അവർ ഐക്യപ്പെട്ടു,
കഥയും കവിതയും ലേഖനങ്ങളും
പ്രസംഗങ്ങളും ജനിച്ചു.





അദ്വൈത് പി

# അന്ത്യചുംബനം

**അ**വധി ദിവസമല്ലാത്തതിനാൽ തിക്കും തിരക്കും നിറഞ്ഞ ഒരു അന്തരീക്ഷത്തിലാണ് സെലീനയുടെ അടക്കം നടന്നത്. കണ്ടു തീർത്ത സിനിമകളുടെയും കേട്ടുപഴകിയ ഗസലുകളുടെയും വായിച്ചു മടുക്കാത്ത അനേകം കഥകളുടെയും ലോകത്തിൽ ജീവിച്ചു മരിച്ച അവൾക്ക്, ഇടവക പള്ളി നിറയെ ആളുകളുള്ള ഒരു ഞായറാഴ്ച ദിവസം, ഇടവത്തിലെ പതിഞ്ഞതോ, തുലാത്തിലെ ഇടിക്കൂട്ടോ അല്ല, മണ്ണുമണക്കുന്ന വേനൽ മഴ പെയ്യുന്ന ദിവസത്തിൽ മരിക്കാനായിരുന്നു ഇഷ്ടം. ഈറൻ അകന്നു പോകാത്ത അന്തരീക്ഷത്തിൽ, ഇലകൾ പെയ്യുന്ന മരച്ചുവട്ടിൽ സെമിത്തേരിയിലെ പച്ച മണ്ണിൽ ഉറങ്ങാനായിരുന്നു അവൾ ആഗ്രഹിച്ചിരുന്നത്.
ശലഭപ്പുഴുവിനെ പോലെ അവൾ സൃഷ്ടിച്ചെടുത്ത പ്യൂപ്പക്കുള്ളിൽ നിന്നും സെലീന ഒരിക്കലും പുറത്തു വന്നില്ല. എവിടെയൊക്കെയോ എത്തിപെടുമായിരുന്ന, ആരൊക്കെയോ ആരാധിച്ചേക്കാമായിരുന്ന ഒരെഴുത്തുകാരിയുടെ കവിതകൾ അതിനാൽ അലക്സിനു മാത്രം അവകാശപ്പെട്ടതായി. പരസ്പരം സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും അത്രമേൽ അർഹതപെട്ടവരെന്നു വിശ്വസിച്ച രണ്ട് ആത്മാക്കൾ... അത് മാത്രമായിരുന്നു അവർ. പെട്ടെന്നുള്ളൊരു ഹൃദയാഘാതമോ അല്ലെങ്കിൽ ഇഴഞ്ഞെത്തുന്ന ഒരു അർബുദമോ, വർഷങ്ങളുടെ ശീലം അനുവാദമില്ലാതെ വിളിച്ചുവരുത്തിയേക്കാവുന്ന കരൾ രോഗമോ ,പുകനിറഞ്ഞ ശ്വാസ കോശത്തിൽ വഴിമുട്ടി പിടയുന്ന ശ്വാസം ഇങ്ങനെ ഏതെങ്കിലുമൊരു കാരണം കൊണ്ട് അലക്സാകും ആദ്യം എന്ന് കരുതിയിരുന്നപ്പോഴാണ് കുളിമുറിയിൽ സെലീന കാലുതെന്നി വീണതും തലപൊട്ടിയതും.
ആശുപത്രി രജിസ്റ്ററിൽ സെലീന എന്നു മാത്രം എഴുതുമ്പോൾ നഴ്സ് നോക്കിയ നോട്ടത്തെ പരമാവധി ഒഴിവാക്കാൻ അലക്സ് ശ്രമിച്ചിരുന്നു. അവളുടെ വ്യക്തിത്വത്തിനു പിന്നിൽ ചേർക്കാൻ തന്റെ പേര് കൊള്ളില്ലെന്ന ധാരണായോ, അതോ നിയമം ഇനിയും ഭാര്യയെന്ന് വിളിക്കാൻ അനുവാദം തരാതിരുന്നത് കൊണ്ടോ എന്ന ചോദ്യത്തിനുത്തരം അയാൾ തന്നെ തരേണ്ടിവരും.
ആരുടേയും ശ്രദ്ധ പതിയാത്ത കുളിമുറിയുടെ തണുപ്പിനുള്ളിൽ ചോരവാർന്നൊഴുകിയ മുപ്പത് മിനിറ്റുകൾ. അവിടെ നിന്ന് ഇന്റൻസീവ് കെയർ യൂണിറ്റിന്റെ തണുപ്പിലേക്കും തുടർന്ന് മോർച്ചറിത്തണുപ്പിലേക്കുമാകും അവളുടെ യാത്ര എന്ന് അപ്പോൾ ആരും കണക്കുകൂട്ടിയിട്ടില്ലായിരുന്നു.

വാരാന്ത്യത്തിലേക്ക് പിന്നെയും മൂന്ന് ദിവസം ബാക്കിവെയ്ക്കുന്ന ഒരു ബുധനാഴ്ച ദിവസം ഉച്ചക്ക് സെലീനയുടെ മോണിറ്ററിൽ നേർ വര വീണു.

മോർച്ചറിക്ക് മുന്നിൽ നിൽക്കുമ്പോൾ നിർവികാരകതയോ നിസ്സഹായതയോ എന്നു വേർതിരിച്ചെടുക്കാൻ കഴിയാത്ത മുഖഭാവമായിരുന്നു അലക്സിന്. സെലീന ആഗ്രഹിച്ച മരണമായിരുന്നില്ല അവളുടേത്. ഏഴര വർഷത്തെ സഹവാസത്തിനിടെ എത്രയോ രാവുകളിൽ അലക്സ് പറഞ്ഞിട്ടുണ്ട്, അവളുടെ പേര് പോലെ അവളും നിലാവാണെന്ന്. വായിച്ചു പിൻതള്ളിയ ഏതോ നോവലിലെ പൈങ്കിളി പ്രയോഗത്തിനു കിട്ടാവുന്ന പരിഗണന മാത്രമേ സെലീന ആ അഭിനന്ദനത്തിനു കൊടുത്തിരുന്നുള്ളു. അതറിയാമായിരുന്നിട്ടും അയാൾ അത് ആവർത്തിച്ചു കൊണ്ടേയിരുന്നു.

എല്ലാ മനുഷ്യ വികാരങ്ങളുമുള്ള സ്ത്രീയായിരുന്നോ അവൾ എന്ന് ചിന്തിച്ചു തീർക്കും മുന്നേ ആദ്യത്തെ ഫോൺ കോൾ അയാളെത്തേടി വന്നു. ഭർത്താവുപേക്ഷിച്ച സ്ത്രീയും ഭാര്യ മരണപ്പെട്ട പുരുഷനും വിവാഹിതരാകാതെ ഒന്നിച്ചു ജീവിച്ചു തുടങ്ങുന്നതിലെ അസ്വസ്ഥത വ്യക്തമായി പ്രകടിപ്പിക്കുന്ന സാമൂഹികബോധത്തിൽ നിന്നും ഉരുത്തിരിഞ്ഞ് രണ്ടിലൊരാൾ ഇല്ലാതാകുമ്പോൾ മാത്രം പ്രകടമാകുന്ന സഹതാപത്തിന്റെ ആദ്യശബ്ദം. മറുതലക്കൽ അസോസിയേഷൻ സെക്രട്ടറിയായിരുന്നു. അധ്യാപക ദമ്പതികളായ മകനും ഭാര്യക്കും വരാൻ വയ്യെന്ന് പറഞ്ഞ് ഫോൺ വയ്ക്കുമ്പോൾ അയാളുടെ നെഞ്ച് വല്ലാതെ വിങ്ങുന്നുണ്ടായിരുന്നു. അപൂർവ്വമായി മാത്രം ചർച്ചകളിലേക്ക് കുടുംബം കടന്നു വന്നിരുന്ന സന്ധ്യകളിൽ ഷാരോണിനെ പറ്റി മാത്രമായിരുന്നു സെലീന പറഞ്ഞിരുന്നത് എന്നയാൾ ഓർമിച്ചു. കാത്തിരിക്കാനോ അവസാന നോക്കിനു വേണ്ടി ക്ഷമിക്കാനോ ഇനിയാരും ബാക്കിയില്ല എന്നു തോന്നിയിട്ടാവണം, നഗരത്തിരക്കുകൾ ഒട്ടും ശമിക്കാത്ത വ്യാഴാഴ്ച, സെലീന മരണപ്പെട്ട് കൃത്യം ഇരുപത്തിയഞ്ച്, മണിക്കൂർ മുപ്പത്തിയേഴു മിനിറ്റ് കഴിഞ്ഞപ്പോൾ നഗര മധ്യത്തിലെ പള്ളിയുടെ സെമിത്തേരിയിൽ അവളെ അടക്കം ചെയ്തു. തിടുക്കപ്പെട്ട് ചെയ്യുന്ന ഓരോന്നും നഗരത്തിരക്കിനെ ഓർമ്മിപ്പിച്ചിരുന്നു. ഒരുതവണ കൂടി അയാൾ തിരിഞ്ഞു നോക്കി. ഇല്ല, ആരും വരുന്നില്ല. വിളറി വെളുത്തു നിത്യ നിദ്രയിൽ ചേർന്ന സെലീനയുടെ മുഖത്ത് ആദ്യമായും അവസാനമായും ചുംബിക്കുമ്പോൾ ആദ്യമായി അയാളെ ബാധിച്ച നിഴലിനെ അലക്സ് കണ്ടു. ഇനിയവൾക്കായി തനിക്കൊന്നും ചെയ്യാനില്ല. ഒരിക്കൽ ഈ വരികൾ കൊച്ചു കുട്ടികൾ പഠിക്കും , എന്ന് പറയാൻ ബാൽക്കണിയിൽ ഇനി സെലീന ഇല്ല. കുഴിമാടത്തിൽ മണ്ണുമൂടി തിരിഞ്ഞ് നടന്നപ്പോൾ ആകാശം പെയ്തത് ചുട്ട് പഴുത്ത വെയിലായിരുന്നു. വിയർക്കാൻ തുടങ്ങുമ്പോൾ അയാളോർത്തു, പനിക്കാലങ്ങളിൽ കാവലിരുന്ന അമ്മയ്ക്കും മഴക്കാലങ്ങളിൽ കുടയെണ്ണാൻ മാത്രം നടക്കാനിറങ്ങിയ കൂട്ടുകാരിക്കും അപൂർവം ചില നിമിഷങ്ങളിൽ മാത്രം കണ്ട കാമുകിക്കും അന്തിചർച്ചകൾ കൊഴുപ്പിച്ച വാമിക്കും എഴുതി കരയിക്കുകയും ചിരിപ്പിക്കുകയും ചെയ്ത പ്രിയപ്പെട്ട എഴുത്തുകാരിക്കും ഇപ്പോൾ, മണ്ണിൽ മറഞ്ഞവളുടെ ഛായയായിരുന്നുവോ. പെട്ടെന്ന് നാവിൽ തടഞ്ഞത് സെലീനയുടെ രണ്ട് വരികളായിരുന്നു.

"ആയതിനാൽ നിന്റെയന്ത്യ ചുംബനം
പ്രതിഫലമില്ലാത്ത പ്രണയത്തിന്റെ
താക്കോലായി
ഇല്ലാ സ്വർഗ്ഗത്തിന്റെ വാതിൽ തുറന്ന്
എന്റെ കണ്ണുപൊള്ളിക്കുമാറാകട്ടെ."

ഇപ്പോൾ ചുണ്ടു പൊള്ളിയത് അയാൾക്കായിരുന്നു. അവൾ സ്നേഹിക്കുവാനും അയാളാൽ സ്നേഹിക്കപെടുവാനും മാത്രം ഇഷ്ടപ്പെട്ടിരുന്ന ഒരാത്മാവ് തന്നെയായിരുന്നു.

■



# One last look

Varsha, S4, MA English

"What?..."
with that, the phone slipped from her hand. It hit the ground and shattered into pieces. She felt as if the world around her was spinning faster than before. Everything was turning dark. She was fainting. Her frozen hands caught hold on something and slowly, very slowly she leaned herself against the wall. What she heard was too much for her gentle heart.
"Riya are you ok?"
That question woke her up.
"what?..."
she whispered. It was more an answer than a single "what".
Rahul helped her into a chair and picked up the phone which now looked like almost dead. He assembled it and tried to switch it on. When nothing happened he left it on the table and turned towards Riya, who now was in tears.
"What happened? who called?" he asked.
He wasn't sure if she heard the question. Riya seemed like in a trance. She was sobbing. Or more like crying. He stood close to her. The next moment she hugged him tightly and started crying furiously. Rahul was out of words. It's the first time he sees his girl crying like this.
Without saying a word he gently hugged her. He could feel the wetness spreading through his shirt. When she calmed down a bit, Rahul helped her stand up. Her eyes turned red. Now, she looked like an apple. Her nose reminded him of that of a clown's. A smile flashed through the corner of his lips. But looking deep, the problem is serious.
"Riya, go wash your face and tell me what happened", said Rahul.
Riya walked to the washroom.
She could hear her own heartbeats. After freshening up she went back to Rahul.
"Rahul, something happened. something that would leave you in tears. But be strong.ok?"
Riya's words struck Rahul like a lightning.
"Hmm" was all he said.
Riya continued,
"Do you remember Druv?"
"Yes", he answered.
"He is no more." With that words escaped out of her.
She knew she couldn't speak another word. Rahul was standing still, like a statue.
Somehow she managed to speak again.
"He was suffering from blood cancer and he never said. For the last three years, he was fighting it all alone." with that, she again burst out into tears.
But this time Rahul wasn't able to console her for he too was in tears.
"It was Rishi's call." she continued," Nobody knew until now. Until his parents informed about the funeral".
"We should go fast." It was Rahul who said that.
It barely took ten minutes for both of them to get ready. Within half an hour they covered quite a distance. Rahul was driving the car and nobody talked.
Riya looked out of the window. Memories started to unfold...

She was standing right in front of the college gate. It was her first day. Nervousness crept into her heart and it started beating so loud. She could hear it so clear that she doubted whether people around her could hear it as well.
"There is no turning around Riya," she said to herself.
So convincing her heart, she started walking. The atmosphere seemed so calm.

And gentle breeze caressed her. Even the slightest of fear disappeared from her. She was falling in love, in love with that surrounding, the college, and its beauty.

"Excuse me? Can you tell me where this is?"

That question woke her up from her thoughts. A tall handsome boy stood before her, with a paper in his hands.

"Sorry, I'm new to this place. You better ask someone else," said Riya.

"Oh! ok," said he and walked away.

Riya walked into the office and searched for her name on the notice board.

"Here it is," she said to herself.

She took a paper and wrote down her class, floor, and building number. It took her almost an hour to find her class. When she reached there it was almost full. She sat on a vacant chair from where she could see the whole class.

"Hey, we meet again." A voice came from her back seat.

Riya turned around and saw the same boy whom she met at the entrance.

You again? seems like you are sharing the same class as mine," said Riya with a smile.

"Guess we do," said the boy. "Anyway, I'm Druv."

"Riya".

They both introduced themselves.

In a short time, both of them became best of friends. Riya became a constant visitor in Druv's house. His mom trusted Riya more than her own son. Same was in Riya's house.

"That's why years after when Riya said to her parents that she is in love with a guy named Rahul, a boy from her own college, her parents first dialed Druv's number.

"Riya we've reached."

Rahul's words brought her to reality.

There was a huge crowd in front of his house. Seeing Riya and Rahul, all their friends gathered around them. None spoke a word. Riya, as if in a sleep, walked into the room where Druv's body was kept. One look...

One look was all she could afford. Nothing more. Riya collapsed into the ground. Rahul, seeing this, ran to her and picked her up. Both of them walked once around the body.

Time passed and it was time, Druv's body to be taken for cremation. Loud cries were heard. Deep sighs filled the atmosphere. Riya sat on the stairs leaning herself against the wall. Rahul and others sat on a corner from where he could see Riya. A few hours passed by, and people started leaving. Most of their friends left soon after the cremation.

"Riya, its time for us to go," said Rahul.

She just nodded and went to Druv's mom's room. Seeing Riya she tried to get up. Riya sat beside her.

"Riya, he never wanted to upset you and Rahul," that was all she could say.

Tears rolled down her cheeks in an uncontrollable manner. Riya walked out of the room and joined Rahul who was waiting for her. When she reached the car, a sudden urge stuck her to look back. There, from the window of Druv's room, she could see someone watching her. Someone, whose eyes she was very much familiar with.



**Selma**
**$S_4$ MA English**

# THE SECRET KEEPER

Can't run so long...Can't run so long..
The ant was the first one to scream
Never stop, never stop, it's a long journey
The rabbit kept on talking
Days, nights and weeks of thinking
And the ant began to move,
As he regained the strength
There was no sense of nothingness ever after...
Disjointed jottings of the villainy of fate
And the rabbit ran faster than before
But Deep sighs and woes
Instead of the passion he mentioned before
Senseless creeps into my inscapes
Like a little kid fell in a muddy pit
Can't escape even when I want to
I can only run now, run without a purpose
Lost my true self in the middle of these hurdles
How long can I run like this
Oh! When will it end - It's an enigma
I have got nothing to offer as such
The more I run, the tougher it gets to survive
Forbidden to think for myself
As the burden of the long journey thwarts it
Oh dear...Oh dear...There is no light
Flow with the tide and try against the tide
Can not be done simultaneously
There is a loud loud cry
Ah! Such was the agony and
The rabbit once smiled, now cries



Ant the lunatic, Ant the coward
Ant the mischievous, Ant the troublesome
Ant the Lilliputian, Ant the empty - headed
Speaks now to the Rabbit
You were the one who stood for me,
When I was about to die
You were the one who taught me
That the long journey should never be ceased
You were the mirror that I look into
When I was unable to find myself
You were the one who unlocked
The small yet big universe of freedom
Just for the sake of roaming around and
This ignorant fellow explored it to the fullest
If you can't run fast, walk slowly
If you can't stop crying, just get the hell out of it
For there is nothing wrong in tears
If you are breathless, just wind it up with a deep sigh
If you are tired of talking to others,
Just be silent at least to yourself then
For it is so easy to sympathise and
Equally difficult to empathise
For you are my secret keeper
Yes, the Confidant
Run, run and run again is the verdict
For Senselessness is the pure sense of life
For purposelessness is the inherited mansion
For meaninglessness is the irony of being alive
And we never know the end point of this running
For a pause will be equal to a living death
And that's why the Grandmaster decided so...
Run again...Run again...Run again...!!!

---

# SATAN AND THE JOKER

Can't bear the pain ; was screaming the Joker
Can't be myself, he shouted
Not fit to be a clown - he added further
That too with a pale countenance and a blurred vision
I lost myself - he cried aloud...
Spectators from different parts of the world
Started encouraging him...Tried to pacify him rather...
We want to see the real Joker, the real you
They said desperately



Life is nothing, but a mysterious agony
Joker replied in vain...
If you are a misfit, it's better to quit the stage
Was thinking the impotent Joker
        Spectators left the stage, one by one
        And one of them entered the stage accidentally
        But he wanted to see the Joker for sure
Satan...! Satan...! Cried the Joker again...
For him, that graceful figure seemed to be that of a Satan!
He was a Satan in sum and substance!
Such was the pain...Unbearable...Poor Joker...
        And
A smile was the reply of Satan!
    Your cheerful self is no more, why? Exclaimed Satan!
    Total mismatch to be a clown was the answer
    Oh...! The grief stricken Joker
    Grass is greener on the other side - said Satan
    A calm smile followed it...
    I lost myself and I quit the stage - Joker was shrieking
    I will be there to see your pranks, the lone spectator -
    Said Satan, with an eye of concern
He could clearly see the feeble state of Joker
Through his marvellous spectacles
Can't move, almost paralysed - shouted again the Joker
It will take some time, give it some time man...
No...Body, brain, heart and soul burns alike...
Paranoia...Haunting...Conjuring...Enigma...
A loud cry was the reply of the Joker again...!!!
I won't quit the stage unless and until
I see the real you - demanded Satan
Concern, consolation,he did everything he could - Satan

Rethinking...Reconstruction...Reassurance...
Something out of nothing...
Utter darkness once...Now a beam...
A ray of hope...
An epiphany ignited his mind
Thinking restlessly...He discovered himself
I want to unfold the purpose of my life
To quit is the greatest of all sins
Oh... It is better to face than to freeze or run away - thought the Joker
And yes!
Joker unleashed himself with absolute power
Started slouching the Joker
That too from the heap of burning ash
Flames no longer can hurt him
For the fire inside him burned with immense intensity
Than the fire around him
Searched for someone hither and thither
He had a long look towards the deserted land beyond boundaries...
Ah...! Where is he?
Disappeared, has he? Vanished, has he?
Unambiguous is the vision now
And he could see the shadow of a giant figure
Tried to touch...And was he just an apparition? Satan?
His shadow fades and fades and fades away...!
Joker had one last look at the deep dark shadow...His Satan....
And he, the Joker himself declared at last...
Satan is my best friend forever...!
And
This is my swan song for him...My gratitude...
How well had Satan outplayed the Joker?
One is back and the other one is gone...
He kept his word - Satan!
And that's the irony of the greatest bliss...
That's all...That's all...That's all...!!!





# ASHEN RAMBLINGS

**Short Story**
**Vinayak NS**

The door was open. They were here. The battle was over. Everybody else was slaughtered. We were the only ones left. A last stand? No, it would be useless. The blue light was only inches away from my throat, I closed my eyes, ready to embrace whatever there was on the other side. Was there an other side? I was prepared to know. A rancid smell filled the room. Had the others given up like me? I didn't know. I was too afraid to open my eyes. I waited silently I remembered Claire. I remembered Ivan. The blow came.

Why was I lying on my back? I could feel my own breath. I opened my mouth. Something fell into it. I spat it out. I could feel something soft falling all over my body. I opened my eyes to grey skies. Lightning bolts zig-zagged all over it. They looked like giant spiders to me. Weird, white spiders painted on a grey canvas. The perfect thought to cheer up a man who didn't know where he was, who wasn't sure whether he was alive or not.

It wasn't snow that was falling. It was ash. Then it hit me. I was in Alazantz , the legendary prison - maze. Growing up in a rebel tribe , our nightmares were coloured by Alazantz. But not everyone believed in its existence. Many thought of it as a scary fairy tale. I looked to my left and right. Yes , the walls were black. They went up and up. Their pinnacle could not be seen. It was Alazantz alright.

I checked for the sabre in its sheath. It was there. The pistol was in my left hand. I fished for the dice in my pocket. It too was there. I felt a small relief. I always carried a dice with me just in case my life depended on a game of snakes & ladders.

I got up and walked forward. The ash was already above my ankles. It was rising steadily. Alazantz matched the picture I had conjured up in my childhood. But nobody knew what really happened. once one was inside Alazantz. All accounts of Alazantzwere from Emmanuel Rodri's memoirs. He was supposed to be the only one who escaped from Alazantz. But Rodri didn't write much about the horrors of Alazantz. The memories were too painful for him. He was the Second Leader of the Conspiracy. Naysayers said that he had become a little too fanciful in his old age , that his memoirs are nothing but fantastical ravings. I had never been sure of the stories myself. I didn't know what to expect. The ash was nearly p to my knees.

Maybe it wasn't a maze after all. The path didn't diverge from a straight line. It didn't branch out. It seemed as if there were no booby traps. No sphinx to confuse me with a riddle or to play a game of snakes & ladders. It looked like a boring straight path. All I could do was wait for a boring death.

The ash was nearing my waist. I walked on. I wondered why I was not feeling tired. I made out a shape moving, no, creeping towards me in the distance. Its place was steady.

It was a miniature version of thr weird, white spider I had seen on the sky. It was still pretty big. I smiled and prepared to die, again.

My favourite book written in the final era was the Harry porter series. Since I had not died the first time, I wanted to try something different now. I wanted to die like a fan boy (whatever it means). I outstretched my sabre, pointed it at the lightning spider and shouted, ‘Avada Kedarva’. My whim was satisfied.

It was motionless. I approached the huge figure. It was dead. It had lost all of its spell work? It was completely illogical. I didn't even have a wand. So, improbable, but slightly possible idea that I was a wizard could be ruled out. There was only one explanation. I was dreaming ! The ash was ip to my chest. Suddenly, the ash started moving. It was flowing. The carcass of the lightning spider disappeared. I was determined to wake up. I dived into the river of ash. Just before that, I caught a final glimpse of the sky and the spider on it. I was running out of air to breathe. I would die in a minute. I would wake up in a minute.

I felt as if all signs of life were leaving me. But it was so slow. I wanted to hurry up the process. I wanted to die sooner so that I could wake up faster. I was nearing death. Oh yes.

A picture of me at my desk, writing something, flashed across my mind.

I was floating in mid-air. The sky was filled with ash. No , it was made up of ash. I could see an ash fall originating from something resembling a cloud. My weapons were gone. But I still had my dice. There was a desk in front of me, a board game on it. It was snakes and ladders. An invisible hand rolled a dice. The game was on. I joined. Seven minutes later, I won. I looked up. I felt as if my head was swelling up. “this is Alazantz, the real Alazantz. Rodri was not worthy. Only true dreamers are accepted here” , some thing in my head told me. I felt immence pride. I didn't have any particular ambition in my life. But I knew that I had fulfilled my life's purpose at that moment. A hill rose in front of me. A tunnel went through it. I floated towards that tunnel. As I was approaching the tunnel, my feet touched solid ground. I tripped over something.

A picture of me standing in a dark room, with my eyes closed, flashed across my mind.

I could hear the sound of pen on paper. A rancid smell filled my nostrils.



സമാധാനത്തിന്റെ മരുഭൂമിയിൽ കൊടിയും കൊടിയും കണ്ടുമുട്ടി.
കൊടികൾക്ക് രണ്ട് നിറമായിടുന്നു.
എന്നാൽ കോർത്തിരുന്ന ദണ്ഡിന് ഒരേ നീളവും.
ഒരു കൊടി കൊന്നവന്റേതാണ്.
മറ്റേത് മരിച്ചവന്റേത്.
മരുഭൂമിയിൽ വാഗ്വാദം നടക്കുന്നുണ്ടായിരുന്നു.
കൊന്നതിന്റെ, കൊല്ലിച്ചതിന്റെ, എത്ര തുണ്ടുകളാക്കി...
രണ്ട് നിരയായി നേതാക്കൾ പ്രസംഗിച്ചു.
സർവ്വകക്ഷി യോഗം കൂടി.
സമാധാനം പുനഃസ്ഥാപിച്ചു.

NB: കഥയിലെ മാരക ട്വിസ്റ്റ്, ഈ മരുഭൂമി ഒരു വലിയ ചക്രത്തിൽ ബന്ധിച്ചിരുന്നു. അതിനെ തിരിക്കാൻ കഴിയുന്ന ചിലർ അവരുടെ ഇഷ്ടത്തിനനുസരിച്ച് ചക്രം തിരിച്ചു. കൊന്നവന്റെയും കൊല്ലിച്ചവന്റെയും കൊടി വീണ്ടും സമാധാനത്തിന്റെ മരുഭൂമിയിൽ കണ്ടു മുട്ടി.

ഒരു പോത്ത് കശാപ്പുകാരന്റെ കയ്യിൽ നിന്നും രക്ഷപ്പെട്ട് ഓടുന്നു. പോത്തിനെ പിടിക്കാൻ ഒരു ഗ്രാമത്തിലെ പുരുഷന്മാർ മുഴുവനും പിറകെ ഓടുന്നു. ഓടുന്ന പോത്തിന് പിന്നാലെ കൂടുന്ന കൂട്ടം ഒരു കണ്ണാടിയായി മാറുന്നു. അവർ നഗ്നരാക്കപ്പെടുന്നു. സാംസ്കാരിക പരിണാമങ്ങൾ ചാർത്തിക്കൊടുത്ത, അവർതന്നെ സ്വരൂപിച്ച, ഉടയാടകൾ ആണ് ഓട്ടത്തിൽ ഉതിർന്നു വീഴുന്നത്. അന്ത്യത്തിൽ പോത്തിനെ കീഴ്പ്പെടുത്തുമ്പോൾ കീഴ്പ്പെടുത്തിയത് ആരെന്ന ചിരപുരാതന ചോദ്യം പ്രശ്നമായി മാറുന്നു. അവിടെ അവർ വീണ്ടും ഗോത്ര യുഗത്തിലെ ആദിമ മനുഷ്യനായി മാറുന്നു.

പോത്ത് ഒരു രൂപകമാണ്. ആൾക്കൂട്ടങ്ങളുടെ നയിക്കുന്ന എന്തിന്റെയും രൂപകം. ചിത്രത്തിൽ പോത്ത് കയറു പൊട്ടിച്ച് ഓടുമ്പോൾ പിന്നാലെ കൂടുന്ന മനുഷ്യർ സമൂഹത്തിന്റെ പരിച്ഛേദമാണ്. നാം ഉൾപ്പെടുന്ന സമൂഹം എങ്ങോട്ടോ നയിക്കപ്പെടുകയാണ്. സമൂഹത്തിന്റെ ഈ യാത്രയിൽ നാം പരസ്പരം പോരടിക്കുന്നു. ആ പോരിൽ നയിക്കുന്നവന്റെ നയിക്കുന്നവരുടെ ഇച്ഛകളോ സ്വാധീനങ്ങളോ രാഷ്ട്രീയമോ വകവയ്ക്കാതെയാണ് നമ്മുടെ പോര്. ചിത്രത്തിന്റെ അന്ത്യത്തിൽ പോത്തിന്

കുട്ടിച്ചൻ ആക്രമിക്കുന്നത്, ഒടുവിൽ ആന്റണിയുടെ കുത്ത് കൊള്ളുമ്പോൾ അതു പോത്ത് കുത്തിയത് ആണെന്ന് വരുത്തി തീർക്കുന്നത്, ആൾക്കൂട്ടത്തിന്റെ മനഃശാസ്ത്രം, പോലീസ് ജീപ്പ് കത്തിക്കുന്നത്, പോത്തിന് പിറകെയുള്ള ഓട്ടം, കാമം, സോഫിയെ സ്വന്തമാക്കാനുള്ള ആന്റണിയുടെ ശ്രമങ്ങൾ, എന്നിങ്ങനെയുള്ള നാം സൃഷ്ടിച്ചെടുക്കുന്ന സംസ്കാരത്തിന്റെ തിരശ്ശീലയെ കൊണ്ട് മൂടപ്പെട്ട ആദിമ വാസനകളെ ജല്ലിക്കെട്ടിന് ഉള്ള മഹിഷമെന്നോണം പോത്തു വന്ന് തകർത്തെറിയുന്നു.

# കാഴ്ചകളുടെ




മുഹമ്മദ് സമീൽ

ഇരയുടെ വേട്ടക്കാരനിലേക്ക്, ശ്വാശ്വതമായ ആ ചുരുക്കത്തിലേക്ക് ഒടുങ്ങുന്നു. ജല്ലിക്കെട്ട് ഒരു പാഠപുസ്തകം കൂടിയാണ്. പരമ്പരാഗത ചലച്ചിത്ര പാതകളിൽ നിന്നും വിഭിന്നമായി നമുക്ക് അത്ര പരിചയമില്ലാത്ത വഴികളിലൂടെ കണ്ണുകളെയും കാതുകളെയും കൊണ്ടു പോകുമ്പോൾ പാരമ്പര്യത്തെ പേറുന്ന തലച്ചോറിന് അല്പം ബുദ്ധിമുട്ട് തോന്നാം. എന്നാൽ അതുകൂടി വരുമ്പോഴാണ് സിനിമാനുഭവം പൂർത്തിയാകുന്നത്. ജല്ലിക്കെട്ട് എന്ന 90 മിനിറ്റ് ഉള്ള മലയാള ചിത്രം ഒരു ക്ലാസിക് ആക്കി മാറ്റാൻ സംവിധായകൻ ലിജോ ജോസ് പല്ലിശേരിക്ക് കഴിഞ്ഞിട്ടുണ്ട്. സിനിമ മുന്നോട്ടു വെക്കുന്ന ഏറ്റവും ലളിതമായ പ്രശ്നം മാത്രമാണ് കയറു പൊട്ടിച്ച് ഓടുന്ന പോത്ത്.

മുകളിലേക്ക് വന്നു വീഴുന്ന മനുഷ്യ കൂമ്പാരം ഇത്തരത്തിൽ പരസ്പരം കലഹിക്കുന്ന ജനതയുടെ തുടരുന്ന ഒടുക്കമായി മാറുന്നു. ഏറ്റവും അടിസ്ഥാനമായി, മനുഷ്യന്റെ ആദിമ വാസനകള കാട്ടിത്തരുന്ന ചിത്രമാണ് ജല്ലിക്കെട്ട്. അസൂയ, പക, പ്രതികാരം, കാമം, ശക്തി, ആൾക്കൂട്ടത്തിന്റെ മനഃശാസ്ത്രം, എന്നിങ്ങനെ ഒരുപാട് കാര്യങ്ങളെ ചിത്രത്തിന് കാട്ടിത്തരാൻ സാധിക്കുന്നുണ്ട്. മനുഷ്യനും മൃഗവും തമ്മിലുള്ള അന്തരം, പരിണാമത്തിന്റെ കാലഗണനകൾ സൃഷ്ടിച്ചു എന്ന് നമ്മൾ കരുതുന്ന അന്തരം എത്രമാത്രം വേഗത്തിലാണ് ഇല്ലാതാകുന്നത്. ഇന്റർവെല്ലിന് അടുപ്പിച്ച് മനുഷ്യന്റെയും പോത്തിന്റെയും കാൽപ്പാടുകൾ ചെളിയിൽ ഒരുപോലെ ആഴ്ന്നിറങ്ങിയിരിക്കുന്ന ഷോട്ട് അതിന്റെ പ്രതീകാത്മകമായ ചിത്രീകരണമായി മാറുന്നു. പെണ്ണിനു വേശിയുള്ള ആണിന്റെ പോക്ക്, സോഫിക്ക് വേണ്ടി കുട്ടിച്ചനെ ആന്റണി ഒറ്റു കൊടുക്കുന്നത്, പക ഒറ്റുകൊടുത്ത ആന്റണിയെ

ചിത്രത്തിന്റെ സംവിധായകനൊപ്പം തന്നെ പ്രശംസിക്കപെടേണ്ടവരാണ് ഗിരീഷ് ഗംഗാധരൻ(ക്യാമറ), ജയകുമാർ, ഹരീഷ് (തിരക്കഥ), പ്രശാന്ത് പിള്ള (പശ്ചാത്തല സംഗീതം), ദീപു ജോസഫ് (എഡിറ്റർ), എന്നിവരുടെയും സംഭാവന. പെപ്പെ അവതരിപ്പിച്ച ആന്റണി എന്ന കഥാപാത്രത്തിന് ആണ് നായക പ്രാധാന്യം മെങ്കിലും പോത്താണ് നായകനാകുന്നത്. ചിത്രത്തിന്റെ രത്നച്ചുരുക്കം ഒരു കഥാപാത്രമായ വയോധികൻ പറയുന്നതുപോലെ, ' ഇവറ്റകൾ ഒക്കെ രണ്ടുകാലിൽ ഓടുന്നുണ്ട് എന്നേയുള്ളൂ മൃഗമാ, മൃഗം... എന്ന വരികളിൽ ഉണ്ട്.

ലയ രാജൻ

# കാന്തത്തിന്റെ വിരുദ്ധ ധ്രുവങ്ങളെ പരസ്പരം ആകർഷിച്ചിട്ടുള്ളൂ !

ജിബ്രാന്റെ പ്രവാചകൻ വായിച്ചു മടക്കിയപ്പോൾ ഓർഫലീസിലെ ജനങ്ങളോട് അസൂയ തോന്നി. എന്തിനെന്ന ചോദ്യം അപ്രസക്തമാണെന്ന് എനിക്ക് അറിയാമായിരുന്നു. സ്ത്രീ സഹജമായ അസൂയ എന്ന് പറഞ്ഞ് സൗരവ് വായനാ മുറി വിട്ട് പുറത്തേക്ക് പോയി. പകുതി കളിയും പകുതി കാര്യവും ചേർത്ത പതിവ് ശൈലി.



രണ്ടുപേർക്കിടയിൽ
പ്രണയമുണ്ടാക്കാനെന്തു വേണം, എന്ന ചോദ്യത്തിന് നിരന്തരം തല്ല് കൂടാനുള്ള മനസ്സ് വേണം എന്ന ഉത്തരമാണ് ഞങ്ങൾക്കിടയിലുള്ള പൊതുവായ ഘടകം. കേവലം പിടിവാശികൾക്കപ്പുറത്തുള്ള വഴക്കുകളാവില്ല അത്. സൂര്യന് താഴെയുള്ള എന്തിലും തർക്കത്തിന് സാധ്യത കണ്ടെത്തി തല്ലുണ്ടാക്കുന്ന രണ്ടു ജന്തുക്കൾ. ഇവർക്കിടയിലെന്ത്? എന്ന് ചോദിക്കുന്നവരോട് ഭ്രാന്തിൽ പൊതിഞ്ഞ എന്തുമാകാം എന്നു മറുപടി പറയുന്ന ഒരുപറ്റം കൂട്ടുകാർ. ഒരു സാധാരണ ക്യാമ്പസ് പ്രണയത്തിന്റെ ചുറ്റുപാടുകൾ തീരെയില്ലാത്ത തീർത്തും പരുക്കനായ അന്തരീക്ഷത്തിൽ നിന്നും പൊട്ടിമുളച്ച എന്നു തന്നെ പറയാവുന്ന ഒരു അടുപ്പമായിരുന്നു ഞങ്ങളുടേത്. ഫ്രോയ്ഡിന്റെ സിദ്ധാന്തങ്ങളുടെ ആരാധികയോട് ഫ്രോയ്ഡിയൻ സിദ്ധാന്തങ്ങൾ വെറും ഭ്രാന്താണെന്ന് പറഞ്ഞു തർക്കിച്ചു തുടങ്ങിയ പരിചയം.

തർക്കങ്ങളിലൂടെ പരസ്പരം പോസ്റ്റ്മോർട്ടം നടത്തിയ വീക്ഷണങ്ങളും താത്പര്യങ്ങളും. ഉഷ്ണ കാലത്ത് ഒരേ മേശയുടെ ഒരേ വശത്തിരുന്ന് ചൂട് കട്ടൻ ചായ ഊതിക്കുടിച്ചു കൊണ്ടും തണുത്ത മഴയത്ത് വഴിവക്കിലെ പെട്ടിക്കടയിൽ നിന്നും തണുത്ത നാരങ്ങാ വെള്ളം കുടിച്ചു കൊണ്ടും ഞങ്ങൾ തർക്കിച്ചു കൊണ്ടേയിരുന്നു.
ആശയങ്ങളിലെ സാമ്യം എത്ര തന്നെയുണ്ടോ അതിന്റെ ഇരട്ടിയോളം വരും വൈരുധ്യങ്ങൾ. നിരന്തരമുള്ള തർക്കങ്ങൾ കൊണ്ട് ശബ്ദമടഞ്ഞപ്പോൾ കൂടുതൽ വാശിയിൽ ശബ്ദമുയർത്തിയതും
ആവേശത്തള്ളിച്ചകൊണ്ട് ആശുപത്രി വാസം വരിക്കേണ്ടി വന്നതും ഒന്നിലേറെ തവണ നിശബ്ദത പാലിക്കുക എന്ന നിർദ്ദേശത്തോടുള്ള അതി വിധേയത്വം കാരണം പുസ്തകങ്ങൾ എടുക്കാനും കൊടുക്കാനുമല്ലാതെ അടുത്ത കാലം വരെ ലൈബ്രറിയിൽ അധികനേരം ചിലവഴിക്കുക പോലും ഉണ്ടായിരുന്നില്ല. കണ്ടാൽ കൊല്ലാനുള്ള ദേഷ്യത്തോടെ യാവും പലപ്പോഴും പാതിരാ ചർച്ചകൾക്ക് താത്കാലിക വിരാമമിടുക.
പുഞ്ചിരിക്കും പ്രഭാത വന്ദനത്തിനുമുള്ള സാവകാശം പോലും കൊടുക്കാതെ തൊട്ടടുത്ത ദിവസം തുടങ്ങുന്ന അല്ലെങ്കിൽ തുടരുന്ന ചർച്ചകൾ. നിങ്ങൾക്ക് മടുക്കില്ലേ എന്ന ചോദ്യത്തിന് ഒരു മിനിറ്റ് എന്ന് മറുപടിനൽകി ഒഴുക്ക് മുറിക്കാതെ കൊണ്ട് പോകുന്ന സംവാദങ്ങൾ.
പറഞ്ഞു പറഞ്ഞു പോയാൽ പിന്നെ പറയാനൊന്നുമുണ്ടാവില്ല എന്ന വിശ്വാസത്തെ പൊളിച്ചെഴുതുകയായിരുന്നു ഞങ്ങൾ? അറിയില്ല!



> *കാക്കയിൽ തുടങ്ങിയാൽ റോമാസാ
> മ്രാജ്യത്തിലും വൃന്ദാവനത്തിൽ നിന്ന്
> ഉഗാണ്ട യിലേക്കും ജെ സി
> ഡാനിയേലിൽ നിന്ന്
> പ്ലൂട്ടോയിലേക്കും മഴയിൽ നിന്ന്
> ഡയോജെനിസിലേക്കും നീളുന്ന
> ചർച്ചകളും തർക്കങ്ങളും...പ
> ലപ്പോഴും പരസ്പര ബന്ധത്തിന്റെ
> അതിരുകൾ അപ്പുപ്പൻ താടികളായി
> ഞങ്ങൾ മുറിച്ചുകടന്നിരിക്കുന്നു.
> (അതെന്താ അമ്മുമ്മത്താടി എന്ന്
> പറഞ്ഞാലെന്നും ചോദിച്ച ബഹളം
> തുടങ്ങിയിട്ടുണ്ട് കക്ഷി.)*

തത്ക്കാലം അത് പിന്നെ ചർച്ച ചെയ്യാം. എന്തായാലും ഞങ്ങൾക്കിടയിൽ വിഷയങ്ങൾ ഒരിക്കലും കുറഞ്ഞില്ല. കാക്കയിൽ തുടങ്ങിയാൽ റോമാസാമ്രാജ്യത്തിലും വൃന്ദാവനത്തിൽ നിന്ന് ഉഗാണ്ടയിലേക്കും ജെ സി ഡാനിയേലിൽ നിന്ന് പ്ലൂട്ടോയിലേക്കും മഴയിൽ നിന്ന് ഡയോജെനിസിലേക്കും നീളുന്ന ചർച്ചകളും തർക്കങ്ങളും... പലപ്പോഴും പരസ്പര ബന്ധത്തിന്റെ അതിരുകൾ അപ്പുപ്പൻ താടികളായി ഞങ്ങൾ മുറിച്ചുകടന്നിരിക്കുന്നു.
(അതെന്താ അമ്മുമ്മത്താടി എന്ന് പറഞ്ഞാലെന്നും ചോദിച്ചു ബഹളം തുടങ്ങിയിട്ടുണ്ട് കക്ഷി.)

ഈ ബഹളത്തിനിടയിൽ ഞങ്ങൾ പ്രണയിക്കുകയായിരുന്നോ എന്ന് ചോദിക്കുന്നവരോട്; തീർച്ചയായും അതെ! ക്ലീഷേ പശ്ചാത്തലത്തോട് തീരെ താത്പര്യമില്ലാത്ത രണ്ടു മുഷിപ്പൻ ജീവികളായതിനാലാവാം ഇങ്ങനെ പാതിരാവിലെ പിറന്നാൾ സന്ദേശമോ, ക്യാന്റീനിൽ തഞ്ചത്തിൽ പങ്കുവയ്ക്കുന്ന ചായയോ, പ്രണയ ദിനത്തിലെ സമ്മാനമോ എന്തിനേറെ, ഇഷ്ടമാണ് നിന്നെ എന്നൊരു വാക്കോ പരസ്പരം പറഞ്ഞിട്ടില്ല ഞങ്ങൾ. പക്ഷെ ഒന്നറിയാം ഇതും കലർപ്പില്ലാതെ പ്രണയമാണ്.

പരസ്പരം തല്ല് കൂടാൻ മാത്രമായൊരു പ്രണയമോ എന്നു മൂക്കിൽ വിരല് വയ്ക്കുന്നവരോട്; കാന്തത്തിന്റെ വിരുദ്ധ ധ്രുവങ്ങൾ മാത്രമേ പരസ്പരം ആകർഷിച്ചിട്ടുള്ളു.
ഞങ്ങൾ ഇങ്ങനെയാണ്. തോറ്റ് കൊടുക്കാൻ ആർക്കുമാർക്കും മനസ്സില്ലാത്ത ഒരു സംവാദത്തിന്റെ താളത്തിൽ ഞങ്ങളുമൊഴികിപ്പോകും. അമ്മുമ്മത്താടി, കഥകളിയിലെ ഹനുമാൻ വേഷം വരെയെത്തി. എന്റെ ഭാഗം പറഞ്ഞു തരിച്ചു തുടങ്ങേണ്ട സമയമായി. തത്ക്കാലം നെരൂദയുടെ കവിതകൾ അവിടെയിരിക്കട്ടെ!

# ചതുർഭുജം

അഹമ്മദ് അജ്വദ്

**അ**വളുടെ ചോദ്യങ്ങൾ

അവന്റെയുള്ളിലെ പ്രണയകനലിലേക്ക് ഊതിയ കാറ്റായിരുന്നു. അത് കനലിൽ നിന്ന് തീയിനെ ഉയർത്താനും, ഉയർന്ന തീയിനെ വീണ്ടും കനലാക്കാനും കഴിവുള്ള ചലിക്കുന്ന വായുവായിരുന്നു. കനൽ എരിഞ്ഞുണ്ടായ തീയുടെ ചൂടിനാൽ അവന്റെ ഹൃദയത്തിൽ നിന്ന് ഒരു നേരിയ നീറ്റൽ ഹൃദയത്തിന്റെ ഇടത് ഭാഗത്തു നിന്ന് തുടങ്ങി ചുറ്റും പ്രവഹിച്ചു. ഒരു തരം അനുഭൂതിയിലേക്ക് ആ നീറ്റൽ മാറുന്നത് അവൻ മനസ്സിലാക്കി.
(അതാണത്രേ പ്രണയസുഖം).

ആദ്യമായി അവനിലെ ആ അനുഭൂതിയെ ഉത്തേജിപ്പിച്ചത് അവളുടെ ചോദ്യമായിരുന്നു.
'നിന്റെ ബുക്കിൽ ഏത് പെൺകുട്ടിയുടെ മാർക്കാണ് എഴുതിയിരിക്കുന്നത് ? '
' അവൾ നിന്നെ ലൗവർ ആണോ? '
ആ പേരിന്റെ ഉടമ തന്നെ അത് ചോദിച്ചപ്പോൾ അവൻ തീർച്ചയാക്കി. ഇത് പ്രണയം തന്നെ...അവൾക്ക് തന്നോട് പ്രണയമാണ്. അവളുടെ ചോദ്യക്കാറ്റിന് കനലിൽ നിന്ന് തീയിനെ ഉയർത്തിയ പോലെ ഉയർന്ന തീയിനെ തളർത്താനും ശേഷി ഇല്ലാതിരിക്കുമോ? ഹൃദയത്തിൽ നിന്ന് പ്രവഹിച്ച ശക്തി പേനത്തുമ്പിൽ കിടന്ന് കറങ്ങി. മഷിയിൽ കുളിച്ചുരുണ്ട ബോൾ കടലാസിൽ പ്രണയചിത്രം അക്ഷരങ്ങളായി രചിച്ചു. അന്ന് രാത്രിയിൽ അവളിൽ നിന്ന് പുറത്തു വന്ന നിശ്വാസ വായു ഒന്നകൂടി ആ കനലിനെ വർണാഭമാക്കി. ആ ചെന്തീയുടെ ചൂട് അവനു പനിയായി അനുഭവപെട്ടു. അങ്ങനെ വീട്ടിൽ നിന്ന് സ്കൂൾ അവധി പ്രഖ്യാപിക്കപ്പെട്ടു.

സൂര്യ ബിംബം ഉച്ചിയിലെത്തുമ്പോഴേക്ക് അവന്റെ നിബ്ബിൽ കുടുങ്ങിയ ആ ബോൾ മലമുകളിലേക്ക് കയറ്റിയ നാറാണത്തു ഭ്രാന്തന്റെ കല്ലുപോലെയായിരുന്നു. അത് എങ്ങോട്ടെന്നില്ലാതെ ഉരുളാൻ തുടങ്ങി. കടലാസുകൾ കല്ലുപതിച്ച് ഒന്നിനുപുറകെ ഒന്നായി പൊരുതിവീഴാൻ തുടങ്ങി. ഘർഷണ ബലങ്ങൾ തുണച്ചു. ഭൂമിയുടെ സ്പന്ദനം കണക്കിലായത് കൊണ്ടാകാം, കല്ലുരുണ്ട് നിന്നത് ഒരു ജ്യാമിതീയ രൂപം രചിച്ചിട്ടാണ്...
ഒരു ചതുർഭുജം !
നിനക്ക് എന്നെ ഇഷ്ടമാണോ?

☐ ആണ്  ☐ അല്ല







# മാർട്ടിൻ കൂപ്പറിന്റെ കുന്ത്രാണ്ടം

അശ്വിൻ മഞ്ചു

**ലോ**കത്ത് മൊബൈൽ ഫോണിനെ കുറ്റം പറയാത്തവരായി ആരെങ്കിലുമുണ്ടെങ്കിൽ, അത് സാക്ഷാൽ മാർട്ടിൻ കൂപ്പറും അദ്ദേഹത്തിന്റെ കുടുംബക്കാരും ആയിരിക്കണം, കാരണം ആ പുള്ളിക്കാരൻ ആണല്ലോ ഈ മൊബൈൽ ഫോൺ എന്ന കുന്ത്രാണ്ടം കണ്ടുപിടിച്ചത്. സത്യത്തിൽ ഈ 'കുന്ത്രാണ്ടം' എന്ന വാക്ക് ഞാൻ പുതുതായി ഉണ്ടാക്കിയതല്ല. കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന അമ്മമാർ മൊബൈൽ ഫോണിന് കൽപ്പിച്ചു നൽകിയ പര്യായപദമാണ് ഈ 'കുന്ത്രാണ്ടം'.

Mobile, എന്ന ഇംഗ്ലീഷ് വാക്കിന് അർത്ഥം ചലിക്കുന്നത്, ചലിക്കാൻ കഴിയുന്നത് എന്നൊക്കെയാണ്. അതുകൊണ്ടുതന്നെയാണ് കൊണ്ടുനടക്കാവുന്ന ഫോൺ എന്ന അർത്ഥത്തിൽ മൊബൈൽ ഫോണിന് ആ പേര് ലഭിച്ചത്. ഇന്നിപ്പോൾ ലോകത്തിലെ ഏറ്റവും വലിയ മൊബൈൽ വിപണികളിലൊന്നാണ് ഇന്ത്യ. മാത്രമല്ല ഇവിടത്തെ ആകെ ജനസംഖ്യയെക്കാൾ (130കോടി) കൂടുതലാണ് മൊബൈൽ ഉപഭോക്താക്കളുടെ എണ്ണം, അഥവാ ആളുകളെക്കാൾ കൂടുതൽ മൊബൈൽ ഫോണുകൾ ഉള്ള ചുരുക്കം ചില രാജ്യങ്ങളിലൊന്ന് ഇന്ത്യയാണ്.

ഗ്രഹാംബെലേട്ടൻ, ടെലിഫോൺ എന്ന തന്റെ ഒറ്റ കണ്ടുപിടുത്തം കൊണ്ട് തന്നെ ലോകത്തെ ഞെട്ടിച്ച ആളാണ്.
പക്ഷേ ഇന്ന് പുള്ളിക്കാരൻ ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ ഈ തൊട്ടു- കൂട്ടൽ (touch screen) യന്ത്രം കണ്ടു ഞെട്ടി പോയേനെ. കുറച്ചുകാലം മുമ്പ് ആയിരുന്നു എങ്കിൽ, ഫോണിൽ കളിച്ചുകൊണ്ടിരുന്ന മകനോട് അച്ഛന് ചോദിക്കാമായിരുന്നു,'ഇതിൽ ഇങ്ങനെ കുത്തികൊണ്ട് കളിച്ചാൽ നിനക്ക് ഉണ്ണാനും ഉടുക്കാനും ഉള്ളത് ഇത് തരുമോ എന്ന് ? എന്നാൽ ഇപ്പോൾ അത്തരത്തിൽ ഒരു ചോദ്യത്തിനു പോലും പ്രസക്തി ഇല്ലാതായിരിക്കുന്നു. കാരണം ഉണ്ണാനും, ഉടുക്കാനും, കിടക്കാനും, കിടപ്പാടം വിൽക്കാനും, കുറ്റംപറയാനും, കോക്രി കുത്താനും എന്തിനേറെ പറയുന്നു കൂട്ടായി നിൽക്കാനും കൂടെ ഒരു സ്മാർട്ട്ഫോൺ മാത്രം മതി.
സ്മാർട്ട് ഫോണുകൾ വിപണിയേയും ആളുകളെയും ഒരുപോലെ കയ്യിലെടുത്തു തുടങ്ങിയപ്പോൾ, അടുക്കളയിൽ ഇരിക്കുന്ന ഭാര്യക്ക് കിടപ്പുമുറിയിൽ നിന്ന് മെസ്സേജ് അയക്കുന്ന ഭർത്താവിന്റെ തമാശകൾക്ക് ' നാം ഒരുപാട് ചിരിച്ചിട്ടുണ്ട്. ഇന്നിപ്പോ അങ്ങനെ ചിരിക്കാൻ പറ്റുമോ എന്ന് ചോദിച്ചാൽ 'ഇല്ല' എന്നാണ് എന്റെ ഉത്തരം. സ്വയം നമ്മളിലേക്ക് നോക്കി എങ്ങനെയാണ് നമുക്ക് ആർത്തു ചിരിക്കാൻ കഴിയുക.

സംഗതിയുടെ കിടപ്പ്

ഇങ്ങനെയൊക്കെയാണെങ്കിലും, കുടുംബവഴക്കുകളും വിവാഹമോചനങ്ങളും എല്ലാം കേരളത്തിൽ ഇനി കുറയും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മൊബൈൽ ഫോണിന്റെ 5 ഇഞ്ച് സ്ക്രീനിലേക്ക് ഭാര്യയും ഭർത്താവും മകനും മകളും ഒക്കെ ഒതുങ്ങി കൂടുമ്പോൾ പരസ്പരം സംസാരിക്കാനും, വഴക്കുകൂടാനും എവിടെയാണ് സമയം.
പിണങ്ങുന്നിടത്ത് അല്ലെ വീണ്ടും ഇണങ്ങേണ്ട കാര്യം ഉള്ളൂ. ഇണക്കം നടിക്കുന്നവർക്ക് ഇടയിൽ എവിടെയാണ് പിണക്കം.
കൂടുമ്പോൾ ഇമ്പം ഉണ്ടാകേണ്ട കുടുംബാന്തരീക്ഷത്തിൽ ഓരോ ആളുകളും ഓരോ തുരുത്തുകളായി മാറുമ്പോൾ, മനുഷ്യനെന്ന സാമൂഹിക ജീവിയിൽ നഷ്ടപ്പെടുന്നത്, അവന്റെ തന്നെ ചെറിയ നന്മകളാണ്.

"മൊബൈൽ ഫോണിന്റെ 5 ഇഞ്ച് സ്ക്രീനിലേക്ക് ഭാര്യയും ഭർത്താവും മകനും മകളും ഒക്കെ ഒതുങ്ങി കൂടുമ്പോൾ പരസ്പരം സംസാരിക്കാനും, വഴക്കു കൂടാനും എവിടെയാണ് സമയം. പിണങ്ങുന്നിടത്ത് അല്ലെ വീണ്ടും ഇണങ്ങേണ്ട കാര്യം ഉള്ളൂ. ഇണക്കം നടിക്കുന്നവർക്ക് ഇടയിൽ എവിടെയാണ് പിണക്കം. കൂടുമ്പോൾ ഇമ്പം ഉണ്ടാകേണ്ട കുടുംബാന്തരീക്ഷത്തിൽ ഓരോ ആളുകളും ഓരോ തുരുത്തുകളായി മാറുമ്പോൾ, മനുഷ്യനെന്ന സാമൂഹിക ജീവിയിൽ നഷ്ടപ്പെടുന്നത്, അവന്റെ തന്നെ ചെറിയ നന്മകളാണ്.

ടി.കെ.എം കോളേജ് ഓഫ് ആർട്സ് & സയൻസ്, കൊല്ലം

ഇപ്പറഞ്ഞതിനർഥം ഞാനൊരു കടുത്ത സ്മാർട്ട്ഫോൺ വിരോധി ആണെന്നല്ല, എന്നെപ്പോലെ നിങ്ങളും അതിനെ കുറ്റം പറയണമെന്നും അല്ല. പുറമേനിന്ന് ഇങ്ങനെ കുറ്റം പറയാതെ അകത്തുകയറി പ്രയോജനപ്പെടുത്താൻ പഠിക്കുകയാണ് നമ്മൾ ആദ്യം വേണ്ടത്. കാരണം സ്മാർട്ട്ഫോൺ എന്നത് ഇന്നത്തെ കാലഘട്ടത്തിന് ആവശ്യമായ് മാറിക്കഴിഞ്ഞിരിക്കുന്നു. നഷ്ടപ്പെട്ട പറുദീസകൾ തേടുന്ന പ്രയാണത്തിൽ ആദത്തോടൊപ്പം ഹവ്വാ എന്നപോലെ സ്മാർട്ട്ഫോണുകളും നമ്മോടൊപ്പം തന്നെ ഉണ്ടാകും.

നമുക്കു ചുറ്റുമുള്ള ചെറിയ ലോകത്തെ, അവിടെ നമുക്ക് ഇഷ്ടമുള്ളവരെ, നമ്മളെ ഇഷ്ടമുള്ളവരെ, അങ്ങനെയുള്ളവരെയൊക്കെ കേവലം 30 സെക്കൻഡിന്റെ വാട്സ്ആപ്പ് സ്റ്റാറ്റസ് കളിലേക്ക് ഒതുക്കുന്നതിനേക്കാൾ എന്തു വലിയ പ്രഹസനം ആണുള്ളത്.



# നിരാശ

അഹമ്മദ് അജ്വദ്

മേഘ ധൂളിക്കിടയിന്നൂർന്നു വീണൊരാ
മഴത്തുള്ളിക്ക് നിരാശ
പിന്നോട്ടില്ലാത്ത സമയത്തിനും
പിന്നിട്ടതിനെ നിരാശ
പൊയ്പോയ വാക്കിന്റെ പോയ ഗതിയിലും
പിന്നീട് തോന്നി നിരാശ
ഇനിയും സപ്ലികളേറെയുണ്ടെന്നതിൽ
പഠിതാവിനും വന്നു നിരാശ
പ്രേമത്തിൻ രസച്ചരടു പൊട്ടിയ നേരത്ത്
ആദിയെ ചൊല്ലി നിരാശ
വീശിയകന്ന കാറ്റിനും തോന്നി
താൻ തള്ളിയിട്ടതിൽ നിരാശ
കല്ലേറു കൊണ്ടൊരാ മാവിന്റെയുള്ളിലും
പൂവിട്ടു പൂത്തു നിരാശ.



# വൈകിയ മടക്കം...

ആതിര പി



നഗര നീലിമ ചഷകം പകർന്നൊരെൻ
യൗവ്വനാഗ്നി ചിത വെച്ച പ്രണയമേ,
വരികയാണ് ഞാൻ
നിന്നെ നെറുകയിൽ മിഴിനീർ ചവർപ്പ്
നനുപ്പിച്ച ചുണ്ടുകൾ ചേർക്കുവാൻ
വരികയാണ് ഞാൻ
വിരഹനൗകയെ കെട്ടഴിച്ചാഴിയിൽ
നിന്റെ കൈകോർത്തു നീന്തി തുടിക്കുവാൻ
മേൽവിലാസമറിയാതെ ഞാൻ ഇന്ന്
നിന്നെ തിരഞ്ഞെത്തിയീ
ആശുപത്രി വരാന്തയിൽ...
ലഹരി കുടിച്ച നിൻ മെയ്യും, ഞാൻ
വ്രണിതമാക്കിയ നിൻ ഹൃദയവും...
കാഴ്ച മങ്ങുന്നുവോ? നിന്റെ
മിഴികളെ നേരിടാൻ അപരാധി,
ഇവൾക്കിനി ആവതില്ല
എന്റെ കാൽ ഞരമ്പുകൾ പിടയുന്നു...
ഹൃദയം ചോര പൊടിക്കുന്നുവോ?
അരുത്...തിരികെ പോകരുത് ,
പുണരുക...അവൻ നിന്റെ ശ്വാസമാണ്...
നിന്റെ വിരലുകൾ, മദ്യംമയക്കിയ
നീല ഞരമ്പുകൾ...
മുറുകെപ്പിടിച്ചു ഞാൻ നിന്നെ എൻ പ്രണയമേ...
അറിയുന്നുവോ നീ ?
തണുപ്പ്... ക്രൂരമായ് അവൾ നിന്നെ
ആലിംഗനം ചെയ്യുന്നു ...
കുതറി മാറുക പ്രിയനേ...
അവൾ മരണദേവത അവൾക്ക് നിന്നോട്
പ്രണയമായിരിക്കാം...
നിന്റെ പ്രതികാരമായിരുന്നുവോ ?
ഇന്നെന്റെ ആത്മാവിന്
ചിറകുകളില്ല, അവയും മൃതമത്രേ
ഇന്ന് ഞാൻ നാം നട്ട ഓർമ്മ വൃക്ഷ
ത്തിനു കാവലാൾ, മൗനം എനിക്കും
ഇതിന് മർമരങ്ങളിൽ ഇന്നും എൻ
ആത്മാവിൽ കനൽ തിളങ്ങുന്നു.
ഇതിൽ വേരുകളിലൂടെ ആഴങ്ങൾ
താണ്ടി ചിരിച്ചു
നിന്നെ പൂമരമാക്കി, മാണി പടർന്നു
തളിർത്തു ഞാൻ.
കൊഴിഞ്ഞു വീണ പൂക്കൾ
തണലായി ഓർമ്മകൾ ചിത്രമാക്കി
ഇറങ്ങി ഞാൻ...
വിസ്മൃതി , ശാന്തിയായി ഞാൻ
പ്രണയത്തെ നമ്മളാക്കി





അഫ്സൽ

# പ്രണയം മരണമാകുമ്പോൾ

ഗവേഷക വിദ്യാർത്ഥിയും ഫേസ്ബുക് സുഹൃത്തുമായ നൗഫലിക്ക നടത്തിയ ഒരു ചെറു പ്രഭാഷണം ആണ് ഈ എഴുതിത്തന് ആധാരം. പ്രണയം എന്ന ഏറ്റവും സുന്ദരമായ വാക്ക് മരണത്തിന്റെ വേഷം കെട്ടുന്നത് നാം ഇന്നത്തെ കേരളത്തിൽ ആവർത്തിച്ചു കാണുന്നു. പ്രണയ കിരീടം അണിയുമ്പോൾ തന്നെ നിന്നെ ക്രൂശിക്കുകയും ചെയ്യും എന്ന ജിബ്രാന്റെ പ്രവാചകനിലെ വരികൾ അക്ഷരാർത്ഥത്തിൽ ശരിയാവുകയാണ്. ഉയരെ ഉൾപ്പെടെയുള്ള ചലച്ചിത്ര ആവിഷ്കാരങ്ങളിലൂടെ പ്രണയിനി തന്റെ മരണത്തെ പ്രണയിതാവിലൂടെ കാണുമ്പോൾ അത് ഒരു  സാമൂഹ്യ പ്രശ്നമായി നമ്മുടെ തലക്ക് മുകളിൽ കറങ്ങുന്നു.

പ്രണയം സ്വാതന്ത്ര്യത്തിന്റെ ആഘോഷം ആകുമ്പോളാണ്  സാക്ഷാത്ക്കാരം ഉണ്ടാകുന്നത് എന്ന് ഞാൻ കരുതുന്നു. ആ സ്വാതന്ത്ര്യ ഘോഷനത്തിന്റെ ശബ്ദം ആണ് മുന്നോട്ട് നീങ്ങാൻ പ്രേരകമാകുന്നത്. പരസ്പരം സ്നേഹിക്കാനും പിണങ്ങാനും വിയോജിക്കാനുമൊക്കെയുള്ള ഇടമാണ് ആ സ്വാതന്ത്ര്യം. എന്നാൽ പ്രണയം എന്നത്, സ്വാന്തന്ത്ര്യമില്ലാതെ ഒന്നിലേക്കോ ഒരാളിലേക്കോ മാത്രം ചുരുങ്ങണമെന്ന് ശഠിക്കുമ്പോൾ ആണ് പ്രണയത്തിന്റെ ജൈവികത നഷ്ടമാകുന്നത്. അത്തരം ശാഠ്യങ്ങളുടെ അവസാനം മരണത്തിലേക്കോ അക്രമങ്ങളിലേക്കോ നയിക്കപ്പെടുന്നു. ഇതിനു മാറ്റമുണ്ടാകേണ്ടത് നമ്മുടെ ചിന്തകളിൽ നിന്നുമാണ്.





പ്രണയത്തെ ഇപ്പോഴും ചിലർ അശ്ലീലമായി കാണുന്നു. അതിന്റെ സത്യസന്ധതയെ കാമകണ്ണുകളുമായി നമ്മളിലെ സദാചാരവാദി നോക്കിക്കാണുന്നു. അങ്ങനെ പ്രണയം അരുതാത്തതായി, അശ്ലീലമായി മാറുന്നു. നമ്മുടെ ഉള്ളിലെ ആന്റി റോമിയോ സ്ക്വാഡുകൾ അവരെ തല്ലിയോടിക്കുന്നു. ഇത്തരം ഒരു പരിതസ്ഥിതിയിൽ നിന്ന് ഉണ്ടാകുന്ന പ്രണയത്തിന് സ്വാർത്ഥത കൂടിയേ തീരു എന്നാകുന്നു. തന്റെ പ്രണയിതാവ് തന്റെ മാത്രമാണെന്ന് തോന്നുന്നു. ഈ തോന്നലിന് സ്വാതന്ത്ര്യമെന്തെന്നറിയില്ല, സ്വാതന്ത്ര്യം അറിയാത്തിടത്തോളം വിയോജിപ്പിന്റെ ഭാഷ്യം അന്യമായ് മാറുന്നു. അങ്ങനെ പ്രണയം വീണ്ടും മരണമാകുന്നു. തന്റേതല്ലാതാകുമോ പ്രണയിനി എന്നചോദ്യം അവന്റെ ഉള്ളിൽ മുഴങ്ങുമ്പോൾ ഭയം ഗ്രസിക്കുന്നു. വീണ്ടും ഞാൻ ജിബ്രാന്റെ വരികൾ കുറിക്കട്ടെ.

"എന്നാൽ നിന്റെ ഭയത്താൽ നീ പ്രേമത്തിന്റെ
ശാന്തിയും സുഖങ്ങളും മാത്രമാണ് തേടുന്ന—
തെങ്കിൽ
നീ നഗ്നത മറക്കുക. പ്രേമത്തിന്റെ മെതി—
ക്കളത്തിൽ
നിന്ന് പുറത്തേക് പോവുക."

ഈ വരികളിൽ പറയുന്ന നഗ്നത ആത്മാവിന്റെ നഗ്നതയാണ്. ആ നഗ്നതയുടെ വിശുദ്ധി ഭയത്താൽ അന്യായമാവുകയാണ്. പ്രണയത്തിന്റെ ശാശ്വത സത്യത്തെയല്ല മറിച്ച് നശ്വരതയെയാണ് ഭയത്തിലൂടെ തേടുന്നത്.

സമകാലിക കേരളത്തിൽ നമ്മെ ഞെട്ടിച്ച ചില മരണങ്ങൾ നോക്കിയാൽ പ്രണയം കൊലപാതകിയാകുന്നത് കാണാം. അമ്പൂരിലെ പെൺകുട്ടി പ്രണയത്തിൽ ഉറച്ചു നിന്നതിനാൽ കൊല്ലപ്പെട്ടു. നീനുവിന്റെ കെവിനും പ്രണയത്തിൽ ഉറച്ചു നിന്നതിനാൽ കൊല്ലപ്പെടുന്നു. സൗമ്യ എന്ന പോലീസ് വനിതാ പ്രണയത്തിൽ വിയോജിച്ചത് കൊണ്ട് കൊല്ലപ്പെടുന്നു. ഇത്തരത്തിൽ, യോജിക്കാനോ, വിയോജിക്കാനോ ഇടമില്ലാതാകുമ്പോൾ പ്രണയം മരണമാകുന്നു.

പ്രണയം ഇത്തരം ചുരുങ്ങലുകളിൽ നിന്നും ചക്രവാളത്തിലേക്ക് ഉയരണമെങ്കിൽ നമുക്ക് വേണ്ടത് യോജിക്കാനും, അല്ലാത്തവ വിയോജിക്കാനും, ചർച്ച ചെയ്യാനും സ്നേഹിക്കാനുമുള്ള ഇടമാണ്. ഈ ഇടം സൃഷ്ടിച്ചെടുക്കലാണ് ഓരോ പ്രണയിതാവിന്റെയും വെല്ലുവിളി.

നീ സ്നേഹിക്കുമ്പോൾ ഈശ്വരൻ എന്റെ ഹൃദയത്തിലുണ്ട് എന്ന് പറയരുത്. ഞാൻ ഈശ്വരന്റെ ഹൃദയത്തിലുണ്ട് എന്ന് പറയുക.

ഈശ്വരന്റെ ഹൃദയത്തിലേക് നമ്മുടെ ഹൃദയങ്ങളിൽ നിന്നും പ്രണയത്തെ പുനസ്ഥാപിക്കാൻ കഴിയാത്തിടത്തോളം പ്രണയം മരണമായി മാറും.



കഥയും കവിതയും ലേഖനങ്ങളും ശരീരങ്ങൾ മാത്രമായിരുന്നു. അതിനുള്ളിൽ ചിന്തയുടെ, വിയോജിപ്പിന്റെ, പ്രതിഷേധത്തിന്റെ, സ്നേഹത്തിന്റെ അസംതൃപ്തരായ ആത്മാക്കൾ കുടികൊണ്ടു ...

# മണ്ണിന്റെ മക്കൾ ചേറുകൊണ്ടൊരു പുരയുണ്ടാക്കി അതിനെ ആരൊക്കെയോ ചെറ്റക്കുടിലുകൾ എന്നു വിളിച്ചു.



**ചെറ്റത്തരം** കാണിക്കാനുള്ള ഏറ്റവും ചെറിയ അവസരം പോലും ഒരു **ചെറ്റ** പാഴാക്കുകയില്ല. പേടിക്കണ്ട, ഒരു സഹപ്രവർത്തകനോട് തോന്നിയ ദേഷ്യത്തെ ഡയറിയിൽ ഇന്നലെ ഒരു വാചകമാക്കി മാറ്റിയതാണ് ഇത്. പിന്നെത്തോന്നി, തച്ചനക്കര എന്നിൽ അവശേഷിപ്പിച്ച ഗുരുതരമായ ഒരു മാനസിക വൈകൃതം ഈ വാചകത്തിനു പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടെന്ന്. മനോനില കൊണ്ട് അധമനായ ഒരാളെ ചെറ്റ എന്ന് വിശേഷിപ്പിക്കുമ്പോൾ, പകിട്ടും പത്രാസും കുറഞ്ഞ വസ്തുക്കളെ ചാത്തൻ എന്നികഴ്ത്തുമ്പോൾ, ആരൊക്കെയോ ചുറ്റും നിശബ്ദമായി വേദനിക്കുന്നുണ്ട്. മുമ്പൊരിക്കൽ അതിൽ ഒരു വാക്ക് അവന്റെ പ്രിയപ്പെട്ട വീടായിരുന്നു. മറ്റൊരു വാക്ക് അവന്റെ സ്നേഹനിധിയായ അച്ഛനായിരുന്നു.

ഇല്ല, ഡയറിയിൽ ഈ വാചകമെഴുതിയ ദിവസം ഞാൻ ജീവിച്ചിരുന്നിട്ടില്ല.

സുഭാഷ് ചന്ദ്രൻ

(മനുഷ്യനൊരു ആമുഖം)

മേഘാ കെന്നഡി

# അടക്കം ചെയ്യപ്പെട്ട മൗനങ്ങൾ...



രണ്ട് വരികൾക്കിടയിൽ കുറുകിയോ
പരന്നോ
മുഴുമിക്കുന്ന മൗനങ്ങൾ ചേർന്ന് ചേർന്നാണൊരു
പാട്ടുണ്ടായത്.

ഇരുണ്ട രാത്രികളിൽ പകൽ തന്ന
ഉണങ്ങാത്ത മുറിവുകളിൽ പോലും
നീ കാമത്തിന്റെ വിരലമർത്തുമ്പോൾ
ഞാൻ കുടിച്ചിറക്കിയ
ഉപ്പിട്ട്ചൂടാക്കിയ വിയർപ്പ്.
ഓഫീസ് മുറിയിലെ സമർത്ഥമായ വാൾപ്പയറ്റ് കഴിഞ്ഞ്
നീ നേടിയ പതക്കങ്ങൾ
അവയ്ക്കിടയിൽ ക്ലാവ് പിടിച്ച പാത്രം പോലെ
ഇന്നലെ ഞാനാ വൃദ്ധന് നൽകിയ ഒരു പിടി വറ്റ്.

കണ്ണുകൾക്ക് മാത്രമറിയുന്ന ഭാഷ
പ്രണയത്തിന്റെ രതിയുടെ കൂടിച്ചേരലിന്
ഇല്ലാതാകലിന്റെ നഷ്ടപെടുത്തലിന്റെ
ഒച്ചയുണ്ടാക്കാതെ വാക്കുകളെ ഉറുമ്പ് ചുമക്കുന്നു.

നമ്മൾ പട്ടമാകുന്നത്, പൂക്കളാകുന്നത്,
കടലാകുന്നത് ... എന്തിന് സൂര്യൻ കൂടിയാകുന്നത്.
ഇത്തരം കഥകൾക്കൊക്കെ എന്തൊരു ബഹളമാണ്.
നൂല് പൊട്ടുന്നത്, ഇതളടരുന്നത്,
വരണ്ടു പോകുന്നത്, രാത്രിയാക്കുന്നത്
എത്ര പെട്ടെന്നാണ്.
പതുക്കെയാണിപ്പോൾ കിളികൾ മൂളുന്നത്.

എന്റെ മിന്നാമിന്നികളൊക്കെ രാത്രി കാടിറങ്ങി വന്നത്,
ഒരായിരം തിളങ്ങുന്ന മൗനങ്ങളുമായാണ് ...
ഞാൻ കഥകൾ തരംതിരിക്കുന്നു.
ചിരിച്ചവ, പൊട്ടിച്ചിരിച്ചവ, ഉയരം കയറി പോയവ

ജനനേന്ദ്രിയത്തിൽ ഇരുമ്പ് ദണ്ഡ് കയറ്റപ്പെട്ട ഒരു കഥ
കുറച്ച് ചിലച്ച് ക്ഷീണിച്ചു പോയി
വിശക്കുന്നുവെന്ന് പറഞ്ഞ കഥയെ
പെട്ടെന്ന് തന്നെ കൊന്നു കളഞ്ഞു.
പ്രണയിക്കണമെന്ന് പറഞ്ഞതിനെ
പൊന്തി വരാത്ത വിധം കെട്ടി താഴ്ത്തി.
ചോര ചിതറരുത് !



<u>**ഒരറിയിപ്പ്**</u>

*ഇതൊരു കൊലപാതകമാണെന്ന് നിങ്ങൾ കരുതിയാൽ നിങ്ങളുടെ രാജ്യദ്രോഹ മനസ്ഥിതിയെയാണ് അത് സൂചിപ്പിക്കുന്നത്.*
*മതേതരത്വത്തിന് വേണ്ടിയുള്ള മഹനീയ ആഹ്വാനങ്ങൾ എങ്ങും പ്രതിധ്വനിക്കട്ടെ.*

# ഒരു മതേതര മരണം

<u>**മുഹമ്മദ് സമീൽ**</u>

**അ**യാളൊരു കള്ളനാണെ,
മോഷ്ടാവ്.
രാത്രിയേറെ വൈകി കിട്ടിയതാ,
അപ്പോഴേ കെട്ടിയിട്ട് കൊട്ട് തുടങ്ങി.
രാവേറുവോളം കൊട്ട് തുടർന്നു.
ആക്രോശം, അട്ടഹാസം എന്നിവയുടെ മുഴക്കം
പ്രസ്തുത കള്ളന്റെ കരച്ചിലിനെ നിശബ്ദമാക്കിയിരുന്നു.
അവസാനം അയാൾക്ക് രക്ഷക്കുള്ള വഴി തെളിഞ്ഞു.
'ജയ് ശ്രീറാം , ജയ് ഹനുമാൻ എന്നിങ്ങനെ മൊഴിയുക,
നിന്റെ ബന്ധനം അഴിച്ചു മാറ്റാം '.
കരഞ്ഞു കരഞ്ഞു അബോധത്തിനരികെ
ഉച്ചത്തിൽ 'ജയ്ശ്രീരാം' എന്ന വിളിച്ചപ്പോ
അയാൾക്ക് രാമന്റെ മുഖമായിരുന്നു.

മണിക്കൂറുകൾ കഴിഞ്ഞു നമ്മുടെ രാമൻ മരിച്ചു.
അയാൾ ശരിക്കും രാമനായിരുന്നോ ?
പേരുകൊണ്ട് മുഹമ്മദനും,
കെട്ടിയിട്ടപ്പോൾ കുരിശിലെ യേശുവും
മരണാസന്നനാകവേ രാമനുമായ
നമ്മുടെ ഏറ്റവും പുതിയ മതേതര രക്തസാക്ഷിയാണയാൾ.
മതേതരത്വം പുലരട്ടെ, മതേതര മരണം പുലരട്ടെ

*ജാർഖണ്ഡിൽ ആൾക്കൂട്ടം ബൈക്ക് മോഷ്ടിച്ചു എന്ന് ആരോപിച്ച് കൊന്ന തബ്രീസ് അൻസാരിയുടെ മരണത്തെപ്പറ്റി.



ലയ രാജൻ

# ഒരു കുറ്റവാളിയുടെ ചരിത്രം

നേരിനു വേണ്ടി വാദിച്ചവനെ
നീതി കല്ലെറിഞ്ഞു കൊന്നു
അവകാശങ്ങൾക്കായെഴുതിയവന്റെ
കൈകൾ,
അക്ഷരങ്ങൾ മുറിച്ചെടുത്തു.
അന്യന്റെ വിശപ്പകറ്റിയവൻ
പട്ടിണി കിടന്ന് മരിച്ചു.
നാരായമേൽപ്പി
ച്ച കൈകളിൽ
നാഗാസ്ത്രം വിറങ്ങലിച്ചു.
സമാധാനം തേടിയവൻ
കലാപങ്ങൾക്ക് നടുവിലൊളിച്ചു.
നന്മയുടെ താന്നി നട്ടവൻ
തിന്മയുടെ ചേരു തീണ്ടി പഴുത്തു.
ആകാശങ്ങൾ തേടിയ ചിറകുകൾ
ആദിയിൽ തന്നെയറുത്തു.
അവിടെയവൻ പിറന്നു;
ധീരന്മാരുടെ മാറിൽ ചിന്നിയ
ചോരതുള്ളികളിൽ
അവിടെയവൻ വളർന്നു.
ബലിയൂപങ്ങൾക്ക് നടുവിൽ
പുരുഷ മേധാവിത്വത്തിലൊഴുകിയ
രക്ത ബിന്ദുക്കളിൽ ചവിട്ടിയാണ
വൻ നടക്കാൻ പഠിച്ചത്.
പ്രലോഭിപ്പിക്കുന്ന നിറങ്ങളെ
തിരിച്ചറിയാൻ പഠിച്ചയിടം.
പുഞ്ചിരിക്ക് പകരം വിലാപങ്ങൾ
കേട്ടപ്പോൾ
സുപ്രഭാതങ്ങളിൽ മരണം
ചിരിച്ചപ്പോൾ
ചന്ദനഗന്ധത്തിനു മറ്റേതോ
ചിതയൊരുക്കിയപ്പോൾ
കൈകളിൽ വന്നുപെട്ട
കളിക്കോപ്പുകൾ അവനെ
രസിപ്പിച്ചിരിക്കാം.
കനിവില്ലാത്ത ലോകം,അവനെ
കുറ്റവാളിയെന്ന് വിളിക്കുന്നു.
ബാക്കിയാകുന്നത് ഉറവവറ്റിയ
കണ്ണുകൾ മാത്രം.

# കാവും പുറത്തെ മരണം

കാവും പുറത്തു കോവൻ
ചത്ത് കിടന്നു.
നീലവച്ച ദേഹം കണ്ട്
വിഷം തീണ്ടിയതാണെന്ന്
മൂപ്പീൻ പറഞ്ഞു.
കൊത്തിയത് മൂർഖനാണെന്ന്
വിഷ ഹാരി പറഞ്ഞു.
കാവായൊണ്ട് സർപ്പസത്രം
വേണം!
കണിയാനും പറഞ്ഞു.
പരദേവതയാണ്. പ്രശ്നം
വയ്ക്കണം.
തന്ത്രിക്ക് പരവേശം.
ദുർമരണമാണ്, വിധിപ്രകാരം
അടക്കണ്ടേ.
ആരോ ആവലാതി പറഞ്ഞു.
പറയാനാണ് !
വെളുത്തവനു പുച്ഛം
അവൻ നെയ്ത പായിൽ
അവനെ കിടത്തുമ്പോൾ
കരഞ്ഞു തളർന്ന കുഞ്ഞു
ങ്ങളേയും
കുങ്കുമം മാഞ്ഞ, പറച്ചിയുടെ
നെറ്റിയും കാണാൻ
ആളുണ്ടായില്ല.
ഇരുട്ടിൽ അവളുടെ
ചൂട് പറ്റാൻ വരുവോളം!



മുഹമ്മദ് ത്വയ്യിബ്

# التحدير

وطنناالتي رأينا أجملا
بل الآن فيها العنف والضلالة
هذا البلاد الدولة العلمانية
لكنه لايجري الحقوقية
لنا حقوق وصلاح قائمة
فى العهد عدم حقوقنا الانسانية
هذه الحكومة الحقيرا
رؤسائهم صياد كالنسورة
يصنعون فرقة فى بلدنا
يغيرون قواعد التقلىدية
مع قواعدة جديدة بلا
إذن العوالم حاضرا وشاهدا
أفحسبتم ياحماقة جاهلا
إن العوالم كلهم جهالا
أذكروا يامالك الهندية
لمذا تحول خلفي الاقواسا
إعلموا يادكتاتور الظالما
أعمالك المسيئة قد هلكها
قد إقترب السقوط والنهاية كلها
كل يوم تقربون إليها



മേഘാ കെന്നഡി

# വൈശാലി വിശാഖം

രാവിലെ മുതൽ ചിലച്ചും ചിലമ്പിയും ഓടിനടക്കുവാണ് മൂന്ന് വരകൾ മുതുകത്ത് താങ്ങി സുന്ദരനായ ഒരു അണ്ണാറക്കണ്ണൻ. എന്തൊരു ചുറുചുറുക്ക്. ഞാൻ അറിയാതെ പറഞ്ഞു. അത് ശരിയെന്ന വണ്ണം വാലൊന്നു പൊക്കിയിട്ട് രണ്ട് ചിലമ്പലും തന്നിട്ട് അത് മച്ചിലേക്കു കയറി പോയി. തട്ടിനു പുറത്തു നിന്നും പാത്രം അനങ്ങുന്നത് കേട്ടപ്പോൾ വിടവിലൂടെ കയറ്റി വെച്ച പാത്രത്തിൽ നിന്നും അത് വെള്ളം കുടിക്കുകയാണെന്ന് മനസ്സിലായി. അവൻ മൊത്തി മൊത്തി കുടിക്കുന്നു. വൈശാലി വിശാഖം ഇങ്ങനെയായിരുന്നു. മൊത്തി മൊത്തി...

അത് ഓർത്തപ്പോൾ എന്റെ നാഭിയിൽ നിന്നും ഉച്ചി വരെ ഒരു കുളിരു വന്നു പോയി.

വൈശാലി വിശാഖം എന്റെ വീട്ടിലെ ജോലിക്കാരനായ ജോലിക്കാരിയായിരുന്നു. എന്തൊരു ആരോഗ്യമാണ്. എന്റെ മച്ചിലിരുന്ന് നിർത്താതെ ചിലമ്പുന്നവനെ പോലെ അവളുടെ ദ്വിലിംഗത്വം ഞങ്ങളുടെ ശാരീരികമായ അകൽച്ചക്ക് മങ്ങലേൽപിച്ചു. എന്റെ കുഞ്ഞനുജത്തിയായി അവൾ എന്റെ കൂടെ പൊറുത്തു. ജോലിചെയ്ത് ക്ഷീണിക്കുന്ന ഇടവേളകളിൽ അവളെന്റെ മാറോട് ഉരുമ്മി കിടക്കും. ചില നേരങ്ങളിൽ മുടി അഴിച്ചിട്ട് കിലുങ്ങുന്ന വളകളുമായി, മറ്റു ചിലപ്പോൾ പറ്റെ മുറിച്ച മുടിയും അവിടവിടെ പൊടിഞ്ഞ താടി മീശയുമായി. എങ്കിലും അവൾ എനിക്ക് എന്നും വൈശാലി ആയിരുന്നു. അവൾക്കും അതാണിഷ്ടം.

പക്ഷെ ചിലനേരങ്ങളിൽ എന്റെ വൈശാലി മാറിൽ കിടന്ന് വിശാഖം ആകുന്നത് ഞാൻ അറിയാതെയിരുന്നില്ല. എന്റെ വിയർപ്പിനെ ഒരു കുറുകലോടെ വൈശാലി മൊത്തിക്കുടിക്കുമ്പോൾ ഞാൻ അത് ഞെട്ടലോടെ അറിയും. ഇപ്പോൾ കുറുകുന്നത് അവളല്ല. മച്ചിൻ പുറത്തു ഇരുന്ന് ഞാൻ നേരത്തെ പറഞ്ഞ മൂവരയനാണ്. എന്റെ അമ്മ നാട്ടിൻ പുറത്തു നിന്നും വന്നു എന്റെ കൂടെ കൂടിയത് മുതൽ വിശാഖം എന്നെ തേടിവരുന്നത് നിർത്തി.

വൈശാലിക്കാകട്ടെ മുൻപൊരിക്കലും കാണാത്ത ഒരു പേടിയെ ഞാൻ അറിയാതെ വീട്ടിൽ കയറ്റി പൊറുപ്പിച്ചു തുടങ്ങിയിരിന്നു. മുഷിഞ്ഞു നാറി ഓഫീസിൽ നിന്ന് വന്ന ഒരു ദിവസം കല്ലേറ് കിട്ടിയ ഓമന മൃഗത്തെ പോലെ കണ്ണിൽ ഒരു നനവുമായി വേച്ചു നടന്നു പോകുന്ന വൈശാലിയെയാണ് ഞാൻ കണ്ടത്. അമ്മ അവളുടെ ദ്വിലിംഗത്വം അറിഞ്ഞിരിക്കണം. അടുക്കളപ്പുറത്ത് നിന്ന് വന്ന അശ്രീകരം തുടങ്ങി പടികയറി പോകുന്ന തെറി വിളികൾ എന്റെ അനുമാനം ശരി വെച്ചു. തിരിച്ചു വിളിക്കണം എന്നു തോന്നാഞ്ഞിട്ടല്ല. ശമ്പളം കിട്ടാതെ ആയത് മുതലും വീട് വാടക കൂടിയതിനാലും ഞാൻ അമ്മയുടെ പറ്റുകാരിയായത് കൊണ്ട് കമാന്ന് മിണ്ടാൻ എന്റെ ചുണ്ടുകൾക്ക് ത്രാണിയില്ലായിരുന്നു. എന്റെ ഈ അവസ്ഥ അവൾ അറിഞ്ഞു കാണും എന്ന് അന്നുമുതൽ ഞാൻ ആശ്വസിച്ചു തുടങ്ങി.

പറയാതെ വൈശാലിയെ പോലെ ആ മൂവരയൻ കയറി വന്നപ്പോൾ അവൾ പറയാറുണ്ടായിരുന്നു ജന്മാന്തരങ്ങളിൽ ഞാൻ അറിയാതെ വിശ്വസിച്ചു പോയി. മൂവരയൻ മച്ചിറങ്ങി വന്നു. എന്റെ കാലടികളിൽ നിന്നും കൃത്യം രണ്ടടി അകാലത്തിൽ ഇരുന്ന് മൊത്തി കുടിപ്പ് തുടർന്നു. അപ്പോഴൊക്കെ വിശാഖത്തിന്റെ കുറുകൽ ഞാൻ അറിഞ്ഞിരുന്നു.

ചൂട് കട്ട പിടിച്ച രാത്രിയിൽ ഒരു നില തെറ്റൽ അറിയാഞ്ഞിട്ടല്ല. തോന്നലാണെന്ന് കരുതി. പിറ്റേന്ന് പുലർച്ചെ കണ്ണുകളിൽ ഉറുമ്പരിച്ചു അവൻ എന്റെ എഴുത്തു മുറിയിൽ കിടന്നിരുന്നു. അരിച്ചിറങ്ങുന്ന ഓരോ ഉറുമ്പും ചോദിക്കാതെ ഓരോരോ കഥകൾ കവർന്നു പൊയ്ക്കൊണ്ടിരുന്നു. പെട്ടെന്നാണ് ഞാൻ ഓർത്തത് അമ്മ നിത്യം പ്രാർത്ഥിക്കുന്ന കാവിലമ്മ എന്റെ നോട്ടം പിഴക്കുന്നത് കണ്ടിരിക്കണം...

ന്റെ ദേവിയേ...





# ഹിമാലയത്തിനും ഇന്ത്യൻ മഹാസമുദ്രത്തിനും ഇടയിലെ സർക്കസ് കൂടാരം...

ജുനൈദ്




ഹിമാലയത്തിനും ഇന്ത്യൻ മഹാസമുദ്രത്തിനും ഇടയിലെ അതിവിശാലമായ ഉപദ്വീപാണ് ഇന്ത്യ. ആയിരക്കണക്കിന് നാട്ടു രാജ്യങ്ങളായും ജനപഥങ്ങളായും ചിതറിക്കിടക്കുന്ന, നൂറുകണക്കിന് സംസ്കാരങ്ങളുടെയും ശൈലികളുടെയും കലവറയായ ഭൂമി. നൂറ്റാണ്ടുകളുടെ വൈദേശികാധിപത്യത്തിൽ നിന്ന് സ്വതന്ത്രയാകുമ്പോൾ കശ്മീർ മുതൽ കന്യാകുമാരി വരെയുള്ള ഭൂമിശാസ്ത്രപരമായ ഒരു അടയാളം മാത്രമായിരുന്നു ഇന്ത്യ. ഈ ജനതയെ ഒരൊറ്റ ദേശീയ വികാരത്തിലേക്ക് എത്തിച്ച ഘടകമേതാണ്? അനുവാചകർ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്നുത്തരം നൽകിയാൽ ഈ ലേഖകൻ അതിനോട് യോജിക്കില്ല. കച്ചവടത്തിന് വന്നവർ ഭരിക്കാൻ തുടങ്ങിയപ്പോൾ, തങ്ങളുടെ നാട്ടുരാജ്യങ്ങളുടെ മേൽ കൈവച്ചപ്പോൾ നാട്ടുരാജ്യങ്ങളുടെ അതിർത്തികൾക്കും സംസ്കാരങ്ങൾക്കും അതീതമായി ഒരേ നിയമവും കൊള്ളയും അവർ നടപ്പിലാക്കിയപ്പോൾ, ഇന്നാട്ടിലെ പൗരന് ആദ്യമുണ്ടായത് വൈദേശികാധിപത്യ വിരുദ്ധമായ വികാരമായിരുന്നു. ആ വികാരം ഇന്ത്യയുടെ സ്വാതന്ത്ര്യമെന്നായി മാറുകയും അതിനെ മുതലെടുത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപം കൊള്ളുകയും ചെയ്തു. അന്നുതൊട്ടിന്നോളം ഇന്ത്യൻ രാഷ്ട്രീയം വികാരങ്ങളുടെ, സ്വപ്നങ്ങളുടെ മുതലെടുപ്പാണ്. സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം ഗാന്ധിജി അപ്രസക്തമായി. പിന്നെയുള്ള ഇന്ത്യ നെഹ്റുവിന്റെയും പട്ടേലിന്റെയും അംബേദ്കറുടെയും സൃഷ്ടിയാണ്.

ഇന്നത്തെ രാഷ്ട്രീയ കോമരങ്ങൾ പുലമ്പും, അവർ കോൺഗ്രസ്കാർ ആയിരുന്നില്ലേ എന്ന്? എങ്കിൽ ഏത് കോൺഗ്രസ്? ആ കോൺഗ്രസും ഇന്നത്തെ കോൺഗ്രസും തമ്മിൽ അജഗജാന്തരമുണ്ടെന്ന് വ്യക്തമാണല്ലോ?

നെഹ്റുവിയൻ കാലഘട്ടത്തിന്റെ അവസാന പകുതി മുതൽ ഐ എൻ സി വെറും രാഷ്ട്രീയ പാർട്ടിയായി മാറിത്തുടങ്ങി. അധികാര രാഷ്ട്രീയവും അവസരവാദവും അതിൽ മുഖമുദ്രയായി. മതേതര രാജ്യമായിരുന്ന ഇന്ത്യക്ക് വർഗ്ഗീയതയുടെ ബാലപാഠം പഠിപ്പിച്ചു കൊടുത്തത് ഈ പാർട്ടിയാണ്. ഹിന്ദി വിഭാഗം എന്ന പ്രയോഗം തന്നെ അവരുടെ സംഭാവനയാണ്.

എന്തുകൊണ്ട് ഇന്ത്യയാകെയുള്ള കോൺഗ്രസുകാരെ ഭാരതീയ ജനതാ പാർട്ടിക്ക് വിലക്കുവാങ്ങാൻ കഴിയുന്നു എന്ന് ചോദ്യത്തിനുത്തരം ഐ എൻ സി യുടെ ചോർന്നു പോയ ആദർശ മൂല്യമാണ്. അധികാരം മാത്രം ആഗ്രഹിക്കുന്ന പുതു തലമുറയിലെ കോൺഗ്രസ് അമീബയെ പോലെ വിഘടിച്ചു വിഘടിച്ച് എ മുതൽ ഇസഡ് വരെയുള്ള ഗ്രൂപ്പുകളായി. ആ വിഘടനം

ഇനിയും തുടരുകയും ചെയ്യും.
ഈ ലേഖനത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചതാണ് ഇന്ത്യ സ്വപ്നങ്ങളുടെ ചന്തയാണെന്ന്. വികാരങ്ങളെ മുതലെടുക്കുന്ന സർക്കസാണ് ഇവിടുത്തെ രാഷ്ട്രീയം. ഈ ജനതക്ക് ആശയങ്ങളെ അവലോകനം ചെയ്യാനറിയില്ല. ഭരണത്തെ വിലയിരുത്താനറിയില്ല, അവർ സ്വപ്നങ്ങളുടെ, വികാരങ്ങളുടെ, പിന്നാലെ പായും, അതുമതി അവർക്ക്. നെഹ്റു എന്ന വികാരം ഇന്ദിരയെ അധികാരത്തിലെത്തിക്കുന്നു, ഇന്ദിരായുഗം രാജീവിന് വളമാകുന്നു. രാജീവ്ഗാന്ധിയുടെ പ്രതിഫലനത്തിൽ രാഹുലിനോ പ്രിയങ്കക്കോ ഉയർന്നുവരാൻ കഴിയാത്തത്, രാജീവ് സഹതാപ തരംഗത്തിന്റെ ഓളങ്ങളെല്ലാം അവസാനിച്ച് വളരെ വളരെ വൈകി രംഗപ്രവേശനം ചെയ്തതിനാലാണ്.
1984 ഇൽ ലോക്സഭയിൽ വെറും രണ്ട് അംഗങ്ങൾ മാത്രമായിരുന്നു ബി ജെ പിക്ക്. അവർ 1996 ൽ വാജ്പേയിയുടെ നേതൃത്വത്തിൽ സർക്കാർ രൂപീകരിച്ചെങ്കിൽ അവർക്ക് ഊർജമായത് 1992 ലെ ബാബരി മസ്ജിദ് സംഭവമാണ്. പിന്നീടൊരുപാട് കാലം രാമക്ഷേത്രമെന്ന സ്വപ്നം വിറ്റ് അവർ വളർന്നു.ഐ എൻ സി യും അതിലൂടെ ഒരുപാട് വോട്ട് നേടിയെടുത്തു. കാരണം ആ ചർച്ചകൾ വലിയ വോട്ട് ബാങ്കാണ്.

സ്വാതന്ത്ര്യ സമരകാലത്തെ വീരചരിതങ്ങൾ എന്നും തങ്ങളെ അധികാര കസേരയിലെത്തിക്കുമെന്ന് കോൺഗ്രസ് വിശ്വസിച്ചു. എന്നാൽ മറുവശത്ത് എക്കാലവും വർഗീയത പറഞ്ഞ് നിലനിൽക്കാൻ കഴിയില്ലെന്നറിഞ്ഞ ബി ജെ പി കാലഘട്ടത്തിനനുസരിച്ച് ചുവട് മാറ്റിയപ്പോൾ കോൺഗ്രസിനു ചുവട് പിഴച്ചു. ഗുജറാത്തിൽ ചായ വിറ്റ് നടന്ന മനുഷ്യൻ ഇന്ത്യൻ ജനതക്ക് മുഴുവൻ സ്വപ്നങ്ങൾ വിറ്റ് കൊണ്ട് കടന്നു വന്നു. ഇന്ത്യൻ ജനത മടുത്ത് തുടങ്ങിയ കുടുംബവാഴ്ചയെ അടപെടലെ തച്ചുതകർത്ത ഒരു സുനാമിയായി നരേന്ദ്ര ദാമോദർ ദാസ് മോദിയും ബി ജെ പിയും എത്തുന്നു. ഒരു വർഗ്ഗീയ രാഷ്ട്രീയ കക്ഷി ഇന്ത്യൻ ജനതയുടെ മുഴുവൻ സമ്മതത്തോടെ അധികാരത്തിലെത്തുന്നു. മോദി ഇന്ത്യൻ യുവാക്കൾക്ക് സ്വപ്നം നൽകി,

അഞ്ച് വർഷത്തിനുള്ളിൽ പത്തു കോടി തൊഴിലവസരം, പിന്നീട് ഇന്ത്യയിലെ കർഷകർക്ക് സ്വപ്നങ്ങൾ നൽകി. ഹിന്ദുവിന് രാമക്ഷേത്രമെന്ന പതിവ് സ്വപ്നം നൽകി. വർണ്ണ ശബളമായ പരസ്യങ്ങളുടെ മായിക ലോകത്തിൽ മതിഭ്രമം ബാധിച്ചു പോയ പാവം ജനങ്ങൾ അവരെ അധികാരമേൽപ്പിച്ചു. ഈ ജനതക്ക് പിന്നീടുണ്ടായത് തിരിച്ചടികളുടെ കൂമ്പാരമായിരുന്നു. നെഹ്റുവിന്റെ സോഷ്യലിസ്റ്റ് ഭരണശൈലി ശീലിച്ച രാജ്യത്തെ മോദി ക്യാപിറ്റലിസ്റ്റ് ശൈലിയിലേക്ക് പെട്ടെന്നെടുത്തെറിഞ്ഞു. തൊഴിൽ നഷ്ടപെട്ട യുവാക്കൾ, ഹതാശരായ കർഷകർ, പ്രതീക്ഷ മാത്രം ബാക്കിയായ ഹിന്ദുക്കൾ, എന്തു ചെയ്യണമെന്നറിയാതെ അന്ധാളിച്ചു നിന്ന് പോയ മതഭാഷ ന്യൂനപക്ഷങ്ങൾ. വീണ്ടും തിരഞ്ഞെടുപ്പ് വരുമ്പോൾ ബി ജെ പി വീണ്ടുമെത്തുമ്പോൾ അവർ പുതിയ ആയുധം ഒളിപ്പിച്ചു വച്ചിരിക്കുന്നു.

> ***എന്തുകൊണ്ട് ഇന്ത്യയാകെയുള്ള കോൺഗ്രസുകാരെ ഭാരതീയ ജനതാ പാർട്ടിക്ക് വിലക്കുവാങ്ങാൻ കഴിയുന്നു എന്ന് ചോദ്യത്തിനുത്തരം ഐ എൻ സി യുടെ ചോർന്നു പോയ ആദർശ മൂല്യമാണ്. അധികാരം മാത്രം ആഗ്രഹിക്കുന്ന പുതു തലമുറയിലെ കോൺഗ്രസ് അമീബയെ പോലെ വിഘടിച്ചു വിഘടിച്ച് എ മുതൽ ഇസഡ് വരെയുള്ള ഗ്രൂപ്പുകളായി.***



മോദിയുടെ പുതിയ പരസ്യ വാചകങ്ങളായി ദേശീയതയും ദേശഭക്തിയും. നമ്മുടെ സങ്കൽപ്പങ്ങളിലെ ഭാരതാമ്മയെ, അവർ അർദ്ധനഗ്നയായ പരസ്യ മോഡൽ ആക്കി മാറ്റി. ഇന്ത്യയെ, ദേശീയതയെ വിറ്റ്, വിലകൊടുത്ത്, വീണ്ടും അവർ അധികാരത്തിലേറുമ്പോൾ മറുപുറത്ത് ഒരു ശിശുവിന്റെ രോദനം കേൾക്കാം, അത് രാഹുൽ ഗാന്ധിയുടേതാണ്.

മതേതര രാഷ്ട്രീയത മുഖമുദ്രയായിരുന്ന ഇന്ത്യ, ബാബരി സംഭവത്തിനുശേഷം മതാധിഷ്ഠിത രാഷ്ട്രീയ ഭൂമികയായി മാറി. ഇപ്പോൾ മോദിയുടെ വരവോടെ അത് പണത്തിന്റെ കളിയായി മാറുന്നു. 2019 ലെ തെരഞ്ഞെടുപ്പിന് ആകെ ചിലവായ തുകയുടെ 45% ചെലവഴിച്ചിരുന്നത് ഒരൊറ്റ പാർട്ടി; ബി ജെ പി . ഇന്ന് കർണാടകത്തിൽ നടന്ന കുതിരക്കച്ചവടം ദക്ഷിണേന്ത്യയിൽ അല്ലെങ്കിൽ ഇന്ത്യ മുഴുവനും ആളിപ്പടരും. അംബേദ്കർ, നിങ്ങൾക്ക് അഭിമാനിക്കാം, നിങ്ങൾ വിഭാവനം ചെയ്ത ഭരണ ഘടന ഇത്രയും നാൾ നിലനിന്നതും ഇന്ത്യ ജനാധിപത്യ രാഷ്ട്രമായി തുടരുന്നതും ചെറിയ കാര്യമല്ല. എങ്കിലും അത് മാറാൻ പോകുന്നു, സുപ്രീം കോടതിയെ, നിയമസഭകളെ, ജനതയെ അവർ വിലക്കെടുക്കുന്നു. ജനാധിപത്യം പണാധിപത്യത്തിനു വഴിമാറുന്നു. ഭരണഘടനയെ പിച്ചിച്ചീന്തുന്നു. കശ്മീർ മുതൽ അവർ പണി തുടങ്ങിക്കഴിഞ്ഞു.

ഇന്ത്യയുടെ ഭാവി, സുരക്ഷ തീർച്ചയായും അത് ഇടതുപക്ഷ ആദർശങ്ങളുടെ കരങ്ങളിലാണ്. സോഷ്യലിസ്റ്റ് ഭരണത്തിലേക്ക് ഇന്ത്യ മടങ്ങിപ്പോകണം. ഭരണഘടനയിലെ സെക്കുലർ എന്ന പദം അന്വർത്ഥമാകണം.



ഇന്ത്യയുടെ ആദ്യ ലോകസഭയിലെ മുഖ്യപ്രതിപക്ഷമായിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ന് കേരളത്തിലേക്ക് മാത്രം ചുരുങ്ങിയതിൽ ഒരു കമ്മ്യൂണിസ്റ്റ് കാരനും മനസ്താപം വരില്ല. കാരണം അധികാര രാഷ്ട്രീയവും അവസരവാദരാഷ്ട്രീയവും വർഗ്ഗീയതയും ഇടതുപക്ഷ ആദർശത്തെ കളങ്കപ്പെടുത്താനാവില്ല. ഇന്ത്യയിൽ എല്ലായിടത്തുമുണ്ട് കമ്മ്യൂണിസം, അതൊന്ന് സടകുടഞ്ഞ് എഴുന്നേൽക്കേണ്ട താമസം മാത്രം. കാത്തിരിക്കൂ. ഇന്ത്യയുടെ ഭാവി ഇതാ ഈ കൊച്ചു കേരളത്തിൽ നിന്ന് വളർന്നു തുടങ്ങുന്നു. തമിഴ്നാട്ടിലേക്ക്, മഹാരാഷ്ട്രയിലെ കർഷക സമൂഹത്തിലേക്ക് അങ്ങനെയങ്ങനെ വളർന്നു വരുന്നു. ശേഷിക്കുന്ന ഈ കനൽ ആളിപ്പടരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്, അത് ഉയരുക തന്നെ ചെയ്യും. ഒരുറപ്പ് ഈ ജനതക്ക് അവർ നൽകും, ആർക്കും ഇന്നോളം ഇടതുപക്ഷത്തിനെ ഇടതുപക്ഷ ആശയത്തെ ആദർശത്തെ വിലകൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഇനി കഴിയുകയുമില്ല. ധീര സഖാക്കൾ മുന്നോട്ട് വരും. ചെങ്കൊടി ഉയരും. ഇന്ത്യ യഥാർത്ഥ സ്വാതന്ത്ര്യം അന്നനുഭവിക്കും.

> “*ജനാതിപത്യം പണാധിപത്യത്തിനു വഴിമാറുന്നു. ഭരണഘടനയെ പിച്ചിച്ചീന്തുന്നു. കശ്മീർ മുതൽ അവർ പണി തുടങ്ങിക്കഴിഞ്ഞു. ഇന്ത്യയുടെ ഭാവി, സുരക്ഷ തീർച്ചയായും അത് ഇടതുപക്ഷ ആദർശങ്ങളുടെ കരങ്ങളിലാണ്. സോഷ്യലിസ്റ്റ് ഭരണത്തിലേക്ക് ഇന്ത്യ മടങ്ങിപ്പോകണം. ഭരണഘടനയിലെ സെക്കുലർ എന്ന പദം അന്വർത്ഥമാകണം.*”

# മങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 1069

മങ്ങാട് പി. ഓ., കൊല്ലം- 15, ഫോൺ: 710560

(ബ്രാഞ്ച്: ചാത്തിനാംകുളം, കൊല്ലം-14 ഫോൺ: 2716396)

Email: mangadscb1069@gmail.com

ആകർഷകമായ പലിശനിരക്കിൽ സ്ഥിര നിക്ഷേപങ്ങൾ

ഹോം സേയ്ഫ് ഡെപ്പോസിറ്റ്

1000000 രൂപാ വരെ സലയുള്ള ജി. ഡി. ഡി. എസ് ചിട്ടികൾ

500000 രൂപാ വരെ സ്വർണ്ണപണയ വായ്പകൾ

(ഒരു പവന് 20000 രൂപ വരെ പലിശ 10.50 ശതമാനം)

(100 രൂപയ്ക്ക് 87 പൈസ)

90 മാസം കൊണ്ട് ഇരട്ടിയാകുന്ന സൗഭാഗ്യ പദ്ധതി

100 രുപ ക്രമത്തിൽ റെക്കറിംഗ് നിക്ഷേപം

500000 രൂപാ വരെ കാർഷികേതര വായ്പകൾ

100000 രൂപ വരെ സ്വർണ്ണപണയ കാർഷിക വായ്പകൾ

(ഒരു സെന്റിന് 2000 രൂപ പലിശ 7ശതമാനം)

വിജ്ഞാന സമ്പാദനത്തിനു-ഗ്രന്ഥശാല

നീതി മെഡിക്കൽ സ്റ്റോർ ഉടൻ ആരംഭിക്കുന്നു

മൂന്നാംകുറ്റി ബ്രാഞ്ച് ഉടൻ ആരംഭിക്കുന്നു

സി. ബാബു
(പ്രസിഡന്റ്)

ഡി. ശ്രീലേഖ
(സെക്രട്ടറി)

# പേരൂർ സർവീസ് സഹകരണ ബാങ്ക്

ഹെഡ് ഓഫീസ്: പേരൂർ ഫോൺ: 2719344

മെയിൻ ബ്രാഞ്ച് : കരിക്കോട് ഫോൺ : 2717869 , ബ്രാഞ്ച് : കുറ്റിച്ചിറ. ഫോൺ: 2707787

E-mail: peroorscbbank@gmail.com

**അവധി ദിന /സായാഹ്നശാഖ , കരിക്കോട് ഫോൺ : 2713869**

പ്രവത്തന സമയം :

**അവധി ദിനങ്ങളിൽ 10 am to 5 pm**

**പ്രവർത്തി ദിനങ്ങളിൽ 4 pm to 8 pm**

**ആംബുലൻസ് സർവീസ് 24 മണിക്കൂറും ലഭ്യമാണ്.**

**ഫോൺ: 0474 2711869 , 9567292511**

**നീതി മെഡിക്കൽ സ്റ്റോർ** {13 % മുതൽ 42 % വരെ വിലക്കുറവ്}

കരിക്കോട് , ഫോൺ: 2712869

ജനസമ്മിതിയാർജിച്ച കൊല്ലത്തെ കമ്പ്യൂട്ടറൈസ്ഡ് ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്. തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്നു.

ഹെഡ് ഓഫീസ്, മെയിൻ ബ്രാഞ്ച്, കുറ്റിച്ചിറ ബ്രാഞ്ച് എന്നിവിടങ്ങളിൽ ലോക്കർ സൗകര്യം ലഭ്യമാണ്.

സ്വർണ്ണപ്പണയം, ദീർഘകാല വായ്പകൾ എന്നിവ മിതമായ പലിശനിരക്കിൽ ലഭ്യമാണ്.

എല്ലാ വർഷവും ലാഭവിഹിതം നൽകുന്നു. നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശയും സർക്കാർ ഗ്യാരന്റിയും



**മറ്റ് സേവനങ്ങൾ : RTGS, NEFT, ATM**

**ഉടൻ തുടങ്ങുന്ന GDCS**

10000 X 100 = 10,00,000
20,000 X 50 = 10,00,000
12,500 X 40 = 5,00,000
10,000 X 30 = 3,00,000
5,000 X 100 = 5,00,000
5,000 X 40 = 2,00,000
5,000 X 30 = 1,50,000

ഒരാൾക്ക് പത്ത് ലക്ഷം രൂപ പത്ത് വർഷ കാലാവധിക്ക് വസ്തു ജാമ്യത്തിൽ നൽകി വരുന്നു.

**അവധി ദിനങ്ങളിൽ ബാങ്കിങ് സേവനം കരിക്കോട് ICICI ATM കൗണ്ടറിനു മുകളിലായി ലഭ്യമാണ്.**

പ്രസിഡന്റ് : **ഡോ.ജി പ്രതാപവർമ്മതമ്പാൻ** Ex .MLA

സെക്രട്ടറി : **അർച്ചന.എസ്**

പേരൂർ സർവീസ് സഹകരണ ബാങ്ക് നമ്മുടെ നാടിന് അഭിമാനം... നമ്മുടെ നിക്ഷേപം പേരൂർ സർവീസ് സഹകരണ ബാങ്കിലാകട്ടെ... നാടിന് ഉപകരിക്കട്ടെ...

ടി.കെ.എം കോളേജ് ഓഫ് ആർട്സ് & സയൻസ്, കൊല്ലം




# ഞങ്ങൾക്ക് പറയാനുള്ളത്...

**ശ്രീമയി**
(ട്രാൻസ് ആക്റ്റിവിസ്റ്റ് )

എനിക്കെന്റെ ചടുലമായ യൗവനത്തേക്കാൾ നഷ്ടപ്പെട്ടത് നിറമുള്ള ബാല്യമാണ്. യൗവനത്തിലേക്കുള്ള പടികളെ ഇല്ലാതാക്കിയത് എന്റെ സ്വത്വത്തിന് സമൂഹം നൽകുന്ന അവഗണനയാണ്. ഒരു ട്രാൻസ് ജെൻഡർ ആയിരിക്കെ ഞാൻ കടന്നു വന്ന പാതകളും നിലനിൽക്കുന്ന ഇടങ്ങളും ഒരിക്കലും ഒരു ട്രാൻസിന് അതിജീവനത്തിനുതകുന്ന ഒന്നല്ല. മറ്റെന്തെങ്കിലും ഒരു തരത്തിൽ അതിന് മാറ്റം വന്നിട്ടുണ്ടെങ്കിൽ, ട്രാൻസിന്റെ കൂട്ടമായ ഇടപെടലുകൾ കൊണ്ടും ലിംഗനീതിക്ക് വേണ്ടി പൊരുതുന്ന ചെറുപ്പക്കാരുടെ കൂട്ടായ പിന്തുണകൾ കൊണ്ടും തന്നെയാണ്.

ഇടയ്ക്കെപ്പോഴോ വലിയ ശ്രദ്ധ നേടിയ, ട്രാൻസ് ജൻഡറിനെ വിഷയമാക്കിക്കൊണ്ടുള്ള സിനിമകൾ പോലും സമൂഹത്തിൽ വന്ന ആ വലിയ മാറ്റങ്ങളെ പ്രതിനിധീകരിക്കുന്നതാണ്. പക്ഷേ അവിടെയും എടുത്തുപറയേണ്ടത് സമൂഹം അംഗീകരിക്കുന്ന അതുമല്ലെങ്കിൽ അവർ ഉണ്ടാക്കിയ ഫ്രെയിമിനകത്ത് 'മാന്യമായ' എന്ന അടിക്കുറിപ്പോടെ ജീവിതം നയിക്കുന്ന ട്രാൻസ് ജൻഡറിനെ ഞങ്ങൾ അംഗീകരിച്ചോളാം എന്ന് പറയാതെ പറഞ്ഞു വെക്കുന്ന ഹിഡൻ വിശ്വാസങ്ങളെ തന്നെയാണ്.
ശരീരം വെളിപ്പെടുത്താതെ സാരി ഉടുക്കുന്ന, മാന്യമായി ജോലി ചെയ്യുന്ന, വലിയ സഹനങ്ങൾക്കൊടുവിൽ ഉയർന്ന ജോലിയിൽ പ്രവേശിക്കുന്ന ട്രാൻസ് ജെൻഡറിനെ ഇനി അംഗീകരിച്ചു കൊള്ളാമെന്ന ആ വിലാസങ്ങളോടാണ് എന്നും അവജ്ഞ. സാംസ്കാരികമായും സാമൂഹികമായും ഒരു ഇടപെടലും നടത്താത്ത ഒരു ട്രാൻസിനും ജീവിക്കാൻ ഇവിടെ അവകാശമില്ലേ ? എന്ന ചോദ്യം ഒത്തിരി നേട്ടങ്ങൾക്കിടയിലും എന്നെ അലട്ടിക്കൊണ്ടിരുന്നു. അവിടെയും ട്രാൻസ് കമ്മ്യൂണിറ്റി കൂടുതൽ ജാഗ്രതയോടെ പ്രവർത്തിച്ചു തുടങ്ങി. എവിടേയുമുള്ള ട്രാൻസിനും നമ്മോടുകൂടെ കൂടാം. അവരെ പുനരധിവസിപ്പിക്കണം എന്ന ലക്ഷ്യത്തോടെ കൂടുതൽ പ്രവർത്തനങ്ങൾ തുടങ്ങിവെച്ചു.

സമൂഹത്തിൽ ട്രാൻസിന്റെ വ്യവഹാര സാധ്യതകൾക്ക് ഉതകും വിധം പരിപാടികൾ സംഘടിപ്പിച്ചു തുടങ്ങി. ക്വീർ ഫെസ്റ്റ് പോലെ ദ്വയപോലെ. എടുത്തുപറയേണ്ട മറ്റൊന്ന് ഭരണകൂടത്തിന്റെ വലിയ ഇടപെടലുകളാണ്. (കൊച്ചി മെട്രോയിലെ ട്രാൻസ് നിയമനം). രചനാത്മകമായ ഇത്തരം നേട്ടങ്ങളിലും അങ്ങിങ്ങായ് പൊലിഞ്ഞു പോയ ആരും ചോദ്യം ചെയ്യാത്ത ട്രാൻസ് മരണങ്ങളും തീരാ വേദനയാണ്. മനുഷ്യൻ എന്നതിനപ്പുറം ഒരു ജീവനുള്ള ശരീരമാണ് എന്ന് പോലും പരിഗണിക്കാതെയുള്ള ആക്രമണങ്ങൾ ഇന്നും നേരിടുന്നുണ്ട്. ട്രെയിനിലും, ബസ്സിലും അടുത്തിരിക്കുന്നവർ എഴുന്നേറ്റു പോകുമ്പോഴും നിങ്ങളീ സമൂഹത്തിൽ ജീവിക്കേണ്ടവരല്ല എന്ന് പിന്നെയും ഭീഷണിപ്പെടുത്തുമ്പോഴും, എന്നെങ്കിലും ഇവിടെ മനുഷ്യനെ ലിംഗ ഭേദമന്യേ അംഗീകരിക്കും എന്ന പ്രതീക്ഷയിലാണ് ഇപ്പോഴും ഞങ്ങൾ.

# കൊമാല

അഹമ്മദ് അജ്വദ്

**കൊ**മാല[1] വായിച്ചുതീർന്ന മുഹമ്മദ് ഒമർ[2] മുറിവിട്ട് പുറത്തേക്കിറങ്ങി. അയാൾ നടന്ന് ഗസ്സയിലെത്തി.

'ഇത് മരിച്ചവരുടെയും മരിക്കാൻ പോകുന്നവരുടെയും ഇടമാണ്, ഇത് കുഴിമാടങ്ങളുടെ നഗരമാണ്...'

പരിചിതമായ ശബ്ദം കെട്ടിടത്തേക്ക് ഒമർ നോക്കി. അത് അങ്ങ് ദൂരെ ബൈറൂത്തിൽ നിന്നാണ്. അയാൾ അവിടെ എത്തി. പെട്ടെന്നൊരു പോർവിമാനം അയാളുടെ തലക്ക് മീതെ ഇരമ്പി പാഞ്ഞു പോയി, ഒരു മനുഷ്യരൂപം പൊട്ടിച്ചിതറുന്നത് അയാൾ കണ്ടു.

'ഗസ്സാൻ...ഗസ്സാൻ കനഫാനി [3] '. അയാളുടെ ശബ്ദം തൊണ്ടയിൽ കുടുങ്ങി നിന്നു. തലയിൽ ബോംബറുകളുടെ മുഴക്കം.

ഗസ്സാൻ : നീ തന്നെ നാട്,
'നീ തന്നെ വിപ്ലവം,
നീ തന്നെ തോക്കും തൂലികയും'

ആ ജനക്കൂട്ടത്തിന്റെ ശബ്ദം ഉച്ചസ്ഥായിയിൽ എത്തിയപ്പോൾ അയാൾ ബോധം മറഞ്ഞ് നിലത്തേക്ക് വീണു.

ബോംബറുകൾ ഗസ്സയുടെ ആകാശത്ത് തലങ്ങും വിലങ്ങും പായുന്നു. സിദറത്ത് കുന്നിൻ മുകളിൽ ജൂതർ ആഹ്ലാദപ്രകടനം നടത്തുന്നു, ഒരോ മനുഷ്യക്കുരുതിയും ഒരോ കുരുന്നു ജീവനും അവർ ആഘോഷിക്കുകയാണ്. അന്നവർ ഇരകളായിരുന്നു ഇന്നവർ വേട്ടക്കാരായിരിക്കുന്നു. ഒരു ബോംബർ ഫാരിസ് അൽ താരാബീന്റെ മുഖം തകർത്തു കളഞ്ഞ നിമിഷം, അവന്റെ കുഞ്ഞിളം മേനിയിലൂടെ, മുഖം നഷ്ടപെട്ട ശരീരത്തിലൂടെ സ്വന്തം നാട് നഷ്ടപെട്ടവന്റെ വിലാപം രക്ത ചുവപ്പായി താഴേക്കൊഴുകി.

എല്ലാം അയാൾ ആ റോഡരികിൽ മലർന്നു കിടന്നു കാണുകയാണ്. അയാൾ അബോധാവസ്ഥയിൽ വിളിച്ചു പറഞ്ഞു,

' ഹീ വാസ് സ്റ്റിൽ വെയ്റിംഗ് ഹിസ് ഡയപ്പേഴ്സ് [4] '

ആ തെരുവിൽ പുസ്തക കച്ചവടം നടത്തിയിരുന്നയാൾ ' കൊമാല, കൊമാല ' എന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു.

---

*1. മരിച്ചവർ പാർക്കുന്ന ഇടം 2. 2014 ഫലസ്തീൻ അധിനിവേശം ലോകത്തിനു മുന്നിൽ എത്തിച്ച പത്രപ്രവർത്തകൻ.*
*3. ഫലസ്തീൻ പ്രതിരോധസമരങ്ങളുടെ ഊർജ്ജകേന്ദ്രമായിരുന്ന സാഹിത്യകാരൻ.*
*4. ഫാരിസ് അൽ താരാബീൻ എന്ന മൂന്ന് മാസം പ്രായമുള്ള കുഞ്ഞിന്റെ മുഖം ഇസ്രയേൽ ബോംബർ തകർത്തപ്പോൾ ഒമർ ദൃസാക്ഷി വിവരണത്തിൽ പറഞ്ഞത്.*







DEGREE + AVIATION
(UGC & PSC APPROVED)

അന്താരാഷ്ട്ര പഠനസൗകര്യങ്ങളും പരിചയസമ്പന്നരായ
അധ്യാപകരുമുള്ള ക്യാംപസിൽ യുജിസി, പി എസ് സി അംഗീകൃത മൂന്ന് വർഷ ഡിഗ്രി
കോഴ്സുകളിലേക്ക് പരിമിതമായ സീറ്റുകൾ മാത്രം.

കേരള PSC / UPSC അംഗീകൃത
PG /UG കോഴ്സുകൾ

BBA, B.COM, MBA
തുടങ്ങിയ കോഴ്സുകളിലേക്ക് റെഗുലർ/ഡിസ്റ്റന്റ് ആയി
ഡിഗ്രി വിദ്യാഭ്യാസം പൂർത്തീകരിക്കാൻ സുവർണ്ണാവസരം.

കൂടുതൽ വിവരങ്ങൾക്ക്

KAMS
Educations Pvt. Ltd.
KERALA ACADEMY FOR MANAGEMENT STUDIES
PALLIMUKKU, KOLLAM
FOR ADMISSION PH: 0474 2727433, 9072643333, 9072653333

# യൂണിയൻ ഭാരവാഹികൾ



സിദ്ദീഖ് എൻ



അഭിരാമി എസ്



അദ്വൈത് പി



സെയ്ദലി എസ്



ഹിജാസ് വൈ



മുഹമ്മദ് സമീൽ

അഹമ്മദ് യു



റിസാന എസ്



ഹരിത എസ്



# മാഗസിൻ സമിതി


പ്രൊഫ. ഷാജിത എസ്


പ്രൊഫ. ഇ. നജീം

സ്റ്റാഫ് എഡിറ്റർ


പ്രൊഫ. സുമിത്രാ ദേവി


ശ്രീമതി. രഹന


അഹമ്മദ് യു

സ്റ്റുഡൻറ് എഡിറ്റർ


മുഹമ്മദ് സമീൽ


സിദ്ദീഖ് എൻ


സെയ്ദലി സക്കീർ


അനന്തകൃഷ്ണൻ പി


അദ്വൈത് പി


ഖദീജ എസ് ഷാ


അഫ്സൽ

# അഡ്വെർടൈസ്മെന്റ് കമ്മിറ്റി


ഹിജാസ് വൈ


വിശാഖ് എസ്


ജോഷിൻ വി എസ്


ഷെഹിൻ എസ്

## ഡിസൈനിംഗ് കമ്മറ്റി


ശബരി എസ്


ബിലാൽ


അച്ചു എം


വിനായക് എസ്


വിഘ്നേഷ് എസ്



# യൂണിയൻ ഉദ്ഘാടനം

2018 നവംബർ 1 നു

ബഹു. കൊല്ലം മേയർ

## വി. രാജേന്ദ്രബാബു

നിർവഹിച്ചു
















ആർട്സ് ക്ലബ് ഉദ്ഘാടനം

**2018 ഡിസംബർ 20 ന്**

പ്രശസ്ത ഗായകൻ

**തസ്വീർ മുഹമ്മദ്**

നിർവ്വഹിച്ചു.















ARGENTINA


TKMCAS










ആർട്ടം 2019
ടി.കെ.എം
ആർട്സ് & സയൻസ്
യൂണിയൻ










ആർട്ടം 2019
ഓഫ് ആർട്സ് & സയൻസ്
യൂണിയൻ
ഫെസ്റ്റിവൽ
മാർച്ച് 21, 22






കേരള
സർവ്വകലാശാല
യൂണിയൻ
2018-19
നാടകോത്സവം
2019
2019 മാർച്ച് 19, 20
ഒ. മാധവൻ നഗർ












കേരള
സർവകലാശാല
യുക്തിഭദ്രമായ ക്യാമ്പസ്
സുസ്ഥിര കേരളം











കവിതയും, ലേഖനങ്ങളും, പ്രസംഗങ്ങളും, കഥയും
ഇരുണ്ട കാലത്തിൽ പ്രണയിച്ചു എന്ന കുറ്റത്തിന് തടവിലാക്കപ്പെട്ടു.
ഒരു തമോഗർത്തത്തിന്റെ ഇരുട്ടറയിൽ ചങ്ങലകളാൽ അവർ ബന്ധിക്കപ്പെട്ടു.



# ഫാസിസത്തിന്റെ സ്വന്തം അസഹിഷ്ണുത

അനന്തകൃഷ്ണൻ പി

സഹിക്കായ്ക, അക്ഷമ, അസൂയ- നിലവിലെ സാഹചര്യത്തിൽ ഈ പദങ്ങൾക്കപ്പുറം വിശാലമായ തലത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് അസഹിഷ്ണുത. മൊയ്തീൻ അങ്ങാടിമുകൾ ഉത്തരദേശത്തിൽ എഴുതിയ ലേഖനം ഉദാഹരണമായി എടുത്താൽ,

ഫാസിസം എന്തെല്ലാം മുഖംമൂടികൾ എടുത്തണിഞ്ഞാലും, എന്തെല്ലാം രൂപഭാവങ്ങളിൽ സ്വയം അവതരിച്ചാലും എന്തെന്തു വഴികളിലൂടെ അധികാരത്തിലെത്തിയാലും ശരി, അതു തൊഴിലെടുക്കുന്ന ജനങ്ങൾക്കെതിരായ മൂലധനത്തിന്റെ ഏറ്റവും രൂക്ഷമായ കടന്നാക്രമണമാണ്.
(ബൾഗേറിയൻ കമ്മ്യൂണിസ്റ്റ് ഗോർഗി ദിമിത്രോവ് 1882-1949)

## അസഹിഷ്ണുത

അസഹിഷ്ണുത ഒരു അസഭ്യ വാക്കല്ല. അതൊരു നിഘണ്ടുവിലില്ലാത്ത പദവുമല്ല. എന്നിട്ടും അസഹിഷ്ണുത എന്ന മനോഹരമായ വാക്കിന് അനാശ്വാസത്തിൽ പിറന്ന കുഞ്ഞിന്റെ ഗതിയാണ്. ഏവരാലും വെറുക്കപ്പെടുകയും ഏറെ ചർച്ചക്ക് വിധേയമാവുകയും ചെയ്ത ഒരു പദം ഈ അടുത്തനാളിൽ ഇതുപോലെ മറ്റൊന്നില്ല.

കണ്മുന്നിലെ കാഴ്ചകളെ കാര്യകാരണസഹിതം പറയുമ്പോൾ നമ്മിൽ ചിലർക്ക് കലിയിളകുന്നു. രാഷ്ട്രീയത്തിലായാലും മതങ്ങളിലായാലും സഹിഷ്ണുതയുള്ളവരുടെ എണ്ണം കുറഞ്ഞുവരികയാണിപ്പോൾ.

രാജ്യത്തെ രാഷ്ട്രീയ ചലനങ്ങൾ നിരീക്ഷിക്കുന്ന ഏതൊരാൾക്കും വളരെ എളുപ്പത്തിൽ തന്നെ മനസ്സിലാക്കാനാകും ശക്തിപ്പെട്ടുവരുന്ന അസഹിഷ്ണുതയുടെ രാഷ്ട്രീയത്തെക്കുറിച്ച്. ഈ അസഹിഷ്ണുത ഒരൊറ്റ ദിവസം കൊണ്ട് പെട്ടെന്ന് മുളച്ചു പൊങ്ങിയതല്ല. വടക്കെ ഇന്ത്യയിലെ സവർണ്ണ ബലമുള്ള ചില ഗ്രാമങ്ങളിലും, കേരളമടക്കമുള്ള തെക്കെ ഇന്ത്യയിലെ ചില പോക്കറ്റുകളിലും പലപ്പോഴായി ഇതിന്റെ വക്താക്കൾ അവരുടെ സദാചാര പൊലീസിന്റെ തൊപ്പിയണിഞ്ഞും, രാജ്യസ്നേഹത്തിന്റെ മൊത്തക്കച്ചവടം ഏറ്റെടുത്തും തടിമിടുക്കിന്റെ തിമിർപ്പിൽ മാനുഷികമൂല്യങ്ങളെ കയ്യേറ്റം ചെയ്തും അവർ നിറഞ്ഞാടിയിട്ടുണ്ട്. അപ്പോഴൊക്കെ പൂച്ച പാലുകുടിച്ചുപോകും വരെ കണ്ണടച്ചു കിടന്ന കളിക്കുടുക്കയിലെ ആ കൊച്ചുബാലന്റെ കഥപോലെ നമ്മുടെ ഭരണാധികാരികളും കണ്ണടച്ചുകിടന്നു. 2014ലെ ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം തങ്ങളുടെ കായികപ്രകടനത്തിന് വീറും വാശിയും മൂർച്ചയും കൂട്ടി വളരെ ശക്തിയോടെ തന്നെ രംഗം കയ്യടക്കുന്നതാണ് പിന്നീട് കണ്ടത്. തിന്നാനും കുടിക്കാനും ഉടുക്കാനും ധരിക്കാനുമുള്ള മനുഷ്യന്റെ പ്രാഥമികമായ ആവശ്യങ്ങളുടെ സ്വതന്ത്ര്യത്തിന് മുന്നിൽ വിലങ്ങുതടിയാകുന്ന ഭീതിജനകമായ കാഴ്ചയാണ് പിന്നീട് നമ്മെ അസ്വസ്ഥമാക്കിയത്.

ഒറ്റവാക്കിൽ പറഞ്ഞാൽ ഇതുതന്നെയാണ് ഫാസിസം.

പൗരന്റെ ജീവിക്കാനുള്ള അവകാശത്തിന്മേലുള്ള കടന്നുകയറ്റം ഫാസിസത്തിന്റെ തികഞ്ഞ ലക്ഷണമാണ്. ഇറ്റലിയിൽ മുസ്സോളനിയും ജർമ്മനിയിൽ ഹിറ്റ്ലറും ചെയ്തതിന്റെ മറ്റൊരു പതിപ്പാണ്.

മതവിദ്വേഷത്തിനും അക്രമാസക്തമായ വെറുപ്പിനും കൊലപാതകത്തിനും ആസൂത്രിതമായ ഇടമുള്ള ഒരു പ്രത്യയശാസ്ത്രം നമ്മെ ഭരിക്കുന്നവരാൽ വികസിച്ചുകൊണ്ടിരിക്കുകയാണെന്ന വസ്തുത നമ്മിൽ പലരും ഇപ്പോഴും തിരിച്ചറിയാൻ മടിക്കുന്നു. ജനാധിപത്യ - സംവിധാനത്തിന് ഉൾക്കൊള്ളാനാവാത്ത വിധം ഇന്ത്യൻ രാഷ്ട്രീയ പ്രക്രിയയിൽ അതിന്റെ ഫാസിസ്റ്റ് ഉള്ളടക്കം ശക്തിപ്പെട്ട് വരുന്ന നേർ കാഴ്ചകൾക്ക് മുന്നിൽ നാം ഇപ്പോഴും കണ്ണടക്കുന്നു. അന്യമതസ്ഥരോടും അന്യജാതിയിൽ പെട്ടവരോടും അന്യ ചിന്താഗതിയുള്ളവരോടുമുള്ള അസഹിഷ്ണുത ഒരു രാഷ്ട്രീയ പ്രശ്നമായി നമ്മുടെ രാജ്യത്ത് വളർന്നുകൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത.

അത് വിപത്കരമാംവിധം വിവിധ മേഖലകളിലേക്ക് പടരുകയാണ്. ഈ അസഹിഷ്ണുതയുടെ രാഷ്ട്രീയം രാജ്യത്തെ നശിപ്പിക്കുന്ന ഒരു മഹാവിപത്താണെന്നു പോലും മറന്നുകൊണ്ട് വർഗ്ഗീയജ്വരം ബാധിച്ച നിയമനിർമ്മാണ സഭയിലെ അംഗങ്ങൾ പോലും അതിനെ താലോലിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മൂലധനാധിപത്യവ്യവസ്ഥയുടെ സ്തുതിപാടകർ അതിനാവോളം വളം നൽകുന്നുമുണ്ട്. രാഷ്ട്രം നിലനിൽക്കുന്നതിന്റെ ആധാരശിലയായ ജനാധിപത്യത്തെ തകർക്കാനും, മതേതരത്വമെന്ന മഹിതമായ ആശയത്തിൽ വിള്ളലുണ്ടാക്കാനുമുള്ള ശ്രമം സമൂഹത്തിലെ ബഹുഭൂരിപക്ഷത്തിനും സ്വീകാര്യമുള്ള കാര്യമല്ല. പക്ഷെ, അവർക്ക് കൂടി സ്വീകാര്യമാകുന്ന വിധം തങ്ങളുടെ അജണ്ടകൾ മറച്ചുവെച്ച് പ്രത്യയശാസ്ത്രത്തിൽ കൂട്ടുകൾ ചേർക്കാൻ ഫാസിസ്റ്റുകൾ പലപ്പോഴും തയ്യാറാവുന്നു. നിഷ്പക്ഷതയുടെ കവചമണിഞ്ഞും, മധുരവാചകങ്ങൾ ചൊരിഞ്ഞും ജനങ്ങളുടെ സ്വപ്നങ്ങളിൽ അവർ കുടിയേറുന്നു. തിരിച്ചറിയാൻ എത്ര വൈകുന്നുവോ അത്രയും അപകടമാണിത്.

ലിബറൽ രാഷ്ട്രീയത്തിൽ നിന്നും മൗലികമായി വ്യത്യസ്തമാണ് ഫാസിസത്തിന്റെ രാഷ്ട്രീയം. ജനാധിപത്യത്തിന്റെ ഭാഗമായ വിമോചന മൂല്യങ്ങളോട് എതിർപ്പുള്ള വിഭാഗങ്ങളുടെ താൽപര്യങ്ങളെ അത് പരിലാളിക്കുന്നു. ജാതിയുടെയോ മതത്തിന്റെയോ വംശത്തിന്റെയോ ദേശീയ വികാരത്തിന്റെയോ പേരിൽ സംഘടിപ്പിച്ച് പൗരന്മാരെ യുദ്ധോത്സുകരായി ഇളക്കിവിടുന്നു. ഇതാണ് ഫാസിസത്തിന്റെ രീതി. മുകളിൽ പറഞ്ഞതു പോലെ ഇറ്റലിയിലും ജർമ്മനിയിലും അനുവർത്തിച്ച അതേ രീതി. പക്ഷെ, ഒരാശ്വാസമുള്ളത് സമൂഹത്തിലെ പരമ്പരാഗത പിന്തിരിപ്പൻ വിഭാഗങ്ങളായ ചെറിയൊരു ന്യൂനപക്ഷം മാത്രമേ ഇതിൽ ആകൃഷ്ടരാകുന്നു എന്നുള്ളതാണ്.

**നാനാത്വത്തിൽ ഏകത്വം**

120 കോടിയിൽപ്പരം ജനസംഖ്യയുള്ള ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് നമ്മുടെ ഇന്ത്യ. മതം, കുലം, ജാതി, വിശ്വാസം, ഭക്ഷണം, വേഷവിധാനം, താമസം, ഇരുപത്തിരണ്ടോളം ഔദ്യോഗിക ഭാഷകൾ, അങ്ങനെ എല്ലാം കൊണ്ടും വ്യത്യസ്തത പുലർത്തുന്ന കോടാനുകോടി ജനവിഭാഗങ്ങളെ മതനിരപേക്ഷത, സഹിഷ്ണുത, ബഹുസ്വരത എന്നിവയിൽ അധിഷ്ഠിതമാക്കിയാണ് രാജ്യം ഏകോപിപ്പിച്ചു നിർത്തുന്നത്. ഈ വൈവിധ്യ മനോഹര ഭാരതത്തിന് അപരന്റെ ജീവിക്കാനുള്ള അവകാശത്തെ മാനിച്ചല്ലാതെ നിലനിൽക്കാനാവില്ല. നമ്മുടെ ഭരണഘടനയിൽ അതിനനുസൃതമായ നിയമങ്ങളും വ്യവസ്ഥകളും വളരെ ദീർഘ വീക്ഷണത്തോടെ തന്നെ അതിന്റെ ശില്പികൾ എഴുതിച്ചേർത്തിട്ടുണ്ട്.

ആ വ്യവസ്ഥകൾ ഓരോ വ്യക്തിക്കും മൗലികമായ അവകാശങ്ങളും സമത്വവും സ്വാതന്ത്ര്യവും ഉറപ്പുചെയ്യുന്നു. മതത്തിന്റെയോ ജാതിയുടെയോ പേരിൽ വിവേചനം പാടില്ലെന്ന് ഭരണഘടനയുടെ ആർട്ടിക്കിള് 15, 16 വ്യക്തമാക്കുന്നു.

ബഹുസ്വരതയാണ് എന്നും ഇന്ത്യാ മഹാരാജ്യത്തിന്റെ സവിശേഷതയും ശക്തിയും.

ഹിന്ദുവും മുസ്ലിമും ക്രൈസ്തവനും ബൗദ്ധനും സിഖും മതമുള്ളവനും മതമില്ലാത്തവനും തോളോട് തോളുരുമ്മി നിന്ന പാരമ്പര്യ പൈതൃകമുള്ള ലോകത്തിലെ തന്നെ ഒരേയൊരു ഭൂപ്രദേശമാണ് ഇന്ത്യ. വൈവിധ്യ സംസ്കാരങ്ങൾ സഹിഷ്ണുതയോടെ ഒത്തൊരുമിച്ചു പോകുന്ന ഈയൊരു പ്രത്യേകത കൊണ്ടുതന്നെ ലോകത്തിനു മുന്നിൽ ഇന്ത്യയുടെ യശസ്സ് വാനോളം ഉയർന്നിട്ടുണ്ട്. പക്ഷെ, പിന്നീടെപ്പോഴോ രാജ്യത്തിനകത്തും പുറത്തും വലിയൊരളവോളം ഇതിന് ഇടിവ് സംഭവിച്ചു.





അമേരിക്കയും ബ്രിട്ടനുമടക്കമുള്ള രാജ്യങ്ങൾ ഇന്ത്യയിലെ മതവർഗ്ഗീയത യെക്കുറിച്ചും സംഘർഷങ്ങളെക്കുറിച്ചും പലവട്ടം എടുത്തു പറഞ്ഞു. എക്കാലവും സഹിഷ്ണുത ഉയർത്തിപ്പിടിക്കുന്ന ഇന്ത്യയുടെ മഹത്തായ പാരമ്പര്യത്തെക്കുറിച്ച് രാഷ്ട്രപതിക്ക് പോലും നിരവധി തവണ ഓർമ്മപ്പെടുത്തേണ്ടി വന്നു. ഇൻഫോസിസ് മുൻ ചെയർമാൻ നാരായണമൂർത്തി, റിസർവ്വ്ബാങ്ക് ഗവർണർ രഘുറാം രാജൻ തുടങ്ങി വ്യവസായ സാമ്പത്തിക രംഗങ്ങളിലെ പ്രമുഖർ രാജ്യത്താകെ ഉയർന്നുവരുന്ന അസഹിഷ്ണുതയിൽ ഉത്ക്കണ്ഠ പ്രകടിപ്പിച്ചതും ശ്രദ്ധേയമായി.

തങ്ങൾക്കിഷ്ടപ്പെടാത്തത് പറയുകയും തങ്ങൾക്കിഷ്ടമില്ലാത്തത് ചെയ്യുകയും ചെയ്യുന്നവർ രാജ്യദ്രോഹികളായി മുദ്രകുത്തപ്പെടുന്നു. അത് ഏതെങ്കിലും ഒരു മതവിഭാഗത്തിന്റെയോ ജാതിവിഭാഗത്തിന്റെയോ നേരെ മാത്രമായി ഒതുങ്ങുന്നില്ല.

എഴുത്തുകാരുടെയും കലാകാരന്മാരുടെയും സാംസ്കാരിക പ്രവർത്തകരുടെയും നേരെയുള്ള കടന്നാക്രമണങ്ങൾക്ക് ജാതി- മതത്തിന്റെ പരിവേഷങ്ങളൊന്നും ഉണ്ടായിരുന്നില്ല.



# ഹല്ലാ ബോൽ

## RAISE YOUR VOICE

ഷെഹിൻ എസ്

*സഫ്ദറിന്റെ നാടകത്തിന്റെ പേര് പോലെ തന്നെ, ശബ്ദം ഉയർത്തുക എന്നത് കടമയും ഉത്തരവാദിത്വവുമാകുന്ന കാലത്തിലൂടെയാണ് നാം കടന്നു പോകുന്നത്. നിലവിലെ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യം അനുസരിച്ച് നമ്മൾ ശബ്ദിച്ചു കൊണ്ടിരിക്കണം. ഉറക്കെ വിളിച്ചു പറഞ്ഞു കൊണ്ടേയിരിക്കണം. 'ഒരാൾക്ക് ചെയ്യാനാകുന്ന ഏറ്റവും വിപ്ലവകരമായ കാര്യം എന്നത്, സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്തെന്ന് ഉറക്കെ വിളിച്ചു പറയുക' എന്നതാണെന്ന് പറഞ്ഞത് റോസാ ലക്സംബർഗാണ്.*

എൺപതുകളുടെ അവസാനത്തിൽ കടും ചുവപ്പിന്റെ രാഷ്ട്രീയം പറയാനുണ്ട് ഹല്ലാ ബോൽ എന്ന വാക്കിന്. കാലത്തോട് കലഹിച്ച സഫ്ദർ ഹാഷ്മി എന്ന പോരാളിയുടെ കഥ പറയാനുണ്ട് ആ വാക്കിന്. സഫ്ദറിന്റെ ചോരയുടെ മണം ഉണ്ട് ആ വാക്കിന്. ഹല്ലാ ബോൽ എന്ന ഹിന്ദി വാക്കിന് അർത്ഥം 'നിങ്ങൾ ശബ്ദമുയർത്തുക' എന്നാണ്. ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ ഏറെ പ്രസക്തം.

പിൻതള്ളപ്പെട്ട ജനതയുടെ, തൊഴിലാളികളുടെ, സ്ത്രീകളുടെ, അവകാശങ്ങളെ പറ്റി, ജീവിത സാഹചര്യങ്ങളെ കുറിച്ച് സഫ്ദർ തന്റെ നാടകങ്ങളുമായി, എൺപതുകളിലെ ഇന്ത്യൻ തെരുവുകളിൽ ഇടിമുഴക്കമായി മാറിയിരുന്നു...

1989 ജനുവരി ഒന്നിന് ഉത്തർപ്രദേശിലെ ഝണ്ടാപൂർ എന്ന സ്ഥലത്തുവച്ച് സഫ്ദർ മരണത്തിലേക്ക് വീഴുമ്പോൾ, ഹല്ലാ ബോൽ എന്ന നാടകം അവതരിപ്പിച്ച് തീർന്നിട്ട് ഉണ്ടായിരുന്നില്ല. ഒരുകൂട്ടം കോൺഗ്രസുകാരാൽ ഇരുമ്പുദണ്ഡ്നു തലയ്ക്ക് അടിയേറ്റ് വീഴുകയായിരുന്നു. സഫ്ദർ അടുത്ത ദിവസം ആശുപത്രി കിടക്കയിൽ മരണത്തിന് കീഴടങ്ങി.

പിറ്റേദിവസം ജനുവരി മൂന്നിന്, തനിക്ക് പൂർത്തിയാക്കാൻ കഴിയാതെപോയ നാടകം, അടിയേറ്റു വീണ അതേ തെരുവിൽ, ആയിരങ്ങളുടെ മുന്നിൽ, മുറിഞ്ഞു പോയ വാക്കുകളാലും ഇടറിയ ശബ്ദത്താലും,.സഫ്ദറിന്റെ ജീവിതപങ്കാളിയായ മോളായ്ശ്രീ ഹഷ്മി അവതരിപ്പിച്ച് പൂർത്തീകരിക്കുകയാണ് ഉണ്ടായത്.

സഫ്ദറിന്റെ നാടകത്തിൻറെ പേര് പോലെ തന്നെ, ശബ്ദം ഉയർത്തുക എന്നത് കടമയും ഉത്തരവാദിത്വവുമാകുന്ന കാലത്തിലൂടെയാണ് നാം കടന്നു പോകുന്നത്. നിലവിലെ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യം അനുസരിച്ച് നമ്മൾ ശബ്ദിച്ചു കൊണ്ടിരിക്കണം. ഉറക്കെ വിളിച്ചു പറഞ്ഞു കൊണ്ടേയിരിക്കണം. 'ഒരാൾക്ക് ചെയ്യാനാകുന്ന ഏറ്റവും വിപ്ലവകരമായ കാര്യം എന്നത്, സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്തെന്ന് ഉറക്കെ വിളിച്ചു പറയുക' എന്നതാണെന്ന് പറഞ്ഞത് റോസാ ലക്സംബർഗാണ്.



നമ്മൾ വിദ്യാർത്ഥികൾക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യുവാൻ കഴിയും. കലാലയങ്ങൾക്ക് അതിനേക്കാളേറെ. അതുകൊണ്ടാണ് ക്യാമ്പസുകൾ നിശബ്ദമാക്കാൻ മതഭ്രാന്തന്മാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പുതിയ വിദ്യാഭ്യാസനയം നടപ്പിലാക്കുന്നതോടെ കേന്ദ്ര സർക്കാർ ലക്ഷ്യം വെക്കുന്നതും അതുതന്നെയാണ്. ഫ്രഞ്ച് വിപ്ലവം മുതൽ ഇന്ത്യൻ സ്വാതന്ത്ര്യസമരം ഉൾപ്പെടെയുള്ള ചരിത്രമെടുത്തു നോക്കിയാൽ, അവയെല്ലാം സാധ്യമാക്കാൻ പ്രധാന പങ്കുവഹിച്ചത് കലാലയങ്ങൾ ആയിരുന്നു എന്ന് മനസ്സിലാക്കാൻ കഴിയും. ലോകത്തിന്റെ ഏതു കോണിൽ ഒരു അനീതി ഉണ്ടായാലും അതിന്മേൽ ആദ്യം പ്രതിരോധം ഉയരേണ്ടത് കലാലയങ്ങളിൽ നിന്നാണ് എന്ന് ചരിത്രം നമ്മോട് പറയുന്നുണ്ട് . എല്ലാ കാലവും ക്യാമ്പസുകൾ ശബ്ദിച്ചു കൊണ്ടിരിക്കണം. അവ ഒരിക്കലും നിശബ്ദമാക്കാൻ പാടില്ല...

*“കലാലയം എന്നു പറയുന്നതുതന്നെ കലയുടെ ആശയമാണ്. പ്രതികരിക്കാൻ കലയെക്കാൾ കരുത്തുള്ള ആയുധം വേറെയില്ല. കലാലയങ്ങൾ സർഗ്ഗാത്മകമാകണം. പ്രതിരോധത്തിന്റെ കൊടുങ്കാറ്റ് ക്യാമ്പസുകളിൽ നിന്ന് ഉയർന്നുവരണം. പാട്ടുകൾ, കവിതകൾ, നാടകങ്ങൾ, കഥകൾ, ചിത്രങ്ങൾ എല്ലാം ആയുധങ്ങളാക്കണം.. അവയിലൂടെ നമ്മൾ ശബ്ദിച്ചുകൊണ്ടേയിക്കണം..”*

രാജ്യം അപകടത്തിലാണെന്ന് ഉറക്കെ പറഞ്ഞു കൊണ്ടിരിക്കണം. 'ഭീതി'യെ ഒരു രാഷ്ട്രീയ ആയുധമാക്കി ഉപയോഗിച്ച്, ഇല്ലാത്ത സ്വാതന്ത്ര്യത്തെ പറ്റിയാണ് അവർ പറയുന്നതെന്ന് വിളിച്ചുപറയണം. നെറികേടുകൾക്കെതിരെ ശബ്ദമുയർത്തണം.  ജാതി വിവേചനം കൊണ്ടാണ് രോഹിത് വെമുലക്ക് ആത്മഹത്യ ചെയ്യേണ്ടി വന്നതെന്നും, മുസ്ലിം ആയതുകൊണ്ടാണ് ജുനൈദ് മരണപ്പെടേണ്ടി വന്നതെന്നും, ഇഷ്ടഭക്ഷണം വീട്ടിൽ സൂക്ഷിച്ച പേരിലാണ് അഖിലാക്കിനെ ക്രൂരമായി മർദ്ദിച്ച് കൊന്നതാണെന്നും, രാഷ്ട്രീയം പറഞ്ഞതിന്റെ പേരിലാണ് നജീബിനെ കാണാതാക്കപ്പെട്ടത് എന്നും പറഞ്ഞു കൊണ്ടേയിരിക്കണം...

കൽബുർഗിയും ഗോവിന്ദ് പൻസാരെയും നരേന്ദ്ര ധബോൽക്കറും ഗൗരി ലങ്കേശും എല്ലാം പ്രതികരിച്ചതിന്റെ, പ്രതിഷേധിച്ചതിന്റെ, എഴുതിയതിന്റെ, പറഞ്ഞതിന്റെ ഒക്കെ പേരിൽ സംഘപരിവാറാൽ കൊലചെയ്യപ്പെട്ടവർ ആണെന്നും പറഞ്ഞു കൊണ്ടേയിരിക്കണം...

ഇന്ത്യയിലെ സംഘപരിവാർ ഫാസിസ്റ്റുകളാൽ ജീവൻ നഷ്ടപ്പെട്ട അനേകായിരം പേരുണ്ട്, സ്വാതന്ത്ര്യം നിഷേധിച്ച് ജയിലറകളിൽ തടവിൽ വച്ചിരുന്ന അനേകായിരം സാംസ്കാരിക-രാഷ്ട്രീയ-മാധ്യമ പ്രവർത്തകർ ഉണ്ട്. ഓരോ മണിക്കൂറിലും ആത്മഹത്യ ചെയ്യേണ്ടി വരുന്ന ഒരുപാട് കർഷകരുണ്ട്, ഏതുനിമിഷവും കുടി ഒഴിപ്പിക്കപ്പെട്ടേക്കാം എന്ന ഭയത്തിൽ കഴിയുന്നവരുണ്ട്. അഭയാർത്ഥികളായി ജീവിക്കേണ്ടി വരുന്നവർ ഉണ്ട്. അവർക്ക് വേണ്ടി ശബ്ദമുയർത്തി കൊണ്ടേയിരിക്കണം...

മനുഷ്യാവകാശങ്ങളും, ഭരണഘടന ഉറപ്പുനൽകുന്ന മൗലിക അവകാശങ്ങളും നിഷേധിക്കപ്പെടുമ്പോൾ, നമുക്ക് എങ്ങനെ മിണ്ടാതിരിക്കാനാവും?
ഭരണഘടന തിരുത്തപ്പെടുമ്പോൾ നമ്മക്ക് മിണ്ടാതെ ഇരിക്കാനാകുമോ?

ടി.കെ.എം കോളേജ് ഓഫ് ആർട്സ് & സയൻസ്, കൊല്ലം



നമ്മൾ പ്രതികരിച്ചു കൊണ്ടേയിരിക്കണം... ശബ്ദം ഉയർത്തിക്കൊണ്ടേ ഇരിക്കണം... ഇല്ലാ എങ്കിൽ, നാളെ അവർ നമ്മളെ തേടി വരും... അപ്പോൾ, നമുക്ക് വേണ്ടി ശബ്ദം ഉയർത്താൻ ആരും ഉണ്ടാവില്ല...
കലാലയം എന്നു പറയുന്നതുതന്നെ കല യുടെ ആശയമാണ്. പ്രതികരിക്കാൻ കലയെക്കാൾ കരുത്തുള്ള ആയുധം വേറെയില്ല. കലാലയങ്ങൾ സർഗ്ഗാത്മകമാകണം. പ്രതിരോധത്തിന്റെ കൊടുങ്കാറ്റ് ക്യാമ്പസുകളിൽ നിന്ന് ഉയർന്നുവരണം. പാട്ടുകൾ, കവിതകൾ, നാടകങ്ങൾ, കഥകൾ, ചിത്രങ്ങൾ എല്ലാം ആയുധങ്ങളാക്കണം.. അവയിലൂടെ നമ്മൾ ശബ്ദിച്ചുകൊണ്ടേയിക്കണം..

> **മനുഷ്യാവകാശങ്ങളും, ഭരണഘടന ഉറപ്പു നൽകുന്ന മൗലിക അവകാശങ്ങളും നിഷേധിക്കപ്പെടുമ്പോൾ, നമുക്ക് എങ്ങനെ മിണ്ടാതിരിക്കാനാവും? ഭരണഘടന തിരുത്തപ്പെടുമ്പോൾ നമുക്ക് മിണ്ടാതെ ഇരിക്കാനാകുമോ?**

നമുക്ക് മേൽ തിന്നരുത്, ചെയ്യരുത്, പറയരുത്, ധരിക്കരുത്, കാണരുത്, കേൾക്കരുത്, മിണ്ടരുത് എന്ന് പറഞ്ഞു നിരോധനങ്ങൾ തീർക്കുമ്പോൾ, അതിനുള്ള മറുപടി ക്യാമ്പസുകൾക്ക് നൽകാൻ കഴിയണം. കല അതിനൊരു വഴിയാണ്... കല കൊണ്ട് നമ്മൾ കലഹിച്ചുകൊണ്ടേ ഇരിക്കണം... തെരുവ് വർഗ്ഗ സമരത്തിന്റെ രംഗഭൂമിയാണ്. ക്യാംപസുകളിൽ, തെരുവോരങ്ങളിൽ എല്ലാം, നമ്മൾ പ്രതിരോധം തീർത്തുകൊണ്ടേയിരിക്കണം...

സഫ്ദർ ഹാഷ്മി ഒരു പ്രതീകമാണ്. ജനവഞ്ചകരായ ഭരണകൂടത്തിന്റെ തെറ്റായ നയ സമീപനങ്ങൾക്കെതിരെ കല കൊണ്ട് കലഹിച്ച പ്രതീകം. സഫ്ദറിന്റെ നാടകത്തിന്റെ പേര് പോലെ, നമുക്ക് ശബ്ദം ഉയർത്തികൊണ്ടേ ഇരിക്കാം... അവകാശങ്ങൾ നേടിയെടുക്കാൻ, സംരക്ഷിക്കാൻ, പ്രതിരോധിക്കാൻ, പ്രതിഷേധിക്കാൻ... ഹല്ലാ... ബോൽ...

■



*1989 ജനുവരി ഒന്നിന്, ജനതാപ്പൂരിൽ തൊഴിലാളി കോളനിയിൽ 'ഹല്ല ബോൽ ' കളിക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു ഹാഷ്മി. ഗാസിയാബാദ് നഗര ബോർഡിലേക്കുള്ള തിരഞ്ഞെടുപ്പില് ഇടതുപക്ഷ പ്രാദേശിക സ്ഥാനാർത്ഥിക്ക് വേണ്ടി അദ്ദേഹം നാടകത്തിലൂടെ പ്രചാരണം നടത്തിയിരുന്നു. നാടകം തുടങ്ങി നിമിഷങ്ങൾക്കകം, ഗുണ്ടാസംഘം ഹാഷ്മിയെയും സംഘത്തേയും വടിയും മറ്റ് മാരകായുധങ്ങളും ഉപയോഗിച്ച് ക്രൂരമായി ആക്രമിച്ചു. പിറ്റെ ദിവസം ഹാഷ്മി മരിച്ചു. അദ്ദേഹത്തിന് അന്ന് 34 വയസായിരുന്നു.*







# വിയോജിക്കുന്നവരെല്ലാം നക്സലുകളാകുമ്പോൾ

അഹമ്മദ് യു
(മാഗസിൻ എഡിറ്റർ)

2018 ൽ ഭീമ കൊറിഗൺ കലാപവുമായി ബന്ധപ്പെട്ട് ദേശീയമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ച ഒരു വാക്കാണ് അർബൻ നക്സൽ എന്നത്. നക്സലിസം എന്ന തോറ്റ സിദ്ധാന്തം ഇതാ ഒരിക്കൽ കൂടി മാധ്യമങ്ങളിൽ നിറയുന്നു. നവ മാധ്യമങ്ങളിലടക്കം വ്യാപകമായി വാദപ്രതിവാദങ്ങൾ സംഭവിക്കുന്നു. Me to urban naxal എന്ന ഹാഷ്ടാഗിൽ ട്വിറ്ററിൽ പോര് മുറുകുന്നു. ഗിരീഷ് കർണാട് ഉൾപ്പെടുന്ന സാഹിത്യ രംഗത്തെ പ്രമുഖർ മി ടു അർബൻ നക്സൽ എന്ന ബോർഡ് പ്രതിഷേധാത്മകമായി കഴുത്തിൽ തൂക്കിയിരുന്നു. ഇത്തരത്തിൽ നമ്മൾ കേട്ട് മറന്ന ഒരു തത്വശാസ്ത്രം പുതിയ പേരിൽ നമ്മുടെ സാമൂഹ്യജീവിതത്തെ മുഖരിതമാക്കുന്നു.

വലതുപക്ഷ കലാപ്രവർത്തകനായ വിവേക് അഗ്നിഹോത്രിയുടെ Urban Naxal The Making Of Budha In Traffic Jam എന്ന പുസ്തകത്തോടെയാണ് ഈ വാക്ക് വ്യാപകമായി പ്രചാരത്തിൽ എത്തുന്നത്. എ പ്രകാരമാണ് മാവോനക്സൽ പദ്ധതികളെ നഗരത്തിലുള്ള വിദ്യാസമ്പന്നരും അക്കാഡമിക് മേഖലയിലും ഉള്ളവർ വളർത്തുന്നത് എന്നാണ് ആ പുസ്തകം ചർച്ച ചെയ്യുന്നത്. എന്നാൽ ഇന്ന് അർബൻ നക്സൽ എന്ന വാക്ക് ഒരു തടവറയെ പ്രതിനിധാനം ചെയ്യുന്നു. നിങ്ങൾക്ക് ജീവിതകാലമത്രയും ജയിലിൽ കിടക്കാനുള്ള വാതിലായി ഈ പുതിയ വാദം മാറുമ്പോൾ അവിടെ നഷ്ടമാകുന്നത് ഈ വ്യവസ്ഥിതിക്കെതിരെ ആശയപരമായി പോരാടാനുള്ള സ്വാതന്ത്ര്യം കൂടിയാണ്.

റൊമില ഥാപ്പർ ഉൾപ്പെടെയുള്ളവർ അർബൻ നക്സൽ എന്ന വാക്കിന്റെ നിർവചനം ആവശ്യപ്പെട്ടിട്ടുണ്ട്. വ്യത്യസ്തമായ സ്വരം ഉയർത്തുന്നവരെയും, ലിബറൽ ചിന്താഗതിക്കാരെയും, അർബൻ നക്സൽ എന്ന് വിളിച്ച് നിങ്ങൾക്ക് രാജ്യദ്രോഹിയാക്കാം. യു എ പി എ ഉൾപ്പെടെയുള്ളവ ചുമത്തി ജയിലിൽ എന്നെന്നേക്കുമായി തറയ്ക്കാം.

ചോദ്യം ആരാണ് അർബൻ നക്സൽ എന്നതാണ്? നിങ്ങൾ ഇടത് അനുഭവമോ ലിബറൽ ചിന്താഗതിക്കാരോ ആണെങ്കിൽ വളരെ പെട്ടെന്ന് അർബൻ നക്സലാകാം. നിങ്ങൾ നിരീശ്വരവാദിയോ ലിംഗസമത്വം ആവശ്യപ്പെടുന്നവരോ സ്വവർഗാനുരാഗിയോ അവരെ അനുകൂലിക്കുന്നവരോ ആണെങ്കിൽ നിങ്ങൾക്ക് അർബൻ നക്സലാകാം. ഭരണകൂടത്തെ വിമർശിക്കുകയും ഫാഷിസത്തെ എതിർക്കുകയും ചെയ്താൽ നിങ്ങൾക്ക് ആ പേര്




*ചോദ്യം ആരാണ് അർബൻ നക്സൽ എന്നതാണ്? നിങ്ങൾ ഇടത് അനുഭവമോ ലിബറൽ ചിന്താഗതിക്കാരോ ആണെങ്കിൽ വളരെ പെട്ടെന്ന് അർബൻ നക്സലാകാം. നിങ്ങൾ നിരീശ്വരവാദിയോ ലിംഗസമത്വം ആവശ്യപ്പെടുന്നവരോ സ്വവർഗാനുരാഗിയോ അവരെ അനുകൂലിക്കുന്നവരോ ആണെങ്കിൽ നിങ്ങൾക്ക് അർബൻ നക്സലാകാം. ഭരണകൂടത്തെ വിമർശിക്കുകയും ഫാഷിസത്തെ എതിർക്കുകയും ചെയ്താൽ നിങ്ങൾക്ക് ആ പേര് ചാർത്തപ്പെട്ടേക്കാം. ചുരുക്കത്തിൽ വിയോജിക്കുന്നവർക്ക് ചാർത്തപ്പെടാവുന്ന ഒരു വാക്യമായ് ഈ പദം മാറിക്കഴിഞ്ഞിരിക്കുന്നു.*

ചാർത്തപ്പെട്ടേക്കാം ചുരുക്കത്തിൽ വിയോജിക്കുന്നവർക്ക് ചാർത്തപ്പെടാവുന്ന ഒരു വാക്യമായ് ഈ പദം മാറിക്കഴിഞ്ഞിരിക്കുന്നു.
2018 ൽ നടന്ന ഭീമ കൊറിഗൺ കലാപവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ട അഞ്ച് ഇടത് അനുഭാവികളായ വ്യക്തികളെ വ്യാപകമായി അർബൻ നക്സൽ എന്ന പേര് വിളിക്കപ്പെട്ടു. വരവര റാവു ഉൾപ്പെടെയുള്ള മനുഷ്യാവകാശ പ്രവർത്തകരെ അറസ്റ്റ് ചെയ്തു. ഭീമ കൊറിഗൺ യുദ്ധത്തിന്റെ ഇരുനൂറാം വാർഷികം ആഘോഷിക്കവേ, മഹറുകൾക്ക് നേരെ കല്ലേറുണ്ടാകുന്നു. തുടർന്ന് ഒരാൾ മരിക്കുകയും മുപ്പത് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതിനെ തുടർന്ന് 2018 ജനുവരി മൂന്നിൽ ദളിത് ബന്ദിന് ആഹ്വാനം ചെയ്തു. മുംബൈയിലെ സബർബൻ ട്രെയിനുകൾ പോലും മുടങ്ങി. ദളിതരെ സംബന്ധിച്ചിടത്തോളം, ഭീമ കൊറിഗൺ യുദ്ധത്തിന് വലിയ പ്രാധാന്യം ഉണ്ട്. 1818 ൽ കേവലം എണ്ണൂറോളം മാത്രം വരുന്ന ഒരു ബ്രിട്ടീഷ് ചെറു സൈന്യം പെഷ്വ ബാജ്ജിറാവു വിന്റെ നേതൃത്വത്തിലുള്ള ഒരു വലിയ സൈന്യത്തെ മഹറുകളുടെ സഹായത്തോടെ തോൽപ്പിക്കുന്നു. മരിച്ച സൈനികർക്ക് ആദരവർപ്പിച്ച് കൊണ്ട് ഒരു വിജയ സ്തംഭം ബ്രിട്ടീഷുകാർ പണികഴിപ്പിച്ചു. 1928 ൽ ബാബ അംബേദ്കറാണ് അവിടെ ആദ്യമായി അനുസ്മരണ സമ്മേളനം നടത്തിയത്. തുടർന്ന് അംബേദ്ക്കറൈറ്റ് ദലിതുകൾ എല്ലാവർഷവും ജനുവരി ഒന്നിന് അവിടെ എത്തി ഉയർന്ന ജാതിക്കാർക്കെതിരായ തങ്ങളുടെ യുദ്ധ വിജയത്തെ ആഘോഷിക്കാറുണ്ട്. 2018 ൽ ആഘോഷങ്ങൾക്ക് മുൻപ് ഒരു ബഹുജൻ സമ്മേളനത്തിൽ ഉയർത്തപ്പെട്ട ഹിന്ദുത്വത്തിനും വർഗീയതക്കുമെതിരായ

പൊതുവികാരത്തെ വർഗ്ഗീയ വലത് കക്ഷികൾ അംഗീകരിച്ചില്ല. തുടർന്ന് സമാധാനപരമായി നടത്തപ്പെട്ടിരുന്ന ചടങ്ങുകൾക്ക് വർഗീയമുഖം ലഭിക്കുകയും പ്രശ്നസാധ്യതയുണ്ടെന്ന് പഞ്ചായത്ത് അധികൃതർ നോട്ടീസിലൂടെ അറിയിക്കുകയും ചെയ്തു. തുടർന്ന് നടന്ന സംഘർഷമാണ് അഞ്ചു പേരുടെ അറസ്റ്റിനു കാരണമായത്. വൈകാതെതന്നെ യു എ പി എ ഇവർക്ക് മേൽ ചുമത്തപ്പെടുന്നു. മാവോയിസ്റ്റ് അനുഭാവികളാണിവരെന്നും ഇവർക്ക് പ്രധാനമന്ത്രിയെ വധിക്കാനുള്ള പദ്ധതി ഉണ്ടായിരുന്നു എന്നുമുള്ള വാർത്തകൾ സംശയാസ്പദമായി പുറത്തേക്ക് വരുന്നു.

മിലിന്ദ് എക്ബോട്ടെ എന്ന വലതുപക്ഷ നേതാവിനെതിരെ എഫ് ഐ ആർ ഫയൽ ചെയ്തുവെങ്കിലും പിന്നീട ജാമ്യത്തിൽ പോകുന്നു. ഇതിനിടയിൽ ദൃസാക്ഷിയായിരുന്ന പൂജ വാകത്ത് എന്ന പെൺകുട്ടി ദുരൂഹമായ സാഹചര്യത്തിൽ കൊല്ലപ്പെടുന്നു. ആക്റ്റിവിസ്റ്റുകളുടെ അറസ്റ്റിനെതിരെ ഇന്ത്യയിലെ ബുദ്ധിജീവി സമൂഹം രൂക്ഷമായാണ് പ്രതികരിച്ചത്. തുടർന്ന് അർബൻ നക്സൽ എന്ന വാക്ക് പരക്കെ ഉപയോഗിക്കപ്പെട്ടു. അരുന്ധതിറോയ്, റൊമില ഥാപ്പർ, ഗിരീഷ് കർണാട് എന്നിവരൊക്കെ ആക്റ്റിവിസ്റ്റുകൾക്ക് ഐക്യദാർഢ്യവുമായി രംഗത്തെത്തി.

ഈ വാക്കിന് ഒരു ശക്തമായ രാഷ്ട്രീയമുണ്ടെന്ന് വന്നു. വരും കാല ഇന്ത്യയിൽ സ്വതന്ത്ര ശബ്ദത്തെ ഇത് ഉപയോഗിച്ച് അടിച്ചമർത്താൻ ഭരണകൂടത്തിന് സാധിക്കുമായിരിക്കും. സാംസ്കാരിക നായകർ വേട്ടയാടപ്പെട്ടേക്കാം. അത് വഴി വിയോജിപ്പിന്റെ സ്വരം മുഖ്യധാരയിൽ എത്താതെയാകും എന്നാണ് ഭരണകൂടം ആശിക്കുന്നത്. ഈ സാഹചര്യത്തിൽ അരുന്ധതി റോയ് പറഞ്ഞ ഈ വാക്കുകൾക്ക് എക്കാലവും പ്രസക്തിയുണ്ട്. " To be lynched is a crime. To be poor is a crime. To defend the poor is to plot to overthrow the government".

ഇനി ചിന്തിക്കേണ്ടതും ചോദ്യമുന്നയിക്കേണ്ടതും നിങ്ങളാണ്. "Am I an Urban Naxal ?"

*വരും കാല ഇന്ത്യയിൽ സ്വതന്ത്ര ശബ്ദത്തെ ഇത് ഉപയോഗിച്ച് അടിച്ചമർത്താൻ ഭരണകൂടത്തിന് സാധിക്കുമായിരിക്കും. സാംസ്കാരിക നായകർ വേട്ടയാടപ്പെട്ടേക്കാം. അത് വഴി വിയോജിപ്പിന്റെ സ്വരം മുഖ്യധാരയിൽ എത്താതെയാകും എന്നാണ് ഭരണകൂടം ആശിക്കുന്നത്.*
*ഈ സാഹചര്യത്തിൽ അരുന്ധതി റോയ് പറഞ്ഞ ഈ വാക്കുകൾക്ക് എക്കാലവും പ്രസക്തിയുണ്ട്.*



ഭീമ കൊറിഗൺ കലാപവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ട മനുഷ്യാവകാശ പ്രവർത്തകർ

കാല ചക്രങ്ങളിൽ ഫാസിസം മുദ്രണം ചെയ്യുമ്പോൾ
അറുത്തുമാറ്റപ്പെടുന്ന പ്രതിഷേധസ്വരങ്ങൾ.
വിമർശനം ഭയപ്പാടാകുന്നിടത്തോളം പ്രതിഷേധസ്വരങ്ങൾ അമർച്ചചെയ്യപെടും
അത് വരെ ഇത് തുടരും...

**ഗൗരി ലങ്കേഷ്**
(1962-2017)






# കാവി ഫാസിസ്റ്റുകൾ മർദ്ധിത വിഭാഗങ്ങളുടെ ശിരസ്സിൽ ആണിയടിക്കുമ്പോൾ

എഡിറ്റോറിയൽ ടീം

1947 ൽ സ്വാതന്ത്ര്യം ലഭിച്ചിട്ട് എഴുപത്തിമൂന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും, അനാചാരവ്യവസ്ഥകളെ ഒരു വിധം ഇല്ലായ്മ ചെയ്തിട്ട് പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും രോഹിത് വെമുലമാർ ആവർത്തിക്കപ്പെടുന്ന, പൂർണ്ണമായി സവർണ്ണ ജാതിവ്യവസ്ഥകളെ പുറന്തള്ളാനുള്ള പരിശ്രമങ്ങൾ പരാജയപ്പെട്ടിട്ടുള്ള, ഇന്ത്യയിലാണ് നാമിന്ന് ജീവിക്കുന്നത്. മറ്റുസംസ്ഥാനങ്ങളെക്കാളും വ്യത്യസ്തത പുലർത്തുന്നു എന്ന് ലോകത്തിനു മുന്നിൽ അവകാശപ്പെടുന്ന നമ്മുടെ ഈ കൊച്ചു കേരളത്തിലും ഒരു നേരത്തെ അന്നം മോഷ്ട്ടിച്ചതിന്റെ പേരിൽ മധു എന്ന യുവാവ് ആൾക്കൂട്ട കൊലക്ക് ഇരയായി എന്നതും ചേർത്തു വായിക്കപ്പെടുമ്പോൾ മേൽപറഞ്ഞതൊന്നും ഒറ്റപ്പെട്ട സംഭവങ്ങളല്ല എന്നതും ദളിത്, ആദിവാസികളോടുള്ള ആക്രമണങ്ങൾ കാലക്രമേണ അനിയന്ത്രിതമായി വർദ്ധിച്ചു വരുകയാണ് എന്നതിന് അടിവരയിടുകയാണ്.

രാജ്യത്തെ സംഘപരിവാർ ഫാസിസ്റ്റുകളുടെ ഹിഡൻ അജണ്ടകൾ ജാതിയുടെയും മതത്തിന്റെയും ദേശീയതയുടേയും കൂട്ട് പിടിച്ച് അധികാര വർഗ്ഗം തങ്ങളുടെ നയം വ്യക്തമാക്കപ്പെടുമ്പോഴും കാര്യമായി പ്രതികരിക്കാൻ പോലും അധികാര സിരാകേന്ദ്രങ്ങളിൽ പ്രതിപക്ഷം തയ്യാറാകുന്നില്ല എന്നതും സവർണ്ണ ഹിന്ദുത്വ വ്യവസ്ഥയെ പരോക്ഷമായി പ്രതിപക്ഷവും അനുകൂലിക്കുന്നു എന്ന് വ്യാഖ്യാനിക്കേണ്ടിവരും. വിശാല ജനാധിപത്യമുള്ള ഇന്ത്യ ഇന്ന് മെലിഞ്ഞു വരുകയാണ്. Politics is the last resort of the scoundrels എന്ന് എഴുത്തുകാരനായ സാമുവൽ ജോൺസൺ പറയുകയുണ്ടായി. ജനവികാരത്തെ വളച്ചൊടിച്ച് തങ്ങളുടെ താത്പര്യങ്ങൾ ന്യൂനപക്ഷങ്ങൾക്ക് മേൽ അടിച്ചേൽപ്പിക്കുന്ന ഭരണാധികാരികളെ ഉദ്ദേശിച്ചായിരുന്നു
അദ്ദേഹം പറഞ്ഞത്.

ഇന്ത്യയിൽ 2012 ൽ മാത്രം രജിസ്റ്റർ ചെയ്യപ്പെട്ട ദലിതർക്കെതിരെയുള്ള ആക്രമണങ്ങൾ 33655 ആണ്. ഒരോ വർഷവും ഇത് അധികരിച്ച് 2017 ൽ എത്തിയപ്പോഴേക്കും കേസുകളുടെ എണ്ണം 47064 ആയി ഉയർന്നു. ഇന്ത്യയുടെ പൈതൃകത്തിനും സംസ്കാരത്തിനും യാതൊരു വിധത്തിലും യോജിക്കാത്ത ജാതിസമ്പ്രദായം രാജ്യത്ത് അങ്ങോളമിങ്ങോളം വർദ്ധിച്ചു വരുകായാണ്. എത്രമാത്രം ഭീകരമാണ് ഈ യാഥാർഥ്യങ്ങൾ!

ബിഹാറിൽ മുൻ അഡിഷണൽ ചീഫ് സെക്രട്ടറി ആയിരുന്ന കെ ബി സക്സേന തയ്യാറാക്കിയ എൻ എച്ച് ആർ സി റിപ്പോർട്ട് പ്രകാരം 56% ദളിതരും പോഷകാഹാര കുറവ് അനുഭവിക്കുന്നു, 1000 ത്തിൽ 83 കുട്ടികൾ ഒരു വയസ്സിനു മുൻപായും, 12 % കുട്ടികൾ അഞ്ചു വയസ്സിനു മുൻപായും മരണപ്പെടുന്നു. 45% ദളിതർക്കും പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കുന്നില്ല. മാറിമാറി വരുന്ന ഭരണകൂടങ്ങൾ നിശ്ചിത തുക പ്രഖ്യാപിക്കുന്നതല്ലാതെ ഈ മനുഷ്യരിലേക്ക് അവയൊന്നും ഫലപ്രാപ്തിയിലേക്ക് എത്തുന്നില്ല എന്നതിന്റെ കാരണവും അന്വേഷിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ 39 % സ്കൂളുകളിലും ദളിത് വിദ്യാർത്ഥികളെ അകറ്റി നിർത്തിക്കൊണ്ടാണ് ഭക്ഷണം കഴിക്കുന്നത്.

ഡിജിറ്റൽ ഇന്ത്യയെക്കുറിച്ച ഇമവെട്ടാതെ വിളിച്ച് പറയുമ്പോഴും അടിസ്ഥാനമായ പോസ്റ്റൽ സംവിധാനം പോലും രാജ്യത്തെ 24% ഗ്രാമങ്ങളിൽ ദളിതർക്ക് ലഭിക്കുന്നില്ല എന്നത് ഗുജറാത്ത് മോഡൽ വികസനം എന്ന 'തുഗ്ലക്ക് ' ഭരണകർത്താവിന്റെ വാക്കുകളിലെ കാപട്യതയും വികസനം എന്നതിന്റെ അതിരുകളെ വ്യക്തമാക്കുകയും ചെയ്യുന്നു. 2010 ലെ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം പ്രതിദിനം മൂന്ന് ദളിത് സ്ത്രീകൾ വരെ ബലാൽസംഘത്തിന് ഇരയാക്കപ്പെടുകയും, രണ്ടു ദളിതർ കൊല്ലപ്പെടുകയും രണ്ടു ദളിതരുടെ വീടുകൾ അഗ്നിക്കിരയാക്കപ്പെടുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ ദിവസങ്ങളിലാണ് ശ്മശാനത്തിലെ വഴികൾ സവർണ്ണർ അടച്ചത് മൂലം സമീപത്തെ പാലത്തിനു മുകളിൽ നിന്ന് ദളിതർക്ക് മൃതദേഹം കെട്ടിയിറക്കേണ്ടി വന്നത്. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നടന്നതാണിത്.

ഇത് ആരുടെ ഇന്ത്യ എന്ന ചോദ്യത്തിന് ഉത്തരം നൽകാനാകാതെ ഉയർന്നു നിൽക്കുന്നു എന്നത് ഇന്ത്യയെ സംബന്ധിച്ച്, മതേതര സ്വഭാവം പുലർത്തുന്നവരെ സംബന്ധിച്ച് വേദനാജനകമാണ്.

എല്ലാതലങ്ങളിലും ഇന്ത്യയെ വരിഞ്ഞു മുറുക്കുന്ന ഫാസിസ്റ്റ് സർക്കാർ അധികാരത്തിൽ ആവർത്തിച്ച് വന്നതോടെ രാജ്യത്തെ ദളിതർക്ക് ഭരണഘടന വഴിയും പഞ്ചവത്സര പദ്ധതികളിലൂടെയും അനുഭവിച്ചിരുന്ന പല ആനുകൂല്യങ്ങളും എടുത്തുകളയാൻ ശ്രമിക്കുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. ഇത്തരം നടപടികളിലൂടെ ദളിതരെ വീണ്ടും സാമൂഹികമായും സാമ്പത്തികമായും അടിച്ചമർത്തുകയാണ് ചെയ്യുന്നത്. നൂറ്റാണ്ടുകളായി അനുഭവിച്ചു വരുന്ന ഈ യാതനകളുടെ കെടുതികൾക്ക് അവസാനം കാണുവാനാണ് 2016 ഓഗസ്റ്റ് മാസം പതിനഞ്ചാം തീയതി ഗുജറാത്തിലെ ഊനയിൽ ദളിത് ജനതയുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ കലാശിച്ചത്. സ്വതന്ത്രമായ ഒരു ജനാധിപത്യ രാജ്യത്ത് ഒരു ജനതയുടെ സ്വയം സ്വാതന്ത്ര്യ പ്രഖ്യാപനം ഒരുപക്ഷെ ലോകചരിത്രത്തിൽ തന്നെ ആദ്യ സംഭവം ആയിരുന്നിരിക്കണം. അക്ഷരാർത്ഥത്തിൽ ഒരു ജനസാഗരം തന്നെയായിരുന്നു അത്. ശാസിച്ചും മർദിച്ചും കാതങ്ങളായി കാൽച്ചുവട്ടിൽ തളച്ചിട്ടിരുന്ന ജനതയുടെ ഒരുമയോടെയുള്ള മുന്നേറ്റം അക്ഷരാർത്ഥത്തിൽ ഭരണ സിരാകേന്ദ്രങ്ങളെ വിറളി പിടിപ്പിച്ചു എന്നതിന്റെ തെളിവാണ് മോദിയുടെ shoot me , not my dalit brothers എന്ന പ്രഖ്യാപനം. സിംഹം ഊനയിൽ കടിച്ചു കൊന്ന പശുവിന്റെ തോലുരിച്ചതിനു നാല് ദളിതരെ ഒരു കാറിന്റെ പിറകിൽ കെട്ടിയിട്ട് മർദിച്ച സംഭവവികാസങ്ങൾ പിന്നീട് അരങ്ങേറിയപ്പോൾ ആ പ്രഖ്യാപനം വെറുമൊരു പൊള്ളയായ പ്രഹസനമായി മാറി.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ദളിത് പീഢനം ഇന്ന് വ്യാപകമാണ്. യു പി യിലും ബിഹാറിലും തമിഴ്നാട്ടിലുമൊക്കെ ഇതിന്റെ ഇരകൾ ഇതിനോടകം മണ്ണോടലിഞ്ഞിട്ടുണ്ട്. യു പി യിൽ ഐ ഐ റ്റി പരീക്ഷയിൽ ഉന്നത വിജയം നേടിയ ദളിത് വിദ്യാർത്ഥികളെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചത് രാജ്യം ഭരിക്കുന്ന പാർട്ടിയിലെ സവർണ്ണരായിരുന്നു.

ബ്രാഹ്മണ മേധാവിത്വത്തിന്റെ ഹിന്ദുവത്കരണമാണ് ദളിത് പീഢനങ്ങൾക്ക് മൂലകാരണം. തമിഴ്നാട്ടിലെ ഉദൽ പട്ടയിൽ ദളിതനായ ഒരു എഞ്ചിനീയറിംഗ് വിദ്യാർത്ഥി വിശങ്കർ സഹപാഠിയായ സവർണ്ണ പെൺകുട്ടിയെ സ്നേഹിച്ചു എന്നതിനാലാണ് സവർണ്ണർ വെട്ടിനുറുക്കിയത്. പാട്നയിലെ ഗൊരക്പൂർ കോളേജിൽ സ്കോളർഷിപ്പുകക്ക് വേണ്ടി സമരം ചെയ്ത ദളിത് വിദ്യാർത്ഥികളെ സർക്കാർ പോലീസിനെ ഉപയോഗിച്ചു അടിച്ചൊതുക്കുകയായിരുന്നു. ജെ എൻ യു വിലെ ദളിത് വിദ്യാർത്ഥികൾക്ക് നേരെ അതിക്രമങ്ങൾ അഴിച്ചുവിടാൻ സർക്കാർ പ്രതിനിധിയായ വൈസ്ചാൻസലർ തന്നെ രംഗത്തെത്തിയിരുന്നു.

> *കാടുറങ്ങാറില്ല, പുഴകളും മലകളും ഉറങ്ങാറില്ല. മക്കളെ നെഞ്ചോട് ചേർത്ത് രാവിൽ ഇമചിമ്മാതെ മാമരങ്ങൾ കാവൽനിൽക്കുമ്പോൾ മുച്ചൂടും മൂടി പ്രതികാരം ചെയ്യാൻ കാട്ടെരുക്കുകൾക്ക് പ്രപഞ്ചം കരുത്ത് പകരും. കരിമരുന്നിന്റെ ഗന്ധം പോയി മാമലകളിൽ ഗുൽമോഹർ പൂക്കുന്ന കാലം വിദൂരമല്ല.*



ഇന്ത്യയിൽ അനേകം കോളിളക്കമുണ്ടാക്കിയ രോഹിത് വെമുല ആത്മഹത്യയുമായി ബന്ധപ്പെട്ട്, ഈ ദാരുണ കൃത്യത്തെ പ്രതിഷേധിച്ചു നടത്തിയ വിദ്യാർത്ഥി ദളിത് സമരത്തെ മുതിർന്ന ബി ജെ പി നേതാവായ സുഷമ സ്വരാജും, സ്മൃതി ഇറാനിയും ചോദ്യം ചെയ്തിരുന്നു. ജെ എൻ യു വിലെ അംബേദ്കർ സ്റ്റുഡന്റസ് യൂണിയനിലെ വിദ്യാർത്ഥികളെ രാജ്യദ്രോഹികളാക്കി മുദ്രകുത്താൻ പോലും സവർണ്ണ എം എൽ എ മാർ ശ്രമിക്കുകയുണ്ടായി.

മല്ലീശ്വരന്റെയും ഭവാനിപ്പുഴയുടെയും സന്തതി, ക്രൂരമായ ബാഹ്യലോകത്തിൽ നിന്നും ഭയന്നോടി, മല്ലീശ്വരന്റെ മടിത്തട്ടിൽ അഭയം തേടിയവൻ, ചുരം കയറിയെത്തിയ നാട്ടുവാസികൾ അവനെ ഭ്രാന്തനെന്ന് മുദ്രകുത്തി. ഇത്തവണ ഒരു ആദിവാസി യുവാവിനെ അവർ ഇരയാക്കിയപ്പോൾ, അട്ടപ്പാടിയിലെ ഗോത്ര വിഭാഗങ്ങളുടെ വംശീയമായ കെട്ടുറപ്പും ഐശ്വര്യവും കാത്തുപോകുന്ന മല്ലേശ്വരനും, ജീവജലം നൽകിയിരുന്ന ഭവാനിപ്പുഴയും സാക്ഷിയായിരുന്നു. ജാതിവ്യവസ്ഥയുടെ ഭാഗമായി അടിച്ചമർത്തപ്പെടുന്ന ദളിതരെ പോലെ മൂന്ന് സെന്റിലും അഞ്ചു സെന്റിലും ആദിവാസികളെയും ഒതുക്കി നിർത്താമെന്ന പൊതുബോധമാണ് രാഷ്ട്രീയ സമൂഹത്തെ സ്വാധീനിച്ചു പോന്നത്.



ആയതിനാൽ ഭൂപരിഷ്കരണം നടപ്പാക്കിയ കാലഘട്ടത്തിൽ ആദിവാസികളുടെ സ്വയം ഭരണ പട്ടിക വർഗ്ഗപ്രദേശം, വനാവകാശം തുടങ്ങിയ ഭരണഘടന പ്രശ്നങ്ങളൊന്നും കേരളത്തിൽ ചർച്ച ചെയ്യപ്പെടുന്നില്ല. ദേശീയ അന്തർദേശീയ തലത്തിൽ ഇതൊക്കെ ചർച്ചയാക്കപ്പെടുന്നു എങ്കിലും കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ ഇക്കാര്യത്തിൽ നിരക്ഷരരാണ്.

അതിവേഗ ഇന്റർനെറ്റ് 'കാറ്റുകളും' , സമ്പൂർണ്ണ സാക്ഷരതയും ഉയർത്തിപ്പിടിക്കുന്ന കേരളത്തിലെ വിദ്യാസമ്പന്നർ ഈ ആദിവാസിവിഭാഗങ്ങളോട് കാണിക്കുന്ന ക്രൂരതക്ക് അന്ത്യമില്ല. പാറയും മണ്ണും തുരന്നും, വേരുകളിളക്കി ടാറിട്ടും, മരം കീറി ടവർ നാട്ടിയും, മണ്ണിന്റെ മക്കളുടെ വിളനിലങ്ങളെ ശ്വസിക്കുന്ന കുഴിമാടങ്ങളാക്കി ഈ സാക്ഷരത ജനതമാറ്റി.

'ഉണ്ട'യെന്ന (ഖാലിദ് റഹ്മാന്റെ ) സിനിമയിൽ ബിജു എന്ന ആദിവാസി യുവാവ് ഞങ്ങൾ വീടിനകത്തു തൂറാറില്ല എന്ന് കൂട്ടുകാരോട് പറയുന്ന വാചകം ഇരുത്തി ചിന്തിപ്പിക്കുന്നതായിരുന്നു. കണ്ണെത്തുന്ന എല്ലായിടത്തും ആധുനിക മനുഷ്യർ ഇവരെ അയിത്തം കൽപിക്കുമ്പോഴും, മാറ്റിനിർത്തപ്പെടുമ്പോഴും അതൊരു ജന വിഭാഗത്തിന് ലഭിക്കേണ്ട ഭരണഘടനാപരമായ അവകാശങ്ങളുടെ ധ്വംസനമാകുന്നു.

കാടുറങ്ങാറില്ല, പുഴകളും മലകളും ഉറങ്ങാറില്ല. മക്കളെ നെഞ്ചോട് ചേർത്ത് രാവിൽ ഇമചിമ്മാതെ മാമരങ്ങൾ കാവൽ നിൽക്കുമ്പോൾ മുച്ചൂടും മൂടി പ്രതികാരം ചെയ്യാൻ കാട്ടെരുക്കുകൾക്ക് പ്രപഞ്ചം കരുത്ത് പകരും.

കരിമരുന്നിന്റെ ഗന്ധം പോയി മാമലകളിൽ ഗുൽമോഹർ പൂക്കുന്ന കാലം വിദൂരമല്ല.



മുഹമ്മദ് സമീൽ

# ഉണ്ടയുടെ രാഷ്ട്രീയവും വർത്തമാനവും



ഉണ്ട, ദളിത് സാമൂഹ്യാവസ്ഥയുടെയും, ഉത്തരേന്ത്യൻ രാഷ്ട്രീയത്തിന്റെയും നേർചിത്രം വരച്ച് കാട്ടുന്ന ഏറ്റവും സ്പർശനാത്മകവും ചിന്തിപ്പിക്കുന്നതുമായ സിനിമയാണ്. മുപ്പതോളം പോലീസ് കഥാപാത്രങ്ങളിൽ കോരിത്തരിപ്പിക്കുന്ന ബി ജി എമ്മിൽ തിയറ്റർ ഇളക്കിമറിക്കുന്ന മമ്മൂട്ടിയുടെ ക്ലീഷേ നായക സങ്കൽപ്പങ്ങളിൽ നിന്ന് പൂർണ്ണമായും വ്യത്യസ്തമായ ചിത്രത്തിലെ രാഷ്ട്രീയം എക്കാലത്തും പ്രസക്തമാണ്.

ഉണ്ടയുടെ രാഷ്ട്രീയം ഒരു പോലീസ് കൂട്ടത്തിൽ നിന്നും, അക്കൂട്ടത്തിലുള്ള വിവിധ സാമൂഹ്യ അന്തരീക്ഷത്തിൽ നിന്നും വരുന്ന പോലീസ് കഥാപാത്രങ്ങളിലൂടെ അവരുടെ സംഭാഷണത്തിലൂടെ, ഛത്തിസ്ഗഢിലെ ഒരു ആദിവാസി മാവോയിസ്റ്റ് മേഖലയിൽ നടത്തുന്ന ഇടപെടലിലൂടെ അനാവൃതമാകുന്ന ഒന്നാണ്. അമാനുഷികരായ നായക സങ്കൽപ്പങ്ങളോ അനുബന്ധ കഥാപാത്രങ്ങളോ അക്കൂട്ടത്തിൽ ഇല്ല. പ്രധാന പോലീസ് കഥാപാത്രമായ എസ്. ഐ മണികണ്ഠനും, സാധാരണയിൽ സാധാരണക്കാരനായ ഒരു പോലീസുകാരനാണ്. പത്ത് റൗണ്ട് ഉണ്ട കൊണ്ട് മാത്രം, ഒരു മാവോയിസ്റ്റ് മേഖലയിൽ ഇലക്ഷൻ നടത്തിപ്പിനായി അവർ വരുന്നു. ക്രമ സമാധാന പരിപാലനമാണ് ലക്ഷ്യം. എന്നാൽ, മാവോയിസ്റ്റ് മേഖലയുടെ ഗൗരവം അവർ മനസ്സിലാകുന്നില്ല. തുടക്കത്തിൽ തന്നെ ഗൗരവം അവരുടെ മുന്നിൽ അനാവൃതമാകുന്നു. ഛത്തിസ്ഗഢിലെ ആദ്യരാത്രിയിൽ തന്നെ അവർക്ക് നേരെ വെടിവെയ്പ്പ് നടക്കുന്നു. ഇതിനിടയിൽ ഒരു മൈനർ ഹാർട്ടറ്റാക് മധ്യ വയസ്കനായ മണിസാറിന് ഉണ്ടാകുന്നു. മണി സാറിന്റെ ഗുളികപ്പെട്ടിയും വായിക്കുന്ന പുസ്തകവും പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഗുളികപ്പെട്ടി ഒരു മധ്യ വയസ്കനായ പോലീസുകാരന്റെ ആരോഗ്യ പരാധീനതകളെ കാട്ടുമ്പോൾ വായിക്കുന്ന പുസ്തകത്തിലെ ഒരു നാടോടി കഥാപാത്രം, ഒരു പരുന്തിനൊപ്പം കാണപ്പെടുന്ന ഗോത്ര സ്ത്രീ ചിത്രത്തിൽ ഗൂഢാത്മകത നൽകുന്നു.

ഒരു ദളിത് ആദിവാസി പൊലീസുകാരനായ ബിജു സഹപ്രവർത്തകരിൽ നിന്നും നേരിടുന്ന വിവേചനങ്ങളും കളിയാക്കലുകളും മാറിയ കാലത്തും മാറാത്ത നമ്മുടെ മനസ്ഥിതിയുടെ പരിച്ഛേദം ആണ്. ബിജു ഗ്രാമത്തിൽ വന്നത് മുതൽ തന്നെ തന്നെ തന്റെ ഊരിലുള്ളത് പോലെ കാതങ്ങൾക്കപ്പുറമുള്ള ഈ ഉൾനാടൻ ഗ്രാമത്തിലും ഊരുവിലക്കിനെ അയാൾ നടുന്നു. ചിത്രത്തിന്റെ അവസാനം ആ ഊരുവിലക്ക് തെളിയിച്ചതാണ് സംഘം ആ ഗ്രാമം വിട്ട് പോകുന്നത്. ഗ്രാമത്തിലെ കുട്ടികളോട് സൗഹൃദം പങ്ക് വയ്ക്കുന്ന ബിജുവിനെ സഹപ്രവർത്തകൻ കളിയാക്കുന്നു. തുടർന്ന് അവർ പരസ്പരം വഴക്ക് ഉണ്ടാക്കുകയും കയ്യാങ്കളിയിലേക്ക് നീങ്ങുകയും ചെയ്യുന്നു. വിവേചനത്തിൽ മനസ്സ് മടുത്ത ബിജു, താൻ ഈ ജോലി രാജിവയ്ക്കുകയാണെന്നും മടുത്തു എന്നും പറയുമ്പോൾ ഇന്നും സംവരണത്തിലൂടെ നാം മുന്നോട്ട് കൊണ്ട് വരാൻ ശ്രമിക്കുന്ന അധഃ
സ്ഥിത സമൂഹങ്ങളെ എപ്രകാരം ആണ് മാനസികമായി തൊഴിലിടത്തിൽ തളർത്തുന്നത് എന്നതിന്റെ ഉദാഹരണം കൂടിയാണത്. മണി സാർ ഈ വിഷയം അവതരിപ്പിക്കുന്നത് ലളിതമായിട്ടാണ്. ക്ലൈമാക്സിൽ ഒഴികെ കാണാൻ സാധിക്കുന്നത് മണി സാറിന്റെ നിസ്സഹായാവസ്ഥയാണ്. തന്റെ സംഘത്തെ നയിക്കുമ്പോഴും അവർ മണി സാറിനെ പലപ്പോഴും ബഹുമാനിക്കുന്നില്ല. മണി സാറിന്റെ അനുഭവങ്ങളിലെ അപര്യാപ്തതയും ഉണ്ടയില്ലാത്ത നിരാശയും അവരെ ബാധിക്കുന്നു. മണിസാർ വീട്ടിലേക്ക് വിളിക്കുന്ന സീനിൽ ചുവരിൽ അയ്യൻകാളിയുടെ ചിത്രം കാണാം. ഒരുപക്ഷെ ബിജുവിന് നേരിട്ട വിവേചനം മണിസാറിനെക്കാൾ നന്നായി ആ കൂട്ടത്തിൽ ആർക്കും മനസ്സിലാക്കാൻ കഴിയില്ല! നിരന്തരം പരിഹാസപാത്രമാകുമ്പോഴും ബിജുവിന്റെ നിലപാടും വ്യക്തമാണ്. നീയൊന്നും വീട്ടിൽ തൂറാത്തത് കൊണ്ട് കുഴപ്പമൊന്നും ഉണ്ടാകത്തില്ല എന്ന പരിഹാസത്തിനെ 'ഞങ്ങൾക്കൊക്കെ വീടിന്റെയുള്ളിൽ

തുറുന്നതാണ് വൃത്തികേടായി തോന്നുന്നത് ' എന്ന മറുപടിയിലൂടെ ദ്വന്തങ്ങളാണ് വെളിവാക്കപ്പെടുന്നത്. പുരോഗതിയുടെ വീമ്പ് പറയുമ്പോഴും നമ്മുടെ പുരോഗമനം എത്രമാത്രം തുച്ഛമാണ് എന്ന് ഈ സംഭാഷണം തുറന്ന് കാട്ടുന്നു. ചിത്രത്തിന്റെ രാഷ്ട്രീയ രത്നച്ചുരുക്കം ആയി ഇതിനെ നമുക്ക് കാണാം. ക്രുണാൽ ചന്ദാണ് മറ്റൊരു നൊമ്പരപ്പിക്കുന്ന കഥാപാത്രം. മാവോയിസ്റ്റ് എന്ന് ക്രുണാൽ ചന്ദിനെ ഒരു വേള സംഘത്തിലെ എല്ലാവരും മുദ്രകുത്തുന്നു. അയാളുടെ മകനെ മാവോയിസ്റ്റ് എന്ന് ആരോപിച്ച് പോലീസുകാർ വകവരുത്തുന്നു. എന്നാൽ അതറിയാതെ പോലീസിന് പരാതി കൊടുക്കാൻ പോകുന്ന ക്രുണാൽചന്ദ് സിനിമ കണ്ടിറങ്ങുമ്പോഴും നമ്മെ വിട്ട് പോകില്ല. ആരാണ് മാവോയിസ്റ്റ് എന്ന ചോദ്യം മാത്രമാണ് അവസാനം നിലനിൽക്കുന്നത്. വെയിറ്റിംഗ് ഫോർ ഗോദോയിലെ ഗോദോയെ പോലെ മാവോയിസ്റ്റ് സംഭാഷണങ്ങളിൽ നിറയുന്നു. എന്നാൽ സിനിമയിൽ മാവോയിസ്റ്റ് അവതരിക്കുന്നില്ല. ആരാണ് ഭൂമിയുടെ യഥാർത്ഥ അവകാശികൾ എന്ന ചോദ്യമാണ് ക്രുണാൽ ചന്ദിലൂടെ നമ്മുടെ മുന്നിലേക്കെത്തുന്നത്. കുടിക്കാനും കുളിക്കാനും പോലും വെള്ളം ലഭിക്കാത്ത, മാവോയിസ്റ്റുകൾ ഒറ്റുകാരെന്നും, പോലീസ് മാവോ അനുകൂലികളെന്നും പറഞ്ഞ് ആ ജനതയെ ഇല്ലായ്മചെയ്യുന്നു. ക്രുണാൽ ചന്ദിന്റെ മകനെ പോലെ വേരുകളാഴ്ത്താൻ ശ്രമിക്കുന്ന തദ്ദേശികൾ വേരുകൾ ഇല്ലാത്തവരായി മാറുന്നു. ഇത് നിങ്ങളുടെ ഭൂമിയാണ്, ഇവിടം വിട്ട് പോകരുതെന്ന മണി സാറിന്റെ വാക്കുകൾ എത്രമേൽ പ്രാവർത്തികമാകും എന്നതും സമകാലികമായ ഇന്ത്യയിൽ ചിന്തനീയമായ കാര്യമാണ്.

ഭരണ കൂടത്തിന്റെ പരാജയം തുറന്ന് കാട്ടുന്ന സൃഷ്ടിയാണ് ഉണ്ട. ജനാധിപത്യത്തിൽ ജനങ്ങളോട് കൂറ് പുലർത്തേണ്ടുന്ന ഭരണകൂടം എപ്രകാരം ആണ് നേർ വിപരീതച്ചേരിയിൽ എത്തിപ്പെടുന്നത് എന്നതും ഒരു ചോദ്യമാണ്. ചിത്രത്തിൽ തുടക്കം മുതൽ തന്നെ വില്ലനായി വരുന്നത് മാവോയിസ്റ്റുകളാണ്. അവരിൽ നിന്നും ജനാധിപത്യത്തെ സംരക്ഷിക്കുകയാണ് പോലീസ് സംഘത്തിന്റെ ലക്ഷ്യം. എന്നാൽ മാവോയിസ്റ്റുകൾ ഒരു മിഥ്യയാണോ അതോ ഭരണകൂടത്തിന്റെ സൃഷ്ടിയാണോ എന്നത് ഒരു ചോദ്യമായി നിലനിൽക്കുന്നു. മാവോയിസ്റ്റുകൾ എന്ന ശത്രുവിനെ തുടക്കത്തിലേ വ്യവസ്ഥിതിയിൽ പ്രതിഷ്ഠിക്കുന്നതിലൂടെ അതിന്റെ മറവ് പറ്റി നടക്കുന്ന ജനാതിപത്യ ലംഘനങ്ങൾ ചിത്രം വ്യക്തമാകുന്നു. ക്രുണാൽചന്ദ് അതിന്റെ ഉദാഹരണമാണ്. ഭരണകൂടത്തെ നിയന്ത്രിക്കുന്ന ഒരു വലിയ ശക്തിയുണ്ടെന്നും,




*"ഭരണ കൂടത്തിന്റെ പരാജയം തുറന്ന് കാട്ടുന്ന സൃഷ്ടിയാണ് ഉണ്ട. ജനാധിപത്യത്തിൽ ജനങ്ങളോട് കൂറ് പുലർത്തേണ്ടുന്ന ഭരണകൂടം എപ്രകാരം ആണ് നേർ വിപരീതച്ചേരിയിൽ എത്തിപ്പെടുന്നത് എന്നതും ഒരു ചോദ്യമാണ്. ചിത്രത്തിൽ തുടക്കം മുതൽ തന്നെ വില്ലനായി വരുന്നത് മാവോയിസ്റ്റുകളാണ്. അവരിൽ നിന്നും ജനാധിപത്യത്തെ സംരക്ഷിക്കുകയാണ് പോലീസ് സംഘത്തിന്റെ ലക്ഷ്യം. എന്നാൽ മാവോയിസ്റ്റുകൾ ഒരു മിഥ്യയാണോ അതോ ഭരണകൂടത്തിന്റെ സൃഷ്ടിയാണോ എന്നത് ഒരു ചോദ്യമായി നിലനിൽക്കുന്നു."*

അവർ സൃഷ്ടിച്ചെടുക്കുന്ന ശത്രുക്കളെയും മിത്രങ്ങളെയും രൂപരേഖകളെയും വിവേചനത്തെയും ആണ് ഭരണകൂടം നമുക്ക് മുന്നിലെത്തിക്കുന്നത് എന്ന് ഉണ്ട കാണിച്ച് തരുന്നു. നാം ഇരുട്ടറയിൽ പരസ്പരം അറിയാതെ പൊരുതുന്നു. അവകാശികൾക്ക് അവകാശം നിഷേധിക്കുന്നു. ക്ലൈമാക്സിൽ ശരിക്കുമുള്ള ജനാധിപത്യ ലംഘനം നമുക്ക് കാണാൻ സാധിക്കുന്നു. അതിനെതിരെ ശബ്ദിക്കുന്ന പോലീസ് സംഘം ചെറുതിന്റെ പ്രതിനിധിയാണ്. മുതലാളിത്തത്തിനും, ഭരണകൂടത്തിനും, മാവോയിസ്റ്റുകൾക്കും ഇടയിൽ ജീവിക്കുന്ന ഗോത്ര സമൂഹവും ചെറുതിന്റെ നിലനിൽപിന് പൊരുതുന്നവരാണ്. പെരും നുണകളുടെ ഊതിവീർപ്പിക്കലിന്റെ കാലത്തിൽ നാം കാണാതിരുന്ന, കണ്ടു മറക്കുന്ന ചെറുതുകളെ സിനിമ വലുതായി കാട്ടിത്തരുന്നു. വലുതിന്റെ ലോകത്തെ ചെറുതിന്റെ പൊരുതൽ കൂടിയാണ് ചിത്രം.

'ആത്മാക്കളെ തിരിച്ചറിയുന്നവർ' എന്ന മണി സാർ വായിക്കുന്ന പുസ്തകം സൃഷ്ടിച്ചെടുക്കുന്ന ഒരു ഇല്ല്യൂഷൻ ചിത്രത്തിൽ ഉടനീളം ഇടവിട്ട് കാണുന്നു. പരുന്തിനൊപ്പമുള്ള ഗോത്രസ്ത്രീയെ മണിസാർ മാത്രമാണ് കാണുന്നത്.

ആ മിഥ്യക്ക് സത്യത്തോളം തന്നെ ചിത്രത്തിൽ പ്രാധാന്യം ഉണ്ട്. മാവോയിസ്റ്റിനെ ചിത്രത്തിൽ കാണുന്നില്ല. എന്നാൽ ഗോത്ര സ്ത്രീയെ മണി സാറും സാറിലൂടെ നമ്മളും കാണുന്നു. അരികുവത്കരിക്കപ്പെട്ട ഗോത്രസംസ്കാരത്തിന്റെ അവശേഷിക്കുന്ന അവകാശികളുടെ പരിച്ഛേദം ആണ് ആ സിംബൽ. പ്രതിസന്ധികൾ വരുമ്പോൾ പ്രത്യക്ഷപ്പെടുന്ന ഈ സിംബൽ തന്നെയാണ് നമ്മൾ വേരുകളിലേക്ക്, തിരസ്കരിക്കപ്പെട്ട പഴയ പാന്ഥാവുകളിലേക്ക് മടങ്ങണമെന്ന് കാട്ടിത്തരുന്നത്.

ഉണ്ട അതിന്റെ പ്രമേയം കൊണ്ടും രാഷ്ട്രീയം കൊണ്ടും ഒരു പാൻ ഇന്ത്യൻ സിനിമയാണ്. പലരും പറയാൻ മടിക്കുന്ന രാഷ്ട്രീയത്തെ ഉണ്ട കാട്ടിത്തന്നു. അർഹർ അനർഹർ ആകുന്ന, വേരുകൾ മുറിയാതിരിക്കാൻ ചെറുത്തുനിൽകുന്ന, ജാതീയതയും വംശവെറിയും വിട്ട് മാറാത്ത, തന്നെത്തന്നെ തിരയുന്ന അട്ടിമറിക്കപ്പെട്ട ജനാധിപത്യത്തെ കാട്ടിത്തരുന്ന പുതിയ ഇന്ത്യയുടെ ചിത്രമാണ് ഉണ്ട. ചിത്രം കണ്ടിറങ്ങുമ്പോൾ ഊരുവിളക്കിൽ തിരിതെളിച്ച് മടങ്ങുന്ന സംഘത്തെ പോലെ കാഴ്ച്ചക്കാരന്റെ ഉള്ളിലും ഇന്നിന്റെ ഇന്ത്യയെ പറ്റി ഒരു തിരി തെളിയുന്നു . ഉണ്ട സുന്ദരമാണ്.


പക്ഷെ അവർക്ക് ആത്മാക്കളെ ചങ്ങലക്കിടാൻ കഴിയുമായിരുന്നില്ല.
പുറത്ത് കടന്ന അവർ വിമോചനത്തിന്റെ കാഹളത്തെ തെരുവീഥിയിൽ മുഴക്കി.



# സർഗാത്മക ജയിലുകൾ

സിദ്ധീഖ് എൻ (യൂണിയൻ ചെയർമാൻ)

സർഗ്ഗ സൃഷ്ടിയുടെ സർഗ്ഗവേദികളിൽ ഇന്ന് മുരടിപ്പിന്റെ വസന്തമാണ്, പ്രണയവും വിരഹവും പഠനവും വിപ്ലവവും എല്ലാം തന്നെ മലീമസമായ ഭാവിയിലേക്ക് ബോധത്തിന്റെ അംശം തീരെയില്ലാതെ ഓടിക്കൊണ്ടിരിക്കുന്നു. ഉപഭോഗസംസ്കാരം ഇല്ലായ്മ ചെയ്ത സർവ്വ നന്മകളെയും തിരിച്ചുപിടിക്കേണ്ട ഉത്തരവാദിത്തം സ്വയം മറന്ന്, പീഡിതരുടെ വ്രണങ്ങൾ ഉണങ്ങാതെ സംരക്ഷിച്ചു അവ ഒരു സമൂഹത്തിന്റെ സകല കോണുകളിലേക്കും പടരുന്നത് നോക്കി ആർത്തട്ടഹസിച്ചു, ആ പുഴുക്കളെ വിറ്റ് കിട്ടുന്ന പണം ഡെപ്പോസിറ്റാക്കി, ശേഷമുണ്ടാകുന്ന വിസർജ്യത്തിൽ ജീവിക്കുന്ന സാമൂഹ്യപ്രവർത്തന മാതൃകകൾ കലാലയ കാലം മുതൽക്കേ ഒരു സമൂഹത്തിന് പിന്തുടരാൻ കഴിയുന്നുണ്ട്. ഇതിനർത്ഥം സമാനമായ മൂല്യച്യുതി രക്തത്തിലും അതു വഴി ഭ്രൂണത്തിലേക്കും എത്തിക്കഴിഞ്ഞു എന്നുതന്നെയാണ്. മറ്റൊരുതരത്തിൽ, ഒരു തലമുറയെ തന്നെ ഈ വിധത്തിലുള്ള വിസർജ്യ സംസ്ക്കാരത്തിന്റെ പിന്തുടർച്ചാവകാശക്കാരാക്കി മാറ്റി ഭാവിയിൽ കലാ സാംസ്കാരിക രംഗത്തുണ്ടാകുന്ന പുരോഗമനത്തെ മുളയിലേ നുള്ളുകയും അങ്ങനെ ബ്രോയിലർ ചാവേറുകളെ സൃഷ്ടിച്ചിറക്കുന്ന ഇൻക്യുബേറ്ററുകൾ ആയി നമ്മുടെ കലാലയങ്ങളെ മാറ്റുകയും ചെയ്യുന്ന തരത്തിലുള്ള അജണ്ടകൾ ആരുടെയൊക്കെയോ ശ്രമഫലമായി രൂപപ്പെടുകയും, വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ ഉൾപ്പെടെ ബോധപൂർവമോ അല്ലാതെയോ ഇതിന്റെ പ്രചാരകർ ആകുകയും ചെയ്യുന്നുണ്ട് എന്നതാണ് അതിന്റെ ശരി.

കുത്തക മാനേജ്മെന്റുകളുടെ വ്യവസായങ്ങളായി മാറിക്കൊണ്ട്, അറിവിന്റെ അടിസ്ഥാനം സ്വാതന്ത്ര്യം ആണെന്ന ബോധം വിദ്യാർത്ഥികളിൽ സ്ഫുരിക്കുന്നതിന് തടയിട്ടും, ഏതുവിധേനയും അച്ചടക്കം എന്ന കപട നാടകത്തെ വിജയിപ്പിക്കുവാനും അത്യന്തം പരിശ്രമിക്കുന്ന തൊഴിൽ രഹിതരും കപട സദാചാര വാദികളും ആകെക്കൂടി അഭിനയിച്ചു ദുരന്തഭൂമിയാക്കി മാറ്റപ്പെട്ട കലാലയങ്ങളിൽ, ഇന്നുള്ളത് സർഗാത്മകത അല്ല, മറിച്ചു ആർക്കും വേണ്ടാത്ത പാഴ്മരങ്ങളും, ഒപ്പം മരണസാമാനമായ മരവിപ്പുമാണ്. ഇത്തരമൊരു മരവിപ്പിൽ നിന്നും പുറത്തുവരുന്ന തലമുറയ്ക്ക്, നാളെ തന്റെ നേരെ ഒരുവൻ വാളോങ്ങിയാൽ പോലും അച്ചടക്കത്തോടെ കണ്ണും മിഴിച്ചു നോക്കിനിൽക്കാനേ സാധിക്കൂ എന്നറിയുന്നിടത്താണ് ഈ അവസ്ഥയുടെ ഭീകരത നമുക്ക് ബോധ്യമാകുന്നത്.



പ്രണയവും രാഷ്ട്രീയവും കലയും അടക്കമുള്ള സർഗാത്മക പ്രവർത്തനങ്ങൾ ഇന്ന് ചിലർക്കൊക്കെ ദുർനടപ്പാണ്. രാഷ്ട്രീയത്തെ അക്രമത്തിന്റെ പേരുപറഞ്ഞു എതിർക്കുക, കലയെ നഷ്ടക്കച്ചവടം എന്ന് പറഞ്ഞു ആക്ഷേപിക്കുക, പ്രണയത്തെ ദുർനടപ്പെന്നു വ്യാഖ്യാനിക്കുക. ഇവയൊക്കെയാണ് ഇത്തരക്കാരുടെ മാനസിക വൈകൃതങ്ങളുടെ ആദ്യ ലക്ഷണങ്ങൾ. വിദ്യാർഥികളുടെ ഔദാര്യത്തിൽ മാത്രം കഴിഞ്ഞുപോകുന്ന ഇവരുടെ ഓരോ ദിനങ്ങളും ഒരുതരത്തിൽ ഭാവി തലമുറ നൽകുന്ന ഭിക്ഷയാണ്. അത്രമാത്രം ദാരിദ്രമായ അസ്തിത്വം പേറിയുള്ള, സമാനമായ വൈകൃതങ്ങൾ ആണ്, നിലവിൽ മിക്ക കലാലയങ്ങളിലും ദുരന്തം വിതയ്ക്കുന്നത്. ഒരു പണിയുമെടുക്കാതെ മറ്റുള്ളവരുടെ സ്വകാര്യതയിൽ കൈയും കാലും വേണ്ടിവന്നാൽ സ്വയം കടന്നുകയറി പല്ലിളിക്കുന്ന ചില ജന്മങ്ങൾ, ഇവർ പ്രതിനിധീകരിക്കുന്ന മുഴുവൻ സമൂഹത്തിനും അപമാനം മാത്രമാണ് സമ്മാനിക്കുക.

ഭയത്തിന്റെയും ഉപദ്രവത്തിന്റെയും ഇത്തരം അന്തരീക്ഷത്തിൽ വിദ്യാർത്ഥികൾ പഠിക്കേണ്ടി വരുമ്പോൾ, അതവരുടെ ബൗദ്ധിക തലത്തിൽ കടുത്ത അരാജകത്വം മാത്രമാണ് സൃഷ്ടിക്കുക. ഫലമോ വിദ്യാഭ്യാസം തുടരുന്നതിൽ നിന്ന് വരെ അവരെ പിന്നോട്ട് വലിക്കാൻ ഇത്തരം ഉപദ്രവങ്ങൾക്ക് സാധിക്കുന്നു. എന്നാൽ ഇവയൊന്നും ബാധകമല്ലാത്ത ബ്രോയിലർ വിദ്യാർഥികൾ മാത്രം ഉപദ്രവങ്ങൾ അനുഗ്രഹം ആണെന്ന് സ്വയം ആശ്വസിച്ചു ഭാവിയിലെ ദുരന്ത ചിത്രങ്ങൾ ആകാൻ സ്വയം മുന്നോട്ട് വരികയും, നേരത്തെ സൂചിപ്പിച്ച ജന്മങ്ങളുടെ പിന്തുടർച്ചക്കാർ ആകുകയും ചെയ്യുന്നു. ഇങ്ങനെയൊരു കാലഘട്ടത്തിൽ ക്യാമ്പസ് സർഗാത്മകത എന്ന വാക്കുപോലും ഉപയോഗിക്കുന്നതിൽ അർഥമില്ല എന്നുള്ളതാണ് അതിന്റെയൊരു ശരി.

> *"ഇത്തരമൊരു മരവിപ്പിൽ നിന്നും പുറത്തു വരുന്ന തലമുറയ്ക്ക്, നാളെ തന്റെ നേരെ ഒരുവൻ വാളോങ്ങിയാൽ പോലും അച്ചടക്കത്തോടെ കണ്ണും മിഴിച്ചു നോക്കിനിൽക്കാനേ സാധിക്കു എന്നറിയുന്നിടത്താണ് ഈ അവസ്ഥയുടെ ഭീകരത നമുക്ക് ബോധ്യമാകുന്നത്."*

ഒരു മനുഷ്യന്റെ ധാർമികബോധം –
മനുഷ്യ സഹജമായ സഹതാപം,
വിദ്യാഭ്യാസം, സാമൂഹികബന്ധം എന്നിവയെ
ആശ്രയിച്ചാണിരിക്കുന്നത്. മതത്തിന്റെ
യാതൊരു ആവശ്യവും അവിടെയില്ല. മരണാനന്തരം
സമ്മാനം ലഭിക്കുമെന്ന മോഹം കൊണ്ടോ
ശിക്ഷ കിട്ടുമെന്ന ഭയം കൊണ്ടോ മനുഷ്യൻ
നിയന്ത്രിക്കപ്പെടുന്നുവെന്ന് വന്നാൽ അത്
പരമദയനീയമാണ്.

– ആൽബെർട് ഐൻസ്റ്റീൻ



കാഹളം പതിയെ പതിയെ തെരുവീഥിയിൽ ഒരു നദിയായി,
നദി കടലായി, കടൽ കൊടുങ്കാറ്റായി,
കറുത്തവാക്കിന്റെയും, വെളുത്തവാക്കിന്റെയും, ആൺവാക്കിന്റെയും, പെൺ വാക്കിന്റെയും,
മൂന്നാം ലിംഗത്തിന്റെയും വാക്ക് സന്തതികൾ ദുർഗ്ഗത്തിനരികെ കറുത്ത
കൊടുങ്കാറ്റായി വന്നെത്തി.



# അഭിമുഖം

**മീന ടി പിള്ളൈ , എഡിറ്റോറിയൽ ടീം**



ഫെമിനിസം, ഉന്നത വിദ്യാഭ്യാസം, പ്രണയം, സിനിമ
അധ്യാപികയും, വിദ്യാഭ്യാസവിചക്ഷണയുമായ മീന ടി പിള്ളൈയും ആയിട്ടുള്ള അഭിമുഖം

***കേരളത്തിൽ പൊതുവേ സ്ത്രീ സ്വതന്ത്ര്യം മതവുമായി കൂട്ടികുഴക്കുന്ന അവസ്ഥ ഉണ്ടാകുന്നു. ശബരിമല സ്ത്രീപ്രവേശനം, കിതാബ് നാടകം, മുതലായ വിഷയങ്ങളിൽ ഈ മതഅസഹിഷ്ണുതാ നമ്മൾ കണ്ടതാണ്. ഇതിനെ പെൺകുട്ടികൾക്ക് എങ്ങനെ പ്രതിരോധിക്കാൻ കഴിയുമെന്നാണ് തോന്നുന്നത്?***

ഇവിടെ ഓർഗനൈസ്ഡ് റിലീജിയനും ദൈവ വിശ്വാസവും കൂട്ടിക്കുഴക്കുന്നു എന്നതാണ് പ്രശ്നം. ദൈവ വിശ്വാസം നല്ലതാണ്. നിങ്ങൾക്ക് നിങ്ങളുടെ ഫെയ്ത് എങ്ങനെ എന്ത് പറയുന്നു അതിനനുസരിച്ച് ജീവിക്കാനും അതുമായിട്ട് ഇന്ററാക്ട് ചെയ്യാനും സ്വാതന്ത്ര്യം നിങ്ങൾക്കുണ്ട്. പക്ഷെ ഓർഗനൈസ്ഡ് റിലീജിയന്റെ ഘടന വേറെയാണ്. അത് ക്യാപിറ്റലിസ്റ്റ് ആണ്, പാട്രിയാർക്കൽ ആണ്, അതിനു സംശയമൊന്നുമില്ല. ഇത്തരം ഓർഗനൈസ്ഡ് റിലീജിയന്റെ അജണ്ടയിലേക്ക് നമ്മൾ എത്തുമ്പോഴാണ് ഈ കോൺഫ്ലിക്റ്റുകൾ പലപ്പോഴും ഉണ്ടാകുന്നത്. മാർക്സ് പറഞ്ഞ പോലെ കറുപ്പാണ് എന്നൊന്നും ഞാൻ പറയുന്നില്ല, പക്ഷെ കറുപ്പാണ്. ഒരു തരത്തിൽ ഇന്ന് നമ്മൾ നോക്കുമ്പോൾ കേരളത്തിന്റെ ആധുനികതയിൽ നമ്മൾ നേടിയെടുത്ത പല പുരോഗമന ആശയങ്ങളും പുറകോട്ടടിച്ചുകൊണ്ടാണ് ഇന്ന് പല വിശ്വാസങ്ങൾ എന്ന് പറഞ്ഞു കൊണ്ട്, വിശ്വാസസംഹിതകൾ എന്ന് പറഞ്ഞു കൊണ്ട് നമ്മളുടെ മുന്നിലേക്ക് എത്തുന്നത്. അപ്പോൾ ഇതിനെ വിവേചനത്തോടെ ഒരുപക്ഷെ നമ്മൾ സോഷ്യൽ മൂവ് മെന്റ്സിൽ കൂടി ആർജിച്ച ഒരുതരം മോഡെർനിറ്റി. ഇതിന്റെ കരുത്തോട് കൂടി നമുക്ക് ഇതിനെ പ്രതിരോധിക്കേണ്ടിയിരിക്കുന്നു എന്ന് തോന്നുന്നു. ഇപ്പോൾ തന്നെ മന്ത്രവാദം കൊണ്ട് മരിക്കുന്ന ജനങ്ങൾ, പീഢനങ്ങൾ ഏൽക്കുന്ന ആൾക്കാർ, ഇത് നമ്മൾ പഠിക്കുമ്പോൾ തന്നെ ഇതിനെ പറ്റി പറയുമ്പോൾ തന്നെ നമ്മളുടെ എല്ലാവരുടെയും ജീവിതത്തിൽ രാഹുകാലം തൊട്ട് ഇങ്ങോട്ടുള്ള എല്ലാം തന്നെ എത്രയൊക്കെയോ തരത്തിൽ ഏതൊക്കെയോ രീതിയിൽ അടയാളപ്പെടുത്തിയിട്ടുണ്ടാകും. നമ്മുടെയൊക്കെ ജീവിതം അങ്ങനെയാണ് ചലിക്കുന്നതെന്ന നഗ്ന സത്യം നമുക്ക് തിരിച്ചറിയാതിരിക്കാൻ പറ്റില്ല. മാത്രമല്ല, ജാതിയില്ലാത്ത, മതമില്ലാത്ത രാഷ്ട്രം വിഭാവനം ചെയ്യുന്നവരാണ് ചെറുപ്പക്കാരായ നിങ്ങളെങ്കിലും എന്ന് ഞാൻ വിചാരിക്കുന്നു. പക്ഷെ ഇതിനെ തീർത്തും പ്രതിരോധിച്ചു കൊണ്ടാണ്, ഇതിനെ തകർത്തു കൊണ്ടാണ് വിവാഹങ്ങൾ പോലും നടക്കുന്നത്. എഴുപതുകളിലും എൺപതുകളിലും നമ്മുടെ ക്യാമ്പസിൽ ഡൗറി വാങ്ങാതെ, മതം നോക്കാതെ വിവാഹം കഴിക്കുമെന്ന് പറഞ്ഞ ചെറുപ്പക്കാരുടെ ഒരു കൂട്ടായ്മ തന്നെ നിലനിന്നിരുന്നു ഇന്നത് സാധ്യമാകുന്നത് പോലുമില്ല. കാരണം ഇന്ന് മാര്യേജ് മാർക്കറ്റ് വാല്യൂ നോക്കും. ഈഴവ മാട്രിമോണി, മുസ്‌ലിം മാട്രിമോണി, നായർ മാട്രിമോണി, ക്രിസ്ത്യൻ മാട്രിമോണി ഇങ്ങനെ പല തരം മാട്രിമോണി തന്നെയുണ്ട്. അപ്പോൾ അവിടെ മതം വേണം. ജാതി വേണം. എന്നാൽ മാത്രമേ ഒരു പ്രത്യേക തരത്തിലുള്ള, നമ്മളെ വേർതിരിച്ചുള്ള, പലതട്ടുകളിൽ നിർത്തി കൊണ്ട് ഭരണകൂടങ്ങൾക്ക് പ്രവർത്തിക്കാൻ പറ്റുകയുള്ളു. ഇതാരുടെ ആവശ്യമാണ് എന്ന് തിരിച്ചറിയുമ്പോൾ മാത്രമാണ് ഒരുപക്ഷെ ഇതിനെ പ്രതിരോധിക്കാനുള്ള ആർജവം നമ്മൾക്ക് ഉണ്ടാകുന്നത്. പെൺകുട്ടികൾ മാത്രമല്ല ആൺകുട്ടികളും, വരുന്ന തലമുറ ഒന്നിച്ച് നിന്ന് ഇതിനെ ചെറുക്കേണ്ട ആവശ്യമുണ്ട്. എന്റെ മകൾ ആരെ വിവാഹം കഴിക്കണം, ഏത് മതത്തിൽ പെട്ടയാളിനെയാണ് എന്ന് ഞാൻ നോക്കുന്നില്ല. ഓർഗനൈസ്ഡ് റിലീജിയൻ എല്ലായിപ്പോഴും അത് ഏത് റിലീജിയൻ ആയി കൊള്ളട്ടെ, പാട്രിയാർക്കൽ ആണ്. ഡെഫിനിറ്റിലി ക്യാപിറ്റലിസ്റ്റ് ആണ്. അതിനു സംശയമൊന്നുമില്ല. എന്തുകൊണ്ടാണ് ദൈവങ്ങൾക്ക് ഇന്ന് പരസ്യം വേണ്ടിവരുന്നത്. ദൈവങ്ങൾക്ക് പരസ്യം വേണോ? മതങ്ങൾക്കാണ് വേണ്ടത്, സംഘടനകൾക്കാണ് വേണ്ടത്. ദൈവത്തിനെ വിറ്റ് കാശുണ്ടാകുന്ന സംഘടനകൾക്കാണ് വേണ്ടത്. ഇന്നാളുടെ പൊങ്കാല എന്ന് പറഞ്ഞു കൊണ്ട് വല്യ ബോർഡുകൾ വരുന്നതിന്റെ ആവശ്യകത എന്താണ് ? എപ്പോഴെങ്കിലും ആലോചിച്ചു നോക്കിയിട്ടുണ്ടോ? പരസ്യ പ്രചരണങ്ങളിൽ കൂടി നമ്മൾ ദൈവങ്ങളെ പ്രതിഷ്ഠിക്കുന്ന ഒരു കാലഘട്ടത്തിലൂടെ നമ്മൾ പോകുമ്പോൾ ഈ തിരിച്ചറിവുകൾ ഉണ്ടായിരിക്കണം. അത് ആൺകുട്ടിയാണെങ്കിലും പെൺകുട്ടിയാണെങ്കിലും.

***വളരെ പുരോഗമനപരമായ നിലനിൽക്കുമ്പോഴും സ്ത്രീകൾക്ക് എതിരായി സൈബറിടങ്ങളിൽ പ്രത്യേകിച്ചു സ്വന്തം ഐഡന്റിറ്റി വോയ്സൗട്ട് ചെയ്യുന്നവർക്കെതിരെ ആക്രമണം നടക്കുന്നുണ്ട്. പാർവതിക്കെതിരായി നടന്ന ഫെമിനിച്ചി പ്രയോഗം റിമാകല്ലിങ്കലിനെതിരെ നടന്ന സമാനമായ ആക്രമണം എന്നിവ ഇത് സൂചിപ്പിക്കുന്നതാണ്. ഇത്തരത്തിൽ സ്വന്തം ഐഡന്റിറ്റി സൈബറിടങ്ങളിൽ വെളിവാക്കുന്നവർക്കെതിരെ ഉണ്ടാകുന്ന ആക്രമണം ഒരു ആഗോളപ്രശ്നമാണോ അതോ ഒരു റീജിയൻ സ്പെസിഫിക് ആയ ഒന്നാണോ?***

നമ്മളുടെ പൊതുഇടങ്ങളിൽ നമ്മളുടെ വ്യവഹാരങ്ങളിൽ ഒരുപക്ഷെ ജനപ്രിയ സംസ്കാരത്തിൽ ഫെമിനിസം ഭയങ്കര മോശപ്പെട്ട സംഗതിയാണെന്ന് ആൾറെഡി എസ്റ്റാബ്ലിഷ് ചെയ്ത് കഴിഞ്ഞു. ഇത് കാലാകാലങ്ങളായിട്ട് നടക്കുന്ന വളരെ ഓർഗനൈസ്ഡ് ആയിട്ടുമുള്ള ക്യാമ്പയിൻ ആണ്. ഫെമിനിസ്റ്റ് എന്ന് പറഞ്ഞാൽ എന്തോ മോശപ്പെട്ട കാര്യമാണ് എന്നാണ് അവർ കരുതുന്നത്. സ്ത്രീയും പുരുഷനും തുല്യരാണ്, അവർക്ക് അവകാശങ്ങൾ ഒരുപോലെയാണ് എന്ന് പറയുന്നതാണ് ഫെമിനിസം. ലിംഗ പരമായി വേറൊരാളെ അടിച്ചമർത്താൻ പാടില്ല എന്ന് പറയുന്നതാണ് ഫെമിനിസം. അങ്ങനെയാണെങ്കിൽ ഫെമിനിസത്തിനെന്താണ് തെറ്റ്. അപ്പോ ഏത് ഫെമിനിസത്തെ പറ്റിയാണ് നമ്മൾ പറയുന്നത്. ഇതിനിടയിൽ പലതരം ഫെമിനിസങ്ങൾ ഉണ്ടെന്ന് നമ്മൾക് അറിയാം. റാഡിക്കൽ ആയിട്ടുള്ള ഫെമിനിസ്റ്റ് മൂവ്മെന്റ്സ് ഉണ്ട് അത് നമുക്ക് ഇവിടെ നടക്കാത്ത കാര്യങ്ങളാണ്. വളരെ റാഡിക്കൽ ആയിട്ട് ഈ വ്യവസ്ഥകളെ എല്ലാം തകർത്തു കൊണ്ട്, അങ്ങനെ തകർക്കുമ്പോൾ ഏത് ഇടത്തിലേക്ക് ആണ് സ്ത്രീ പിന്നെ പോകേണ്ടത് ?എന്താണ് അവരുടെ സപ്പോർട്ട് സിസ്റ്റം, അങ്ങനത്തെ പ്രശ്നങ്ങളുണ്ട്. അപ്പോൾ അത്തരം റാഡിക്കൽ മൂവേമെന്റ്സിനെ പറ്റിയല്ല ഞാൻ ഈ പറയുന്നത്. പക്ഷെ അടിസ്ഥാനപരമായിട്ട് ഫെമിനിസം ഹ്യൂമനിസത്തിൽ ഊന്നിയ ഒരു കാര്യമാണ്. തുല്യരാണ് മനുഷ്യൻ. ഇത് നമ്മുടെ കോൺസ്റ്റിറ്റ്യൂഷൻ നമുക്ക് ഗ്യാരന്റി ചെയ്യുന്ന ഒരു അവകാശം കൂടിയാണ്. സ്ത്രീക്കും പുരുഷനും ഇടയിൽ വിവേചനങ്ങൾ പാടില്ല എന്ന് തന്നെയാണ്. ലോകമെമ്പാടും പൊരുതി മരിച്ചിട്ടാണ് ഇങ്ങനെ ഒരു അവസ്ഥയിലേക്ക് പല സ്ഥലങ്ങളിലും സ്ത്രീകൾക്ക് എത്താൻ സാധിച്ചത്. പക്ഷെ ഇന്ത്യയിൽ 1947 സ്വാതന്ത്ര്യം കിട്ടിയപ്പോൾ കോൺസ്റ്റിറ്റ്യൂഷന്റെ ഡ്രാഫ്റ്റിംഗിൽ വിഷണറി ആയിട്ടുള്ള പൊളിറ്റിക്കൽ ലീഡർഷിപ്പ് ആയിരുന്നു ഉണ്ടായിരുന്നത്. ഒരർത്ഥത്തിൽ പറഞ്ഞാൽ ഇത് വളരെ എളുപ്പത്തിൽ നമ്മൾ നേടിയെടുത്തു.

ടി.കെ.എം. കോളേജ് ഓഫ് ആർട്സ് & സയൻസ്, കൊല്ലം



1956 ൽ വന്ന കോൺസ്റ്റിട്യൂഷൻ നമ്മൾക്ക് ഇത് ഗ്യാരന്റി നൽകുന്നുണ്ട്. പക്ഷെ ഈ അവകാശങ്ങൾ എടുത്ത് ഉപയോഗിക്കാതിരിക്കാനാണ് നമ്മൾ ഇന്ന് പെൺകുട്ടികളെ പഠിപ്പിക്കുന്നത്. അത് നമ്മൾ എത്രവലിയ പുരോഗമനമാണെന്ന് പറഞ്ഞാൽ പോലും നമ്മുടെ വിദ്യാഭ്യസത്തിലാണെങ്കിലും നമ്മുടെ മതസ്ഥാപനങ്ങളിലാണെങ്കിലും, നമ്മുടെ കമ്മ്യൂണിറ്റി ഓറിയെന്റേഷൻസിലാണെങ്കിലും ഇത്തരം അവകാശങ്ങൾ നിങ്ങൾ ഉപയോഗിക്കരുത് എന്ന് പഠിപ്പിക്കുന്ന ഒരു പ്രവണത ഇന്ന് കാണുന്നുണ്ട്. ഇതിനെ പ്രതിരോധിക്കാൻ സ്ത്രീക്ക് മാത്രമായിട്ട് പറ്റില്ല. ഫെമിനിസത്തിന്റെ ഒരു ക്ലാസ് ഉണ്ടെങ്കിൽ എനിക്ക് തോന്നുന്നത് അവിടെ പെൺകുട്ടികളോടൊപ്പം തന്നെ ഇരിക്കേണ്ടത് ആൺ കുട്ടികളാണ്. എന്നാൽ മാത്രമേ ഒറ്റക്കെട്ടായിട്ട്, നിങ്ങൾക്ക് വേണ്ട ഒരു ഭാവി ഇതാണ്, 'എന്റെ സ്വപ്നത്തിലെ കിനാശ്ശേരി ' എന്ന് പറയുന്ന പോലെ നിങ്ങൾ വിഭാവനം ചെയ്യുന്ന കേരളം നാളെ നിങ്ങൾ ജീവിക്കേണ്ട നിങ്ങളുടെ കുട്ടികൾ ജീവിക്കേണ്ട ഒരു കേരളം ഇത്തരം ജാതീയമായി മതപരമായി അങ്ങേയറ്റം വിവേചനത്തിന്റെയും അടിച്ചമർത്തലുകളുടെയും ആയി മാറരുത്. ഒരു പകുതി പോപ്പുലേഷൻ അടിച്ചമർത്തപ്പെടുകയാണെങ്കിൽ അവിടെ എന്ത് ജനാധിപത്യമാണുള്ളത് ?

ജനാധിപത്യമെന്നുള്ളത് നമ്മൾ വോട്ട് രേഖപ്പെടുത്തുമ്പോൾ മാത്രം അറിയേണ്ട ഒരു പ്രക്രിയ അല്ല. നമ്മുടെ ദൈനംദിന ജീവിതത്തിൽ, നമ്മുടെ കുടുംബങ്ങളിൽ ഇന്ന് ജനാധിപത്യമുണ്ടോ? നമ്മുടെ മതസ്ഥാപനങ്ങളിൽ ഇന്ന് ജനാധിപത്യമുണ്ടോ? നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്ന് ജനാധിപത്യമുണ്ടോ? അത്രയും മാത്രം ആലോചിച്ചാൽ മതിയാകും. ജനാധിപത്യത്തെ വീണ്ടെടുക്കാൻ ഓരോ സ്ത്രീയും, ഓരോപൗരനും ഒന്നിച്ചുനിന്ന് പോരാടുകയാണെങ്കിൽ എനിക്ക് തോന്നുന്നത് നമുക്കിത് പറ്റും എന്ന് തന്നെയാണ്. അവിടെ ഞാൻ ഫെമിനിസം എന്ന് പറയുന്നതിനെ ഒരു വിശാല ആശയത്തിലൂടെയാണ് പറയുന്നത്. സ്വതന്ത്രമായ് ചിന്തിക്കുകയും നിങ്ങളോട് തോളോടുതോള് ചേർന്ന് നിന്ന് പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സ്ത്രീയെ അല്ലെ നിങ്ങൾക്ക് വേണ്ടത്. അല്ലാതെ ഒതുങ്ങി മെരുങ്ങി എന്തൊക്കെയോ വിഴുപ്പും ചുമന്ന് കൊണ്ട് അടിമത്വമനോഭാവവുമായിട്ട് നിങ്ങളോട് ചേർന്ന് നിക്കുന്ന ഒരു പങ്കാളിയെയാണ് നിങ്ങൾ സ്വപ്നം കാണുന്നത് എങ്കിൽ അവിടെ എന്തോ പ്രശ്നമുണ്ട്. നിങ്ങളുടെ എഡ്യൂക്കേഷനിൽ, വിശ്വാസങ്ങളിൽ പ്രശ്നമുണ്ട്. അങ്ങനെയാണ് നമ്മൾ ഫെമിനിസം എന്ന ഒരു വലിയ ആശയത്തിലേക് പോകുന്നത്.

***ഇന്നത്തെ കേരളത്തിൽ പ്രണയം പലപ്പോഴും മരണമാകുന്നു. അമ്പൂരിലെ രാഖിയും, പ്രണയത്തിൽ ഉറച്ചുനിന്ന കെവിന്റെയും നീനുവിന്റെയും ജീവിതം ഇന്ന് നമുക്ക് മുന്നിലുണ്ട്. പ്രണയത്തിൽ യോജിക്കുന്നവർക്കും, ഒരുമിച്ച് ജീവിക്കാനാഗ്രഹിക്കുന്നവർക്കും, മരണം പ്രണയിതാക്കൾ തന്നെ അല്ലെങ്കിൽ സമൂഹം സൃഷ്ടിക്കുന്നു ഇതിനെ എങ്ങനെ പ്രതിരോധിക്കാൻ കഴിയും?***

എനിക്ക് ഇവിടെ കേരളത്തിൽ മനസ്സിലാകാത്ത കാര്യം നമുക്കിവിടെ എത്ര അക്രമം കണ്ടാലും കുഴപ്പമില്ല, അക്രമ രാഷ്ട്രീയം കണ്ടാലും കുഴപ്പമില്ല പ്രണയം കാണാൻ നമുക്ക് വലിയ ബുദ്ധിമുട്ടാണ്.പ്രണയം കാണുക എന്നത് ചതുർത്ഥി പോലെയാണ് മലയാളിക്ക്. ഓരോരുത്തരുടെ ഉള്ളിലും ഒരു മോറൽ പോലീസിന്റെ ഒരു ഘടന ചെറുപ്പം മുതലേ നമ്മളിൽ പരിശീലിപ്പിച്ചിരിക്കുന്നു. ഇതിനെ പൊളിക്കാനോ ഇതിൽ നിന്ന് പുറത്തേക്ക് വരാനോ നമ്മൾക്കു പറ്റുന്നില്ല എന്നുള്ളതാണ് അതിന്റെ സത്യം. ഈ മോറൽ പൊലീസിങ് ഫോഴ്സ് നമ്മളുടെ ഉള്ളിൽ ഉള്ളടുത്തോളം കാലം ഇവിടെ പ്രണയങ്ങൾ ചുരുക്കമായിരിക്കും അല്ലെങ്കിൽ കോട്ടയത്ത് നടന്ന പോലുള്ള കാര്യങ്ങൾ കാണേണ്ടിവരും. പ്രണയം എന്ത് കൊണ്ടാണ് നമ്മൾ ഭയക്കുന്നത്? പ്രണയം ജാതിയെ അട്ടിമറിക്കും, പ്രണയം മതത്തെ അട്ടിമറിക്കും, പ്രണയം ക്ലാസിനെ അട്ടിമറിക്കും, വർഗ്ഗവർണ്ണ വിവേചനങ്ങളെ അട്ടിമറിക്കും. യഥാർത്ഥപ്രണയം അതാണ്. അത്തരത്തിലുള്ള വ്യത്യാസങ്ങൾ പ്രണയം അംഗീകരിക്കില്ല. അഞ്ഞൂറ് പവനും ഒരു ചാക്ക് സ്വർണവും ഓക്കെയായിട്ട് നടക്കുന്ന വിവാഹങ്ങൾ പ്രണയമുണ്ടെങ്കിൽ നടക്കില്ല. ഇത് കൊണ്ട് തന്നെയാണ് പ്രണയത്തെ മലയാളി ഭയക്കുന്നത്. സിംഗപ്പൂരിൽ നിന്ന് പറന്നു വരുന്ന പൂക്കളും അത് കൊണ്ട് അലങ്കരിച്ച ലഹങ്കയിട്ട പെൺകുട്ടിയും അഞ്ഞൂറ് പവൻ സ്വർണ്ണത്താൽ പൊതിഞ്ഞ സ്ത്രീയും അത്തരം സ്വർണ്ണ പണ്ടങ്ങളെ വിവാഹം കഴിക്കുന്നതരത്തിലുള്ള പ്രിവിലിജിങ്ങുള്ള ഈ നാട്ടിൽ പ്രണയം അംഗീകരിക്കാൻ പറ്റില്ല. പ്രണയം ഉണ്ടെങ്കിൽ എങ്ങനെയാണ് ജാതിയും മതവും ഉണ്ടാവുക? അവിടെയാണ് പ്രണയത്തെ നമ്മൾ ഭയക്കുന്നത്. ഇവിടെ തീർത്തും ഓർഗനൈസ്ഡ് ആയിട്ടുള്ള ക്യാപിറ്റലിസ്റ്റ് കൺസ്യൂമറിക് സൊസൈറ്റി ആണ് നമ്മുളുടേത്. കൺസ്യൂമർ ഗുഡ്സിലാണ് നമ്മൾ ഇന്ന് നില നിൽക്കുന്നത്. നിങ്ങൾ എന്താണ് കൺസ്യൂം ചെയ്യുന്നത് എന്നിൽ നിന്നാണ് നിങ്ങൾ ആരാണെന്ന് തിരിച്ചറിയുന്നത്. എന്ത് സാധനങ്ങളാണ് നിങ്ങൾ ഉപയോഗിക്കുന്നത്,

ഏത് ബ്രാൻഡ് ആണ് നിങ്ങൾ ഉപയോഗിക്കുന്നത്, ഏത് ബൈക്ക് ആണ്, ഏത് കാർ ആണ് ? ഇതിൽ നിന്ന് ഒക്കെയാണ് ഒരു വ്യക്തിയുടെ ഐഡന്റിറ്റി ഇന്ന് തെളിയുന്നത്. ഇതിനെയൊക്കെ പ്രണയം അട്ടിമറിക്കും. അതിനുയാതൊരു സംശയവുമില്ല, അത്കൊണ്ട് നമുക്ക് പ്രണയത്തെ പെർമിറ്റ് ചെയ്യാൻ പറ്റില്ല. പ്രണയം പെർമിറ്റ് ചെയ്യുക എന്നത് ഈ പറഞ്ഞ അട്ടിമറിക്കു വിധേയപ്പെടുക എന്നതാണ്. അത് കൊണ്ട് ഒരു കാരണവശാലും മലയാളി പ്രണയത്തെ അംഗീകരിക്കില്ല. 'എന്ന് നിന്റെ മൊയ്ദീൻ 'പോലുള്ള സിനിമകളൊക്കെ കണ്ട് നമ്മൾ ആഘോഷിച്ച് അവിടെ ചെന്ന് എന്ത് നല്ല സിനിമ എന്നൊക്കെ പറയും, പക്ഷെ നമ്മുടെ മകനോ മകളോ ഒരാളെ പ്രണയിക്കുന്നു എന്ന് പറഞ്ഞാൽ നമ്മൾ അംഗീകരിക്കില്ല. മാത്രമല്ല ഒരുതരം സെക്സ്വാലിറ്റി മാത്രമേ ഉള്ളു എന്ന് കാണുന്നവരാണ് നമ്മൾ. പക്ഷെ ഇന്ത്യയുടെ ചരിത്രം എടുക്കുകയാണെങ്കിൽ ഇതര സെക്സ്വാലിറ്റീസ് എത്രയൊക്കെയോ തരത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ചരിത്രങ്ങളൊക്കെ തമസ്കരിച്ച് കൊണ്ട് ഹെട്രോ സെക്സ്വൽ മാര്യേജിനു മാത്രമാണ് ഫുൾഫിൽമെന്റ് കണ്ടെത്താൻ പറ്റുകയുള്ളു എന്ന് പറയുന്ന ഒരു സമകാലിക ചിത്രത്തിലാണ് നമ്മൾ വന്ന് നിൽക്കുന്നത്. പലതരം ചരിത്രങ്ങളെ, പലതരം പ്രണയങ്ങളെ, പലതരം രതികളെ ഒക്കെ തമസ്കരിച്ച് കൊണ്ടാണ് ഇന്ന് നമ്മൾ നില്കുന്നത്. ഇതൊന്നും ഇനി മുളയ്ക്കാൻ അനുവദിക്കില്ല എന്ന് തന്നെയാണ്, അനുവദിക്കാതിരിക്കാനുള്ള എല്ലാ സാധ്യതകളും ഉണ്ട്. പക്ഷെ അതിനെ അട്ടിമറിക്കാൻ നിങ്ങൾക്ക് മാത്രമേ സാധിക്കുകയുള്ളു. ഇവിടെയാണ് ചെറുപ്പക്കാരുടെ ഒരു പൊട്ടൻഷ്യൽ ഞാൻ കാണുന്നത്. പക്ഷെ എന്നെ ഏറ്റവും നിരാശപ്പെടുത്തുന്നത് ചെറുപ്പക്കാർ ഇത്തരം ആശയങ്ങൾക്ക് അടിമപ്പെട്ട് പോകുന്നു എന്നുള്ളതാണ്. മുപ്പത് വർഷം മുമ്പ് ഒരു തരി സ്വർണ്ണം ഇടാതേ വിവാഹം കഴിക്കു, എന്ന് പറഞ്ഞ ആളാണ് ഞാൻ. എന്നെ വിവാഹം കഴിക്കാൻ ചങ്കൂറ്റം ഉള്ള ഒരാളും ഉണ്ടായിരുന്നു. അത്തരം ചങ്കൂറ്റം എനിക്കും ഉണ്ടായിരുന്നു. ഞങ്ങൾ ഒരുമിച്ച് കുടുംബം പുലർത്തിയപ്പോൾ ഒരു അസോസിയേഷനിലും പെടാതെ ക്യാഷ് കൊടുക്കാതെ തന്നെ കോളേജുകളിൽ പഠിപ്പിക്കാൻ പറ്റും എന്ന് തന്നെ വിചാരിച്ച വ്യക്തികളായിരുന്നു ഞങ്ങൾ. അങ്ങനെ ചങ്കൂറ്റത്തോടെ എന്ത് കൊണ്ട് നിങ്ങൾക്ക് നിന്ന് കൂടാ? അഞ്ഞൂറ് പവൻ ഇട്ടാൽ മാത്രമേ പെണ്ണാവുകയുള്ളു, എന്ന് ധരിക്കുന്ന ഒരു പെണ്ണിനെ എങ്ങനെയാണ് ഒരു പെണ്ണായിട്ട് കാണാൻ കഴിയുക? അവളെ എന്തുകൊണ്ടാണ് ജനിക്കുമ്പോൾ അത് പഠിപ്പിക്കുന്നത്? ഇതിന്റെ ഒക്കെ അകെ തുകയായിട്ടാണ് പ്രണയം എവിടെയൊക്കെയോ നഷ്ടപ്പെടുന്നത്. വളരെ എളുപ്പത്തിൽ തന്നെ പ്രണയത്തെ കുഴിച്ചു മൂടാൻ പറ്റിയിട്ടുണ്ട്. പക്ഷെ ഇതിന്റെയിടയിൽ പൊട്ടി മുളയ്ക്കും, അവിടെ എളുപ്പത്തിൽ കൊലപാതകങ്ങൾ നടക്കുന്നതും അത് കൊണ്ടാണ് .

***ഉന്നത വിദ്യാഭ്യാസ മേഖലയിലെ വലത് പക്ഷവത്കരണമെന്നത് യാഥാർഥ്യമായിക്കഴിഞ്ഞു. ഇതിനെതിരെ ശക്തമായി പ്രതികരിച്ച ഒരാൾ കൂടിയാണ് മാഡം. അക്കാദമിക് മേഖലയിൽ നിന്ന് ഒരാളെന്ന നിലയിൽ എങ്ങനെയാണ് ഉന്നത വിദ്യാഭ്യാസ മേഖലയിലെ വലതുപക്ഷ വത്കരണത്തെ ചെറുക്കൻ കഴിയുക?***

റൈറ്റ് വിങ് എന്നുപറയുമ്പോൾ തന്നെ ഞാൻ അതിനെ കുറച്ചൂടെ പ്രോബ്ലെമറ്റൈസ് ചെയ്യാനാണ് ആഗ്രഹിക്കുന്നത്. കാരണം ശരിക്കും പറഞ്ഞാൽ റൈറ്റ് വിങ് മാർക്കറ്റ് ആണ്. ചരക്ക് വൽക്കൃതമായ ഉത്പന്നമാണ് ഇന്ന് വിദ്യാഭ്യാസം. 80 ലക്ഷം രൂപ കൊടുത്താൽ കേരളത്തിൽ ഒരു കോളേജിൽ പഠിപ്പിക്കാൻ പറ്റും എന്ന് പറഞ്ഞാൽ ഞെട്ടലോടെ അല്ലാതെ എങ്ങനെയാണ് നമുക്കാ വാസ്തവം ഉൾക്കൊള്ളാൻ പറ്റുന്നത്. നമുക്കൊരു കോളേജ് അധ്യാപകനോ അധ്യാപികയോ ആകണമെങ്കിൽ 80 ലക്ഷം! ചില മാനേജ്മെന്റുകൾ 50 ലക്ഷം. അടുത്ത യു ജി സി ഹൈക്ക് വരുന്നുണ്ട്, അപ്പോൾ എൺപത് ലക്ഷം തന്നാൽ എന്താ എന്ന് ചോദിക്കുന്ന മാനേജ്മെന്റുകൾ ആണ് ഇന്നുള്ളത്. ഇത്തരം ഒരു പശ്ചാത്തലത്തിലാണ് ഇന്ന് ഓരോ വിദ്യാർത്ഥിയും പഠിച്ചിറങ്ങുന്നത്. എന്റെ മുന്നിലിരിക്കുന്ന ഓരോ പി എച്ച് ഡി സ്കോളറിന്റെയും കണ്ണുകളിലേക്കു നോക്കുമ്പോ എനിക്ക് വല്ലാത്തൊരു ഡിഫിഡൻസ് ആണ് ഫീൽ ചെയ്യുന്നത്. ഈ കുട്ടി ഇത് കഴിഞ്ഞു എന്ത് ചെയ്യും? വല്ലപ്പോഴുമൊരിക്കലാണ് പി എസ് സി വിളിക്കുന്നത്. കാശു കൊടുക്കാൻ നിർവാഹമില്ലാത്ത ഒരു കുട്ടി എങ്ങനെയാണ് അവർക്കിഷ്ടമുള്ള അക്കാദമിക്സിന്റെ മേഖലയിലേക്കു പോകാൻ കഴിയുക. ഇത് അഡ്രസ്സ് ചെയ്യപ്പെടാത്തത് നമുക്ക് ക്വാളിറ്റി അക്കാദമിക്സിനെ പറ്റി കേരളത്തിൽ പറയാൻ സാധിക്കാത്തതിനാലാണ്. കാരണം മെറിറ്റോറിയസ് ആയി പഠിച്ചിറങ്ങുന്ന ഒരുകുട്ടിയോട് ഇവിടെ നമുക്ക് ഒന്നും തന്നെ ചെയ്യാൻ പറ്റില്ല എന്നാണ് പറയാൻ പറ്റുന്നത്. കാശുണ്ടോ, ജോലിതരാം. അത് മാത്രമല്ല ഇങ്ങനെ വാങ്ങുന്ന സ്ഥാപനങ്ങളിൽ ജോയിൻ ചെയ്താൽ അവിടുന്ന് സെമിനാറിനോ ഒരു അക്കാഡമിക് ആക്ടിവിറ്റിക്കോ നിങ്ങളെ വിടില്ല. ഈ കുട്ടിപള്ളിക്കൂടം പോലെ ക്ലാസ് എടുക്കുകയല്ലാതെ യാതൊന്നും അവിടെ സംഭവിക്കുന്നില്ല. ക്ലാസ് മുറികളിലിരുന്ന് പഠിക്കുന്നത് മാത്രം അല്ല വിദ്യാഭ്യാസം. സർവകലാശാല വിദ്യാഭ്യാസമെന്ന് പറഞ്ഞാൽ അതിന്റെ വിശാലമായ മാനങ്ങളിലേക്ക് അധികാരങ്ങളോട് കലഹിച്ചാണ് നിൽക്കേണ്ടത്. അധികാരങ്ങളെപ്പോഴും അടിച്ചമർത്തലുകളുടെയും വിശ്വാസ സംഹിതകളെയും എങ്ങനെ പൊളിച്ചടുക്കാതിരിക്കുക എന്നൊരു ആശയത്തിൽ കൂടിയാണ് പോകുന്നത്. ഇതിനോടൊക്കെ നിരന്തരം ആശയപരമായി കലഹിച്ചില്ലെങ്കിൽ പിന്നെന്താണ് വിദ്യാഭ്യാസം! പക്ഷെ ഇന്നങ്ങനെയാണോ? യൂണിഫോം ഇട്ട് ഒരേ പോലത്തെ ഒരു ജനറേഷനെ ഒരുതരത്തിലും കലഹിക്കാത്ത, ഒരുതരത്തിലും വിയോജിപ്പുകൾ രേഖപ്പെടുത്താൻ നട്ടെല്ലില്ലാത്ത ഒരു തലമുറയെ സൃഷ്ടിക്കാനാണ് ഇന്ന് നമ്മൾ വിദ്യാഭ്യാസത്തെ ഉപയോഗിക്കുന്നതെങ്കിൽ ഇത് എവിടെങ്കിലും ചെന്ന് ഇടിച്ചുനിൽക്കും. അതിനു യാതൊരു സംശയവുമില്ല.

***സമീപകാലത്തെ ചില രാഷ്ട്രീയ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ക്യാംപസ് രാഷ്ട്രീയത്തിന് എതിരായി വീണ്ടും ശബ്ദമുയരുന്നു. ഒരധ്യാപിക എന്ന നിലയിൽ ടീച്ചർക്കുള്ള അഭിപ്രായം എന്താണ്?***

ഇപ്പോൾ പോലീസ് സ്റ്റേഷനിൽ ഉരുട്ടി കൊല നടന്നു. എന്ന് വെച്ച് പോലീസ് സ്റ്റേഷൻ വേണ്ടാന്നു നമ്മൾ പറയില്ലല്ലോ. വിദ്യാർത്ഥികൾ രാഷ്ട്രീയപരമായിട്ട് ചിന്തിക്കുന്നില്ല എങ്കിൽ അവർക്ക് പിന്നീട് കൺഫോമിങ് ആയിട്ടുള്ള സിറ്റിസൺ ആകാൻ പറ്റുമോ? പിന്നെ ശിഷ്ട ജീവിതത്തിൽ അവർ തല പൊക്കാൻ പോകുന്നില്ല. ഏതൊരു വ്യവസ്ഥക്കുള്ളിലാണോ അവർ നിൽക്കുന്നത് അതിനുള്ളിൽ ഒതുങ്ങി മെരുങ്ങി അവർ കഴിയും. ചെറുപ്പത്തിന്റെ ഈ ഒരു ഘട്ടത്തിൽ നിങ്ങൾക് രാഷ്ട്രീയപരമായിട്ട് ഐഡിയലിസ്റ്റിക് ആയിട്ട് ചിന്തിക്കാൻ പറ്റുന്നില്ല എങ്കിൽ പിന്നെ എന്നാണ് ചിന്തിക്കുന്നത്? അവിടെയാണ് ക്യാമ്പസ് പൊളിറ്റിക്സിന്റെ പ്രസക്തി വരുന്നത്. രാഷ്ട്രീയം നമ്മുടെ ജീവിതത്തിലെ ഓരോ തുറയിലുമുണ്ട്. നിങ്ങൾ ഇന്നിട്ടിരിക്കുന്ന വേഷം ഒരു പ്രത്യശാസത്തിന്റെ ഭാഗമല്ലേ? ഞാൻ ഇന്നിട്ടിരിക്കുന്ന

വേഷം, ഒരു നൂറു നൂറ്റിയമ്പത് വർഷത്തിന് മുമ്പത്തേതിൽ നിന്ന് ഇന്ന് ഒരു സ്ത്രീക്ക് ഇങ്ങനെ വേഷം ധരിക്കാൻ പറ്റുന്നു എങ്കിൽ അത് ഒരുപാട് സമരങ്ങളിലൂടെ നേടിയെടുത്തതാണ്. മാറുമറക്കൽ സമരം, കല്ലുമാല സമരം തുടങ്ങിയ അനേകം സമരങ്ങളുണ്ടായിരുന്നു. ജാതീയമായി ഇന്ന ആഭരണങ്ങൾ മാത്രമേ ഇടാൻ പറ്റുകയുള്ളു എന്ന് പറഞ്ഞ ഒരു സാഹചര്യം കേരളത്തിൽ ഉണ്ടായിരുന്നു. ഇവിടെനിന്നൊക്കെ നമ്മൾ ഇപ്പോഴുള്ള അവസ്ഥയിൽ എത്തിയെങ്കിൽ ഒരുപാട് വിപ്ലവങ്ങളുടെയും പ്രയത്നങ്ങളുടെയും ഫലമാണ്. അതുകൊണ്ട് ഇതിവിടെ തീരും എന്ന് ഞാൻ പറയുന്നില്ല, പക്ഷെ വിദ്യാർത്ഥികൾ തീർച്ചയായും പൊളിറ്റിക്കൽ ആയിരിക്കണം. കാരണം അവർ ഉൾക്കൊള്ളേണ്ട ഐഡിയലിസത്തിന്റെ ലോകവീക്ഷണത്തിൽ പൊളിറ്റിക്കൽ ആയിട്ട് ചിന്തിക്കുക എന്നത് അഭിവാജ്യമാണ്. എന്നാൽ മാത്രമേ അവരുടെ ചുറ്റിനുമുള്ള വ്യവസ്ഥകളെ ചോദ്യം ചെയ്യാൻ അതിന്റെ അതിർവരമ്പുകൾ ഭേദിക്കുവാൻ സാധിക്കുകയുള്ളൂ. ഇവിടെയാണ് സ്റ്റുഡന്റ്സ് പൊളിറ്റിക്സ് വേണ്ടത്. പക്ഷെ അക്രമ രാഷ്ട്രീയമല്ല. യഥാർത്ഥ രാഷ്ട്രീയബോധം ഉണ്ട് എങ്കിൽ അത് അക്രമത്തിലേക്ക് പോകില്ല. വേറെ ചില ഓറിയന്റേഷൻസിന്റെ ഭാഗമായിട്ട് രാഷ്ട്രീയ ബോധത്തെ ഉപയോഗിക്കുമ്പോഴാണ് അക്രമ രാഷ്ട്രീയത്തിലേക്ക് പോകുന്നത്. ക്യാമ്പസ്സുകളിൽ തീർച്ചയായിട്ടും പൊളിറ്റിക്സ് വേണം.

***പ്രൊഫഷണൽ ഡിഗ്രി ഉൾപ്പടെ യുള്ള ഡിഗ്രി കഴിഞ്ഞിറങ്ങുന്ന വിദ്യാർത്ഥികളുടെ എംപ്ലോയബിലിറ്റി യെ സംബന്ധിച്ച് ഇന്ന് വലിയ ആക്ഷേപം നില നിൽക്കുന്നു. ഉന്നത വിദ്യാഭാസ മേഖലയിലെ ഒരാൾ എന്ന നിലയിൽ ഇതിനെ എങ്ങനെ നോക്കിക്കാണുന്നു?***

ഇതിൽ പ്രശ്നം എന്തെന്ന് വെച്ചാൽ , എവിടെയാണ് താത്പര്യം?, എവിടെയാണ് കഴിവ് ?, എവിടെയാണ് അഭിരുചി?, ഇതൊന്നും നമ്മൾ നോക്കുന്നില്ല. ബി എ കഴഞ്ഞത് എം എ, എം എ കഴിഞ്ഞാൽ എം ഫിൽ ,അത്കഴിഞ്ഞ് പി എച്ച് ഡി ഇങ്ങനെയല്ലേ പോകുന്നത് വിദ്യാഭ്യാസം. എഞ്ചിനീയറിംഗ് കഴിഞ്ഞിട്ട് ഒരു ഫ്യൂസ് എന്താന്ന് അറിയാത്ത വിദ്യാർത്ഥികൾ, നമ്മളുടെ പാഷനും സ്കില്ലും ആപ്റ്റിട്യൂടും യാതൊന്നും കണക്കിലെടുക്കാതെയുള്ള വിദ്യാഭ്യാസം. വിദേശരാജ്യങ്ങളിൽ പല സർവകലാശാലകളിലും മെഡിസിൻ എടുക്കുന്ന ഒരു കുട്ടി ആതുരസേവനത്തിനു താത്പര്യമുണ്ടോ എന്നതിനുള്ള ഒരു ആപ്റ്റിട്യൂട് ടെസ്റ്റ് നടത്താറുണ്ട്. ഇത്ര നാൾ സോഷ്യൽ ഏരിയ യിൽ സേവനം നടത്തിയിരിക്കണം, എന്നാൽ മാത്രമേ ഒരു ഡോക്ടർ പൂർണതയിലേക്ക് എത്തുന്നുള്ളു. ഇവിടെ അങ്ങനെയല്ലലോ, അഞ്ച് കോടി കൊടുക്കുന്നവരല്ലേ ഡോക്ടർ. ഇവിടെ എന്ത് ആതുര സേവനമാണുണ്ടാവുക. ഈ കാര്യങ്ങളൊന്നും തന്നെ നമ്മൾ വിദ്യാഭ്യാസത്തിൽ കണക്കിലെടുക്കാതിരിക്കുക. സാഹിത്യത്തോട് നന്നായി അഭിരുചിയുള്ള കുട്ടിയെ മാതാപിതാക്കൾ മെഡിസിനോ എഞ്ചിനീറിങ്ങിനോ ചേർക്കും. ഒരു തരത്തിൽ ഒരു കുട്ടിയുടെ പാഷൻ നോക്കാതെ അഭിരുചി നോക്കാതെ വിദ്യാർത്ഥികളെ ഒരു റോബോ പോലെ സൃഷ്ടിക്കുന്ന ഒരു വിദ്യാഭ്യാസത്തെ പറ്റിയാണ് ഞാൻ ഈ പറയുന്നത്. എംപ്ലോയബിലിറ്റി തീർച്ചയായും വിദ്യാഭ്യാസത്തിൽ പ്രാധാന്യമർഹിക്കുന്നതാണ്. പക്ഷെ അത് മെക്കാനിക്കൽ ആയിട്ടുള്ള എംപ്ലോയബിലിറ്റി ആകണമെന്ന് ഞാൻ പറയുന്നി ല്ല. ഇന്ന് ഞാൻ ഇവിടെ ഇരിക്കുന്നുണ്ട് എങ്കിൽ ഞാൻ ഏറ്റവും എഞ്ചോയ് ചെയ്യുന്ന ഒരു ജോലിയാണ് ഇത്. അവനവൻ ഇഷ്ടപെടുന്ന, താത്പര്യമുള്ള മേഖലയിൽ ജോലി ചെയ്യാൻ കഴിയത്തക്ക രീതിയിലേക്ക് മാറണം. അത് ഇല്ലാതാകുന്നത് ഞാൻ നേരത്തെ പറഞ്ഞ മാർക്കറ്റിന്റെ കടന്ന് കയറ്റവും ഒക്കെയായി കണക്കാക്കാം. ഇതെല്ലാം കമ്പോള വത്കരിക്കപ്പെട്ടില്ലേ. ഹയർ സെക്കന്ററി ഇത്ര ലക്ഷം കോളേജുകളിൽ ഇത്ര ലക്ഷം എന്നങ്ങനെ അല്ലെ ഇപ്പോൾ. പൈസ കൊടുത്ത പഠിപ്പിക്കുന്ന അധ്യാപകർ അവർ മെറിറ്റ് ഇല്ല എന്ന് ഞാൻ പറയുന്നില്ല, അങ്ങേയറ്റം മെറിറ്റോറിയസ് ആയിരിക്കും ,പക്ഷെ അൻപത് ലക്ഷം കൊടുത്ത് ഞാൻ ഒരു കോളേജിൽ കയറിയാൽ ആ കോളേജിനു വേണ്ടി അധികമൊന്നും ചെയ്യാൻ പോകുന്നില്ല കാരണം അവർക്ക് വേണ്ടത് ഞാൻ കൊടുത്തു. ഇതല്ലേ ആറ്റിട്യൂട് ? അവിടെയാണ് പ്രശ്നം വരുന്നത്. അപ്പോ എംപ്ലോയബിലിറ്റി എന്ന് പറയുന്നത് എഡ്യൂക്കേഷനിലെ ഒരു ചെറിയ കണിക മാത്രമാണ്. അതിന്റെ ഒരു വലിയ ഫ്രെയിംവർക്കിലാണ് നാം പ്ലേസ് ചെയ്യേണ്ടത്. ഇനി എംപ്ലോയബിലിറ്റി ഉണ്ടേലും ഇന്ത്യയിൽ ജോലിചെയ്യാൻ ചെറുപ്പക്കാർ തയ്യാറാകുന്നില്ല. കേരളത്തിൽ ജോലിചെയ്യാൻ പെൺകുട്ടികൾ താത്പര്യ പെടുന്നില്ല. എംപ്ലോയബിലിറ്റിയെ പറ്റി പറയുമ്പോൾ എന്തുകൊണ്ടാണ് ഈ പറക്കൽ ഉണ്ടാകുന്നത്, ഇവിടെ ജോലി ചെയ്യാൻ പെൺകുട്ടികൾ താത്പര്യ പെടാത്തത് എന്ത് കൊണ്ടാണ്. ഇവിടുത്തെ സാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥ എവിടെയൊക്കെയോ അവർക്ക് ഉതകുന്നതല്ല എന്ന് അവർക്ക് തോന്നിയിട്ടാണ്. അങ്ങേയറ്റം ഓപ്രെസ്സിവ് ആയിട്ടുള്ള ഒരു സാഹചര്യമാണ്. ആറ് മണി കഴിഞ്ഞ് പുറത്തേക് ഇറങ്ങി നടക്കാൻ കഴിയാത്ത ഒരു പെൺകുട്ടിയുടെ എംപ്ലോയബിലിറ്റി എന്താണ്? ലേറ്റ് നൈറ്റ് ഷിഫ്റ്റ് കഴിഞ്ഞു വരുന്ന ഒരു പെൺകുട്ടി നിരന്തരം പീഢനങ്ങളും മറ്റും നേരിടേണ്ടിവരുന്നു. ഇവരുടെ ഏത് എംപ്ലോയബിലിറ്റിയെ പറ്റിയാണ് നമ്മൾ സംസാരിക്കേണ്ടത്? നോക്കൂ, ജോലി കിട്ടാത്ത ഒരു പെൺകുട്ടിക് എളുപ്പത്തിൽ തുടങ്ങാവുന്ന ഒന്നാണ് ഒരു ചെറിയ ചായക്കട. ഞാൻ മൈക്രോ എക്കണോമിക്സിന്റെ തലത്തിൽ പറയുകയാണ്. പറ്റുമോ? ആഭാസന്മാരായിരിക്കും അവിടെ വരുക, അല്ലെ? എളുപ്പത്തിൽ ജീവിത മാർഗം കണ്ടെത്താൻ കഴിയുന്നിടത് പോലും നമ്മൾ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. വലിയ രീതിയിൽ തന്നെ എംപ്ലോയബിലിറ്റിയെ കാണണം എന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ പാഷനും സ്കില്ലും ആപ്റ്റിട്യുടും കൂടെ വിദ്യാഭ്യസത്തിൽ കണക്കാക്കപെടുമ്പോൾ എംപ്ലോയബിലിറ്റി വേറൊരു തരത്തിൽ നമുക്ക് കാണാൻ സാധിക്കും.

> ***“സാഹിത്യത്തോട് നന്നായി അഭിരുചിയുള്ള കുട്ടിയെ മാതാപിതാക്കൾ മെഡിസിനോ എഞ്ചിനീറിങ്ങിനോ ചേർക്കും. ഒരു തരത്തിൽ ഒരു കുട്ടിയുടെ പാഷൻ നോക്കാതെ അഭിരുചി നോക്കാതെ വിദ്യാർത്ഥികളെ ഒരു റോബോ പോലെ സൃഷ്ടിക്കുന്ന ഒരു വിദ്യാഭ്യാസത്തെ പറ്റിയാണ് ഞാൻ ഈ പറയുന്നത്. എംപ്ലോയബിലിറ്റി തീർച്ചയായും വിദ്യാഭ്യാസത്തിൽ പ്രാധാന്യമർഹിക്കുന്നതാണ്”***



***നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും സ്വാധീന ശക്തിയുള്ള ഒരു മാധ്യമമായി സിനിമ മാറിക്കഴിഞ്ഞു. സിനിമയെ ഗൗരവകരമായ എടുക്കുന്ന ഒരു പുതിയ തലമുറ നമുക്കിന്നുണ്ട്. ലോകസിനിമയും മലയാള സിനിമയും നിരീക്ഷിക്കുന്ന ഒരാളെന്ന നിലയിൽ ഇന്നത്തെ വിദ്യാർത്ഥികൾ കണ്ടിരിക്കേണ്ടുന്ന ചിത്രങ്ങൾ ടീച്ചർക്ക് മുന്നോട് വെക്കാമോ?***

സിനിമകളുടെ ഒരു നീണ്ട നിര തന്നെ ഉണ്ട്. സിറ്റിസൺ കെയ്ൻ പോലുള്ള സിനിമ, ചാപ്ലിന്റെ സിനിമ മോഡേൺ ടൈംസ് കണ്ടിരിക്കണം, ഇങ്ങനെ ഉദാത്തമായ സിനിമകളുണ്ട്. കഴിഞ്ഞ ഫെസ്റ്റിവലിന് ഒരു ഇറാനിയൻ ആക്ടറിനെ ഞാൻ ഇന്റർവ്യൂ ചെയ്യുകയുണ്ടായി. ഒരു സ്ത്രീ. അവർ പറഞ്ഞത് അവരുടെ കൈ പോലും പുറത്തു കാണിക്കാൻ പറ്റില്ല. കണ്ണുകൾ കൊണ്ടും വിരലുകൾ കൊണ്ടും മാത്രമാണ് അവർക്ക് ആക്ട് ചെയ്യാൻ പറ്റുക. സർക്കിൾ പോലൊരു സിനിമ ഇറാനിൽ നിന്ന് വരുന്നു. സ്ത്രീയുടെ അങ്ങേയറ്റം ഒപ്രസ്സിവ് ആയിട്ടുള്ള അവസ്ഥകളെ വളരെ തന്മയത്തത്തോടെ കാണിക്കുന്ന സിനിമയാണ് സർക്കിൾ. അത്തരമൊരു സിനിമ ഇറാനിൽ നിന്ന് വരുന്നു.

പക്ഷെ നമുക്ക് ഇവിടെ നിന്ന് വരുന്ന സിനിമകൾ എന്താ? എന്റെയോ നിങ്ങളുടെയോ നമ്മുടെ സഹോദരിമാരുടെയോ അമ്മയുടേയോ അത്തരം അവസ്ഥകളെ പറ്റി പറയുന്ന ഒരു മലയാള സിനിമ ഉണ്ടോ? ആദാമിന്റെ വാരിയെല്ല് പോലെയുള്ള സിനിമ പിന്നെ ഉണ്ടായിട്ടുണ്ടോ? പഞ്ചവടി പാലം പോലെ ഒരു സിനിമ ഉണ്ടായിട്ടുണ്ടോ? ഇരകൾ പോലെ? കെ ജി ജോർജിന്റെ ഒരു വലിയ ഫാൻ ആണ് ഞാൻ. അദ്ദേഹത്തിന്റെ സിനിമകൾ പലതും കേരളത്തിന്റെ വളരെ സൂക്ഷ്മമായിട്ടുള്ള സാമൂഹ്യ വ്യവസ്ഥകളെ ഒപ്പിയെടുക്കുന്നതായിരുന്നു. പത്മരാജന്റെ തന്നെ വളരെ രസകരമായ സിനിമ തൂവാനത്തുമ്പികൾ പോലെ പൈങ്കിളി ആയിട്ടുള്ള സിനിമ, സെക്സ് വർക്കിനെ പോലും പൈങ്കിളി വത്കരിച്ചാണ് അതിൽ പറയുന്നത്. മലയാളിക്ക് ഏറ്റവും ഇഷ്ടമുള്ള ഒരു സിനിമ കൂടിയാണ് തൂവാനത്തുമ്പികൾ എന്നത്. കാരണം അതിൽ പൈങ്കിളി ഉണ്ട്. അതേസമയം തന്നെ ഇതിലും രസകരമായിട്ടുള്ള പത്മരാജൻ സിനിമകൾ ഉണ്ട്. പക്ഷെ നമ്മൾക്ക് താത്പര്യമില്ല. ഞാൻ പറയുന്നത് ക്ലോസ് ഹിസ്റ്റോറിക്കൽ ആയിട്ട് നോക്കുകയാണെങ്കിൽ മലയാളത്തിൽ തന്നെ കൊടിയേറ്റം പോലൊരു സിനിമ. ഉത്സവ പറമ്പിലൊക്കെ ചെന്ന് വെറുതെ ഇരിക്കുന്ന ഒരു കഥാപാത്രം, വളരെ ഇൻസിഗ്നിഫിക്കന്റ് ആയിട്ടുള്ള കഥാപാത്രം ബോബിയാണ് ! പൂരപ്പറമ്പിലും ഉത്സവപ്പറമ്പിലും ഒക്കെ നടക്കുന്ന ഒരു ചെറിയ കഥാപാത്രം, അത് നിങ്ങളോ ഞാനോ ആകാം, പക്ഷെ അതിനെ എത്ര തന്മയത്വത്തോടു കൂടി അവതരിപ്പിച്ച സിനിമ നമ്മൾ ഇന്ന് കാണാൻ താത്പര്യപെടുന്നില്ല. ഇന്ന് നമ്മൾ എല്ലാ സൗകര്യങ്ങളും ഉള്ള , എവിടെ പോയാൽ ഏറ്റവും നല്ല പോപ്കോൺ കിട്ടും, എവിടെ പോയാൽ എ.സിയുണ്ട് ഇങ്ങനെയൊക്കെ ചിന്തിക്കുന്ന ഒരു ജനതയിൽ പെട്ട ഒരാൾക്ക് കൊടിയേറ്റം ഇന്ന് കാണുമ്പോ റിലേറ്റ് ചെയ്യാൻ പറ്റും? എലിപ്പത്തായം പോലൊരു സിനിമ, തിണ്ണയിൽ ചാരുകസേരയിൽ ഇരുന്നു വായിക്കുന്ന ഈ നായർ പ്രമാണി, മുറ്റത്ത് പശു വാഴ തിന്നുന്നു, അപ്പോൾ അകത്തുനിന്ന് സഹോദരിയെ, 'എടീ ഇങ്ങ് ഇറങ്ങി വന്നേ', എന്ന് വിളിച്ചിട്ട് അവർ ഇറങ്ങി വന്നാണ് ആ പശുവിനെ അകറ്റുന്നത്. ഇയാൾ ഈ കസേരയിലൊ ഇരുന്ന് ശു...ശു ..എന്ന് പറയുക മാത്രേ ഉള്ളു. ഇത് ഒരു വ്യക്തിയെ പറ്റിയോ സമുദായത്തെ പറ്റിയോ ഒന്നും അല്ല, അക്കാലത്തെ ഒരു ക്രൈസിസിനെയായിരുന്നു ഇത് സൂചിപ്പിച്ചിരുന്നത്. പ്യാസാ പോലെ ഉള്ള സിനിമകൾ കലാലയങ്ങളിൽ കാണിക്കണ്ട പടം

തന്നെയാണ്. എല്ലാം നഷ്ടപ്പെടുന്ന ഒരു കവിയുടെ കഥയാണ്. അതിനകത്തു ഈ കവി പാടുന്നൊരു പാട്ടുണ്ട്. ഇന്ന് ഇന്ത്യയെ പറ്റി അഭിമാനിക്കുന്ന നിങ്ങൾ എവിടെ? കാരണം പെൺകുട്ടികളെ തെരുവുകളിൽ വിലപേശി വിൽക്കുന്നു, അങ്ങനെ ഓരോന്നോരോന്നായിട്ട് റെഡ് ടേപ്പിസം, കറപ്ഷൻ, നെപ്പോട്ടിസം, ഇതൊക്കെ ഈ കവി പാടുകയാണ്. ഈ ഒരു ഇന്ത്യയെ പറ്റിയാണോ നിങ്ങൾ അഭിമാനം കൊള്ളുന്നത് എന്ന് ചോദിക്കുകയാണ്? ഒരു പക്ഷെ അത്തരം ഒരു പാട്ട് പോലും ഇന്നത്തെ പൊളിറ്റിക്കൽ ക്ലൈമറ്റിൽ സാധ്യമായിരിക്കില്ല. പോപ്കോണും തിന്ന് കൊണ്ട് എണീറ്റ് നിന്ന് ദേശീയ ഗാനത്തിനു വേണ്ടി നിൽക്കുന്ന ഒരു ജനതയിലേക്ക് നമ്മൾ വഴിമാറി കഴിഞ്ഞു. നമ്മുടെ ദേശീയത അത്ര മാത്രമായി ചുരുങ്ങിയിരിക്കുന്നു. അപ്പോൾ ഇത്തരം ജിങ്കോയിസ്റ്റിക് നാഷണലിസത്തിലേക്ക് പോകുന്ന നമ്മൾ പ്യാസ പോലെയുള്ള സിനിമകൾ തീർച്ചയായും കാണണം. കാലഘട്ടത്തെ അറിഞ്ഞിരിക്കണം. പഥേർ

പാഞ്ചാലി പോലൊരു സിനിമ, ചാരുലത പോലൊരു സിനിമ ഇതൊക്കെ ക്യാമ്പസ്സുകളിൽ കാണിക്കണം. ഒരുപക്ഷെ മറഞ്ഞു പോയ ഒരു കാലഘട്ടം മാത്രമല്ല കുറച്ചു കൂടി തെളിച്ചമുണ്ടായിരുന്ന വ്യക്തതകളെ തിരിച്ചറിയാനും കൂടി നമുക്ക് സാധിക്കുന്നതാണ്. അങ്ങനെയുള്ള ഒരു പാട് ചിത്രങ്ങളുണ്ട്, പക്ഷെ നമുക്കിന്ന് ബ്രഹ്മാണ്ഡ ചിത്രങ്ങളെയാണ് ഇഷ്ടം. ബാഹുബലി പോലുള്ള കെട്ടുകാഴ്ചകളാണ് ഇഷ്ടം. ഇന്ന് നിങ്ങൾക്ക് മൈതാനങ്ങളില്ല. എന്റെ കൈ ചെറുപ്പത്തിൽ ഒരു വലിയ മൈതാനത്ത് വന്നിട്ട് രാവിലെ രണ്ട് പോൾ നടും. അപ്പോ നമുക്ക് അറിയാം ഇന്ന് വൈകിട്ട് അവിടെ സിനിമ ഉണ്ടെന്ന്. ഒരു അഞ്ച് മണിയൊക്കെയാകുമ്പോ ഒരു വലിയ വെള്ള കർട്ടൻ കെട്ടും. ഇതൊരു കമ്മ്യൂണിറ്റി ആക്ടിവിറ്റി ആണ്. നമ്മൾ കുട്ടികളെല്ലാം തന്നെ അതിന്റെ മുന്നിൽ ചെന്ന് ഇരിപ്പാകും, മിഠായിയും മറ്റു സാധനങ്ങളും ഒക്കെ വരും, അന്ന് ഒരു കമ്മ്യൂണിറ്റി ആക്ടിവിറ്റി കൂടിയായിരുന്നു സിനിമ.

അതിൽ നിന്ന് നമ്മൾ ചുരുങ്ങി ചുരുങ്ങി ഈ കാലഘട്ടത്തിലേക്ക് എത്തിയപ്പോഴേക്കും ചെറിയ ഒരിടത്തേക്ക് മാറ്റപ്പെട്ടിരിക്കുന്നു. സിനിമയുടെ ഈ വലിയ കാഴ്ചകൾ ഇന്ന് നേരത്തെ വിദ്യാഭ്യാസത്തിന്റെ കാര്യം പറഞ്ഞ പോലെ, സിനിമ ഇന്ന് കൊമേഴ്സലൈസ് ആയ കാഴ്ചകളിലേക്ക് മാറി. നമ്മുടെ കാഴ്ചയുടെ രീതി മാറി, അതിന്റെ അനുഭൂതി മാറി, അതിനനുസരിച്ച് സിനിമ മാറി. പക്ഷെ ആ ഒരു ഫീലിംഗ് തിരിച്ചു പിടിക്കാൻ നിങ്ങൾ ക്യാമ്പസ്സുകൾക്കാണ് ഉത്തരവാദിത്തം.

> *"പ്യാസാ, എല്ലാം നഷ്ടപ്പെടുന്ന ഒരു കവിയുടെ കഥയാണ്. അതിനകത്തു ഈ കവി പാടുന്നൊരു പാട്ടുണ്ട്. ഇന്ന് ഇന്ത്യയെ പറ്റി അഭിമാനിക്കുന്ന നിങ്ങൾ എവിടെ? കാരണം പെൺകുട്ടികളെ തെരുവുകളിൽ വിലപേശി വിൽക്കുന്നു, റെഡ് ടേപ്പിസം, കറപ്ഷൻ, നെപ്പോട്ടിസം, അങ്ങനെ ഓരോന്നോരോന്നായിട്ട് ഈ കവി പാടുകയാണ്. ഈ ഒരു ഇന്ത്യയെ പറ്റിയാണോ നിങ്ങൾ അഭിമാനം കൊള്ളുന്നത് എന്ന് ചോദിക്കുകയാണ്? അത്തരം ഒരു പാട്ട് പോലും ഒരുപക്ഷെ ഇന്നത്തെ പൊളിറ്റിക്കൽ ക്ലൈമറ്റിൽ സാധ്യമായിരിക്കില്ല."*






ഭരണഘടന ദുരുപയോഗം ചെയ്യപ്പെട്ടുവെന്ന് കണ്ടാൽ അതിനു
തീകൊളുത്തുന്ന ആദ്യത്തെ വ്യക്തി ഞാനായിരിക്കും.

**ബി ആർ അംബേദ്കർ**

# തളരുന്ന സാമ്പത്തിക മേഖല, വരളുന്ന വളർച്ച

**അർജുൻ**

എന്താണ് സാമ്പത്തിക മാന്ദ്യം എന്നുള്ളതിന് ഒറ്റവാചകത്തിലുള്ളതും ലളിതവുമായ മറുപടി ഇതാണ്. "തൊഴിലാളി ഉത്പാദിപ്പിക്കുന്ന സാധനസേവനങ്ങൾ വാങ്ങുവാനുള്ള വാങ്ങൽശേഷി തൊഴിലാളിയുടെ തന്നെ വരുമാനം ഉറപ്പുനൽകാത്തതുമൂലം ചരക്കുകൾ കെട്ടിക്കിടക്കുകയും ഉത്പാദനവും വളർച്ചയും തൊഴിലവസരങ്ങളും മുരടിച്ചുപോവുകയും ചെയ്യുന്ന അവസ്ഥ". എന്നാൽ ഇത്തരമൊരു വീക്ഷണത്തിൽ മാത്രം ഒതുക്കിനിർത്തേണ്ടതല്ല സാമ്പത്തികമാന്ദ്യങ്ങളെ കുറിച്ചുള്ള ചർച്ചകൾ.. ലോകസാമ്പത്തികമാന്ദ്യങ്ങൾ ഒരു പുതിയ കഥയല്ല.. രാജ്യത്താകട്ടെ സാമ്പത്തികമാന്ദ്യം ഇല്ലെന്നും ഉണ്ടെന്നും ഇനി ഗുരുതരമാകാൻ പോകുന്നതേ ഉള്ളൂ എന്നുമൊക്കെയുള്ള വാഗ്വാദങ്ങൾ കൊടുമ്പിരി കൊള്ളുകയാണ്. മുതലാളിത്തം ചൂഷണത്തിലും കൊള്ളക്കൊടുക്കലിലും ലാഭാസക്തിയിലും അധിഷ്ഠിതമായ ഒരു സാമ്പത്തികവ്യവസ്ഥിതിയാണ്.. അതിൽ തുടരെത്തുടരെയുള്ള സാമ്പത്തികമാന്ദ്യങ്ങൾ അനിവാര്യവുമാണ്. അത്തരമൊരു മാന്ദ്യത്തിന്റെ ആക്കം കൂട്ടാൻ ദുരന്താത്മകമായ തങ്ങളുടെ കഴിഞ്ഞ ഭരണത്തിലൂടെ സർക്കാരിന് കഴിഞ്ഞു. ഇപ്പോഴും അവർ അത് തുടരുന്നു.




SOURCE: TRADINGECONOMICS.COM | MINISTRY OF STATISTICS AND PROGRAMME IMPLEMENTATION (MOSPI)

വാഹനവിപണി മുതൽ വസ്ത്രവും അടിവസ്ത്രവും ബിസ്ക്കറ്റും വരെയുള്ള സാധനങ്ങൾ വരെ വിൽപനയിടിഞ്ഞ് ഉത്പാദനം നിർത്തിവെക്കേണ്ട സ്ഥിതിയിലാണ്. എന്താണ് കാരണമെന്ന് അന്വേഷിക്കാൻ തുടങ്ങിയാൽ ധനമന്ത്രി നടത്തുന്നതുപോലുള്ള ന്യായീകരണങ്ങളും കണ്ണടച്ച് ഇരുട്ടാക്കലുകളുമല്ലാതെ മറ്റൊന്നും നമുക്ക് ലഭിക്കില്ല. തൊഴിലില്ലായ്മ 45 വർഷത്തെ റെക്കോർഡിലാണ്. രൂപയുടെ മൂല്യം ചരിത്രപരമായ ഇടിവിലേക്ക് കൂപ്പുകുത്തുന്നു. ലക്ഷങ്ങൾ തൊഴിലില്ലാത്തവരായി രാജ്യത്ത് അവശേഷിക്കുന്നു. ഏതാണ്ട് ഒരു ദശകം മുമ്പാണ് സമാനമായ ഒരു പ്രതിസന്ധി അമേരിക്കയിൽ ഉരുവംകൊണ്ടത്. റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ പ്രതിസന്ധി പിന്നീട് ഓഹരിവിപണിയെയും ബാങ്കിങ്ങിനെയും പി ടിച്ചു കുലുക്കുകയും കടപത്രകുമിളകൾ പൊട്ടുകയും ചെയ്തു. ജനലക്ഷങ്ങൾ ജപ്തി നേരിട്ട് വീടില്ലാത്തവരായി തെരുവിലിറങ്ങി.. ലക്ഷക്കണക്കിന് വീടുകൾ ആളില്ലാതെ പൂട്ടിയിടപ്പെട്ടു.. സെക്യൂരിറ്റികളുടെയും സ്വത്തുക്കളുടെയും വിലയിടിഞ്ഞു.. നഷ്ടത്തിലായ ബാങ്കുകളും നിക്ഷേപകരും (ലെമാൻ ബ്രദേഴ്സ് ഉൾപെടെയുള്ള കുത്തകഭീമൻമാർ വരെ) ഒന്നൊന്നായി പൂട്ടി. ധനികർ ഒറ്റരാത്രി കൊണ്ടുതന്നെ പാപ്പരായി.. നിക്ഷേപങ്ങളും വ്യാപാരവുമൊക്കെ ആഗോളവത്കരിക്കപ്പെട്ട ലോകത്ത് അമേരിക്കയിൽ ഉരുത്തിരിഞ്ഞ മാന്ദ്യം 2008-09 ഓടെ

ലോകമെമ്പാടും വ്യാപിച്ചു. യൂറോപ്പിലും ഇതിന്റെ അനുരണനങ്ങൾ വളരെ വലുതായിരുന്നു..

എന്നാൽ പഴയ ഇന്ദിരാഗാന്ധി സർക്കാരുകളുടെ കാലത്തുതന്നെ ദേശസാത്കരിക്കപ്പെട്ട ബാങ്കിങ് വ്യവസ്ഥയും സർക്കാരിന്റെ ഇടപെടലുകളും കർശനമായ വായ്പാ വ്യവസ്ഥകളും ഒക്കെ ഉണ്ടായിരുന്നതുമൂലം ഇന്ത്യയെ ആ മാന്ദ്യം വലിയ തോതിൽ ബാധിച്ചില്ല. മൻമോഹൻസിങ്ങിന്റെ ധനകാര്യപാടവം കൊണ്ടുമാത്രമാണ് ഇന്ത്യ മാന്ദ്യത്തിലകപ്പെടാതെ വളർച്ച നിലനിർത്തിയത് എന്ന തരത്തിലുള്ള ഇന്നും ഷെയർ ചെയ്യപ്പെടുന്ന വീരവാദങ്ങൾ തെറ്റാണ്. പൊതുമേഖലയ്ക്ക് ഗണ്യമായ സ്വാധീനമുള്ളതും ഉദാരവത്കരണത്തിലേക്ക് അത്രകണ്ട് വഴിമാറിയിട്ടില്ലാത്തതുമായ ബാങ്കിങ് മേഖലയും സാമ്പത്തികമേഖലയിലെ സർക്കാർ ഇടപെടലുകളും ഇന്ത്യയെ മാന്ദ്യങ്ങളിൽ നിന്നും ഒരുപരിധി വരെ രക്ഷപ്പെടുന്നതിൽ സഹായിച്ചു.. ഏത് സാമ്പത്തികനയപരിപാടികളാണോ മുതലാളിത്തമാന്ദ്യങ്ങൾക്കും ആവർത്തിച്ചുള്ള പ്രതിസന്ധികൾക്കും വഴി തെളിക്കുന്നത് അതേ സാമ്പത്തിക പരിപാടികളെ പിൻപറ്റുകയാണ് മൻമോഹൻസിങ് സർക്കാർ ചെയ്തത്.

ജനക്ഷേമപദ്ധതികൾക്കായുള്ള വിഹിതം വെട്ടിക്കുറയ്ക്കുക, പൊതു ഓഹരിവിൽപന, സ്വകാര്യവത്കരണം, കോർപ്പറേറ്റ് വായ്പകളും ലൈസൻസുകളും ഉദാരമാക്കുക, എഴുതിത്തള്ളുക, ഇന്ധനങ്ങളുടെ വിലനിർണയാധികാരത്തിൽ നിന്നും സർക്കാർ പിൻവാങ്ങിക്കൊണ്ട് സർവതും കുത്തകകളുടെ ഇംഗിതത്തിന് വിട്ടുകൊടുക്കുക, ഇറക്കുമതിത്തീരുവകൾ വെട്ടിച്ചുരുക്കുക, വ്യാപാരക്കരാറുകൾ ബഹുരാഷ്ട്രകുത്തകകൾക്കനുകൂലമായി ഏർപ്പെടുത്തുക, അതിലൂടെ കാർഷിക -ചെറുകിടഉത്പാദകരുടെ വയറ്റത്തടിക്കുക ഇങ്ങനെ നവലിബറലിസത്തിന്റെ സാധ്യമായ എല്ലാവഴികളിലേക്കും ഇന്ത്യയെ നയിക്കുന്നതിൽ യുപിഎ സർക്കാർ നല്ല പ്രയത്നം നടത്തിയെങ്കിൽ മോഡിസർക്കാർ അത്തരം നയങ്ങൾ കൂടുതൽ തീവ്രമായ തോതിൽ ആവർത്തിക്കുകയാണ് ചെയ്തത്. നോട്ടുനിരോധനവും ജിഎസ്ടിയും പോലുള്ള മാരകമായ പ്രഹരങ്ങൾ മാന്ദ്യത്തിന്റെ ആഘാതം വർധിപ്പിച്ചു..

മുതലാളിത്തത്തിൽ അനിവാര്യമായും ആവർത്തിക്കപ്പെടുന്ന പ്രതിസന്ധികളെപ്പറ്റിയും അത് മുതലാളിത്തവ്യവസ്ഥിതിയെ എങ്ങനെ അസ്ഥിരമാക്കുന്നുവെന്നും വസ്തുനിഷ്ഠമായി വിശകലനം ചെയ്യാൻ മാർക്സിനോളം മറ്റാർക്കും കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. മാർക്സിസം തകർന്നുവെന്ന് ആവർത്തിച്ച് വിലപിക്കുമ്പോഴും ഓരോ മുതലാളിത്തമാന്ദ്യങ്ങളും അതിന്റെ 'ഏറ്റവും വലിയ വിമർശകനെ' വീണ്ടും വായിക്കാൻ ബൂർഷ്വാപണ്ഡിതരെ പോലും പ്രേരിപ്പിക്കുകയാണ്.. മിച്ചമൂല്യത്തിന്റെ ഉത്ഭവം, മുതലാളിത്തം അടിസ്ഥാനപരമായി എങ്ങനെ ചൂഷണാധിഷ്ഠിതമാകുന്നു, തൊഴിലില്ലാവളർച്ച (jobless growth), വർധിച്ചുവരുന്ന അസമത്വം, അന്യവത്കരണം, ലാഭനിരക്ക് ഇടിയുന്ന പ്രവണത, വരുമാനഇടിവ്, ഡിമാന്റ് ശോഷണം, ചാക്രികപ്രതിസന്ധികൾ ,മാന്ദ്യം തുടങ്ങിയ അനവധി വിഷയങ്ങളെ മൂർത്തമായി കൈകാര്യം ചെയ്യാനും വലതുപക്ഷദാർശനികരും ധനശാസ്ത്രജ്ഞരും വാദിക്കുന്നതുപോലെ മുതലാളിത്തം സ്വയം നിലനിന്നുപോകുന്ന അനശ്വരമായ സാമ്പത്തികവ്യവസ്ഥയല്ലെന്ന് സ്ഥാപിക്കാനും മാർക്സിന് കഴിഞ്ഞു.

'ദാസ് ക്യാപിറ്റൽ' ഇന്നും വർധിതമായ തോതിൽ വായിക്കപ്പെടുന്നതും ചർച്ച ചെയ്യപ്പെടുന്നതും അതിനാലാണ്. മൂലധനാധിപത്യം സ്ഥാപനവത്കരിച്ച സാമ്പത്തിക- സാമൂഹ്യവ്യവസ്ഥിതിക്കെതിരായ ഏറ്റവും ഫലപ്രദമായ ,ബൃഹത്തായ ഈ വിമർശന പുസ്തകം ഇനിയും വായനക്കാരിലേക്ക് എത്തിച്ചേരേണ്ടതുണ്ട്. മുതലാളിത്തത്തിന്റെ ചരിത്രത്തിലെ ഏറ്റവും ജനകീയവും ശക്തവുമായ വിമർശനായുധമായിട്ടും ദാസ് ക്യാപിറ്റലോ മാർക്സോ ഒരു എക്കണോമിക്സ് പാഠപുസ്തകത്തിലും അക്കാദമികസിലബസുകളിലും സ്ഥാനം നേടാറില്ലെന്നതും അതിന് മുതലാളിത്തത്തിനു നേരെ ഉയർത്താൻകഴിയുന്ന വിമർശനങ്ങളുടെ മൂർച്ചയെയും നിലവിലെ ലോകക്രമങ്ങൾക്കെതിരെ അത് സൃഷ്ടിക്കുന്ന ഭീഷണിയെയും ആണ് വരച്ചുകാട്ടുന്നത്.

■











അവാർഡിന് പരിഗണിക്കപ്പെടാതെ പോകുന്നവർ


LINKIN PARK
ATOS




T K M
COLLEGE OF ARTS & SCIENCE
KOLLAM - 5



# ദുരന്തം കോർത്ത കൈകൾ

മുഹമ്മദ് ത്വയ്യിബ്

നിൽക്കെ ഞാൻ,
ഏകാന്തതയിലേകനായ്...
ലയിച്ചു പോയ്,
വേറിട്ടയാകാഴ്ചയിൽ...
പകലിൻ വേളയിൽ
കാണുമാ സൂര്യനെ
ഇനിയും,
പ്രഭയായ് കാണുമോ
എന്നതായ് സംശയം...
കിളികൾ പറന്നു
കഥകൾ മൊഴിഞ്ഞു
പതിയെ,
കളകളാരവം മുഴക്കും
കുളങ്ങളും കവിഞ്ഞു
കഥനം നിറഞ്ഞു
ലോകർ പറഞ്ഞു
അതിജീവനം;
ഇനി അത്ഭുതം
കരഞ്ഞുവോ...
അതല്ല,
കഴിഞ്ഞുവോ....
കാല വിപത്താൽ
മനം കവർന്നുവോ...
ഇരവും പകലും
മായ്ച്ചില്ല കാഴ്ചയെ,
കനിവായ് പിന്നെ
കുരുതിയായ് വന്നൊരാ
പെരുംപേമാരിയെ...
വയലും വരമ്പും
കിതച്ചു കുതിച്ചു
കരയും ജലവും
ഇളക്കി മറിച്ചു,
ഭീതിയായ് നടുങ്ങും
ജനക്കൂട്ടം മൗനമായ്
പിന്നെ,
കരുതലായ്
പതിയെ...
ശത്രുവും മിത്രവും
കോർത്തിരു കൈകളും
വീണ്ടും...
ഒന്നിച്ച് തുടങ്ങി
പുനർജന്മങ്ങളായ്...

ദുർഗ്ഗം കിടുങ്ങി. ചങ്ങലപ്പൂട്ടുകൾക്ക് കൊടുങ്കാറ്റിനെ
നേരിടാൻ കഴിയില്ലല്ലോ.
മതിലുകൾ ഇടിഞ്ഞ് ചങ്ങലകൾ തകർന്നു ദുർഗ്ഗം
നിലം പരിശായി.
കഥയും കവിതയും മോചിപ്പിക്കപ്പെട്ടു.
തെരുവുകളിൽ സ്വാതന്ത്ര്യത്തിന്റെ ഘോഷങ്ങൾ മുഴങ്ങി.







# വയറെരിയുന്നോരുടെ മിഴി നിറയാതിരിക്കാൻ ഹൃദയപൂർവ്വം...

**ബലപ്രസാദ് എസ്**
(മുൻ ആർട്സ് ക്ലബ് സക്രട്ടറി)

ബിരുദ വിദ്യാർത്ഥിയായി കലാലയ ജീവിതത്തിലേക്കു കടന്നതിനു ശേഷം വിശപ്പ് എന്ന വികാരം അനുഭവിച്ചറിയുന്നത്. മുടങ്ങാതെ മൂന്ന് നേരം ഭക്ഷണം തന്നിരുന്ന വീട്ടുകാരുണ്ടായിരുന്നത് കൊണ്ടാകണം, അത് വരെ പരിചയമുണ്ടായിരുന്ന വിശപ്പ് ശാന്തസ്വരൂപിയായിരുന്നു. സമയാസമയം ആഹാരവും ജലവും കിട്ടാതെ വരുമ്പോഴുണ്ടാകുന്ന വയറിന്റെ ആളൽ ശരീരത്തിനെ മാത്രമല്ല മനസിനെയും ബാധിക്കും എന്ന വസ്തുത ഈ കലാലയ കാലയളവിലാണ് മനസ്സിലായത്. വിശന്നിരിക്കുന്ന ചെറുപ്പക്കാരെ ഏറ്റവുമധികം നിരീക്ഷിക്കാൻ അവസരം കിട്ടിയതും ഇതേ ക്യാംപസ് ദിനങ്ങളിലാണ്. കലാലയ യൂണിയൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് രാവും പകലുമെന്നില്ലാതെ പാഞ്ഞുനടന്നിരുന്ന ഒരു സംഘം വിദ്യാർത്ഥികൾ പട്ടിണിയും ഒരു ആഘോഷമാക്കിയിരുന്നു. പോക്കറ്റിലെ അവസാനത്തെ രൂപയും ഒഴിഞ്ഞ്, ഇനി സമീപത്തുള്ള ഒരു കടയിലും കടം പറയാൻ ബാക്കിയില്ലാത്ത അവസ്ഥ വന്ന നിസ്സഹായരായ ചെറുപ്പക്കാരെ കണ്ടു ക്യാംപസിൽ ഈ മണ്ണിൽ അവരുമൊത്ത് പട്ടിണി പങ്കിടാനും കഴിഞ്ഞു, ഫ്ലക്സ് വിരിച്ച് ഉറങ്ങുന്നവരെയും കണ്ടു. പലരും വിദ്യാർത്ഥികൾക്കിടയിൽ ഏറെ സ്വാധീനം ഉള്ളവർ, ക്യാംപസിലെ ചുറുചുറുക്കുള്ള താരങ്ങൾ, സംഘാടകർ ! എന്നാൽ ഈ അവസ്ഥ സ്ഥിരമായി അലട്ടലില്ലാത്തത് കൊണ്ട് ഞാനറിഞ്ഞ വിശപ്പിന് ഭീതിയുടെ നിറമായിരുന്നില്ല ഉള്ളത്. പക്ഷെ നാമറിയുന്നതിനും അപ്പുറം ചിലതുണ്ട്.

വിശപ്പ് സഹിക്കാൻ കഴിയാതെ മണ്ണ് വാരി തിന്ന രണ്ട് വയസ്സുകാരി മരിച്ചു എന്നൊരു വാർത്ത ആന്ധ്രാപ്രദേശ് എന്ന അയൽപക്കത്ത് നിന്നും കേട്ടത് ഈ ഇടക്കാണ്. വിശപ്പെന്ന വികാരത്തിൻ മേൽ ചെയ്തു പോയ നിസ്സാര തെറ്റിന് മധു എന്ന ആദിവാസി യുവാവിനെ കേരളത്തിൽ പ്രബുദ്ധരായ ജനം ആൾക്കൂട്ട വിചാരണ നടത്തി കൊന്നുകളഞ്ഞതും ഈയടുത്ത് നടന്ന സംഭവമാണ്. എല്ലാ കാലഘട്ടങ്ങളിലും പ്രസക്തിയുള്ളൊരു വിഷയമാണ് പട്ടിണിമരണങ്ങൾ. അന്നദാനം മഹാദാനം എന്നു തലമുറകളെ പറഞ്ഞുപഠിപ്പിക്കുന്നതല്ലാതെ അത് പ്രാവർത്തികമാക്കാൻ ആരും താത്പര്യപെടാറില്ല. സമ്പത്തുള്ളവർ മാത്രം സ്ഥിരമായി ദാനം ചെയ്യണം എന്ന പൊതുബോധത്തെക്കാളും സമൂഹത്തിലെ എല്ലാവർക്കും പങ്കുചേരാവുന്ന സദ്പ്രവർത്തിയാണ് അന്നദാനം എന്ന ചിന്തയാണ് മുന്നോട്ട് വയ്ക്കേണ്ടത്. ഇതിലേക്കുള്ള പ്രാഥമിക ചിവടുവയ്പ്പെന്നോണം കേരളത്തിലെ ഇടതുപക്ഷ യുവജന സംഘടനാ അതിന്റെ ജനങ്ങൾക്കിടയിലുള്ള സ്വാധീനവും സംഘടനശക്തിയും ഉപയോഗപ്പെടുത്തി 'ഹൃദയസ്പർശം' എന്ന പദ്ധതിക്ക് തുടക്കമിട്ടിരുന്നു. വിപ്ലവവിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ നമ്മുടെ ക്യാംപസിലും മാതൃകാപരമായ പ്രവർത്തനം നടന്നു വരുന്നു. കക്ഷി രാഷ്ട്രീയ ജാതിമത ഭേതമന്യേ എല്ലാ വിദ്യാർത്ഥകളും ഒറ്റക്കെട്ടായി ഈ പ്രവൃത്തിയുടെ ഭാഗമാകുന്നുണ്ട് എന്നത് അഭിമാനകരമാണ്. ആശുപത്രികൾ കേന്ദ്രീകരിച്ചാണ് കൂടുതലും ഭക്ഷണ വിതരണം നടത്തിപ്പോന്നത്. ഒരു ദിവസമെങ്കിലും ജില്ലാ ആശുപത്രി സന്ദർശിച്ചിട്ടുള്ളവർക്ക് ഇത് എത്രമാത്രം ഉപകാരപ്രദമാണെന്ന് മനസ്സിലാക്കാൻ സാധിക്കും.

ക്യാംപസ്സിൽ ഉച്ചഭക്ഷണത്തിനു പിരിയുമ്പോൾ ഒരു പൊതിയിൽ ഒരുപാട് വയറുകളുടെ വിശപ്പകറ്റി ശീലമുള്ള നമ്മൾ 'കോളേജ് പിള്ളേർക്ക്' ഇതിലും വലിയ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. ഹൃദയസ്പർശം അതിനൊരു മികച്ച തുടക്കമാണ്. കലാലയ യൂണിയൻ പരിപാടികളുടെ തലേദിവസങ്ങളിൽ കലാലയത്തിലെ ജോലികൾ കഴിഞ്ഞു വിശന്ന് തളർന്ന് ഇരിക്കുമ്പോൾ ഏതെങ്കിലും ആഹാരവുമായി ഓടിയെത്തുന്ന (പൊറോട്ട, ദോശ മുതൽ കല്യാണത്തിന് പായസത്തിനൊപ്പം വിളമ്പാനുണ്ടാക്കി ബാക്കിവന്ന ' ബോളി ' വരെ കിട്ടിയിട്ടുണ്ട്) ജേഷ്ഠ സഖാക്കന്മാരിൽ നമ്മൾ ദൈവത്തിനെ കണ്ടിട്ടുണ്ട്. വീടുകളിൽ നിന്ന് കറികളോടൊപ്പം സ്നേഹവും പൊതിഞ്ഞ ഭക്ഷണപ്പൊതി നൽകുമ്പോൾ അത് സ്വീകരിക്കുന്ന മനുഷ്യരുടെ കണ്ണിലും മനസ്സിലും നമ്മളും ദൈവമായി മാറുന്നു...



കാടിന്റെ പുത്രനെ പട്ടിണിക്കിട്ട നാം
കാടിന്റെ ധർമ്മം മറന്ന് പോയി
അന്നത്തിനായ് മുന്നിലെത്തിയ ദീനനെ
പന്നവാക്കോതിയകറ്റിയെന്നും



ഷെഹിൻ എസ്

# കാവിന്റെ കഥ; മാവിന്റെയും

മാറിമറിഞ്ഞ അഞ്ചുതലമുറകളുടെ സാക്ഷിയാണ് ഞാൻ. രണ്ടര നൂറ്റാണ്ടിന്റെ പഴക്കം എന്ന് എളുപ്പത്തിൽ പറയാൻ സാധിക്കുമോ? പറ്റുമെങ്കിൽ അതാണെന്റെ പ്രായം. തനി ഗ്രാമമായിരുന്ന ഈ പ്രദേശത്തെ, നാഗരികത കണ്ണും കയ്യും കാട്ടി വശീകരിക്കുന്നതിന്റെ സാക്ഷി. രണ്ടുമല്ലാത്ത അവസ്ഥയിൽ ഇടക്കാലമുപേക്ഷിച്ചതിന്റെയും പിൽക്കാലം സഹാനുഭൂതി തോന്നി ഏറ്റെടുത്തതിന്റെയും സാക്ഷി. ഇപ്പോഴിതാ, അനവസരത്തിൽ വളർന്ന വന്ന ഇത്തിളിനെ പോലെ എന്നെയും ഇളക്കി മാറ്റാൻ പോകുന്നു. സങ്കടമുണ്ടോയെന്ന് സംശയമില്ലാതില്ല! നേരുപറഞ്ഞാൽ വളരെ മുൻപേ തന്നെ ഈ പറിച്ചു മാറ്റൽ ഞാൻ പ്രതീക്ഷിച്ചിരുന്നതാണ്. ആ നിലയിൽ എനിക്കിപ്പോഴുള്ളത് നീട്ടിക്കിട്ടിയ ആയുസ്സാണ്.

ഞാൻ പിറവി കൊണ്ട കാലത്ത് ഇവിടമൊരു കാവായിരുന്നു. തൊട്ടടുത്തുള്ള കാഞ്ഞിരം പറഞ്ഞ അറിവാണ്. ഏതോ കാട്ടുപക്ഷി കൊത്തിയെറിഞ്ഞ വിത്തിൽ നിന്നാണത്രെ ഞാൻ ജന്മം കൊണ്ടത്. ചെറിയ ചെടിയായിരുന്നപ്പോൾ പലപ്പോഴും ഞാൻ ഉണങ്ങിയിട്ടുണ്ട്. പക്ഷെ ഓരോ ഋതുവിനുമിടയിൽ മുടങ്ങാതെയെത്തുന്ന മഴ വീണ്ടും ഉണർത്തി. ആയിരം വൃക്ഷങ്ങൾക്കിടയിൽ ആകെയുള്ളൊരു ഫല വൃക്ഷമായത് കൊണ്ട് സഞ്ചാരിപക്ഷികൾക്കൊക്കെ എന്നോടൊരു പ്രത്യേക മമതയാണ്. എന്റെ കൗമാരത്തിലെപ്പോഴോ ആയിരുന്നു, ഞാൻ ആദ്യമായി പൂവിട്ടത്. അക്കൊല്ലം കൂടി കായിക്കാതെ അതൊക്കെ കൊഴിഞ്ഞു പോയി. ആദ്യ ഗർഭമലസിയ പെൺകൊടിയെ പോലെ വേദനിച്ച എന്നെ നോക്കി സൂര്യൻ കണ്ണടച്ച് കാണിച്ചു.







പിന്നെവന്ന വേനലിനൊപ്പം ഞാനും കോടി കായ്ച്ചു.

എന്നെ പ്പോലെ എവിടെ നിന്നോ വന്നു വീണു മുളച്ച ഒരു ചന്ദനമുണ്ടായിരുന്നു ഇവിടെ. കക്ഷി വളന്നതത്രയും എന്റെ സത്തെടുത്താണ്. കള്ളത്തരത്തിൽ വേര് നീട്ടി നീട്ടി എന്റെ വേരിൽ തോടും. കുഞ്ഞല്ലേയെന്ന് കരുതി അവനുമൊരു പങ്ക്. ഇടതിങ്ങിയ കാവ് പിന്നീടാരുടെയൊക്കെയോ കുടുംബസ്വത്തായി. കൂട്ടത്തിലുണ്ടായിരുന്ന പലരെയും ചവിട്ടിയരച്ചു ഒരു നടപ്പാതയുണ്ടാക്കി, കാഞ്ഞിരച്ചോട്ടിൽ മഞ്ഞളും അരിയും കൊണ്ടുവന്ന അവർ ആരാധനയും തുടങ്ങി. ഞാനാവഴി ചുറ്റികറങ്ങിയതാണ് കുഴപ്പമായതെന്നും പറഞ്ഞു പാഴ്മരത്തിലുറങ്ങുമായിരുന്ന പാവം പാമ്പ് ഇടയ്ക്കിടെ നെടുവീർപ്പിടുമായിരുന്നു. നടുനിവർക്കാനുണ്ടായിരുന്ന കുറുന്തോട്ടിച്ചുവട് നടപ്പാതയിൽ തേഞ്ഞു തീർന്ന വിഷമം.

പോകെ പ്പോകെ ഒക്കെ മാറി വന്നു. കാലം തെറ്റി വന്ന കാറ്റിൽ കാഞ്ഞിരം മറിഞ്ഞു വീണ് മഞ്ഞൾത്തറ മണ്ണിടിഞ്ഞു. ഏതൊക്കെയോ ദോഷം പറഞ്ഞ് ആരൊക്കെയോ വന്ന് പോയി. അപ്പോഴേക്കും ഞാൻ സെഞ്ച്വറി തികച്ചു കേട്ടോ. (പുതിയ പിള്ളേര് പറഞ്ഞു കേട്ട വാക്കാണെ). അപ്പോൾ ദോഷം; പിന്നെ പിന്നെ ആരും ഈ വഴി വരാതെയായി. പരിചയമില്ലാത്ത പല ശബ്ദങ്ങളും കേട്ടുതുടങ്ങി. ആളുകളുടെ ശബ്ദം ഉച്ചത്തിലായി. വാഹനങ്ങൾ സ്ഥിരം കാഴ്ചയായി.

ഇപ്പോൾ കാവിൽ ഏറ്റവും തലപൊക്കാൻ എനിക്കായി ഒരു ദിവസം കിഴക്കു ഭാഗത്ത് പെട്ടെന്നൊരു ശബ്ദം കേട്ടു. ഒന്നും മനസ്സിലായില്ല. കൂട്ടത്തിലെ ആളാരെയും കാണാതെയായപ്പോൾ ഒന്ന് പരിഭ്രമിച്ചു. പിന്നെ സ്വസ്ഥമായി നിലത്തുറങ്ങുന്ന അവരെ കണ്ടു. എനിക്ക് ചുറ്റും സർവ്വതും മാറുകയായിരുന്നു. കാവിനു അതിന്റെ രൂപം നഷ്ടമായിരുന്നു. കറുപ്പ് പൂശിയ നീളൻ പാത എനിക്ക് കാണാറായപ്പോഴേക്ക് വീണ്ടുമൊരു നൂറു കൂടി ഞാൻ തികച്ചു. ഈ റോഡിനു മുൻപ് ഇവിടെയൊരു ചെമ്മൺ പാതയായിരുന്നു. ഒരു രാത്രി ആ വഴി വന്നാണ് എന്റെ ചന്ദനത്തെ ആരോ കട്ട് കൊണ്ട് പോയത്. റോഡിനു വീതികൂട്ടാനും മറ്റുമായി കാവിന്റെ കുറേ ഭാഗം വീണ്ടും പോയി. ഒടുവിൽ ഞാനും കടയ്ക്കു മുഴുവനും പൊത്തായ ഒരു അയനിപ്ലാവും മാത്രം ബാക്കിയായി. പത്തിരുപത് കൊല്ലം മുൻപ് ഒരു മഴക്കാലത്ത് കടപൊട്ടി അവളും വീണു. അതിൽ നിന്നു വീണ് പൊട്ടിയ ചെറുകൂടിനും വിരിയാറായ നാല് മുട്ടയ്ക്ക് ചുറ്റും കാക്കക്കുടുംബം കരഞ്ഞു പറന്നത് ഇപ്പോഴുമോർമയുണ്ട്.

അതിനു ശേഷമാണ് എനിക്ക് ചുറ്റും ഒരു തറ വന്നത്. വെടിവട്ടം പറഞ്ഞിരിക്കാനും മറ്റുമായി പലരും എന്റെ ചുവട്ടിൽ വന്നു തുടങ്ങി.

വേനലവധിക്ക് മാമ്പഴം പെറുക്കാൻ നടന്ന കഥകളൊക്കെ തല നരച്ചവർ പറയുമ്പോൾ ഞാനും ചുറ്റും നോക്കും, എന്നെ ലാക്കാക്കി ആരെങ്കിലും വരുന്നുണ്ടോയെന്ന്. ഒരിക്കലുമുണ്ടായിട്ടില്ല. അന്നുമിന്നും എന്റെ പഴങ്ങളുടെ അവകാശികൾ പക്ഷികളായിരുന്നു. പുകതുപ്പുന്ന വണ്ടികൾ എനിക്ക് ചുറ്റുമായി കടന്നു പോയി. നീളത്തിൽ പെട്ടികളടുക്കിയത് പോലെയുള്ള തീവണ്ടികളും ഇടയ്ക്കിടെ പോയി.

കറന്റ് കമ്പികൾക്ക് വിലങ്ങായി എന്നും പറഞ്ഞ് പല തവണകളിലായി എന്റെ പതിനൊന്ന് കൈകൾ അവർ മുറിച്ചു കളഞ്ഞു. പിന്നെയും കാലം പോയി പലതവണ, പലർ എന്റെ നെഞ്ചിൽ ആനി തറച്ചു. ഈയൊരു കാലയളവിലായിരുന്നു ഈ ഗ്രാമത്തിന് പരിഷ്കൃതമായ നഗരത്തോടുള്ള പ്രണയവും പരാജയപെട്ടുപോയ അവരുടെ ഒളിച്ചോട്ടവും. എന്റെ മുന്നിലെ ഒറ്റവരിപ്പാത ഇരട്ടിയായത് ഏറെ വൈകിയാണ്. ഇരട്ടിവരി നാലുവരിയാകാനും നാലുവരി എട്ട് വരിയാകാനും പക്ഷെ അതികം വൈകിയില്ല. തിരഞ്ഞെടുപ്പ് കാലത്തെ വാക്കിന് വില കാണിച്ച ഏതോ പ്രമുഖൻ എട്ട് വരി പതിനാറു വരിയാക്കാനുള്ള നൂലാമാലകൾ തീർത്തു വന്നപ്പോഴാണ് കരടായി ഞാൻ. ഇനിയുള്ളത് ചുരുക്കി പറയാം. അവരുടെ ഭാഷയിൽ പറഞ്ഞാൽ വികസനത്തിന് വിലങ്ങു തടിയാകുന്ന വൃക്ഷം മുറിച്ച മാറ്റുന്നു. അത്ര തന്നെ. ഇതിവിടെ എന്റെ അവസാന രാത്രിയാണ്.

നാളെ എന്റെ കടയ്ക്ക് കത്തി വയ്ക്കും. ഇരുന്നൂറ്റിയൻപത് കൊല്ലാതെ ചരിത്രം നാളെ മൂക്കുകുത്തി വീഴും. ഒരുതമാശ പോലെ തോന്നുന്നുണ്ട് അല്ലെ? അമാവാസി കഴിഞ്ഞ് ചന്ദ്രൻ മടങ്ങി വരുന്നതേയുള്ളു. കിളികൾ ഉറക്കമായി. ഞാൻ നീണ്ടു നിവർന്നൊന്ന് ശ്വസിക്കട്ടെ...

പറയാൻ വിട്ട് പോയ ഒരു കാര്യമുണ്ട്. പാതിരാത്രി കട്ട് കൊണ്ട് പോയ ചന്ദനകുട്ടിയുടെ വേരുകൾ എന്റെ വേരുകളെ കെട്ടിപിടിച്ചു അവിടെ തന്നെയുണ്ട്. അവിടെ മാറ്റ് രണ്ടുപേർ ഉറങ്ങുന്നുണ്ട്. ഒരുരാത്രി എവിടെ നിന്നോ ഓടി വന്ന രണ്ടു പേർ. കരയുന്നും പറയുന്നുമുണ്ടായിരുന്നു. ആ പെൺകുട്ടി, ചെറുപ്പക്കാരന്റെ കയ്യിൽ മുറുകെപ്പിടിച്ചിരുന്നു. രാത്രിയുടെ ഒടുവിലെപ്പോഴോ മയങ്ങിയ ഞാനുണർന്നത് എന്റെ ചുവട്ടിൽ മണ്ണിളകിയപ്പോഴാണ്. അപ്പോൾ താഴെയുള്ളവർ ഉറക്കമായിരുന്നു. ആരോ മണ്ണടി കൊണ്ട് അവരെ പുതപ്പിച്ചിരുന്നു. മമ്പ്രാത് തങ്ങളുടെ പേരകുട്ടിയെയും വല്യാമ്പാട്ടെ മേനോന്റെ ഇളയമോളെയും കാണാനില്ലെന്ന് പലരും പറയുന്ന കേട്ടിരുന്നു. പിന്നെയും കുറേ കാലം കഴിഞ്ഞാണ് അയിനിപ്പിലാവ് വീണത്. പക്ഷെ പിന്നീട് പെയ്യുന്ന പല മഴകളിലും അവരുടെ തേങ്ങലൊച്ച കേട്ടിരുന്നു. പുതിയ ഇലപ്പച്ചകളിൽ ചിലപ്പോൾ അവരുടെ സാമീപ്യവും... മഞ്ഞ് വീണു തുടങ്ങുകയാണ്...

■

# നൂറ്റാണ്ടിലെ പ്രളയത്തിൽ നിന്ന് പ്രളയ വാർഷികത്തിലെത്തി നിൽക്കുമ്പോൾ

**പീയൂഷ് ക്രിസ്**

മഴ അൽപമൊന്ന് ശമിച്ചു നിൽക്കുന്നു. മഴയും മഴക്കാറുകളും മാറി മാനം തെളിയുമ്പോൾ വെളിവാകുന്നത് പക്ഷെ അസുഖകരമായ ചില യാഥാർത്ഥ്യങ്ങളാണ്. കഴിഞ്ഞ വർഷത്തെ പ്രളയം നൂറ്റാണ്ടിലെ പ്രളയമാണെന്ന് നാം തെറ്റിദ്ധരിച്ചു, നമ്മെ തെറ്റിദ്ധരിപ്പിച്ചു. എന്നാൽ നാം ജീവിക്കുന്നത് പ്രളയത്തിന്റെ നൂറ്റാണ്ടിലാണെന്ന് ഇപ്പോൾ മനസ്സിലാക്കുന്നു. നാമൊക്കെ നാസ്തികരോ യുക്തി ചിന്തകരോ ആയേക്കാം. എങ്കിലും നാസ്തികനും ആസ്തികനും ഒരുപോലെ കാത്തുസൂക്ഷിക്കേണ്ട ഒരു ദേവാലയം, വിശ്വസിക്കേണ്ടുന്ന ഒരു ദൈവം നമുക്ക് ചുറ്റുമുണ്ട്. അത് പരിസ്ഥിതിയാണ്, പ്രകൃതിയാണ്. പശ്ചിമഘട്ടം ആണ് കേരളത്തിന്റെ ഒരേയൊരു ദൈവവും ദേവാലയവും എന്നറിയുക.

ചിത്രശലഭ പ്രഭാവം (Butterfly Effect) എന്നൊരു സിദ്ധാന്തമുണ്ട്. പ്രകൃതിയിലുണ്ടാക്കുന്ന ചെറു ചലനങ്ങൾ എങ്ങിനെയാണ് വലിയ ആഘാതമായി പരിണമിക്കുന്നതെന്ന് വിശദീകരിക്കുന്ന ഒരു സിദ്ധാന്തമാണത്. ബ്രസീലിൽ ഒരു പൂമ്പാറ്റ ചിറകടിക്കുമ്പോൾ ടെക്സാസ്സിൽ അതൊരു കൊടുങ്കാറ്റിനെ സൃഷ്ടിക്കുന്നു എന്ന സങ്കല്പനം ഈ സിദ്ധാന്തത്തിനെ അടിസ്ഥാനമാക്കി യുള്ളതാണ്. പശ്ചിമഘട്ടത്തിൽ ഒരു പൂമ്പാറ്റ ചിറകടിച്ചാൽ അതൊരുവേള മധ്യ കേരളത്തിലും തീരദേശത്തും വലിയ തരംഗങ്ങൾ സൃഷ്ടിച്ചേക്കാം എന്ന് നമുക്കതിനെ നമ്മുടെ സാഹചര്യത്തിൽ നിന്നുകൊണ്ട് പുനർവായന നടത്താം.

പക്ഷെ ഒരു കാര്യം നാം ഓർക്കണം. പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളിൽ പൂമ്പാറ്റകളുടെ ചിറകടിയല്ല ഇപ്പോൾ സംഭവിച്ചു കൊണ്ടിരിക്കുന്നത്. പ്രകൃതിയുടെ മേലുള്ള ബലാൽക്കാരങ്ങളാണ്. ഭൂമികയ്യേറ്റവും പാറപൊട്ടിക്കലും ഖനനങ്ങളും നിർബാധമാണ് തുടരുന്നത്. ഇതിന്റെയെല്ലാം പരിണിത ഫലം പ്രളയത്തിന്റെയും നാശത്തിന്റെയും നൂറ്റാണ്ടു കളായിരിക്കും. ഏതാനും വർഷം മാത്രം മുൻപ് 2013 ൽ ശ്രീ മാധവ് ഗാഡ്ഗിൽ ഇപ്രകാരം അഭിപ്രായപ്പെട്ടു.

'പശ്ചിമഘട്ടം ആകെ തകർക്കപ്പെട്ടിരിക്കുന്നു. ഇനിയും നടപടിയെടുത്തില്ലെങ്കിൽ കേരളത്തെ കാത്തിരിക്കുന്നത് വൻ ദുരന്തമാണ്. അതിനു നിങ്ങൾ വിചാരിക്കുമ്പോലെ യുഗങ്ങളൊന്നും വേണ്ട. നാലോ അഞ്ചോ വർഷം മതി. അന്ന് ഞാനും നിങ്ങളും ജീവിച്ചിരിപ്പുണ്ടാകും. ആരാണ് കള്ളം പറയുന്നത് ഭയപ്പെടുന്നത് എന്ന് നിങ്ങൾക്ക് തന്നെ മനസ്സിലാകും.' ഒരു പ്രവാചകനെപ്പോലെ സംസാരിച്ച അദ്ദേഹത്തിന്റെ കണ്ടെത്തലുകളിലെ സത്യം കുറച്ചു പേരെങ്കിലും ഇന്ന് തിരിച്ചറിയുന്നുണ്ട്. പക്ഷെ 'മറ്റുതാല്പര്യങ്ങൾ' സത്യം കാണുന്നതിന്, അത് സമ്മതിച്ചു തരുന്നതിന് ചിലർക്കൊക്കെ ഇപ്പോഴും തടസ്സമാകുന്നു.

കഴിഞ്ഞ പ്രളയത്തിന് ശേഷം ഇനി തൊണ്ണൂറു വർഷം കഴിഞ്ഞു മാത്രമേ വെള്ളം പൊങ്ങുകയുള്ളു എന്ന് വിശ്വസിച്ച പ്രബുദ്ധർ വസിക്കുന്ന നാടാണിത്. നൗഷാദിനെപ്പോലെ നന്മനിറഞ്ഞ സാധാരണ മനുഷ്യർ നമുക്കിടയിലുണ്ട്. എന്നാൽ അതുകൊണ്ട് മാത്രം ആകുന്നില്ല. നൗഷാദുമാർ സഹായഹസ്തം നീട്ടും, മൽസ്യ തൊഴിലാളികൾ മുങ്ങിയെടുക്കും എന്നുള്ള ശുഭപ്രതീക്ഷകളോ സദ്ഭാവനകളോ പ്രശ്നപരിഹാരമാകുന്നില്ല.

നമ്മൾ അത്രവലിയ സംഭവമൊന്നുമല്ല സാർ. രാഷ്ട്രീയമായി പ്രബുദ്ധരായ നമ്മുടെ പാരിസ്ഥിതിക അവബോധം വട്ടപ്പൂജ്യമാണ്. അനുഭവങ്ങളും അവബോധവും കുറഞ്ഞ ജനതയാണ് നാം. പശ്ചിമഘട്ടത്തിനും അറബിക്കടലിനുമിടയിൽ നിലനിൽക്കുന്ന ചരിഞ്ഞ ഒരു തുണ്ടു ഭൂമിയാണ് കേരളം എന്നറിയുമ്പോഴും അതിന്റെ സ്വാഭാവികത നശിപ്പിച്ചുകൊണ്ട് അതിനു കുറുകെ കോൺക്രീറ്റ് വനങ്ങൾ പടുത്തുയർത്തിയ ഒരുകൂട്ടം പടുവിഡ്ഢികൾ മാത്രമാണ് നാം. നമ്മുടെ വികസന അതിജീവന കാഴ്ചപ്പാടുകളിൽ ഒരു Paradigm Shift തന്നെ സംഭവിക്കേണ്ടിയിരിക്കുന്നു. അതിനുള്ള രാഷ്ട്രീയ സാമൂഹിക ഇച്ഛാശക്തി ഇനിയെങ്കിലും ഉണ്ടാകുമോ എന്നതാണ് പ്രളയം ബാക്കിവക്കുന്ന ചോദ്യം.



# नुक्कड़ नाटक (STREET PLAY)

## और समकालीन परिचय

नुक्कड़ नाटक ,नाटक की ऐसी विधा है जो कई अर्थों में नई है और जिसमें रंगमंचीय नाटक और नाट्य रूपों दोनों की विशेषताओं का इस्तेमाल किया जाता है। नुक्कड़ नाटक ऐसे नाटक को कहते है जिसमें नाटक मंडली जनता के बीच जाकर बिना किसी बाहरी तामझाम के अपना नाटक पेंश करती है। अंग्रेजी में नुक्कड़ नाटक को स्ट्रीटप्ले इसलिए कहा जाता है क्यों कि उसे किसी भी गली, रास्ते और चौराहे पर पेश किया जा सकता है।

1973 में सफदर हाश्मी ने दिल्ली में जन नाट्य मंच (जनम) की शुरुआत की। सफदर हाश्मी का स्पष्ट विचार था कि नाटक मंडली के सदस्य परस्पर बहस करके, साथ ही जनवादी संगठनों और आंदोलनों के नेतृत्व से विचार विमर्श करके एक सुदृढ़ और गहरी समझ बनने के बाद अपने सामूहिक रचना शक्ति से ही अच्छे अच्छे नाटक तैयार कर सकते हैं। "औरत" नाटक की रचना इसी प्रक्रिया में हुई। सफदर हाश्मी ने अपने साथियों के साथ मिलकर इसे रचा था।

श्रमशील औरत के जीवन की वास्तविकताओं को इस नाटक में कई नज़र से देखने की कोशिश की थी। मेहनत करती औरत, शोषण की चक्की में पिसती औरत और पुरुष मानसिकता की शिकार औरत का स्थान वही नहीं है जो पूँजीवादी उपभोक्तवादी समाज में पेश किया जाता है। वर्गों में बँटे समाज में हर वर्ग की औरत शोषण और उत्पीडन का शिकार होती लेकिन गरीब स्त्री को स्त्री होने के साथ साथ गरीब होने की पीड़ा भी झेलनी पड़ती है। नाटक के अंत में शोषण और उत्पीड़न के खिलाफ आवाज़ को बुलंद किया गया है। जब तक संगठित होकर औरत अपने अधिकार केलिए संघर्ष नहीं करेगी तब तक वह इसी तरह प्रताड़ित होती रहेगी।

रौनक इस
III DC English

शुभं



മുസ്തഫ, മണ്ണാർക്കാട്
ലൈബ്രേറിയൻ

# നൊമ്പര പൂവ്



18 സംവത്സരങ്ങൾക്കു ശേഷം ഒരിക്കൽ കൂടി പഠിതാവിന്റെ വേഷത്തിൽ കാലിക്കറ്റ് സർവകലാശാലയിൽ എത്തിയതായിരുന്നു. കുളിരു പെയ്യുന്ന 2019 ലെ ഒരു നവംബർ കാലത്താണ് ഒരു മാസം നീണ്ടുനിൽക്കുന്ന റഫ്രെഷർ കോഴ്സ്. 'നിർമ്മായ കർമ്മണാശ്രീ' മുദ്ര പതിച്ച പ്രധാന കവാടത്തിലൂടെ ഒരു സായാഹ്നത്തിന്റെ കുസൃതിക്കാറ്റ് നുകർന്നു കൊണ്ട് അങ്ങനെ അലസമായി നടന്നു. ക്യാമ്പസ് കാല സുഹൃത്ത് ഫാറൂഖ് കോളേജിലെ ഡോക്ടർ മൻസൂർ എന്നെ കാണാൻ വന്നിരുന്നു. കാലങ്ങൾക്ക് ശേഷം ഉള്ള കൂടിക്കാഴ്ചയാണ്. ഞങ്ങൾക്ക് പറയാനുള്ളതിനേക്കാൾ ക്യാമ്പസിന് ഞങ്ങളോട് പറയാൻ ഒരുപാട് കാര്യങ്ങൾ ഉണ്ടായിരുന്നു.

ക്യാമ്പസ് ഇപ്പോൾ പഴയ ക്യാമ്പസ് അല്ല. പുതിയ റോഡുകളും പുതിയ കെട്ടിടങ്ങളും ഉദ്യാനങ്ങളും ഉയർന്നുവന്നിട്ടുണ്ട്. വിപ്ലവ മുദ്രാവാക്യങ്ങൾ കൊണ്ട് ഞങ്ങൾ അലങ്കരിച്ച് നിർത്തിയിരുന്ന ചുവരും മതിലുകളും എല്ലാം പെയിൻറ് അടിച്ച് അരാഷ്ട്രീയ വൽക്കരിക്കപ്പെട്ടിരിക്കുന്നു. രാപ്പകലില്ലാതെ ആൺ പെൺ ഹോസ്റ്റൽ കവാടങ്ങൾ തുറന്നു വയ്ക്കപ്പെട്ടിരിക്കുന്നു. തീപ്പാറുന്ന ബൗദ്ധിക ചർച്ചകളിൽ ഉണങ്ങി കരിഞ്ഞു ഇല പൊഴിച്ചിരുന്ന തണൽ മരങ്ങൾ പുതു തലമുറയുടെ yo yo ലൈഫിന് കുടചൂടി നിൽക്കുന്നു.



ക്യാമ്പസിൽ കഴിഞ്ഞ ദിനങ്ങൾ ഓരോന്നോരോന്നായി ഞങ്ങളുടെ സംസാരത്തിലേക്ക് കടന്നു വന്നു. രസക്കൂട്ട്കളുടെ ഹോസ്റ്റൽ ജീവിതം.... സൗഹൃദങ്ങളുടെ ക്ലാസ് മുറികൾ.... പ്രണയ നൊമ്പരങ്ങളുടെ ക്യാമ്പസ് പാർക്ക്.... സായന്തനങ്ങളിൽ കുളിർക്കാറ്റ് ഏറ്റു വിരിയുന്ന പ്രണയ പൂക്കളുടെ 'ബ്യൂട്ടി സ്പോട്ട് '...! അങ്ങനെ ജീവിത വസന്തത്തിന്റെ നല്ലനാളുകൾ പങ്കുവെച്ചും ഓർത്തെടുത്തും ഗസ്റ്റ് ഹൗസിലേക്ക് നടന്നു നീങ്ങവേ പോക്കറ്റിൽ കിടന്ന മൊബൈൽ ഫോൺ ചിലക്കാൻ തുടങ്ങി.

'ഹലോ സർ, നമ്മുടെ നാസർക്ക ....'

അജയ് കൃഷ്ണനാണ് മറുതലക്കൽ

'നാസർകാക്ക്എന്തുപറ്റി?'

'മരണപ്പെട്ടു....'

'ഏത് നാസർക്ക ?'

'നമ്മുടെ നാസർക്ക'

'വലുതോ ചെറുതോ?'

'ചെറുതു തന്നെ സർ, ലൈബ്രറിയിലെ ...

ഉച്ചവരെ കോളേജിൽ വന്നിരുന്നു സുഖമില്ലെന്ന് പറഞ്ഞു ഉച്ചക്ക് ഓട്ടോ പിടിച്ച് വീട്ടിൽ പോയതാണ്. വീട്ടിൽനിന്നും ഹോസ്പിറ്റലിൽ എത്തുംമുമ്പേ.....'

അജയ് കൃഷ്ണൻറെ വാക്കുകൾ പാതിയിൽ മുറിഞ്ഞു വീണു.

"ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ"

'ഞാൻ വരും. കൂടുതൽ വിവരങ്ങൾ കിട്ടിയാൽ എന്നെ അറിയിക്കണം.'

ഫോൺ കട്ട് ചെയ്തോ എന്നറിയില്ല. പക്ഷേ കുറേസമയം ഒരുതരം സ്ഥല - ചല വിഭ്രാന്തിയോടെ ഞാൻ മൗനിയായി നിന്നു. തലച്ചോറിലേക്ക് ഒരു തരിപ്പ് ഇരച്ച് കയറിയ പോലെ. തുറന്നുവച്ച കണ്ണുകൾക്ക് മുന്നിൽ ഇരുട്ടുമൂടിയ ശൂന്യത. ഇന്നലെ രാത്രി ഞാൻ വിളിച്ചതേ ഉള്ളൂ.

'സാർ ധൈര്യമായി ഇരിക്കൂ, ഇവിടത്തെ കാര്യങ്ങൾ ഞാൻ നോക്കിക്കൊള്ളാം' എന്ന് ഏറ്റെടുത്തതാണ്.

എന്ത് ചെയ്യണമെന്ന ആലോചനക്ക് ഒടുവിൽ കോഴ്സ് കോഡിനേറ്ററെ ഫോണിൽ വിളിച്ചു. ലീവ് തരില്ലെന്നും ചോദിക്കില്ലെന്നും നേരത്തെ കരാർ ആയതാണ്. പക്ഷേ എനിക്ക് വേറെ വഴികൾ ഇല്ലായിരുന്നു.

'സർ, ഞാൻ പോകുന്നു. എനിക്ക് പോകാതിരിക്കാൻ പറ്റില്ല'.

ഒരു ജനറൽ ക്ലാസ് ടിക്കറ്റെടുത്ത് കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ ഒന്നാം നമ്പർ പ്ലാറ്റ്ഫോമിൽ തീവണ്ടിയും കാത്തുനിന്നു. സ്റ്റേഷനിൽ നല്ല തിരക്കുണ്ട്. ട്രെയ്നുകൾ വൈകിയോടുന്നു.

സമയത്തിന് എന്തൊരു ദൈർഘ്യമാണ്. ഞാൻ അന്ന് ആദ്യമായി വാച്ചിന്റെ മിനിറ്റ് സൂചിയെയും മണിക്കൂർ സൂചിയെയും പഴിച്ചു കൊണ്ടേയിരുന്നു.

നാസർക്ക, കണ്ട നാൾ മുതൽ ഞാൻ അങ്ങനെയെ വിളിച്ചിട്ടുള്ളു. കാലിക്കറ്റിൽ നിന്നും കൂടുമാറി കൊല്ലം ടി കെ എമ്മിൽ യുജിസി ലൈബ്രേറിയനായി നിയമിതനായി എന്നറിഞ്ഞപ്പോൾ വലിയ ആകാംക്ഷയായിരുന്നു. ലൈബ്രറി കാണാൻ ചെന്നപ്പോൾ ആദ്യം എതിരേറ്റത് നാസർക്ക ആണ് . ഒരു പാലക്കാട്ടുകാരൻ വരുന്നു എന്നറിഞ്ഞ് വാതിൽപ്പടിയിൽ കാത്തുനിന്ന നാസർക്കയെ അഭിവാദ്യം ചെയ്ത് ഷെയ്ക് ഹാന്റിനായി കൈനീട്ടി. തളർന്നു തൂങ്ങിയ വലതു കൈ നീട്ടിതരാൻ ആവാത്ത ജാള്യതയോടെ അല്പം അമ്പരപ്പോടെ ഇടതുകൈ നീട്ടി പുഞ്ചിരിച്ചത് ഇന്നും മായാതെ മനസ്സിന്റെ ചുവർച്ചിത്രം ആയി നിൽക്കുന്നു.

ഒരുപാട് കുറവുകൾ ഉള്ള ഒരാളായിരുന്നു അദ്ദേഹം. നന്മകളെക്കാൾ തിന്മകൾ എന്ന് പലരും വ്യാഖ്യാനിച്ച കുറവുകൾ. കാരീരികമായും മാനസികമായും പ്രയാസങ്ങൾ അനുഭവിച്ചിരുന്നു. ഒരു വശം തളർന്നു പോയ കൈയും കാലും. തുടരെത്തുടരെ വേണ്ടിവന്ന സർജറികൾ. മൂർദ്ധന്യതയിലെത്തിയ പ്രഷറും പ്രമേഹവും. വേദനയ്ക്കു മേൽ വേദനകൾ .... ഒടുവിൽ കാൽ പഴുത്ത് വ്രണം ആയപ്പോൾ മുറിച്ചുമാറ്റപ്പെട്ട വിരലിലെ ഒരിക്കലും ഉണങ്ങാത്ത വേദനയും. ഓരോ ദിവസവും നിമിഷവും വേദനിച്ചും നൊമ്പരപ്പെട്ടും ജോലിക്കെത്തിയിരുന്ന ധീരനായ പോരാളി. വിദ്യാർത്ഥികളോടും അധ്യാപകരോടും വളരെ കണിശക്കാരൻ ആയിരുന്നു അദ്ദേഹം. ഏല്പിക്കുന്ന ജോലികൾ കൃത്യതയോടെ നിർവഹിക്കുന്ന, പരുപരുത്ത ശബ്ദത്തിൽ ആരെയും നിശബ്ദമാക്കുന്ന ഡിസിപ്ലിനേറിയൻ . കുട്ടികൾ കൂട്ടം ചേർന്ന് ശബ്ദം ഉയരുമ്പോൾ ഒരു മൂലയിൽ നിന്നും ഒരു ചോദ്യമുയരും 'എന്തുവാടെ ഇവിടെ ഇരുന്ന് കാര്യം പറയുന്നെ' അതോടെ എല്ലാവരും നിശബ്ദരാവും.

പുലർച്ചെ ആറുമണിയോടെ കൊല്ലം സ്റ്റേഷനിൽ വന്നിറങ്ങി. രാത്രി മുഴുവൻ ഉറങ്ങാതെയും നിന്നും ഇരുന്നും ഒക്കെ ഉള്ള യാത്ര ശരീരത്തെയും മനസ്സിനെയും വല്ലാതെ തളർത്തിയിരുന്നു. 9 മണിക്ക് അഞ്ചാലുംമൂട്ടിലെ നാസർക്കയുടെ വീട്ടിലെത്തുമ്പോൾ സംസ്കാരചടങ്ങുകൾ ആരംഭിച്ചിരുന്നു. നാട്ടു വഴികളിലും വീട്ടിലും എല്ലാം ജനം തിങ്ങിനിറഞ്ഞിരിക്കുന്നു. എല്ലായിടത്തും അടക്കിപ്പിടിച്ച സംസാരങ്ങൾ മാത്രം. കത്തിച്ചുവച്ച കുന്തിരിക്കത്തിന്റെയും, ചന്ദന തിരിയുടെയും വെളുത്ത പുകച്ചുരുളുകൾ പരസ്പരം കെട്ടിപ്പിണഞ്ഞ് വീട്ടുമുറ്റത്ത് ഒരുമിച്ചു കൂടിയ ജനക്കൂട്ടത്തിനിടയിലൂടെ ചാഞ്ഞും ചരിഞ്ഞും പുഞ്ചിരിച്ചും ഗൗരവ പെട്ടും പറന്നു നടന്ന് അന്തരീക്ഷത്തിൽ അലിഞ്ഞില്ലാതാവുന്നു.

മുറിവുണങ്ങാത്ത കാലിലെ കെട്ടും ഉടുത്ത വസ്ത്രങ്ങളും അഴിച്ചുമാറ്റി പനനീർ മണമുള്ള സോപ്പ് കൊണ്ട് കുളിപ്പിച്ച്, കർപ്പൂരം പൊടിച്ചുചേർത്ത് സുഗന്ധം പരത്തുന്ന തണുത്ത വെള്ളം മൂന്ന് തവണ ആവർത്തിച്ച് ഒഴുക്കി ശരീരത്തിലെ എല്ലാ അഴുക്കുകളും പാപങ്ങളും കഴുകി കളഞ്ഞ് തൂവെള്ള വസ്ത്രം ഉടുത്ത് വീട്ടു കോലായയിൽ പായവിരിച്ച് നീണ്ടുനിവർന്ന് നിശബ്ദനായി അദ്ദേഹം കിടക്കുന്നു.

മുറിവുണങ്ങാത്ത കാലിലെ കെട്ടും ഉടുത്ത വസ്ത്രങ്ങളും അഴിച്ചുമാറ്റി പനനീർ മണമുള്ള സോപ്പ് കൊണ്ട് കുളിപ്പിച്ച്, കർപ്പൂരം പൊടിച്ചുചേർത്ത് സുഗന്ധം പരത്തുന്ന തണുത്ത വെള്ളം മൂന്ന് തവണ ആവർത്തിച്ച് ഒഴുക്കി ശരീരത്തിലെ എല്ലാ അഴുക്കുകളും പാപങ്ങളും കഴുകി കളഞ്ഞ് തൂവെള്ള വസ്ത്രം ഉടുത്ത് വീട്ടു കോലായയിൽ പായവിരിച്ച് നീണ്ടുനിവർന്ന് നിശബ്ദനായി അദ്ദേഹം കിടക്കുന്നു.

അന്ത്യ ദർശനത്തിനായി വരിയിൽ കാത്തു നിന്നപ്പോൾ ഓർമ്മകളുടെ തിരമാലകൾ മിഴിക്കോണുകളിൽ നീർച്ചാലുകൾ തീർത്തു. ഒരായിരം ചുണ്ടുകളിൽ നിന്നുയർന്ന മന്ത്രധ്വനി കളുടെ അകമ്പടിയോടെ ശുഭ്രവസ്ത്ര ധാരിയായി കണ്ണുകളടച്ച് അദ്ദേഹം നിത്യതയിലേക്ക് യാത്ര പോകാൻ ഒരുങ്ങി.

ആ യാത്രാമഞ്ചത്തിൻറെ ഒരറ്റം തോളിലേറ്റി പള്ളിപ്പറമ്പിലേക്കുള്ള യാത്രയിൽ ഞാനും ചേർന്ന് നടന്നു. പള്ളി മിഹ്റാബിനോട് ചേർത്തുവെച്ച വിശുദ്ധ ശരീരത്തിന് അ രികിൽ നിന്ന് നിശബ്ദനായി പ്രാർത്ഥിച്ചു: അഖില ലോകങ്ങളുടെയും രക്ഷകനായ നാഥാ അകാലത്തിൽ കൊഴിഞ്ഞു വീണ ഈ നൊമ്പര പൂ വിനെ നീ സ്വീകരിച്ചാലും ... കരുണാനിധിയും കാരുണ്യ വാനുമായ അല്ലാഹുവേ ഈ പൂവിതളുകളിൽ പറ്റിപ്പിടിച്ച പാപക്കറകളെ നിർമ്മലമായ തുഷാര ബിന്ദുക്കൾ കൊണ്ടും, ജലധാര കൊണ്ടും കഴുകി ശുദ്ധിയാക്കിയാലും .... ഞങ്ങളുടെ ഈ പ്രി യപ്പെട്ടവനെ നിൻറെ ഫിർദൗസിലേക്ക് ആനയിച്ചാലും !



ഈ യാത്ര ഇവിടെ അവസാനിക്കുകയാണ്. വേദനകളും യാതനകളും ഇല്ലാത്ത അനശ്വരമായ ലോകത്തേക്ക്, കാലങ്ങൾ ഇല്ലാത്ത ലോകത്തേക്ക് പു തിയ യാത്ര തുടരുകയാണ്. ശരീരം മണ്ണിലേക്ക് ഇറക്കിവച്ച്, മുഖത്തെ മൂടിയ തുണി അല്പം മാറ്റി, വലതു കവിൾ മണ്ണിനോട് ചേർത്ത് വച്ചു. അവസാനമായി മൂന്ന് പിടി മണ്ണ്; അത് താങ്കൾക്ക് അവകാശപ്പെട്ടതാണ്. ഈർപ്പം മാറിയിട്ടില്ലാത്ത പുതുമണ്ണ് ഇരുകൈകളും ചേർത്ത് ഓരോ കുമ്പിൾ ആയി ഖബറിലേക്ക് ഇടുമ്പോൾ ഒരു വിറയലോടെ ചുണ്ടുകൾ ആവർത്തിച്ചുകൊണ്ടിരുന്നു:

'മിൻഹാ ഖലക്കിനാക്കും
വഫീഹാ നു ഈദുക്കും
വ മിൻഹാ നുഹ്രിജുക്കും
താറത്തൻ ഉഹ്റാ....'

'ഈ മണ്ണിൽ നിന്നാണ് നിന്നെ സൃഷ്ടിച്ചത്, ഈ മണ്ണിലേക്ക് തന്നെയാണ് നിന്റെ മടക്കം.. ഈ മണ്ണിൽ നിന്നു തന്നെ ഒരിക്കൽ കൂടി നിന്നെ ഉയർത്തെഴുന്നേൽപ്പിക്കും.'

ചുറ്റും നിന്നവരെല്ലാം ഓരോരുത്തരായി പിരിഞ്ഞു പോയി. പരേതൻ തനിച്ചായി. ഭയപ്പെടുത്തുന്ന നിശബ്ദത നാലുപാടും പെയ്തിറങ്ങി കൊണ്ടിരുന്നു. അപ്പോൾ പള്ളിപ്പറമ്പിലെ വെള്ളില കാടുകളിൽ നിന്നും മഞ്ഞ കൊക്കുള്ള ഒരു പഞ്ചവർണ്ണകിളി ആകാശത്തേക്ക് പറന്നു കാർമേഘങ്ങളിൽ മറഞ്ഞു.....



എന്നൊക്കെ ദുർഗ്ഗങ്ങൾ ഉയർന്നു, അന്നൊക്കെ ചരിത്രമാവർത്തിക്കപ്പെട്ടു.
ഒടുവിൽ സ്വാതന്ത്ര്യത്തിന്റെ ഘോഷണവും
പ്രണയത്തിന്റെ അനശ്വരതയും മാത്രം നിലനിന്നു.
വാക്കുകൾ വീണ്ടും വീണ്ടും പ്രണയിച്ചു. കഥയും കവിതയും ഉണ്ടായി...



ടി.കെ.എം കോളേജ് ഓഫ് ആർട്സ് & സയൻസ്, കൊല്ലം



"പട നയിച്ച പൂർവ്വികന്റെ ചോര വീണ പാതയിൽ
പടഹമായുണർന്നു പാടി ഞങ്ങളിന്നു വന്നവർ
പോർനിലത്തു വീര്യമാർന്നു വീഴാതെ നിന്നവർ
പൊരുതിച്ച പൂർവ്വികന്റെ ചോരയായുണർന്നവർ"



# കോളേജ് യൂണിയൻ റിപ്പോർട്ട്

**കൊ**ല്ലം കരിക്കോട് ടി കെ എം ആർട്സ് & സയൻസ് കോളേജിൽ 2018-2019 അധ്യയന വർഷ കാലയളവിലെ യൂണിയൻ തെരെഞ്ഞെടുപ്പ് 2018 ഒക്ടോബർ 9 നു നടന്നു. സിദ്ധിഖ് ചെയർമാനായി മത്സരിച്ച പാനൽ ടി കെ എമ്മിലെ തന്നെ ചരിത്ര ഭൂരിപക്ഷത്തോടെയാണ് വിദ്യാർത്ഥികൾ വിജയിപ്പിച്ചത്. അഭിരാമി ആർ (വൈസ് ചെയർപേഴ്സൺ), അദ്വൈത് പി (ജനറൽ സെക്രട്ടറി), മുഹമ്മദ് സമീൽ (ആർട്സ് ക്ലബ് സെക്രട്ടറി), സൈദാലി സക്കീർ (യു. യു. സി), ഹിജാസ് വൈ (യു. യു. സി), അഹമ്മദ് യു (മാഗസിൻ എഡിറ്റർ) എന്നിവരാണ് മറ്റു ഭാരവാഹികൾ. വർഗ്ഗീയ ശക്തികൾ അരും കൊല ചെയ്ത സഖാവ് അഭിമന്യുവിന്റെ സ്മരണകൾ ഉൾകൊണ്ട് 2018-2019 കാലയളവിലെ കലാലയ യൂണിയന് **അഭിമന്യു കലാലയ യൂണിയൻ** എന്ന് നാമകരണം ചെയ്തു.

2018 ഒക്ടോബർ 16 നു അഭിമന്യു കലാലയ യൂണിയൻ ബഹുമാനപ്പെട്ട കോളേജ് പ്രിൻസിപ്പൽ പ്രൊഫ: എസ് ഷാജിത ടീച്ചർക്ക് മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. യൂണിയൻ ചെയർമാൻ സിദ്ധിഖിന് റിട്ടേർണിംഗ് ഓഫീസർ പ്രൊഫ: നജീം സാർ സത്യവാചകം ചൊല്ലിക്കൊടുത്തു. മറ്റു യൂണിയൻ ഭാരവാഹികൾക്ക് യൂണിയൻ ചെയർമാൻ സത്യ വാചകം ചൊല്ലിക്കൊടുത്തു **2018 നവംബർ ഒന്ന്** കേരളപിറവി ദിനത്തിൽ യൂണിയൻ ഉത്ഘാടനം ബഹു കൊല്ലം മേയർ അഡ്വക്കേറ്റ് രാജേന്ദ്രബാബു ഉത്ഘാടനം ചെയ്തു. കോളേജ് യൂണിയൻ ചെയർമാൻ സിദ്ധിഖ് എൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി അദ്വൈത് പ്രകാശ് സ്വാഗതം ആശംസിച്ചു. കവിയും പ്രാസംഗികനുമായ ഗണപൂജാരി മുഖ്യപ്രഭാഷണം നടത്തി പ്രിൻസിപ്പൽ പ്രൊഫ: ഷാജിത, ലൈസൺ ഓഫീസർ പ്രൊഫ: ഹാഷിമുദ്ദീൻ, സ്റ്റാഫ് അഡ്വൈസർ പ്രൊഫ നജീം തുടങ്ങിയവർ ആശംസ അറിയിച്ചു. യൂണിയൻ വൈസ് ചെയർപേഴ്സൺ അഭിരാമി ആർ കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് ബാലഭാസ്കർ അനുസ്മരണവും, വയലിൻ ഫ്യൂഷനും ടി കെ എം കോളേജ് വിദ്യാർത്ഥിയായ ബലപ്രസാദിന്റെ നേതൃത്വത്തിലുള്ള ടീം ബാക് അപ്പ് പ്ലാൻ അവതരിപ്പിച്ചു.

2018 ഡിസംബർ 9-6 കാലയളവിൽ വിവിധ കലാലയങ്ങളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ധ്വനി 2018 എന്ന ഓൺലൈൻ മ്യൂസിക് മത്സരം സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ കലാലയങ്ങളിലെ വിദ്യാർത്ഥികൾ ആവേശത്തോടെ പങ്കെടുത്ത ഈ മത്സരത്തിന് ഒന്നാം സ്ഥാനം കൊല്ലം എസ് എൻ കോളേജിലെ വിവേക് എസ് അർഹനായി.

ഡിസംബർ 12 നു സംഘടിപ്പിച്ച ഓൺലൈൻ ഗെയിം മത്സരത്തിൽ ടി കെ എം കോളേജിലെ ഹാറൂൺ എന്ന വിദ്യാർത്ഥി സമ്മാനാർഹനായി.

ഡിസംബർ 15 നു നടത്തിയ സിനിമ നിരൂപണ മത്സരത്തിൽ ടി കെ എം കോളേജിലെ വിദ്യാർത്ഥിനി അൽന അഖിൽ അർഹയായി. അഭിമന്യു കലാലയ യൂണിയന്റെ ആർട്സ് ക്ലബ് ഉത്ഘാടനം ഡിസംബർ 20 നു നടന്നു. പ്രശസ്ത മോഡൽ തസ്വീർ മുഹമ്മദ് ഉത്ഘാടന കർമ്മം നിർവഹിച്ചു. അന്നേദിവസം ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി പ്രിൻസിപ്പൽ പ്രൊഫ ഷാജിത ടീച്ചർ കേക്ക് മുറിക്കുകയും ചെയ്തു.



മാഗസിൻ സമിതിയും കലാലയ മീഡിയ ക്ലബും സംയുക്തമായി വർഷങ്ങളായി കലാലയത്തിൽ മുടങ്ങി കിടന്ന ഔട്ട് സ്പോക്കൺ എന്ന ക്യാമ്പസ് മുഖപത്രം എല്ലാ മാസവും പ്രസിദ്ധീകരിക്കുകയുണ്ടായി. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുവാൻ വേണ്ടിയുള്ള ക്യാമ്പസ് മുഖപത്രമാണ് ഔട്ട് സ്പോക്കൺ. കൂടാതെ ടി കെ എം ന്റെ ചരിത്രത്തിലാദ്യമായി ഔട്ട് സ്പോക്കൺ ന്റെ വാർഷിക പതിപ്പ് 'ഒരു ടി കെ എം ഡയറി' യൂണിയന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. കോളേജ് പ്രിൻസിപ്പൽ പ്രൊഫ ഷാജിത മാർച്ച് 21 നു പ്രകാശനം ചെയ്തു.

2019 ജനുവരി 22 നു സകലകലാശാല എന്ന ചിത്രത്തിന്റെ അണിയറപ്രവർത്തകരെ ക്യാംപസിൽ കൊണ്ട് വരുവാൻ സാധിച്ചു. വിവിധ ഇനം കലാപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി.

2019 ഫെബ്രുവരി 14 നു വാലന്റൈൻസ് ദിനത്തോടനുബന്ധിച്ചു പ്രണയലേഖന മത്സരം സംഘടിപ്പിച്ചു. ആവേശത്തോടെയുള്ള പ്രണയലേഖനങ്ങളിൽ മൂന്നാം വർഷബിരുദ വിദ്യാർത്ഥിയായ അനന്തകൃഷ്ണൻ പി ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും, പ്രണയ ലേഖനം ഒരു ടി കെ എം ഡയറി യിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ആർട്ടം 2019 കലാലയ യുവജനോത്സവത്തിന്റെ ഔദ്യോഗികമായ ഉത്ഘാടനം 2019 ഫെബ്രുവരി 25 നു കാളിദാസ് ജയറാമും ഐശ്വര്യ ലക്ഷ്മിയും നിർവഹിച്ചു. വിദ്യാർത്ഥികളോട് സംവദിച്ചും ഒപ്പം കൂടിയും നല്ലൊരു അനുഭവം പകർന്നു.

2019 മാർച്ച് ഒന്നിന് കേരള യൂണിവേഴ്സിറ്റി സ്റ്റുഡന്റസ് സെന്ററിന്റെ നേതൃത്വത്തിൽ' യുക്തിഭദ്രമായ ക്യാമ്പസ്, സുസ്ഥിര കേരളം' എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണത്തിന് വേദിയൊരുക്കാൻ കലാലയ യൂണിയന് സാധിച്ചു. ഡോ. ജെ. പ്രഭാഷ് പ്രഭാഷണം നടത്തി. മാർച്ച് 8-ാം തീയതി കേരള മീഡിയ അക്കാഡമിയുടെ നേതൃത്വത്തിൽ ക്യാംപസിൽ നാടകാവതരണം നടന്നു. രാജ്യത്ത് വളർന്നു വരുന്ന വർഗ്ഗീയതക്കും, ജാതി വിവേചനങ്ങൾക്കും എതിരെ വിദ്യാർത്ഥികളെ ബോധവത്കരിക്കുക എന്ന ഉദ്ദേശത്തോടെ ആയിരുന്നു സംഘടിപ്പിച്ചത്. സ്വാമിവിവേകാനന്ദന്റെയും, അയ്യങ്കാളിയുടെയും, ശ്രീ നാരായണ ഗുരുവിന്റയും, വക്കം മൗലവിയുടെയും ദർശനങ്ങളിലൂടെ കടന്നു പോകുന്ന ഒരു നാടകമായിരുന്നു അവതരിപ്പിച്ചത്.

2019 മാർച്ച് 12-14 , കേരള യൂണിവേഴ്സിറ്റി യൂണിയൻ, കേരള ചലച്ചിത്ര അക്കാദമി, കേരള സ്റ്റേറ്റ് യുവജന കമ്മീഷൻ സംയുക്തമായി കൊല്ലം ജി മാക്സിൽ സംഘടിപ്പിച്ച ഫിലിം ഫെസ്റ്റിൽ ടി കെ എമ്മിൽ നിന്നും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ സാധിച്ചു.

2018-2019 കേരള യൂണിവേഴ്സിറ്റി യൂണിയന്റെ നാടകോത്സവം മാർച്ച് 19, 20 തീയതികളിൽ നടന്നു. വിവിധ കലാലയങ്ങളിലെ പത്തോളം ടീമുകൾ മത്സരിക്കാൻ എത്തുകയുണ്ടായി. അവതരണം കൊണ്ടും ദൃശ്യമികവ് കൊണ്ടും കാണികൾക്ക് ആവേശമായിരുന്നു ഓരോ നാടകങ്ങളും. ഒന്നും രണ്ടും സ്ഥാനങ്ങൾ ചേർത്തല എൻ എസ് എസ് കോളേജും, മൂന്നാം സ്ഥാനം ഹിസ്ഹൈനസ് മഹാരാജാസ് യൂണിവേഴ്സിറ്റി കോളേജും കരസ്ഥമാക്കി.

കലാലയ യുവജനോത്സവം മാർച്ച് 21 ,22 തീയതികളിൽ നടന്നു. വിദ്യാർത്ഥികൾക്ക് വേറിട്ടൊരു അനുഭവമായിരുന്നു യുവജനോത്സവം. അത്യന്തം ആവേശകരമായി ഓരോ ഹൗസും മത്സരഇനങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

വിദ്യാർത്ഥികളുടെ സർഗ്ഗാത്മകമായ കഴിവുകൾ മാറ്റുരക്കുന്ന വേദിയായി ടി കെ എം മാറിയിരുന്നു. വർഷങ്ങൾക്ക് ശേഷം ഫിസിക്സ്, ഇസ്ലാമിക ഹിസ്റ്ററി വകുപ്പുകൾ സംയുക്തമായ ബ്ലൂ ഹൗസ് ഫോട്ടോഫിനിഷിൽ ഒരു പോയിന്റിന് യെല്ലോ ഹൗസിനെ പരാജയപ്പെടുത്തുകയായിരുന്നു. ആവേശകരമായി വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനു നേതൃത്വം നൽകിയ ഹൗസ് കൊ-ഓർഡിനേറ്റർമാർക്കും, ചുമതലയിലുണ്ടായിരുന്ന അധ്യാപകർക്കും നന്ദി രേഖപ്പെടുത്തുന്നു. മാർച്ച് 23 നു കലാലയ യൂണിയന്റെ നേതൃത്വത്തിൽ ഫിലിം ഫെസ്റ്റ് സംഘടിപ്പിക്കപ്പെട്ടു. അതോടൊപ്പം കാൻസർ ബാധിതയായ ഒരു കുടുംബത്തെ സഹായിക്കുവാനും അന്നേ ദിവസം യൂണിയന് സാധിച്ചു. ഇതുമായി സഹകരിച്ച എല്ലാ വിദ്യാർത്ഥികൾക്കും യൂണിയന്റെ നന്ദി രേഖപ്പെടുത്തുന്നു. കാര്യവട്ടം ക്യാമ്പസിൽ വച്ച് നടന്ന കേരള യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവലിൽ ഒപ്പന, ദഫ്, നാടൻപാട്ട്, തുടങ്ങിയ അനവധി ഇനങ്ങളിൽ വിദ്യാർത്ഥികളെ മത്സരിപ്പിക്കാൻ കഴിഞ്ഞു. ഒപ്പനയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

യൂണിയൻ സമാപനവും കോളേജ് ഡേ യും മാർച്ച് 20 നു നടത്തുകയുണ്ടായി. കലാലയ യൂണിയൻ ജനറൽ സക്രെട്ടറി അദ്വൈത് പ്രകാശ് പ്രവർത്തന റിപോർട് അവതരിപ്പിച്ചു. തുടർന്ന് ചെയർമാൻ സിദ്ധിഖ് നടത്തിയ പ്രഭാഷണത്തിൽ യൂണിയനുമായി സഹകരിച്ച എല്ലാ അധ്യാപക അനധ്യാപകരോടും, വിദ്യാർത്ഥികളോടും നന്ദി അറിയിച്ചു. തുടർന്ന് കലാപരിപാടികളും സംഗീതവുമായി വേദി വർണ്ണാഭമായി.

ഇതിനു പുറമേ വിദ്യാർത്ഥികളുമായി നിരന്തരം ഇടപെട്ടുകൊണ്ട്, കലാലയത്തിൽ നിലനിന്ന അസമത്വങ്ങളെ മാതൃകാപരമായി അധികാരികളുടെ മുന്നിൽ എത്തിക്കുവാനും, തുടർ നടപടികൾ സ്വീകരിക്കുവാനും യൂണിയൻ ശ്രദ്ധിച്ചു. അധികാരമേറ്റതിനു ശേഷം പരിമിതമായ സമയായിരുന്നു യൂണിയൻ പ്രവർത്തനങ്ങൾക്ക് ലഭിച്ചത്. ഈ സമയ പരിധിക്കുള്ളിൽ ധാരാളം പരിപാടികൾ സംഘടിപ്പിക്കാൻ യൂണിയന് കഴിഞ്ഞിട്ടുണ്ട്. യൂണിയൻ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട സ്റ്റാഫ് അഡ്വൈസർ പ്രൊഫ നജീം അവർകളോടും, പ്രിൻസിപ്പൽ ഷാജിത ടീച്ചറോടും, മറ്റു വകുപ്പ് തല മേധാവികൾക്കും, അധ്യാപകർക്കും, അനധ്യാപകർക്കും യൂണിയന്റെ നന്ദി രേഖപ്പെടുത്തുന്നു.

## അദ്വൈത് പി

ജനറൽ സെക്രട്ടറി
**അഭിമന്യു കലാലയ യൂണിയൻ**

# NSS REPORT

## UNIT NO. KL-07-012A&B-17

There are two NSS units in the College for the academic year 2018-2019. The programme officers are **Dr. Latha B, Dr. M A Siyad.** A total of 200 volunteer students are in the units. 100 students were enrolled from first degree classes. Two Orientation programmes were conducted for the new volunteers. Kottankara grama panchayat ward 1 and ward 2 are selected as adopted village for NSS activities.Thanzeel Nizar, S3 BSc Biochemistry, was selected as the volunteer secretary from male volunteers..Amina , S3 English , was selected as the volunteer secretary from female volunteers.

Volunteers participated in the cleaning programme and awareness class jointly organized by Suchitva Mission, Kollam & Coast Police at Thangassery port. As part of International Yoga Day celebration T.K.M. College of Arts & Science has conducted a yoga awareness class and demonstration in college auditorium. The programme was inaugurated by our College Principal Prof. Hashimideen at 8.30 am followed by demonstration by Yogi Arun who was an alumnus of our college.For the promotion of Jackfruits as official fruit N.S.S unit of all over state were assigned to plant one lakh Jack fruit saplings. The N.S.S volunteers in T.K.C.A.S has planted nearly 75 saplings on July 14 in various parts of college premises and adopted village. The programme was inaugurated by Kottankara Grama Panchayat member and standing committee chairman Sri. M. Hussain. The theme of the programme was " Padikam Plavilude Jeevithavum". Forty two (42) volunteers along with Programme officers actively engaged in cleaning the blind federation office and its premises. Various relief materials have been collected by students and handed over to Kollam Collectorate office. As part of flood relief and rehabilitation, N.S.S. volunteers, T.K.M.C.S.A Kollam has actively participated in Navyam 2018 and a massive scale Shramadan at Govt. Girls Higher Secondary School, Peringara P.O., Thiruvalla, Pathanamthitta. NSS volunteers and the two programme officers participated in the cleanliness drive organized by District Suchitva Mission at Kilikolloor railway station. The programme was inaugurated by Kottankara standing committee chairman Sri. Hussain. College Principal Prof Shajitha , former principal Prof. Hashimudeen and railway station master also attended the function. A rally was also conducted in connection with the programme. Shramadan at Asramam, Kollam in association with Nehru Yuva Kendra as part of celebrating Gandhi Jayanthi. Hon. Minister J Mercykuttyamma visited the place. An Orientation programme has conducted on same day by former NSS Programme Officer and Current Principal Prof. Shajitha. Motivation and self-awareness thoughts were given through simple examples and videos. 'Aedes larval survey for assessment of Dengue transmission risk' was done by NSS volunteerst in the premises of college campus and adopted villages. Two Transport buses of KSRTC garage Kollam Depot was cleaned by NSS volunteers. A District Level Youth Parliament competition was held at TKM College of Arts & Science, Kollam . TKMCAS has been selected as Nodal Centre for Kollam District and Walk-in Screening was held on $17^{th}$, $18^{th}$ and $19^{th}$ January 2019. The students and Youths having age between 18 and 25 of various institutes/places participated in Walk-in Screening. Final District Level Youth Parliament Competition was held at TKMCAS, Kollam on $24^{th}$ January 2019 and and the programme was inaugurated by Adv. Rajendra Babu, Mayor, Kollam Corporation. The programme was initiated by Ministry of Youth Affairs & Sports, Govt. of India and National Service Scheme. NSS volunteers of TKM and the Programme officers actively participated in the rejuvenation of five and half km long Idavattom-Kuzhiyam canal in Perinadu on February 9 in association with district Haritha Kerala mission and

the Kudumbasree units of the Panchayat. The Programme was inaugurated by Sri. K N Balagopal, former Member of Parliament. Volunteers along with the workers (NREGS) successfully cleaned the bushes and other wastes from the canal. As part of celebrating founders day on 19-02-2019 NSS units of TKM in association with parent teachers association (PTA) conducted intercollegiate competitions in elocution, essay writing and quiz. The topic of essay writing was "Ecological Morality"on which MS Sivasankari from St. Cyrils College, Adoor got first place. Praveen p (Sree Narayana College Varkala), Nimisha L (Sree Narayana College, Chathanoor) were the second and third place winners respectively. The elocution was conducted on the topic "Diverse Meanings of Indian Nationalism" on which Afsal Sha from MSM College, Kayamkulam got the first place. Aswin MS from TKM College of Arts and Science won the second place and Adarsh from University College, Trivandrum won the third place. In the quiz competition, the team of Midhun MS and Abitha Ashok from SN College, Varkala won the first place. The team of Goutham KG and Aswin B from DB College Shasthamcotta won the second place and Arjun MS and Akshay Raji from TKM College of Engineering got the third position. Prizes were distributed by Principal Prof. Shajitha S. College Laison officer Prof. Hashimudeen and the NSS programme officers of TKM Dr. Latha B and Dr. MA Siyad also attended the function. In order to provide awareness about Malaria the NSS units of TKM had conducted a flash mob in association with Health department Kollam. The programme was performed at NSS College, Perayam on 21 -02-2019 in presence of Dr Suresh T, District Malaria Officer, CHC medical officer, Kundara division and health supervisor CHC, Kundara. The Principal of the institution addressed the gathering. 20 volunteers participated in the programme. Special camping programme of the National Service Scheme of our College was conducted in TKM Centenary Public School, Karicode, from 20-12-2018 to 26-12-2018.The project of the programme was carried out in various places of Kottankara Grama Panchayat and at Kadapuzha in Kallada district. On 23 rd December TKM NSS Units participated in the programme Puzhanadatham at Kadapuzha in Kallada. In connection with the Nadiyodoppam programme on 24th December NSS volunteers and the programme officers actively participated in the cleaning of pond and canal at the adopted Village, Kottankara. The programme was inaugurated by Sri. Hussain, Kottankara standing committee chairman.















# NCC REPORT

## TKM COLLEGE OF ARTS AND SCIENCE

**NCC** came into existence in 1948. It is the brain child of late prime minisyer Jawaharlal Nehru, who thought of requirement of an organized youth wing of the country after the independence. He wanted to guide the youth of the country to become useful citizens. He chose universities, colleges, and schools as the area of such activities. Thus the national cadet corps come into existence on 16 July 1948 under the NCC act XXXI of 1948, under the ministry of defense.

**Activities of 9(K) BN NCC, 2018-19**

International Yoga Day celebrations were conducted on June 21st at College Auditorium. The inter-relationship of health and yoga, was explained by the Principal, Prof. Hashimudeen. Accordingly different types of Yoga were carried out under a well-trained instructor. The enrollment programme was late due to the flood related problems and holidays. During the flood, many of our NCC cadets extended their helping hands to many places. Along with the Global Alumni, TKM; vital materials were supplied to the affected area and to the persons by hand.

Needful materials were collected and distributed to the penurious.

On independence day, flag hosting was done by our honourable principal, Prof. Shajitha S. Due to the flood related problems, the prime importance was given for the collection of materials for the flood affected regions.

Gandhi Jayanthi was celebrated by conducting a rally, keeping the motto "say no to drug". The programme was arranged as part of 'Swachatha Packwado'. After the rally, cadets were engaged in clean drive at college premises.



The national youth day celebrations were conducted by our NCC unit on 12 January 2018. On behalf of this, an interactive class had been conducted in our college seminar hall based on the subject, "Awareness on Skill Development", in order to improve the confidence level of our cadets.

Republic day celebrations were also carried out on January 26.

On completion of parades, the second and third year cadets were allowed to attend for the B and C certificate examinations.

**Activities of 3(K) BN NCC, 2018-19**

Parades are held on Saturdays. Parade time is from 9.00 am to 1.00 pm. Ceremonial parades are conducted on Independence Day and Repubic Day.

Independence Day Celebration, Environmental Day, Swatchata Hi Sewa Campaigne, International Yoga Day, Rashtriya Ektha Diwas, Surgical Strike Day, AIDS Awareness Programme.

| | NCC No. | Rank | Name of Cadet | Camp Attended | Venue |
|---|---|---|---|---|---|
| 1 | KER/SW/16/127866 | SUO | Jayalekshmi J | SSB ScreeningCourse | OTA Gwalior |
| 2 | KER/SW/17/127 | UO | Ancy Babu | NIC | Aurangabad |
| 3 | KL/SW/17/A/127883 | Sgt | Varsha V | IGC Shooting Camp | Punalur |
| 4 | KER/SW/16/127858 | Sgt | Wazina Nizar | Army Attachment Camp | Bangalore |
| 5 | KER/SW/17/A/127886 | Sgt | Athulya Shekhar | Nilgiri Trekking Camp | Ooty |











*അറിഞ്ഞതിൽ പാതി പറയാതെ പോയി*
*പറഞ്ഞതിൽ പാതി പതിരായും പോയി*
*പകുതി ഹൃത്തിനാൽ പൊറുക്കുമ്പോൾ നിങ്ങൾ*
*പകുതി ഹൃത്തിനാൽ വെറുത്തു കൊള്ളുക*
*ഇതെന്റെ രക്തമാണിതെന്റെ മാംസമാ*
*ണെടുത്തു കൊള്ളുക...*

- ബാലചന്ദ്രൻ ചുള്ളിക്കാട്

കൂടെ നിൽക്കും എന്നു പറഞ്ഞു കൃത്യസമയത്ത് മുങ്ങിയ വിപ്ലവകാരി സഖാക്കൾക്ക്...
ഈ വൃത്തികെട്ട ഇന്റേർണൽ സെമസ്റ്റർ സിസ്റ്റത്തോട്...
പരക്കം പാച്ചിലിനിടയിൽ വഴിയിൽ ഇടാത്ത എന്റെ വണ്ടിയോട്...
മാഗസിൻ ചോദിച്ചു വെറുപ്പിച്ച സീനിയർ ജൂനിയർ പിള്ളേർക്ക്....
ഉറങ്ങാത്ത രാത്രികളോട്...
വഴി തെറ്റി മാത്രം വന്ന എന്റെ സർഗ്ഗാത്മകതയ്ക്ക്...
വൈറസിനാൽ സമൃദ്ധമായ എന്റെ ലാപ്ടോപിനോട്...
കൊളമാക്കിയ ഡിഗ്രിയ്ക്ക്...
ഇറക്കാൻ നേരം വൈകി ഏറെ പറയിപ്പിച്ചതിന്...
എന്റെ ഉമ്മയോട്, വാപ്പയോട്...
തരുൺ സാറിന്റെയും, രഘു സാറിന്റെയും കണക്ക് വയ്ക്കാത്ത പണത്തിനും സ്നേഹത്തിനും...
സ്വന്തം ഡിപ്പാർട്മെന്റിലെ അധ്യാപകരോട്...
സുൽഫിയ മിസ്സിനോട്...
ഫാറൂക്കക്ക്, നിതിൻ സഖാവിന്, ബാലു സഖാവിന്,
പ്രിയപ്പെട്ട അദ്വൈതിന്, ദീക്ഷിക്കും, അഖിലണ്ണനും, ജുനൈദിക്കാനും
സെയ്ദിന്, ഹിജാസിന്, സിദ്ധിഖിന്, നിഷാദിന്, ഷെഹിന്, അഭിച്ചേച്ചിക്, അഫ്സലിക്കക്,
നിഴലുപോലെ പ്രവർത്തിച്ച ഏറെ പ്രിയപ്പെട്ട സമീലിന്, ലയാ രാജന്, വരപ്പുകൾ തന്ന വിനായകിന്...
പലപ്പോഴും സഹായിച്ച പ്രിയ സഹപാഠി രാജശ്രീക്ക്...
എന്നെ ജീവിക്കാൻ പഠിപ്പിച്ച നല്ല അനുഭവങ്ങൾക്ക്...
മഴമരത്തോട്...

# നന്ദി പറയാൻ വിട്ട് പോയ എല്ലാവർക്കും നന്ദി...



THANGAL KUNJU MUSALIAR COLLEGE OF ARTS & SCIENCE




# TKM
COLLEGE TRUST

Kilikolloor P.O.,
Kollam- 691004
Phone: 0474 - 2731021
E-mail : tkmtrust@yahoo.com




**COLLEGE OF ENGINEERING**
Karicode, TKMC P.O
Kollam
0474-474-2712024, 2712022,
www.tkmce.ac.in

**COLLEGE OF ARTS AND SCIENCE**
Karicode, TKMC P.O Kollam
0474-2712240,2711817,
Mob:9446641817
www.tkmcas.ac.in

**INSTITUTE OF MANAGEMENT**
Musaliar Hills, Karuvelil P.O.,
Kollam- 691505.
Ph: 0474 - 2482465, 2483527
www.tkmim.org

**INSTITUTE OF TECHNOLOGY**
Musaliar Hills, Karuvelil P.O.,
Kollam- 691505.
Ph: 0474 - 2482833, 2482083
www.tkmit.ac.in

**SCHOOL OF ARCHITECTURE**
Musaliar Hills, Karuvelil P.O.,
Kollam- 691505.
Ph: 0474 - 2165246 / 47/ 48
www.tkmsa.org

**HIGHER SECONDARY SCHOOL**
TKM College Complex,
Kollam - 691005
Ph: 0474 - 2715670, 2719346
www.tkmhss.org

**CENTENARY PUBLIC SCHOOL**
TKM College Complex,
Kollam - 691005
Ph: 0474 - 2711939 , 2715650.
www.tkmcps.org

**SCHOOL OF COMMUNICATION & INFORMATION TECHNOLOGY**
TKM College Complex, Kollam - 691005
Ph: 0474 - 2719952, 2715232
tkm_scit@yahoo.ac.co.in